Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 22 / PAGES 32
28
നവംബർ 2024
വ്യാഴാഴ്ച
1200 വൃശ്ചികം 13

www.vachakam.com
news@vachakam.com

01 America | 11 Canada | 14 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World

## ട്രംപിന്റെ രണ്ടാം വരവിൽ

# ഇസ്രായേലിന് വെസ്റ്റ്ബാങ്ക് കൂട്ടിച്ചേർക്കാൻ കഴിയുമോ?



ഡൊണാൾഡ് ട്രംപിന്റെ രണ്ടാം വരവിൽ വെസ്റ്റ്ബാങ്ക് ഇസ്രായേൽ പിടിച്ചെടുക്കുമെന്ന തരത്തിലുള്ള ചർച്ചകൾ വീണ്ടും സജീവമാകുകയാണ്. ഈ നീക്കത്തെ ഇസ്രായേലിന്റെ തീവ്ര വലതുപക്ഷ സർക്കാരിലെ പ്രധാന വ്യക്തികൾ പിന്തുണയ്ക്കുന്നുമുണ്ട്. ഊഹാപോഹങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച്, പ്രദേശത്തിന്റെ രാഷ്ട്രീയവും മാനുഷികവുമായ ഭാവിക്ക് ഇത്തരമൊരു നടപടികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് പലരും ചോദിക്കുന്നു.

**യുഎസ് നയം മാറ്റുന്നതിൽ ട്രംപിന്റെ പങ്ക്**

തന്റെ ആദ്യ ടേമിൽ, ഡൊണാൾഡ് ട്രംപ് ഇസ്രായേലിനോടുള്ള യുഎസ് നയം മാറ്റിയിരുന്നു. അദ്ദേഹത്തിന്റെ ഭരണകൂടം യുഎസ് എംബസിയെ ജറുസലേമിലേക്ക് മാറ്റി.

ശേഷം പേജ് 8ൽ

## അധികാരം പോകുംമുമ്പ് ഉക്രെയിന് ശക്തമായ പിന്തുണ പ്രഖ്യാപിച്ച് ബൈഡൻ



വാഷിംഗ്ടൺ: ജനുവരിയിൽ ഡൊണാൾഡ് ട്രംപ് അധികാരമേറ്റെടുക്കുന്നതിന് മുമ്പായി ഉക്രെയിന് ശക്തമായ പിന്തുണ പ്രഖ്യാപിച്ച് ജോ ബൈഡൻ. കീവിനെ പിന്തുണയ്ക്കേണ്ടതിന്റെ അടിയന്തിര ആവശ്യമാണ് ഉക്രെയ്നിനെതിരായ റഷ്യയുടെ ഏറ്റവും പുതിയ ആക്രമണം കാണിക്കുന്നതെന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ വ്യാഴാഴ്ച വ്യക്തമാക്കി.ഈ ആക്രമണം അതിരുകടന്നതും റഷ്യൻ ആക്രമണത്തിനെതിരായ പ്രതിരോധത്തിൽ ഉക്രെനിയൻ ജനതയെ പിന്തുണയ്ക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യത്തിന്റെയും മറ്റൊരു ഓർമ്മപ്പെടുത്തലാണെന്ന് ബൈഡൻ പ്രസ്താവനയിൽ പറഞ്ഞു. വ്യാഴാഴ്ച ആദ്യം, റഷ്യ ഉക്രെയ്നിന്റെ എനർജി ഗ്രിഡിനെ 200 ഓളം മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ച് തകർത്തു. അമേരിക്കൻ പ്രസിഡന്റ് ബൈഡൻ അതിനെ അതിശക്തമായ ആക്രമണം എന്നാണ് വിശേഷിപ്പിച്ചത്. ആക്രമണത്തെ തുടർന്ന് ഒരു ദശലക്ഷം ആളുകൾക്ക് വൈദ്യുതി ഇല്ലാതായി.ഈ ദിവസം ഉക്രെനിയൻ ജനതയ്ക്കുള്ള തന്റെ സന്ദേശം വ്യക്തമാണ്. യുണൈറ്റഡ് സ്റ്റേറ്റ്സ് നിങ്ങളോടൊപ്പം നിൽക്കുന്നു വൈറ്റ് ഹൗസിലെ തന്റെ അവസാന ആഴ്ചകളിൽ ഉക്രെയ്നിനുള്ള യുഎ

**അധിനിവേശത്തിലെ അതിജീവനം**
(ഡോ. സെബാസ്റ്റ്യൻ പോൾ എഴുതുന്നു)
........ പേജ് 05

**നമ്മുടെ വോട്ട് നമ്മുടെ വിരൽത്തുമ്പിലല്ലേ !**
........ പേജ് 16

**മൂല്യ നിർണയം പാളി 'ക്രിസംഘി' വോട്ട് ബാങ്ക്**
........ പേജ് 15

**കുറുവാസംഘമൊക്കെ എത്ര ഡീസന്റ് !**
........ പേജ് 22

**വോട്ടിംഗ് മെഷീൻ തിരിമറി സാധ്യമോ**
........ പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# Australia is far ahead of the United States in reducing the burden our students face today!

A comprehensive analysis of these two significant policy developments regarding student loan debt in the United States and Australia, examining their approaches and broader implications.



## Summary of Policy Approaches

The United States Department of Education has proposed new rules that would provide debt relief to approximately 8 million borrowers through two distinct pathways. The first pathway enables automatic relief without application for borrowers who have an 80% or higher probability of default within two years, based on various economic indicators. The second pathway establishes a holistic, application-based assessment for borrowers experiencing persistent hardship, such as medical expenses, childcare costs, or natural disaster impacts.

In contrast, Australia has implemented a more systematic approach by revising how student loan indexation is calculated. Their policy adjusts the indexation rate to match the lower of either the Consumer Price Index (CPI) or the Wage Price Index (WPI), ensuring that loan growth never outpaces average wage growth. This change is being applied retroactively to June 2023, reducing the 2023 indexation rate from 7.1% to 3.2% and the 2024 rate from 4.7% to 4.0%.

## International Perspective and Policy Implications

The international community's engagement with U.S. student debt policy stems from its role as a cautionary tale in educational financing. While Australia demonstrates a proactive, systematic approach to managing educational debt through indexation controls, the United States has adopted a more reactive stance, addressing severe hardship cases after they develop. This contrast illuminates fundamental differences in how these nations view educational debt's relationship to economic mobility and social equity.

Australia's approach represents a more preventative model, focusing on systemic adjustments that benefit all borrowers rather than targeting only those in severe distress. By tying loan growth to wage growth, Australia acknowledges the fundamental relationship between education debt and earning capacity, creating a more sustainable and equitable system that adapts to economic realities.

## The Evolution of Governance and Social Response

The U.S. policy changes, while revolutionary in their scope and intention, reflect a belated recognition of the systemic failures in educational financing. The Biden-Harris administration's approach demonstrates an unprecedented willingness to address the consequences of these failures through broadbased relief measures. However, this reactive approach, while meaningful, highlights the contrast with Australia's more proactive policy framework.

Australia's methodical approach has garnered international admiration for its foresight and equity. Their policy changes create a sense of predictability and fairness that alleviates borrower anxiety while maintaining the system's integrity. The retrospective application of these changes further demonstrates a commitment to rectifying past inequities, setting a notable example for other nations grappling with educational debt management.

The United States' response, while less systematic, showcases a remarkable shift in governmental willingness to acknowledge and address the profound impact of student debt on social mobility and economic stability. This evolution in policy thinking, though different in approach from Australia's, represents a significant step toward recognizing education financing as a crucial component of social infrastructure rather than merely a personal investment.

These contrasting approaches illuminate the ongoing global dialogue about educational accessibility, economic equity, and the role of government in facilitating social mobility through education. While their methods differ, both nations are demonstrating a growing recognition of the need to address educational debt as a systemic rather than individual challenge.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

**Follow • Like • to support Vachakam on our social media platforms • Review**
***https://g.page/r/CUBEI35rOg9QEAE/review •***

## American Diary — 40 Years Ago

### *Honorary United States Citizenship for William and Hannah Penn*





President Ronald Reagan made William Penn and his wife Hannah Callowhill Penn Honorary Citizens of the United States on November 28, 1984. The proclamation was issued to recognize their contributions to the founding of the United States and the development of its principles.

Hannah Callowhill Penn was the first woman to be granted the status of Honorary Citizen of the United States. She was involved in the colony affairs and made connections with government officials. She effectively administered the Province of Pennsylvania for six years.

William Penn was an English colonial leader and a member of the Religious Society of Friends, also known as Quakers. King Charles II gave him what would become the US state of Pennsylvania as a debt to his father.

November 28, 1984

# ഇപ്പോഴും സുരക്ഷിതനല്ല! ട്രംപ് ജാഗ്രത പാലിക്കണമെന്ന് വ്ളാഡിമിർ പുടിൻ



വാഷിംഗ്ടൺ: നിയുക്ത യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പരിചയസമ്പന്നനും ബുദ്ധിമാനുമായ രാഷ്ട്രീയക്കാരനാണെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. എന്നാൽ വധശ്രമത്തിന് ശേഷം ട്രംപ് സുരക്ഷിതനാണെന്ന് താൻ വിശ്വസിക്കുന്നില്ലെന്ന് പുടിൻ വ്യാഴാഴ്ച വ്യക്തമാക്കി. ഒരു ഉച്ചകോടിക്ക് ശേഷം കസാക്കിസ്ഥാനിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു പുടിൻ.

അമേരിക്കൻ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ വഴിത്തിരിവ് തന്നെ ഞെട്ടിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. ട്രംപിനെതിരെ പോരാടാൻ ഉപയോഗിച്ച തികച്ചും അപരിഷ്കൃതമായ രീതികൾ, ഒരുവധശ്രമംഉൾപ്പെടെതനിക്ക്ഉൾക്കൊള്ളാൻ പറ്റുന്നില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. തന്റെ അഭിപ്രായത്തിൽ അദ്ദേഹം ഇപ്പോഴും സുരക്ഷിതനല്ല. നിർഭാഗ്യവശാൽ, യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ ചരിത്രത്തിൽ വിവിധ സംഭവങ്ങൾ നടന്നിട്ടുണ്ട്. ട്രംപ് ബുദ്ധിമാനാണെന്ന് താൻ കരുതുന്നു. അദ്ദേഹം ജാഗ്രത പുലർത്തുകയും ഇത് മനസ്സിലാക്കുകയും ചെയ്യുമെന്ന് താൻ പ്രതീക്ഷിക്കുന്നുവെന്നും പുടിൻ കൂട്ടിച്ചേർത്തു.

ജൂലൈയിൽ പെൻസിൽവാനിയയിൽ നടന്ന വധശ്രമത്തിൽ ഡൊണാൾഡ് ട്രംപിന് പരിക്കേറ്റിരുന്നു. സെപ്തംബറിലെ മറ്റൊരു സംഭവത്തിൽ, ട്രംപിന്റെ ഫ്ളോറിഡ ഗോൾഫ് കോഴ്സുകളിലൊന്നിൽ വെടിവെപ്പ് നടത്തിയ ഒരാൾക്കെതിരെ വധശ്രമത്തിന് കേസെടുത്തിരുന്നു.

യുഎസ് തിരഞ്ഞെടുപ്പ് പ്രചാരണവേളയിൽ ട്രംപിന്റെ കുടുംബത്തെയും കുട്ടികളെയും രാഷ്ട്രീയ എതിരാളികൾ എങ്ങനെ വിമർശിച്ചുവെന്നത് തന്നെ കൂടുതൽ ഞെട്ടിച്ചുവെന്ന് സ്വയം കനത്ത പരിരക്ഷയിൽ കഴിയുന്ന പുടിൻ പറഞ്ഞു. അത്തരം പെരുമാറ്റത്തെ 'വിപ്ലവം' എന്ന് വിളിച്ച അദ്ദേഹം റഷ്യയിൽ കൊള്ളക്കാർ പോലും അത്തരം രീതികൾ അവലംബിക്കില്ലെന്നും പറഞ്ഞു.

## റീ...പോളിംഗ്




*ഇങ്ങനെയും ഒരു കുറുവാ സംഘം...!*

# മാർ ജേക്കബ് അങ്ങാടിയത്തിന്റെ ജീവചരിത്രം 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി', അജപാലകന്റെ അനുഭവസാക്ഷ്യങ്ങളിലൂടെ ഒരു യാത്ര



ഷിക്കാഗോ സീറോ മലബാർ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ ജീവചരിത്രം 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' ഷിക്കാഗോയിൽ നടന്ന സീറോ മലബാർ എപ്പാർക്കിയൽ അസംബ്ലിയുടെ സമാപന സമ്മേളത്തിൽ വച്ച് ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്, സീറോ മലങ്കര രൂപത ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റീഫനോസിന് ആദ്യപ്രതി നൽകി പ്രകാശനം ചെയ്തു.

രചനയ്ക്ക് പിന്നിൽ പലരുടെ അധ്വാനം ഉണ്ടങ്കിലും ഫാ. ജോർജ് ദാനവേലിൽ ആണ് എഡിറ്ററായി പ്രവർത്തിച്ചിരുന്നത്. വായനക്കാരെ പിടിച്ചിരുത്തുന്ന ആഖ്യാന രീതി ഏറെ ഇഷ്ടപ്പെട്ടു.

'അപ്പാ എണീക്ക്' അവൻ വിചാരിച്ചത് അപ്പൻ ഉറങ്ങുകയാണെന്നായിരുന്നു! അപ്പൻ എണീറ്റു വന്നാൽ പുറത്തുകയറി ആന കളിക്കാം, അതായിരുന്നു മൂന്നു വയസുകാരൻ ചാക്കോച്ചന്റെ മനസ്സിൽ. അപ്പന്റെ മരണം നേരിൽ കാണേണ്ടി വന്ന ആ മൂന്നു വയസ്സുകാരന്റെ അർത്ഥമറിയാതെയുള്ള പ്രതികരണം വായനക്കാരുടെ കണ്ണ് നനയിപ്പിക്കും.

അപ്പന്റെ വേർപാടിനെ തുടർന്നു കുട്ടിക്കാലത്തുണ്ടായ ശൂന്യത, കുടുംബത്തിന്റെ കഷ്ടപ്പാടുകൾ, കുടുംബ ബന്ധങ്ങളുടെ ദൃഢത, സഹോദര സ്നേഹത്തിന്റ ഇഴയടുപ്പം, ജേഷ്ടന്റെ ത്യാഗം എല്ലാം ഹൃദയസ്പർശിയായി കുറിച്ചിട്ടിരുന്നു.

'എന്റെ മൂത്തചേട്ടൻ എനിക്ക് പിതാവിന്റെ സ്ഥാനത്താണ്. അപ്പൻ മരിക്കുമ്പോൾ എനിക്ക് മൂന്നു വയസ്സും, ചേട്ടനു പതിനാറോ പതിനേഴോ വയസുമാണ് പ്രായം. ആ ചേട്ടനാണ് പഠിപ്പുപോലും തൽക്കാലം വേണ്ടന്നുവച്ചു ഞങ്ങളെ വളർത്തിയത്'. വർഷങ്ങൾക്ക് ഇപ്പുറവും ചേട്ടന്റെ ത്യാഗത്തെ നന്ദിപൂർവം സ്മരിക്കുന്ന അനിയന്റെ വാക്കുകൾ വായനക്കാരന്റെ മനസിനേയും ആർദ്രമാക്കും.

കൂത്താട്ടുകുളത്തിനടുത്തുള്ള ഇലഞ്ഞി പഞ്ചായത്തും, പെരിയപ്പുറം ഗ്രാമവും, അവിടുത്തെ കൃഷി രീതികളും, നാട്ടിൻപുറത്തെ പള്ളിക്കൂടങ്ങളും, മത സഹോദര്യവുമെല്ലാം ആദ്യ അദ്ധ്യായങ്ങളിൽ വിവരിക്കുന്നതിലൂടെ അക്കാലത്തെ ഗ്രാമീണ വിശുദ്ധി പുതുതലമുറക്ക് മനസിലാക്കാൻ സാധിക്കും.

അൾത്താര ബാലനായി ശുശ്രുഷ ചെയ്യുന്നതിനെപ്പറ്റിപറയുമ്പോൾ, മതബോധനത്തിന്റെ കാര്യത്തിൽ അക്കാലത്തു ഇടവക വികാരിമാർ എത്രമാത്രം കാർക്കശ്യക്കാർ ആയിരുന്നുവെന്നു ഇപ്പോഴത്തെ തലമുറയ്ക്ക് അശ്ച്യര്യത്തോടെ മാത്രമേ കാണുവാൻ കഴിയൂ!

അൾത്താര ബാലനായി ശുശ്രൂഷ ചെയ്തത് കൊണ്ടാണ് വൈദികരെ കൂടുതലായി മനസിലാക്കാൻ സാധിച്ചതും, സെമിനാരിയിൽ ചേരണമെന്നുമുള്ള ആഗ്രഹം മനസ്സിൽ ഉണ്ടാകാൻ കാരണമായതും. പത്താം ക്ലാസിനു ശേഷമാണ് സെമിനാരിയിൽ ചേരുന്നത്. എല്ലാവർക്കും സന്തോഷം, അമ്മക്കുമാത്രം ഒരു നിബന്ധന: രൂപതാ പട്ടക്കാരൻ ആയാൽ മതി! അതാകുമ്പോൾ മകനെ ഇടക്കൊക്കെ കാണാമല്ലോ!.

'ചേട്ടൻ ആൻഡ്രൂ, എനിക്കുള്ള പായും തലയിണയും എടുത്തു. ഒരു ചുമട്ടുകാരൻ പെട്ടിയും. ചിറ്റപ്പൻ മുന്നേ നടന്നു, പുറകെ ആൻഡ്രൂ, ഏറ്റവും പിന്നിൽ ഞാനും'. സെമിനാരിയിലേക്കുള്ള ആദ്യ യാത്ര മനോഹരമായി വർണ്ണിച്ചിരിക്കുന്നു.

തുടർന്ന്, പാലാ സെന്റ് തോമസ് കോളേജിലെ പ്രീ-യൂണിവേസിറ്റി പഠനവും, മൈനർ സെമിനാരിയിലെ അക്കാലത്തെ ലളിത ജീവിതവും, നിഷ്ടകളും എല്ലാം വിശദമായിത്തന്നെ പ്രതിപാദിക്കുന്നുണ്ട്. കൂട്ടത്തിൽ കോളേജിലേയും, സെമിനാരിയിലേയും പ്രഗത്ഭരായ അന്നത്തെ അദ്ധ്യാപകരെപ്പറ്റിയും, അവരുടെ സ്നേഹവും കരുതലും ഒക്കെ വിശദമായിത്തന്നെ പറയുന്നുണ്ട്.

വർഷങ്ങൾ നീണ്ട പഠനത്തിനുശേഷം, പൗരോഹിത്യ സ്വീകരണം അടുത്തുവരുമ്പോൾ ഉണ്ടാകുന്ന മാനസിക വെല്ലുവിളികളേയും ഈ പുസ്തകം നന്നായിപ്രതിപാദിക്കുന്നു. 'ചുഴിയിൽപെട്ട് ശ്വാസത്തിനായി പിടയുന്നതുപോലെ തീവ്രമായ ദിവസങ്ങൾ ആയിരുന്നു'. ഈ വാക്കുകൾ മതി ആ മാനസിക സംഘർഷങ്ങൾ മനസിലാക്കാൻ !

പാലാ ളാലം പഴയ പള്ളിയിൽ വെച്ച് വയലിൽ പിതാവിൽ നിന്നുമാണ് തിരുപ്പട്ടം സ്വീകരിച്ചത്. ആദ്യ നിയമനം അസിസ്റ്റന്റ് വികാരിയായി കുടുക്കച്ചിറ സെന്റ് ജോസഫ് ദേവാലയത്തിൽ ആയിരുന്നു. പിന്നെ അരുവിത്തുറ പള്ളിയിൽ. വികാരിയായി ആദ്യ നിയമനം അമ്പാറനിരപ്പേൽ പള്ളിയിൽആയിരുന്നു. തുടർന്ന് പാലാ മൈനർ സെമിനാരിയിൽ അദ്ധ്യാപകനായും സേവനം ചെയ്തു.

കുടുക്കച്ചിറ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്യുന്ന കാലത്തു സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെ പ്രക്ഷോഭം സംഘടിപ്പിക്കാൻ ഫാ.ജേക്കബ് അങ്ങാടിയത്ത് നേതൃത്വം നൽകിയതും, സമരം ഫലം കണ്ടതും പുസ്തകത്തിൽ പറയുന്നുണ്ട്. പിതാവിന്റെ നിശ്ചയദാർഢ്യത്തിന് ഉത്തമ ഉദാഹരണമാണിത്. പിൽക്കാലത്തു അമേരിക്കയിൽ സഭ കെട്ടിപ്പടുക്കുന്നതിലുണ്ടായ വെല്ലുവിളികളെ നേരിട്ടതും ഈ നിശ്ചയദാർഢ്യം കൊണ്ടാണെന്നു നിസംശയം നമ്മുക്ക് പറയാം.

പാലാ മൈനർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുന്ന അവസരത്തിലാണ്, വളരെ അപ്രതീക്ഷിതമായി പള്ളിക്കാപറമ്പിൽ പിതാവിന്റെ ആ ഫോൺ കാൾ വരുന്നത് .. 'ഒന്ന് നേരിൽ കാണണം'. ജീവിതത്തിലെ മറ്റൊരു അദ്ധ്യായം അവിടെ തുറക്കുകയായിന്നു. എല്ലാം ദൈവ നിയോഗം !! അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ ആത്മീയ കാര്യങ്ങൾക്കായി അവിടേക്കു പോകാമോ എന്നാണ് പള്ളിക്കാപറമ്പിൽ പിതാവ് നേരിട്ട് ചോദിച്ചത് ! 'പോകണമെന്നോ പോകുന്നില്ല എന്നോ ഞാൻ പറയുന്നില്ല, പിതാവ് പറഞ്ഞാൽ പോകും'. പക്ഷേ അമ്മക്ക് മകൻ നാടുവിട്ടു പോകുന്നതിനോടു താൽപ്പര്യം ഇല്ലായിരുന്നു. നാട്ടിൽ ആണെങ്കിൽ കൂടെ കൂടെ കാണണമല്ലോ. അതുപോലെ മരണ സമയത്തും മകൻ കൂടെ തന്നെ കാണും. അമ്മക്ക് മകനോടുള്ള വാത്സല്യം വെളിവാക്കുന്ന വാക്കുകൾ. 'പിതാവ് പറഞ്ഞാൽ പോകാതിരിക്കാൻ പറ്റില്ലല്ലോ അമ്മേ'. അനുസരണയല്ലേ ബലിയെക്കാൾ ശ്രേഷ്ടം!!

അങ്ങനെ എല്ലാവരുടേയും അനുഗ്രഹാശിസുകൾ ഏറ്റു വാങ്ങി, 1984 മാർച്ച് 20-ാം തീയതി ഫാ. ജേക്കബ് അങ്ങാടിയത്ത് അമേരിക്കക്ക് വിമാനം കയറി. തുടർന്ന് ഡാലസിൽ എത്തി. ഇനിയുള്ളത് വർത്തമാന കാല ഇതിവൃത്തമാണ്. ഒന്നും ഇല്ലായ്മയിൽനിന്നും അമ്പതിൽപ്പരം ഇടവകകളും മുപ്പത്തഞ്ചിൽ അധികം മിഷനുകളും ഒക്കെയുള്ള വലിയൊരു സീറോ മലബാർ രൂപത, അതും ഇൻഡ്യക്കു പുറത്തുള്ള ആദ്യ രൂപത, ഇന്നു കാണുന്ന രീതിയിൽ കെട്ടിപ്പടുക്കാനുണ്ടായ കഷ്ടപ്പാടുകളുടെയും, ത്യാഗങ്ങളുടേയും, കണ്ണീർ ചിന്തിയ പ്രാർത്ഥനകളുടേയും നൊമ്പരപ്പെടുത്തുന്ന ഓർമ്മക്കുറിപ്പുകൾ!!

അമേരിക്കയിലെ ആദ്യ ഈസ്റ്ററിനെപ്പറ്റി പിതാവ് ഇങ്ങനെ ഓർത്തെടുക്കുന്നു: 'ഈസ്റ്റർ തിരുക്കർമ്മങ്ങൾ കഴിഞ്ഞു എല്ലാവരും പിരിഞ്ഞു. എനിക്ക് മാത്രം എവിടേയും പോകാനില്ല. ആരുമായും അടുപ്പം ഒന്നും ഉണ്ടായിട്ടില്ല. അമ്പത് ദിവസത്തെ നോമ്പിന് ശേഷം കഴിക്കാൻ ഒന്നുമില്ല. അറിയാതെ അമ്മയേയും കൂടപ്പിറപ്പുകളേയും ഓർത്തു. ഏകാന്തതയിലുള്ള ഈസ്റ്റർ... ഓർക്കുംതോറും കണ്ണുനിറഞ്ഞു വന്നു... പിന്നെ സങ്കടം പൊട്ടിക്കരച്ചിലായി'. പിതാവിന്റെ സങ്കടം വായനക്കാരന്റേയും കണ്ണ് നിറക്കുന്നു. ഇതൊക്കെ പുതു തലമുറയ്ക്ക് അത്ഭുതമായി തോന്നിയേക്കാം!

ഒന്നും ഇല്ലായ്മയിൽനിന്നുള്ള തുടക്കം, തുടർന്നു ക്രമേണയുള്ള വളർച്ച. അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ ചെറിയ ചെറിയ സീറോ മലബാർ കൂട്ടായ്മകൾ രൂപപ്പെട്ടു തുടങ്ങുന്നു. അമേരിക്കൻ പള്ളികളിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നവൈദികരെ കണ്ടുപിടിച്ചു ഞായറാഴ്ചകളിൽ സീറോ മലബാർ ആരാധനാക്രമത്തിൽ വിശുദ്ധ കുർബാനകൾ തുടങ്ങുന്നു.

തുടർന്ന്, അമേരിക്കയിൽ ഒരു സീറോ മലബാർ രൂപത സ്ഥാപിക്കുന്നതിനുള്ള സാധ്യതകളെ പറ്റി പഠിച്ചു റിപ്പോർട്ട് നൽകാൻ രാജ്കോട്ട് ബിഷപ്പായിരുന്ന മാർ ഗ്രിഗറി കരോട്ടെമ്പ്രായലിനെ 1996 ൽ മാർപ്പാപ്പ അമേരിക്കയ്ക്കു അയക്കുന്നു. ഗ്രിഗറി പിതാവ് അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സീറോ മലബാർ വിശ്വാസികളോട് ആശയവിനിമയം നടത്തുകയും ചെയ്തു. അതേത്തുടർന്ന് ഒരു സീറോ മലബാർ രൂപത വേണമെന്ന വിശ്വികളുടെ ആവശ്യം ന്യായമാണെന്ന് ഗ്രിഗറി പിതാവ് റിപ്പോർട്ടു കൊടുക്കുകയും ചെയ്തു.

199ൽ ഫാ. ജേക്കബ് അങ്ങാടിയത്ത് ഡാലസിലെ പത്താം പിയുസ് ദേവാലയത്തിൽ നിന്നും ഗാർലന്റിലെ സെന്റ് മൈക്കിൾ ദേവാലയത്തിലേക്ക് സ്ഥലം മാറ്റപ്പെടുന്നു. രണ്ടു വർഷം അവിടെ സേവനംചെയ്യുന്നു. അവിടെനിന്നുമാണ് 1999 ജൂൺ 30നു ഷിക്കാഗോയിലേക്ക് വരുന്നത്. ആദ്യകാലത്തു ഇടവകകളിൽ കൈക്കാരൻമ്മാരും പാരിഷ് കൗൺസിൽ അംഗങ്ങളുമൊക്കെ ആകാനുള്ള വിശ്വാസികളുടെ താൽപ്പര്യവും മത്സരവുമൊക്കെ പിതാവിന്റെ ജീവചരിത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്. സീറോ മലബാർ രൂപത നിലവിൽവന്നതിനെപ്പറ്റിയും, പ്രഥമ മെത്രാനായി ഉയർത്തപ്പെട്ടതിനെക്കുറിച്ചും ഈ പുസ്തകത്തിൽ വിശദമായി പറയുന്നുണ്ട്. ഷിക്കാഗോയിൽ ശുശ്രൂഷചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ഷിക്കാഗോയിലെ കർദ്ദിനാളിന്റെ ഫോൺ കാൾ വരുന്നത്: 'അപ്പസ്തോലിക് ന്യൂൺഷ്യോയെ നേരിട്ട് വിളിക്കണം'. അതനുസരിച്ചു ന്യൂൺഷ്യോയെ വിളിക്കുന്നു. 'സീറോമലബാർസഭക്ക്പുതിയരൂപതതുടങ്ങുന്നതിനുള്ള അനുവാദം പരിശുദ്ധ പിതാവ് തന്നിട്ടുണ്ട്. രൂപതയുടെ പ്രഥമ മെത്രാനായി താങ്കളെ നിയമിക്കാനാണ് മാർപ്പാപ്പയുടെ തീരുമാനം. സ്വീകരിക്കുന്നോ?'

'ആലോചിക്കാൻ സമയം തരണം' എന്നതായിരുന്നു ആദ്യ മറുപടി. നേരെ പോയത് പ്രാർഥിക്കാൻ. പ്രാർഥനകൾക്കൊടുവിൽ പരിശുദ്ധാത്മാവു വെളുപ്പെടുത്തിയ മറുപടി പിറ്റേ ദിവസം ന്യൂൺഷ്യോയെ അറിയിക്കുന്നു. അങ്ങനെ അമേരിക്കയിലെ സീറോ മലബാർ രൂപത നിലവിൽ വന്നു. പ്രഥമ മെത്രാനായി മാർ ജേക്കബ് അങ്ങാടിയത്ത് നിയമിക്കപ്പെട്ടു. 2001 ജൂലൈ ഒന്നിന് രൂപത ഉദ്ഘാടനം ചെയ്തപ്പെട്ടു. അന്നേദിവസം തന്നെ മാർ അങ്ങാടിയാത്തിന്റെ മെത്രാഭിഷേകവും നടന്നു.

തുടർന്നുള്ള അദ്ധ്യായങ്ങളിൽ രൂപതയുടെ ബാലാരിഷ്ടതകളും, പ്രതിസന്ധികളും, ക്രമേണയുള്ള വളർച്ചയും, പിതാവിനെ വേട്ടയാടിയ രോഗത്തെപ്പറ്റിയുമൊക്കെ വിശദമായിത്തന്നെ പറയുന്നുണ്ട്. മാർ ജേക്കബ് അങ്ങാടിയത്തിന്റെ ബാല്യം, കൗമാരം, സെമിനാരിപഠനം, ഇടവക ഭരണം, അമേരിക്കൻ ദൗത്യം, ആദ്യകാല വൈദികർ, ആദ്യകാല വെല്ലുവിളകൾ, ഷിക്കാഗോ രൂപത രൂപീകരണം, തുടങ്ങി വിവിധ മേഖലകളെപ്പറ്റി ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. മാർ അങ്ങാടിത്തിന്റെ ജീവചരിത്രത്തോടൊപ്പം, ഷിക്കാഗോ സീറോ മലബാർ രൂപതയുടെ ചരിത്രവും ഇതിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു എന്നതും ഈ ജീവചരിത്രത്തെ വേറിട്ടതാക്കുന്നു.

ഫാ. ജോർജ് ദാനവേലിൽ ആണ് ഈ പുസ്തകത്തിന്റെ എഡിറ്റിങ് ഭംഗിയായി നിർവഹിച്ചിരിക്കുന്നത്. മനോഹരമായ അവതാരിക എഴുതിയിരിക്കുന്നത് ബിഷപ്പ് മാർ ജോയ് ആലപ്പാട്ടാണ്. തീർച്ചയായും എല്ലാവരും 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' വായിച്ചിരിക്കേണ്ടതാണ്. കൂടാതെ വരും തലമുറയ്ക്ക് ഷിക്കാഗോ രൂപതയെപ്പറ്റി മനസിലാക്കാനും അങ്ങാടിയത്ത് പിതാവിന്റെ ജീവചരിത്ര ഗ്രന്ഥം ഉപകരിക്കും.

*ഷോളി കുമ്പിളുവേലി*


ഏഴാം ചരമവാർഷികം



Jan.12,1932 Dec.2, 2017

എലിസബത്ത് കുര്യൻ

മൂലേക്കുടിയിൽ, കോട്ടപ്പുറം (പാലക്കാട്)

സന്തപ്ത കുടുംബാംഗങ്ങൾ

# മലയാളി റേഡിയോഗ്രാഫേർസ് അസോസിയേഷൻ ഹോളിഡേ പാർട്ടി ഡിസംബർ 08ന് ഞായറാഴ്ച

ഷിക്കാഗോവിലും പരിസരങ്ങളിലും താമസിക്കുന്ന എല്ലാ റേഡിയോളജി പ്രോഫഷണൽസിനേയും പ്രതിനിധാനം ചെയ്യുന്ന മലയാളി റേഡിയോഗ്രാഫേർസ് അസോസിയേഷൻ (MRA) 2024ലെ ഹോളിഡേ പാർട്ടി ഡിസംബർ 08ന് ഞായറാഴ്ച ഡസ്പ്ലെയിൻസിലുള്ള ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ (KCS Hall ,1800 East Oakton St. Des Plaines) വച്ച് വൈകന്നേരം 6 മണിക്ക് നടത്തപ്പെടുന്നതായിരിക്കും.

ഷിക്കാഗോവിലും പരിസരങ്ങളിലും താമസിക്കുന്ന എല്ലാ എക്സ്റേ, കാറ്റ്സ്കാൻ, എംആർഐ, റേഡിയേഷൻ തെറാപ്പി, നുക്ലീയർ മെഡിസിൻ, ആൾട്രാസൗണ്ട്, മാമോഗ്രാഫി, റേഡിയേഷൻ ഫിസിസിസ്റ്റ് പ്രോഫഷണൽസും കുടുംബസമേധം ഈ ഫാമിലി പാർട്ടിയിൽ പങ്കെടുക്കണമെന്നു മലയാളീ റേഡിയോഗ്രാഫേർസ് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അഭ്യർത്ഥിക്കുന്നു.

റേഡിയോളജി മേഖലയിൽ ഈ വർഷം മികവു തെളിയിച്ചവരെയും വിരമിക്കുന്നവരേയും മലയാളീ റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ ചടങ്ങിൽ ആദരിക്കുന്നതായിരിക്കും. വൈവിധ്യമാർന്ന കലാപരിപാടികൾ, കോ-ഓർഡിനേറ്റർ റോമി നെടുംചിറയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ആസൂത്രണം ചെയ്തിട്ടുണ്ട്. റീജ മാക്കിൽ, റോസ് നെടുംചിറ, മാറ്റ് വിലാങ്ങാട്ടശ്ശേരി എന്നിവർ കമ്മിറ്റി അംഗങ്ങളാണ്.

ടിനു പറഞ്ഞാട്ട്, ജിതേഷ് ചുങ്കത്തു എന്നിവർ ഫുഡ് കോർഡിനേറ്റർസായിരിക്കും. ബിജി സി. മാണി, ജിജി കുന്നത്തുകിഴക്കേതിൽ എന്നിവർ പ്രോഗ്രാം കോർഡിനേറ്റർസായിരിക്കും.

കൂടുതൽ വിവരങ്ങൽക്ക് പ്രസിഡന്റ് സോണി പോൾ (224-766-6050), സെക്രട്ടറി ജ്യോതിഷ് തെങ്ങനാട്ട് (847-922-6306), ട്രഷറർ റിച്ചിൻ പി. തോമസ് (312-206-7103), വൈസ് പ്രസിഡന്റ് ജോണി ജേക്കബ് തൊട്ടപ്ലാക്കൽ (630-656-8454), ജോയിന്റ് സെക്രട്ടറി റോമി നെടുംചിറ (773-344-2021) എന്നിവരെ ബന്ധപ്പെടുക.





# ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷൻ ആനുവൽ ഗാല ഡിസംബർ 14ന് ഓക്ക്ബ്രൂക്ക് മരിയറ്റിൽ

ഷിക്കാഗോ: അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനീയേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിന്റെ ആനുവൽ ഗാല ഓക്ക്ബ്രൂക്ക് മാരിയറ്റിന്റെ ഗ്രാന്റ് ബാൾറൂമിൽ വച്ച് ഡിസംബർ 14ന് നടത്തപ്പെടുന്നതാണ്. ഇല്ലിനോയ്സ് ഗവർണ്ണർ ജെ.ബി. പ്രിറ്റ്സ്കർ, യു.എസ്. കോൺഗ്രസ്മാൻ രാജാകൃഷ്ണമൂർത്തി, പ്രെർഡ്യൂ യൂണിവേഴ്സിറ്റി പ്രസിഡന്റ് ഡോ. മുംഗ് ചിയാഗ്, യു.എസ്. കോൺഗ്രസ്മാൻബിൽഫോസ്റ്റർ എന്നീ പ്രമുഖ വ്യക്തികൾ പങ്കെടുക്കുമെന്ന് എ.എ.ഇ.ഐ.ഒ പ്രസിഡന്റും G.E.യുടെ ഗ്ലോബൽ ഡയറക്ടറുമായ ഗ്ലാഡ്സൺ വർഗീസ് അറിയിച്ചു. കൂടാതെ ബിസിനസ് നെറ്റ്വർക്കിംഗ്, ടെക്നിക്കൽ പ്രസന്റേഷൻസ്, അവാർഡ് സെറിമണി, പ്രശസ്ത ബോളിവുഡ് ഗായിക അങ്കിത മൂഖർജിയുടെയും ശ്വേത വാസുദേവയുടെയും നേതൃത്വത്തിൽ ഗാനമേളയും വിവിധ ഡാൻസ് ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന നൃത്തങ്ങളും ഡിന്നറും ഉണ്ടായിരിക്കും. ടിക്കറ്റുകൾ www.eventsbrite.com ൽ നിന്നോ www.aaeiousa.orgൽ നിന്നോ ലഭിക്കാവുന്നതാണ്.

ഈ സമ്മേളനത്തിന്റെ വിജയത്തിനായി എ.എ.ഇ.ഐ.ഒ ബോർഡ് മെമ്പേഴ്സും നേകസാഹോളിന്റെ സി.ഇ.ഒയുടെമായ ഡോ. പ്രമോദ് വേറ, രജീന്ദ്രർ സിംഗ് മാഗൊ, വൈസ് പ്രസിഡന്റ് നിതിൻ മഹേശ്വരി എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ഇവരെ കൂടാതെ വിവിധ കമ്പനികളുടെ സി.ഇ.ഒ, സി.ടി.ഒ, പ്രെർഡ്യൂ യൂണിവേഴ്സിറ്റി എൻജിനീയറിംഗ് ഡീൻ, അമേരിക്കൻ പൊളിറ്റിക്കൽ ലീഡേഴ്സ് എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കും.

അമേരിക്കയുടെ വിവിധ സ്ഥലങ്ങളിൽ നിന്ന് ഈ സംഘടനയുടെ ഭാരവാഹികളും പങ്കെടുക്കും. കൂടുതൽ വിവരങ്ങൾ ഗ്ലാഡ്സൺ വർഗീസ് 847-648-3300ൽ ബന്ധപ്പെടാവുന്നതാണ്. ഈ സമ്മേളനത്തിന്റെ മുഖ്യ സ്പോൺസർ Wall-street Allicance group ആണ്.

# കേരള അസോസിയേഷൻ ഓഫ് ഷിക്കാഗോയുടെ പുതുവത്സരാഘോഷവും വിദ്യാഭ്യാസ പുരസ്കാരവും ഡിസം. 28ന്

ഷിക്കാഗോ: കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയും കേരളാ കൾച്ചറൽ സെന്ററും സംയുക്തമായി നടത്തുന്ന ക്രിസ്തുമസ്/പുതുവത്സര ആഘോഷം ഡിസംബർ 28-ാം തീയതി ഡൗണേഴ്സ് ഗ്രോവിലുള്ള അക്ഷയന ബാങ്കറ്റ് ഹാളിൽ വച്ച് നടക്കുന്നു. അന്നേ ദിവസം തന്നെ തമ്പിച്ചൻ ചെമ്മാച്ചേൽ കുടുംബം കേരളാ അസോസിയേഷന്റെ മേൽനോട്ടത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ പുരസ്കാരവും സമ്മനിക്കുന്നതാണ്.

പരേതരായ ചെമ്മാച്ചേൽ ലൂക്കാച്ചൻ-അല്ലി ടീച്ചർ ദമ്പതികളുടെ ഓർമ്മയ്ക്കായി തമ്പിച്ചൻ ചെമ്മാച്ചേൽ കുടുംബം ഏർപ്പെടുത്തിയതാണ് ഈ വിദ്യാഭ്യാസ പുരസ്കാരം. 2024 അധ്യയന വർഷത്തിൽ ഹൈസ്കൂളിൽ നിന്നും പാസായവർക്കാണ് ഈ പുരസ്കാരം നൽകുന്നത്. അപേക്ഷകർ ഡിസംബർ 20-ാം തീയതിക്കു മുമ്പായി പുരസ്കാരത്തിനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

അനുസ്മരണാ ഫലകവും 500 ഡോളർ കാഷും സമ്മാനുമായി നൽക്കുന്നു. ഡോ. ജോ പുത്തൻ & സന്തോഷ് അഗസ്റ്റിൻ സി.പി.എ എന്നിവർ വിദ്യാഭ്യാസ പുരസ്കാര സമിതിക്ക് നേതൃത്വം കൊടുക്കുന്നു. വിശദമായ പ്രവേശന വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും kcc4chicago@gmail.com എന്ന ഇമെയിൽ ബന്ധപ്പെടുക.

ആഘോഷ പരിപാടികളിൽ സാംസകാരിക, സാമുഹിക, രാഷ്ട്രീയ, കലാ തലങ്ങളിലുള്ള വ്യത്യസ്ത പ്രതിഭകൾ പങ്കെടുക്കുന്നതാണ്. വൈകന്നേരം 6 മണിയോടെ ആരംഭിക്കുന്ന പരിപാടികളിൽ പൊതു സമ്മേളനം, ഡിന്നർ, ഡാൻസ് മ്യൂസിക്, ഡിജെ, വർണശബളമായ ക്രിസ്തുമസ് ആഘോഷങ്ങളും, സാന്താ ക്ലോസ്സ് പ്രകടനം തുടങ്ങിയവയും ഉണ്ടായിരിക്കുന്നതാണ്.

പ്രവേശനം പാസ്മൂലം നിയന്ത്രിക്കുന്നതാണ്. പാസ്സുകൾക്ക് പ്രസിഡന്റ് ആന്റോ കവലക്കൽ, ചെയർമാൻ പ്രമോദ് സക്കറിയാസ്, സെക്രട്ടറി സിബി പാത്തിക്കൽ, ഇവന്റ് കോർഡിനേറ്റർ ഹെറാൾഡ് ഫിഗരേദോ, ഡയറക്ടർ ഏലമ്മ ചെറിയാൻ, ഡയറക്ടർ സന്തോഷ് ആഗസ്റ്റിൻ തുടങ്ങിയവരെയോ എക്സിക്യൂട്ടീവ് അംഗങ്ങളെയെയോ സമീപിക്കുക.

അക്ഷയന ബാങ്കറ്റ് ഹാളിൽ പ്രവേശനം ക്ഷണിക്കപ്പെട്ട അതിഥികൾക്ക് മാത്രമായി ചുരുക്കിയിരിക്കുന്നു. പാസ് എടുത്തു നിങ്ങളുടെ സീറ്റുകൾ നേരത്തെ ഉറപ്പിക്കുക.

പൊതുസമ്മേളനത്തിൽ വിവിധതലങ്ങളിൽ പ്രശംസനീയമായ സേവനങ്ങൾ നൽകിയ പ്രതിഭകളെ അവാർഡ് നൽകി ആദരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: ആന്റോ കവലക്കൽ (630-666-7310), സിബി പാത്തിക്കൽ (630-723-1112), ഹെറാൾഡ് ഫിഗരേദോ (630-963-7795), ഏലമ്മ ചെറിയാൻ (630-769-9603), സന്തോഷ് അഗസ്റ്റിൻ ( 630-441-0643) എന്നിവരുമായി ബന്ധപ്പെടുക.



പലരും പലതും 5

# അധിനിവേശത്തിലെ അതിജീവനം



ഡോ. സെബാസ്റ്റ്യൻ പോൾ

ലോകം ആകാംക്ഷയോടെ അമേരിക്കയെ ഉറ്റുനോക്കുന്നു എന്ന ധാരണ അമേരിക്കാക്കാർക്കുണ്ട്. അതു ശരിയല്ലെന്നും അമേരിക്കയിലെ കാര്യങ്ങളിൽ താത്പര്യമില്ലാത്ത വലിയ വിഭാഗം ജനങ്ങൾ ഭൂമുഖത്തുണ്ടെന്നും യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പും വോട്ടെണ്ണലും നടന്ന ദിവസങ്ങളിൽ വിയറ്റ്നാമിൽ ഉണ്ടായിരുന്ന എനിക്ക് മനസിലായി.

ജയിച്ചത് കമലയോ ഡോണൾഡോ എന്നറിയുന്നതിനുള്ള കൗതുകം എനിക്കുണ്ടായി. ഹോ ചി മിൻ സിറ്റിയിൽ സംസാരിക്കാൻ അവസരം കിട്ടിയ പ്രത്യക്ഷത്തിൽ ഉന്നതസ്ഥാനീയരായ ചിലരോട് അക്കാര്യം തിരക്കിയെങ്കിലും അങ്ങനെ നമ്മൾ പുറത്തുള്ളവർ ശ്രദ്ധിക്കേണ്ടതായ ഒരു തിരഞ്ഞെടുപ്പ് അമേരിക്കയിൽ നടക്കുന്നതായി അവർക്ക് അറിയില്ലായിരുന്നു. സ്വകാര്യവ്യക്തികൾക്ക് പത്രം നടത്താൻ അനുവാദമില്ലാത്ത വിയറ്റ്നാമിൽ എന്റെ ഒൻപത് പ്രഭാതങ്ങൾ ആരംഭിച്ചത് കണികാണാൻപോലും ഒരു പത്രം ഇല്ലാതെയാണ്.

സർക്കാരിനും കമ്യൂണിസ്റ്റ് പാർട്ടിക്കും മാത്രം പത്രം നടത്താൻ അനുവാദമുള്ള വിയറ്റ്നാമിൽ അങ്ങനെയിറങ്ങുന്ന പത്രങ്ങളുണ്ടെങ്കിൽ അതുപോലും ഞാൻ താമസിച്ച ഹോട്ടലുകളിലെ ലോബിയിൽ കണ്ടില്ല.

ഞങ്ങൾ കമ്യൂണിസ്റ്റല്ല? സോഷ്യലിസ്റ്റ് റിപ്പബ്ലിക്കാണ് എന്ന് ഹോ ചി മിൻ സിറ്റിയിലെ ടൂർ ഗൈഡ് പറഞ്ഞതിന് പല അർത്ഥതലങ്ങളുണ്ട്. മാധ്യമങ്ങളില്ലാത്തതുകൊണ്ട് മാധ്യമപ്രവർത്തകരും വിയറ്റ്നാമിലില്ല. അതുകൊണ്ടുതന്നെ അവരെ പീഡിപ്പിക്കുന്ന വാർത്തകളുമില്ല. റിപ്പോർട്ടേഴ്സ് വിതൗട്ട് ബോർഡേഴ്സ് എന്ന സംഘടന 180 രാജ്യങ്ങളിലെ പത്രസ്വാതന്ത്ര്യത്തിന്റെ നിലവാരം പരിശോധിച്ച് തയാറാക്കിയ ഇൻഡെക്സിൽ വിയറ്റ്നാമിന്റെ സ്ഥാനം 174 ആണ്. ഇന്ത്യയുടെ സ്ഥാനം 159.

അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തിന് പരമമായ പ്രാധാന്യം നൽകുന്ന അമേരിക്കയുടെ സ്ഥാനം 42 ആണ്. എങ്കിൽ ഒന്നാം സ്ഥാനത്ത് ആര് എന്ന ചോദ്യം സ്വാഭാവികം. ഉത്തരം നോർവേ. പത്രസ്വാതന്ത്ര്യത്തെക്കാൾ അഭിപ്രായപ്രകടനത്തിനുള്ള അവസരവും സ്വാതന്ത്ര്യവുമാണ് ഇൻഡെക്സിലെ റാങ്കിങ്ങിന് അടിസ്ഥാനമായി പരിഗണിക്കപ്പെടുന്നത്. വിവരവിനിമയത്തിനും അഭിപ്രായപ്രകടനത്തിനും പത്രം എന്ന മാധ്യമം അത്യന്താപേക്ഷിതമാണോ?

പാശ്ചാത്യനാഗരികതയുടെയും ജനാധിപത്യത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്ന അഭിപ്രായപ്രകടനസ്വാതന്ത്ര്യം എന്ന മഹനീയാശയത്തിന്റെ തുടക്കം 2,500 വർഷങ്ങൾക്കപ്പുറം ആതൻസിലായിരുന്നു. അങ്ങനെയാണ് ആതൻസ് ജനാധിപത്യത്തിന്റെ കളിത്തൊട്ടിൽ എന്ന നിലയിൽ പ്രകീർത്തിതമായത്. ആതൻസിലെ അഗോറായിലേക്കുള്ള പ്രവേശനകവാടത്തിൽ അഭിമാനപൂർവം ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്നത് വായിച്ച് ഞാൻ രോമാഞ്ചമണിഞ്ഞിട്ടുണ്ട്. ഇന്ത്യയാണ് ജനാധിപത്യത്തെ പ്രസവിച്ചതെന്ന നരേന്ദ്ര മോദിയുടെ അവകാശവാദത്തിന് ചരിത്രത്തിന്റെ സാക്ഷ്യമോ പിൻബലമോ ഇല്ല.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനം മാത്രമല്ല ജനാധിപത്യത്തിനുള്ള തെളിവ്. അച്ചടിയുടെ നിലനിൽപ്പിനെക്കുറിച്ച് ആശങ്കയില്ലാത്ത ഞാൻ പ്രതിസന്ധിയിലായ ദിനങ്ങളായിരുന്നു വിയറ്റ്നാമിലേത്. അച്ചടിച്ച ഒരു കടലാസും വായിക്കാനില്ലാത്ത ദിവസങ്ങളായിരുന്നു അവ. വായനശാലയുടെ വെളിച്ചവും ഗ്രന്ഥശാലയുടെ ചൈതന്യവും നാം ശ്രദ്ധിച്ചാലും ഇല്ലെങ്കിലും കേരളത്തിൽ പ്രസരിക്കുന്നുണ്ട്.

അങ്ങനെയാണ് കേരളം കേരളമായത്. മഹാത്മ ഗാന്ധിക്ക് സമമായി വിയറ്റ്നാംകാർക്ക് ഹോ ചി മിനിനെ ഉയർത്തിക്കാണിക്കാം. പക്ഷേ അവർക്ക് പി.എൻ പണിക്കർ ഇല്ലാതെ പോയി. ബന്ദിയാക്കപ്പെടുന്ന വ്യക്തി ബന്ദിയാക്കുന്ന വ്യക്തിയുമായി മാനസികമായി ഐക്യപ്പെടുന്ന പ്രതിഭാസത്തെ സ്റ്റോക്ഹോം സിൻഡ്രം എന്നു പറയും. ജനതയ്ക്കും ഈ അവസ്ഥ ഉണ്ടാകാമെന്നതിനു തെളിവാണ് വിയറ്റ്നാം.



അമേരിക്കയുടെ ഇരുപതു വർഷം നീണ്ടുനിന്ന സൈനിക അധിനിവേശം അൻപതു വർഷം മുമ്പ് അവസാനിച്ചെങ്കിലും സാംസ്കാരികവും മാനസികവുമായ അധിനിവേശം അവസാനിച്ചിട്ടില്ല. യുദ്ധം കാണുകയോ അനുഭവിക്കുകയോ ചെയ്യാത്തവരാണ് ഇന്നത്തെ ജനങ്ങളിൽ ഭൂരിഭാഗം. അവർക്ക് അത് ഏതോ ചരിത്രം മാത്രമാണ്. അതുകൊണ്ട് ഇന്ന് ഹോ ചി മിൻ എന്നറിയപ്പെടുന്ന സെയ്ഗോണിലൂടെ നടക്കുമ്പോൾ ഏതോ യൂറോപ്യൻ നഗരത്തിലാണ് എന്ന തോന്നലുണ്ടാകുന്നു.

അരയിൽനിന്ന് അല്പം മാത്രം താഴേയ്ക്കു നീളുന്ന ഷോർട്സ് ധരിച്ചുള്ള നഗ്നതാപ്രദർശനം വിയറ്റ്നാമീസ് പെൺകുട്ടികൾക്ക് ഹരമാണ്. കാലറ്റം വരെയുള്ള നീണ്ട പാവാട ധരിക്കുമ്പോഴും ഒരു കാൽ തുന്നിച്ചേർക്കാതെ തുറന്നിട്ടിരിക്കും. അങ്കോർവട്ടിലെ വിശ്രുതമായ ക്ഷേത്രസമുച്ചയത്തിലേക്ക് പ്രവേശിക്കുമ്പോൾ തോളും കാൽമുട്ടും മറച്ചിരിക്കണമെന്ന നിർദ്ദേശം കണ്ടു.

വത്തിക്കാനിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മുന്നിൽ പെൺകുട്ടികളുടെ വസ്ത്രധാരണത്തിലെ അപര്യാപ്തത പരിഹരിക്കാൻ അങ്കിയുമായി നിൽക്കുന്ന ഗാർഡുകളെ കണ്ടു. വിയറ്റ്നാമീസ് എന്ന ദേശീയ ഭാഷ വിയറ്റ്നാംകാർക്കുണ്ട്.

പതിനേഴാം നൂറ്റാണ്ടിലെത്തിയ പാശ്ചാത്യ മിഷണറിമാരുടെ പ്രേരണയിൽ റോമൻ അക്ഷരങ്ങളിൽ വിയറ്റ്നാമീസ് എഴുതിപ്പഠിച്ച വിയറ്റ്നാംകാർ പതുക്കെ സ്വന്തം ലിപി മറന്നു. വിയറ്റ്നാംകാർക്ക് യുദ്ധം ഇന്ന് ചരിത്രത്തിന്റെയും ടൂറിസത്തിന്റെയും ഭാഗമാണ്. യുദ്ധചിത്രങ്ങളും അവശിഷ്ടങ്ങളും പ്രദർശിപ്പിച്ചിരിക്കുന്ന വാർ മ്യൂസിയം ധാരാളം സന്ദർശകരെ ആകർഷിക്കുന്നു.

യുദ്ധം അവസാനിപ്പിക്കുന്നതിന് അമേരിക്കയെ നിർബന്ധിതമാക്കിയ പൊതുജനാഭിപ്രായത്തിന്റെ രൂപീകരണത്തിൽ വലിയ പങ്കു വഹിച്ച നിക് ഉട്ടിന്റെ പ്രസിദ്ധമായ സെയ്ഗോൺ കുട്ടികളുടെ ചിത്രം ശേഖരത്തിൽ ശ്രദ്ധേയമാണ്. പതിയിരിക്കാൻ മണ്ണിനടിയിൽ മാളങ്ങളുണ്ടാക്കി അമേരിക്കൻ സൈനികരെ ആക്രമിച്ചിരുന്ന കാനനമേഖല അതേപടി സംരക്ഷിച്ചിട്ടുണ്ട്.

ഗോലിയാത്തിനോട് ഏറ്റുമുട്ടിയ ദാവീദിന്റെ കഥ അവിടെ ഓർമിക്കാതിരിക്കാനാവില്ല. ധാരാളം അമേരിക്കൻ യുവാക്കളെ അവിടെ കണ്ടു. പ്രാകൃതമായ നാടൻ യുദ്ധമുറകൾക്കു മുന്നിൽ തങ്ങളുടെ പിതാക്കന്മാർ എങ്ങനെയാണ് പരാജയപ്പെട്ടതെന്ന് അവർ അത്ഭുതപ്പെടുന്നുണ്ടാകും.

തോമസ് ജെഫേഴ്സൺ രചിച്ച സ്വാതന്ത്ര്യപ്രഖ്യാപനം അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാപനരേഖയാണ്. പാരീസിലായിരുന്നപ്പോൾ സ്വന്തം കൈപ്പടയിലാണ് ജെഫേഴ്സൺ ആ പ്രമാണരേഖ തയാറാക്കിയത്. അതിൽ വിളംബരം ചെയ്യുന്ന സനാതനമായ രാഷ്ട്രതന്ത്രതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ അമേരിക്കയ്ക്ക് ഒരു രാഷ്ട്രത്തിലും ആക്രമണം നടത്താൻ കഴിയില്ല.

വിദൂരമായ വിയറ്റ്നാമിൽ അമേരിക്കയ്ക്ക് ഒരു തരത്തിലും ആ രാജ്യം ഭീഷണിയാവില്ലെന്നിരിക്കേ എന്തിനാണ് അമേരിക്ക കിരാതമായ ബോംബിങ് നടത്തിക്കൊണ്ടിരുന്നത്. വാർ മ്യൂസിയത്തിലെ ദാരുണദൃശ്യങ്ങൾ കണ്ടുപോകവേ ഈ ചോദ്യം എന്റെ മനസ്സിനെ വല്ലാതെ അലട്ടി. അപ്പോഴാണ് ജെഫേഴ്സന്റെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ വലിയ പതിപ്പ് ചിത്രങ്ങൾക്ക് ആമുഖമെന്നോണം പ്രദർശിപ്പിച്ചിരിക്കുന്നതു കണ്ടത്. ദോഷം പലതു പറയാനുണ്ടെങ്കിലും മനഃസാക്ഷിയുള്ള രാജ്യമാണ് അമേരിക്ക. ആ മനഃസാക്ഷിയോടുള്ള ചോദ്യമായിരിക്കാം ആ വലിയ ഫ്രെയിം. അല്ലെങ്കിൽ നൃശംസതയുടെ കാലത്ത് നിസംഗത പാലിച്ച ലോകമനഃസാക്ഷിയോടുള്ള ചോദ്യമായിരിക്കാം.

ഇരുപത് വർഷം നീണ്ടുനിന്ന യുദ്ധത്തിൽ 20 ലക്ഷം പേരാണ് കൊല്ലപ്പെട്ടത്. അവരിൽ 58,000 പേർ അമേരിക്കക്കാരായിരുന്നുവെന്നത് വിയറ്റ്നാമീസ് പ്രതിരോധത്തിന്റെയും പ്രത്യാക്രമണത്തിന്റെയും ഫലസിദ്ധിക്ക് ഉദാഹരണമായി ചൂണ്ടിക്കാട്ടാമെങ്കിലും ആർക്കും സമാശ്വാസത്തിനു വകയാകുന്നില്ല. ച്യൂച്ചിയിലെ മൺമാളങ്ങളും അവയെ ബന്ധിപ്പിക്കുന്ന തുരങ്കങ്ങളും കണ്ട് ഒരു ജനതയുടെ ധീരോദാത്തതയ്ക്ക് അഭിവാദ്യമർപ്പിച്ച് മടങ്ങുമ്പോൾ ഒരു ഷെഡ്ഡിലേക്ക് അവർ ഭക്ഷണത്തിനു ക്ഷണിച്ചു.

കപ്പയും ലേശം മധുരമുള്ള ചമ്മന്തിയുമായിരുന്നു കോംപ്ലിമെന്ററി ലഞ്ച്. കൂടെ കട്ടൻ കാപ്പിയുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ല. അന്നത്തെ ഒളിപ്പോരാളികളുടെ ഭക്ഷണമായിരുന്നു അത്. എന്റെ അടുത്തിരുന്ന് ഒരു അമേരിക്കക്കാരനും അത് കഴിക്കുന്നുണ്ടായിരുന്നു. ഇരകളോടുള്ള ഐക്യപ്പെടലാകാം.

അല്ലെങ്കിൽ മനസ്താപത്തിൽനിന്നുണ്ടാകുന്ന പ്രായശ്ചിത്തവുമാകാം. വിശന്നിട്ടാണെങ്കിൽ അപ്പുറത്ത് നല്ല റസ്റ്ററന്റ് പ്രവർത്തിക്കുന്നുണ്ടായിരുന്നു.




# വി. മൂറോൻ കൂദാശക്കൊരുങ്ങി ഹൂസ്റ്റൻ സെന്റ്ബേസിൽസ് ദേവാലയം



അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിൽപ്പെട്ട ഹൂസ്റ്റൻ സെന്റ് ബേസിൽസ് യാക്കോബായ സുറിയാനി പള്ളിയുടെ കൂദാശ കർമ്മം 2024 നവംബർ 29,30 (വെള്ളി, ശനി) തിയതികളിലായി, ഭദ്രാസനാധിപനും പാത്രിയർക്കൽ വികാരിയുമായ അഭിവന്ദ്യ യൽദൊ മോർ തീത്തോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു.

സത്യസുറിയാനി സഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ അടിയുറച്ച് വിശ്വസിച്ച്, പ. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള സ്നേഹവും വിധേയത്വവും നിലനിർത്തിക്കൊണ്ട്, തങ്ങൾക്ക് ആരാധിക്കുവാൻ സ്വന്തമായി ഒരു ദേവാലയമുണ്ടാകണമെന്ന ചിരകാല അഭിലാഷം സാക്ഷാത്കരിക്കപെട്ടതിന്റെ സന്തോഷത്തിലാണ് ഇടവകാംഗങ്ങളേവരും. ഇടവകയിലും സമീപ ഇടവകയിലുമുള്ള വിശ്വാസികളുടെ തീഷ്ണമായ പരിശ്രമത്തിന്റെയും കഠിനാദ്ധ്വാനത്തിന്റേയും അദ്ധ്യാത്മീക മാർഗ്ഗദർശികളായ ബഹു. വൈദീകരുടെ ഉപദേശത്തിന്റെയും ഭദ്രാസന മെത്രാപോലീത്തായുടെ ദീർഘവീക്ഷണത്തിന്റേയും പരിണിതഫലമാണ്, ബസ്സേലിയോസ് ബാവായുടെ നാമത്തിൽ സ്ഥാപിതമാകുന്ന ഈ വിശുദ്ധ ദേവാലയം.

ഹൂസ്റ്റൻ ഫോർട്ട് ബെൻസ് കൗണ്ടിയിലെ അർക്കോള സിറ്റിയിൽ പോസ്റ്റ് റോഡിൽ ഹൈവേ 6നും ഹൈവേ 288നും 5 മിനിറ്റിൽ കുറഞ്ഞ ദൂരത്തായി മലയാളികൾ തിങ്ങിപ്പാർക്കുന്ന മിസ്സോറിസിറ്റിയുടേയും പിയർലാന്റിന്റേയും അടുത്തായി സ്ഥിതി ചെയ്യുന്ന പ്രകൃതിരമണീയമായ രണ്ടര ഏക്കറോളം വരുന്ന സ്ഥലത്താണ് മനോഹരമായ ഈ ദേവാലയം പണിതിട്ടുള്ളത്.

29-ാം തിയതി വെള്ളിയാഴ്ച വൈകിട്ട് 5മണിക്ക് സന്ധ്യാ പ്രാർത്ഥനയെ തുടർന്ന് ദേവാലയത്തിന്റെ വി. മൂറോൻ കൂദാശക്ക് തുടക്കം കുറിക്കും. അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന വി.മൂറോൻ അഭിഷേക ശുശ്രൂഷയിൽ വന്ദ്യ വൈദീക ശ്രേഷ്ഠരും ഒട്ടനവധി വിശ്വാസികളും പങ്കുചേരും.

30-ാം തിയതി ശനിയാഴ്ച രാവിലെ 8.30ന് പ്രഭാത പ്രാർത്ഥനയും അതേ തുടർന്ന് ആദ്യബലി അർപ്പണവും നടക്കും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിൽ പല പ്രമുഖ വ്യക്തികളും ആശംസകൾ നേരും.

പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി വികാരി റവ. ഫാ. ബിജൊ മാത്യു, കോശി തോമസ് (വൈസ് പ്രസിഡന്റ്), സിമി ജോസഫ് (സെക്രട്ടറി), ജോണി വർഗീസ് (ട്രഷറർ), വിബിൻ മാത്യു (ജോ. സെക്രട്ടറി), ഷാജി അബ്രഹാം (ജോ. ട്രഷറർ), ജയ്സൻ പി.കെ., ഷാജി വർഗീസ്, തോംസൻ തോമസ് (കമ്മിറ്റി മെമ്പേഴ്സ്) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങൾ നടത്തിവരുന്നു.

ഈ പരിശുദ്ധ ദേവാലയത്തിന്റെ ചരിത്രത്തിന്റെ ഏടുകളിൽ ഒരു നാഴിക കല്ലായി എന്നെന്നും സ്മരിക്കപ്പെടുന്ന ഈ ധന്യചടങ്ങിൽ വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ എല്ലാ വിശ്വാസികളേയും കർതൃനാമത്തിൽ ക്ഷണിക്കുന്നതായി വികാരി അറിയിച്ചു.

അമേരിക്കൻ മലങ്കര അതിഭദ്രാസന പി.ആർ.ഒ കറുത്തേടത്ത് ജോർജ് അറിയിച്ചതാണിത്.



# ഫോമാ 'ഹെൽപ്പിങ് ഹാൻഡ്സ്' പദ്ധതിക്ക് പുതിയ സാരഥികൾ

## ബിജു ചാക്കോ (ചെയർമാൻ), ജോർജി സാമുവേൽ (സെക്രട്ടറി)

ന്യൂയോർക്ക്: ഫോമയുടെ ചാരിറ്റി പദ്ധതിയായ 'ഹെൽപ്പിങ് ഹാൻഡ്സിന്റെ' 2024-26 വർഷത്തെ ചെയർമാനായി ബിജു ചാക്കോയും (ന്യൂയോർക്ക്), സെക്രട്ടറിയായി ജോർജി സാമുവേലും (ന്യൂജേഴ്സി) തെരഞ്ഞെടുക്കപ്പെട്ടു.

ഗിരീഷ് പോറ്റി (മസാച്ചുസെറ്റ്സ്), ബിനു മാമ്പിള്ളി (ഫ്ളോറിഡ), ജിയോ മാത്യൂസ് കടവേലിൽ (കാലിഫോർണിയ), ഡെന്നിസ് മാത്യു (ഹ്യൂസ്റ്റൺ) എന്നിവരാണ് പുതിയ കോ-ഓർഡിനേറ്റർമാർ.

ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ബിജു ചാക്കോ ഫോമാ ഹെൽപ്പിങ് ഹാൻഡ്സിന്റെ മുഖ്യ ശില്പിയും മുൻ സെക്രട്ടറിയും ആണ്. ന്യൂയോർക്ക് ലോങ്ങ് ഐലൻഡിൽ പ്രവർത്തിക്കുന്ന 'എക്കോ' ചാരിറ്റി സംഘടനയുടെ ഓപ്പറേഷൻസ് ഡയറക്ടറായും പ്രവർത്തിക്കുന്നു. ഫോമയുടെ മുഖ്യധാര നേതാക്കളിൽ ഒരാളായ ബിജു, ന്യൂയോർക്കിലെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ നിറസാന്നിധ്യമാണ്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോർജി ശാമുവേൽ റാക്ക് സ്പെയ്സ് ടെക്നോളോജിസ് എന്ന സ്ഥാപനത്തിലെ ഐ.ടി. എക്സിക്യൂട്ടീവ് ആയി പ്രവർത്തിക്കുന്നു. കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ സജീവ പ്രവർത്തകനായ ജോർജിയുടെ സാമൂഹിക ജീവകാരുണ്യ മേഖലകളിലെ ഇടപെടലുകൾ ഇതിനോടകം തന്നെ ശ്രദ്ധനേടിയിട്ടുണ്ട്.

കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഗിരീഷ് പോറ്റി മസ്സാച്ചുസെറ്റ്സിലെ ന്യൂ ഇംഗ്ലണ്ടിൽ താമസിക്കുന്നു. ന്യൂ ഇംഗ്ലണ്ട് മലയാളീ അസോസിയേഷൻ (NEMA) എന്ന സംഘടനയുടെ സജീവ പ്രവർത്തകനാണ്. മൈക്രോസോഫ്റ്റിലെ സോഫ്ട്വെയർ എൻജിനീയറായ ഗിരീഷിനാണ് ഹെൽപ്പിങ് ഹാർഡ്സിന്റെ ഐ.ടി ചുമതല.

കോർഡിനേറ്ററായ ബിനു മാമ്പിള്ളി ഫോമാ സൺഷൈൻ റീജിയൻ ആർ.വി.പി. ആയും അഡ്വൈസറി ചെയർമാനായും, ഫോമാ ക്രെഡൻഷ്യൽ കമ്മറ്റി സെക്രട്ടറി, ടാമ്പാ ബേ മലയാളീ അസോസിയേഷൻ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു സ്വന്തം വ്യക്തി മുദ്ര പതിപ്പിച്ച നേതാവാണ്. മറ്റൊരു കോർഡിനേറ്ററായ ജിയോ മാത്യൂസ് കടവേലിൽ സാക്രമെന്റോയിൽ കൊമ്മേഴ്സ്യൽ റിയൽ എസ്റ്റേറ്റ് ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്നു. സാക്രമെന്റോ മലയാളി അസോസിയേഷന്റെ മുൻനിര പ്രവർത്തകനായ ജിയോ, നാട്ടിലും അമേരിക്കയിലും വിവിധ ജീവകാരുണ്യ പ്രവത്തനങ്ങളിൽ പങ്കാളിയാണ്.

കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഡെന്നിസ് മാത്യു മലയാളീ അസോസിയേഷൻ ഓഫ് ഗ്രേയ്റ്റർ ഹ്യൂസ്റ്റൺ ഉൾപ്പെടെ വിവിധ സംഘടനകളുടെ നേതൃസ്ഥാനത്തു പ്രവർത്തിക്കുന്നു. കൂടാതെ സാമൂഹിക ജീവകാരുണ്യ മേഖലകളിലും വ്യാപൃതനാണ്.

ഫോമയുടെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് 'ഹെൽപ്പിങ് ഹാൻഡ്സ്'. പേര് അന്വർത്ഥമാക്കുന്ന രീതിയിൽ, ഇതിനോടകം നിരവധി ആളുകൾക്ക് ഈ പദ്ധതിയിലൂടെ സഹായം എത്തിക്കുവാൻ ഫോമക്ക് സാധിച്ചതായി ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ പറഞ്ഞു. പുതിയ ഭാരവാഹികളെ ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

◗ ഷോളി കുമ്പിളുവേലി

# പോസ്റ്റൽ കുടുംബസംഗമം വർണ്ണാഭമായി

ഷിക്കാഗോ: ഷിക്കാഗോ പോസ്റ്റൽ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വർണ്ണാഭമായ പരിപാടികളോടെ കുടുംബസംഗമം നടത്തപ്പെട്ടു. ഷിക്കാഗോയിലെയും പരിസരപ്രദേശങ്ങളിലെയും പ്ലാന്റുകളിലും ഓഫീസുകളിലും ജോലി ചെയ്യുന്ന നിരവധി പോസ്റ്റൽ ജീവനക്കാർ കുടുംബസമേതം സംഗമത്തിൽ പങ്കുചേർന്നു. ഫാ. ജിബിൽ കുഴിവേലിൽ കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ഐസ് ബ്രേക്കിംഗിനുശേഷം പോസ്റ്റൽ ജീവനക്കാരെയും കുടുംബങ്ങളെയും പരസ്പരം പരിചയപ്പെടുത്തി.

വിവിധ ഓഫീസുകളിൽ ഉന്നത പദവികളിൽ സേവനം ചെയ്യുന്നവരെയും പോസ്റ്റൽ സർവീസിൽ നിന്നും റിട്ടയർ ചെയ്തവരെയും സർവീസിൽ 25 വർഷം പൂർത്തിയാക്കിയവരെയും സംഗമത്തിൽ ആദരിച്ചു. കുട്ടികളുടെ കലാപരിപാടികളും മുതിർന്നവർക്കുവേണ്ടി ഗെയിമുകളും നടത്തപ്പെട്ടു. പോസ്റ്റൽ കുടുംബാംഗങ്ങൾ ഒരുക്കിയ ഗാനമേള സംഗമത്തെ മോടിപിടിപ്പിച്ചു. സജി പൂത്തൃക്കയിൽ മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു. മനോജ് അച്ചേട്ട് സ്വാഗതവും ആനീസ് മേനമറ്റത്തിൽ നന്ദിയും പറഞ്ഞു.





# ചരിത്രം കുറിച്ച് ഫൊക്കാന ന്യൂയോർക്ക് അപ്പ്സ്റ്റേറ്റ് റീജിയൻ; ഉദ്ഘാടനവും കലാമേളയും വർണാഭമായി



ന്യൂയോർക്ക്: വലിയ പങ്കാളിത്തവും ശ്രദ്ധേയമായ പ്രസംഗങ്ങളും മികച്ച കലാപരിപാടികളും കൊണ്ട് ഫൊക്കാന ന്യൂയോർക്ക് അപ്പ്സ്റ്റേറ്റ് റീജിയന്റെ (റീജിയൻ 3) പ്രവർത്തനോദ്ഘാടനവും കലാമേളയും വേറിട്ടതായി. സൗഹൃദകൂട്ടായ്മയുടെ ഏറ്റവും മികച്ച വേദി ഒരുക്കാൻ ആർ.വി.പി. ആന്റോ വർക്കിക്കും സഹപ്രവർത്തകർക്കും കഴിഞ്ഞു. ഇത്തരമൊരു സംഗമം വളരെ വർഷങ്ങൾക്കിടയിൽ ആദ്യമാണെന്ന് ഏവരും അഭിപ്രായപ്പെട്ടു. ഒരു മിനി കൺവെൻഷന്റെ പ്രതീതി ഉളവാകുന്നതായിരുന്നു റീജിയണൽ ഉദ്ഘാടന പരിപാടികൾ.

യോർക്ക് ടൗൺ ഹൈറ്റ്സിൽ സെന്റ് ഗ്രീഗോറിയോസ് ചർച്ചിന്റെ മനോഹരമായ ഓഡിറ്റോറിയത്തിലായിരുന്നു ആദ്യന്തം ഹൃദ്യമായ പരിപാടി. ചെണ്ടമേളത്തോടെ അതിഥികളെ വരവേറ്റു. സാജൻ മാത്യു ആമുഖ പ്രസംഗം നടത്തുകയും എംസി ഷൈനി ഷാജനെ പരിചയപ്പെടുത്തുകയും ചെയ്തു. അമേരിക്കൻ ദേശീയഗാനം അലീന മാത്യുവും ഇന്ത്യൻ ദേശീയഗാനം അഖിൽ വിജയകുമാറും ആലപിച്ചു. ഫാ. നൈനാൻ ടി. ഈശോ അനുഗ്രഹ പ്രഭാഷണം നടത്തി.

സൗഹൃദ സംഗമത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്ത ആർ.വി.പി ആന്റോ വർക്കി തന്നെ പിന്തുണച്ച എല്ലാവർക്കും നന്ദി പറഞ്ഞു. റീജിയണൽ തലത്തിലെ ഭാരവാഹികളെ മത്സരമില്ലാതെ തെരഞ്ഞെടുക്കണമെന്ന നിർദേശവും അദ്ദേഹം മുന്നോട്ടു വച്ചു. റീജിയണൽ തലത്തിലാവുമ്പോൾ എല്ലാവരും സുഹൃത്തുക്കളും എന്നും കാണുന്നവരുമായിരിക്കും. അപ്പോൾ മത്സരം ഒരു കല്ലുകടിയായി കിടക്കും. ദേശീയ തലത്തിൽ എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കുന്നവരാണെങ്കിലും വിവിധ സ്റ്റേറ്റുകളിൽ നിന്നും കാനഡയിൽനിന്നുമുള്ളവരാണ്. എന്നും കാണുന്നവരൊന്നുമല്ല. കലാപരിപാടികൾ അവതരിപ്പിക്കുന്ന ആറ് ഡാൻസ് സ്കൂളുകൾക്കും ഗായകർക്കും അദ്ദേഹം നന്ദി പറഞ്ഞു. ഓഡിറ്റോറിയം നൽകിയ സെന്റ് ഗ്രിഗോറിയസ് ചർച്ചിനും വികാരി ഫാ. നൈനാൻ ടി. ഈശോക്കും നന്ദി പറഞ്ഞു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, റോക്ക്‌ലാൻഡ് ലെജിസ്ലേറ്റർ ഡോ. ആനി പോൾ, റീജണൽ വൈസ് പ്രസിഡന്റ് ആന്റോ വർക്കി, ട്രഷർ ജോയി ചാക്കപ്പൻ, വിമെൻസ് ഫോറം ചെയർ രേവതി പിള്ളൈ, അഡിഷണൽ അസോസിയേറ്റ് ട്രഷർ അപ്പുകുട്ടൻ പിള്ളൈ, മറ്റു ഭാരവാഹികൾ തുടങ്ങിയവർ നിലവിളക്ക് കൊളുത്തി പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ പ്രസംഗം സംഘടനയുടെ പ്രവർത്തന രൂപരേഖ വരച്ചു കാട്ടുന്നതായിരുന്നു. ഇലക്ഷൻ സമയത്ത് താനാണ് പറഞ്ഞ ഡ്രീം ഇന്ന് ഫൊക്കാന കുടുംബത്തിന്റെ ഡ്രീം ആണെന്ന് സജിമോൻ പറഞ്ഞു. നല്ലൊരു ഇലക്ഷൻ കഴിഞ്ഞു. ആന്റോ പറഞ്ഞപോലെ ഇലക്ഷനാകുമ്പോൾ ചിലർ ജയിക്കും ചിലർ തോൽക്കും. അതൊന്നും വലിയ കാര്യമല്ല. അതൊക്കെ അവിടെ തീർന്നു. അതിനു ശേഷം ഒറ്റ കുടുംബം എന്ന ആശയത്തിൽ അടിയുറച്ചു എല്ലാവരെയും ചേർത്തുനിർത്തി ഫൊക്കാന ജൈത്രയാത്ര തുടരുന്നു. ഇരുപതാമത്തെ ടീമിനെ ലീഡ് ചെയ്യാൻ എനിക്ക് ഭാഗ്യമുണ്ടായി. അതിനു മുമ്പ് ഇതിലൂടെ കടന്നുപോയ പത്തൊമ്പത് ടീം ലീഡേഴ്സിനെ ഓർക്കുന്നു. അവരെ നമിക്കുന്നു.

സ്റ്റാറ്റസ് ഓഫ് യൂണിയൻ ഓഫ് ഫൊക്കാന ഈസ് ഗ്രേറ്റ്. ഡ്രീമിനോടൊപ്പം പറഞ്ഞ രണ്ടാമത്തെ വാക്കാണ് കുടുംബം. അതോടൊപ്പം കൾച്ചർ അഥവാ സംസ്കാരം. നമ്മൾ ഇവിടെ വന്നത് ജോലി ചെയ്ത് കുടുംബത്തെ സംരക്ഷിക്കാനും സമൂഹത്തിനു നന്മ ചെയ്യാനുമാണ്. ഈ നാടിന് കോൺട്രിബ്യൂട്ട് ചെയ്യാനും വന്ന നാടിന് കോൺട്രിബ്യൂട്ട് ചെയ്യാനുമാണ്.

നമ്മുടെ സംസ്കാരം നിലനിർത്താനാണ് ഫൊക്കാനയെ പോലെയുള്ള കേന്ദ്ര സംഘടനകൾ. അതോടൊപ്പമുള്ള വാക്കാണ് സർവ്വീസ് അഥവാ സേവനം. നമ്മൾ ഓരോരുത്തരെയും ബന്ധിപ്പിക്കുന്ന വാക്ക്. സംസ്കാരവും സേവനവും എവിടെ ഉണ്ടോ അവിടെ മറ്റുള്ളവരോടുള്ള ആദരവ് ഉണ്ട്. അതില്ലാതെ പോകുമ്പോഴാണ് ചിലപ്പോൾ ചില ആളുകൾ ചില കോപ്രായങ്ങൾ കാട്ടി ഏതെങ്കിലും മീഡിയയിലൊക്കെ എഴുതി ഞെളിഞ്ഞിരിക്കുന്നത്. അതിനെയൊക്കെ പ്രോത്സാഹിപ്പിക്കരുത്. ഫൊക്കാനയിൽ 75 സംഘടനകൾ ഉണ്ട്. എട്ടോ പത്തോ പുതിയ സംഘടനകളുടെ അപേക്ഷ വരുന്നുണ്ട്.

കഴിഞ്ഞ 41 വർഷമായി ജനഹൃദയങ്ങളിൽ ഫൊക്കാനക്ക് ഒരു സ്ഥാനം ഉണ്ട്. നമുക്ക് ശേഷവും അത് ഉണ്ടാവും. ഡ്രീം ടീം 22 പദ്ധതികളുമായി വന്നു. അതിന്റെ എണ്ണം കൂടുന്നു. അത് പോലെ 200 ഓളം വനിതാലീഡേഴ്സിന്റെ ഒരു ടീമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഒരു കാലത്ത് യുവാക്കൾ വരാതിരുന്ന സ്ഥാനത്ത് ഇന്ന് 74 യൂത്ത് ലീഡേഴ്സിന്റെ ടീമാണുള്ളത്.

ഫൊക്കാന മെഡിക്കൽ കാർഡ് രാജഗിരിക്കു പുറമെ പാല മെഡിസിറ്റി, ബിലീവേഴ്സ് ഹോസ്പിറ്റൽ തിരുവല്ല. എന്നിവയുമായി ധാരണയായി. രണ്ട് ഹോസ്പിറ്റൽ കൂടി ശ്രമിക്കുന്നു മാർത്താണ്ഡം ഹോസ്പിറ്റൽ തിരുവനന്തപുരം, കോഴിക്കോടുള്ള ബേബി മെമ്മോറിയൽ. അത് ഈ ഒരു മാസം കൊണ്ട് പൂർത്തിയാക്കി താങ്ക്സ് ഗിവിംഗ് സമ്മാനം അല്ലെങ്കിൽ ന്യൂഇയർ സമ്മാനമായി തുടങ്ങണമെന്നാണ് ആഗ്രഹം.

ഫൊക്കാന മെബേഴ്സിനായി ക്ലബ് കാർഡ് ഉണ്ടാക്കുന്നുണ്ട്. ജോർജ് മലയിലിന്റെ നേതൃത്വത്തിൽ പത്തോളം ഐടി ലീഡേഴ്സ് അറ്റ്ലാന്റയിൽ അതിനായി പ്രവർത്തിക്കുന്നു. അത് വഴി മെമ്പേഴ്സിന് കുറച്ചു ആനുകൂല്യങ്ങൾ കിട്ടും. യു.എസിലും കേരളത്തിലും മൂന്നാമത്തേത് ഫൊക്കാന ഹെൽത്ത് ക്ലീനിക്കാണ്. അതിനു പ്രശ്നങ്ങളുണ്ട്. വിസിറ്റിംഗ് വിസയിൽ വരുന്നവർക്കും ഇൻഷുറൻസ് ഇല്ലാത്തവർക്കും ഒക്കെ വേണ്ടിയാണത്. എ.കെ.എം.ജിയുമായി സംസാരിച്ചപ്പോൾ ഇവിടെയൊക്കെ വന്നാൽ വഴക്കാണ് എന്നായിരുന്നു മറുപടി. അവരില്ലെങ്കിലും നമുക്ക് ചെയ്യാം. ഇവിടെയിരിക്കുന്നവരിൽ തന്നെ നഴ്സ് പ്രാക്ടീഷ്ണർ, മെഡിക്കൽപ്രാക്ടീഷ്ണർ, ഡയഗ്നോസിസ് സെന്റർ നടത്തുന്ന ഒത്തിരി പേരുണ്ടെന്ന് എനിക്കറിയാം. ആ ടീം ഉണ്ടായികൊണ്ടിരിക്കുകയാണ്. ഇനിയും ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ കുറച്ചു സമയം ഫൊക്കാനയ്ക്കുവേണ്ടി മാറ്റിവച്ചാൽ വളരെ നല്ലതായിരിക്കും. എവിടെയൊക്കെ സംഘടനകൾക്ക് ഓഫീസുണ്ടോ അവിടെയൊക്കോ ആഴ്ചയിലോ മാസത്തിലോ ഒരു ക്ലിനിക്ക് ചെയ്യാം എന്ന ആശയത്താൽ ആണ് മുന്നോട്ടു പോകുന്നത്. ഇന്ന് കംപ്യൂട്ടറിലും മറ്റും നോക്കിയിരുന്നു ഒരുപാട് പേര് ഇൻട്രോവേർട്ട് ആയി. പലർക്കും കമ്മ്യൂണിക്കേഷൻ കഴിവ് ഇല്ല. അതിനൊരു പരിഹാരമെന്ന നിലയിൽ ടോസ്റ്റ് മാസ്ടെഴ്സുമായി സഹകരിച്ച് ക്ലാസുകൾ ആരംഭിക്കും.

ഇപ്പോൾ നമ്മുക്ക് ലീഗൽ ടീമുണ്ട്. ഇനി ഫൊക്കാനയ്ക്ക് എതിരെ ഒരു കേസ് വന്നാലും ആർക്കെങ്കിലും എതിരെ കേസ് കൊടുക്കേണ്ടി വന്നാലും നമ്മൾ പുറകോട്ട് പോകില്ല. ന്യായത്തിന്റെ കൂടെയാണെങ്കിൽ അതിന് നമ്മുടെ പിന്തുണ ഉണ്ടായിരിക്കും. അതിനുള്ള ലീഗൽ ടീം ഫൊക്കാനയ്ക്കുണ്ട്. കാരണം ചില കാര്യങ്ങൾ സമയത്ത് ചെയ്യാത്തതുകൊണ്ട് നമ്മൾ കുരിശിലേറ്റപ്പെട്ടിട്ടുണ്ട്. അത് ഇനി ഈ ടീമിനോ ഇനി വരാൻ പോകുന്ന ടീമിനോ ഉണ്ടാകാൻ അനുവദിക്കില്ല.

ഫൊക്കാന ഒന്നേ ഉള്ളൂ. അനാവശ്യമായി പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ പുറത്തു നിർത്തണം സജിമോൻ വ്യക്തമാക്കി. ഡോ. ആനി പോളിന്റെ സന്ദേശത്തിൽ നേട്ടങ്ങളിലേക്കുള്ള പ്രയാണത്തിന് ഫൊക്കാനക്കുള്ള കരുത്ത് എടുത്തു കാട്ടി. ഈ സംഘടനയിലൂടെയാണ് താനും രാഷ്ട്രീയ രംഗത്ത് വന്നത്. കൂടുതൽ പേര് അതിനായി മുന്നിട്ടിറങ്ങണം. സജിമോൻ ആന്റണിയും ടീമും 22 ഇന പരിപാടിയുടെ എണ്ണം കൂട്ടുന്നു എന്നത് ചാരിതാർഥ്യ ജനകമാണ്.

പ്രശ്നങ്ങൾ നേരിടുന്നവർക്ക് ബന്ധപ്പെടാനായി ഒരു ഔട്ടറീച്ച് പേഴ്സണെ നിയോഗിക്കുന്നത് നല്ലതായിരിക്കുമെന്നും അവർ അഭിപ്രായപ്പെട്ടു. ആരെ ബന്ധപ്പെടണം എന്ന് ഇപ്പോൾ വ്യക്തമല്ല. കമ്മ്യൂണിക്കേഷൻ മെച്ചപ്പെടുത്താനുള്ള സഹായം ഏറെ പ്രശംസ അർഹിക്കുന്നതാണ് അവർ പറഞ്ഞു. ആശംസയർപ്പിച്ച മുൻ പ്രസിഡന്റും ഫൊക്കാന ഇന്റർനാഷണൽ ചെയറുമായ പോൾ കറുകപ്പള്ളി പോയ കാലങ്ങളും ഭാവിയുടെ പ്രതീക്ഷകളും പങ്കുവച്ചു. താൻ രണ്ടു തവണ പ്രസിഡന്റായപ്പോൾ നേരിട്ട പ്രശ്നങ്ങൾ പലർക്കും അറിയില്ല. മത്സരമാണ് ഫൊക്കാനയെ ശക്തിപ്പെടുത്തുന്നത്. കഴിഞ്ഞ തവണ മത്സരത്തിന് 68 പേര് വന്നു. എന്നും മത്സരം ഉണ്ടാവും.

ആശംസപ്രസംഗത്തിൽ ഫിലിപ്പോസ് ഫിലിപ്പ് (ദേശീയ നിയമകാര്യ അധ്യക്ഷൻ) റീജിയണൽ സമ്മേളനം ഇത്ര വിപുലമായി നടത്തുന്നത് അടുത്ത കാലത്തൊന്നും കണ്ടിട്ടില്ല എന്ന് ചൂണ്ടിക്കാട്ടി. അതിനു ഭാരവാഹികളെ അഭിനന്ദിക്കുന്നു.

ഫൊക്കാന ഒന്നേയുള്ളു. ഫൊക്കാനയുടെ ട്രേഡ് മാർക്കും ഫൊക്കാനയുടേതാണ്. അത് മറ്റാർക്കും എടുക്കാനാവില്ല. ചില സാങ്കേതിക കാരണങ്ങൾ കൊണ്ടാണ് ലോഗോ ഇപ്പോൾ സ്റ്റേജിലെ ബോർഡിൽ കാണാത്തത്. അമേരിക്കൻ മലയാളികൾക്ക് വേണ്ടി ഫൊക്കാന എക്കാലത്തും മുൻ നിരയിൽ ഉണ്ടാവും. വയനാട് ഉരുൾപൊട്ടൽ സമയത്തും കുവൈത്തിലെ തീപിടിത്തത്തിലും ഫൊക്കാന സഹായവുമായി എത്തിയതും അദ്ദേഹം ചൂണ്ടിക്കാട്ടി. 35 വർഷത്തെ സംഘടനാ പ്രവർത്തന പാരമ്പര്യവുമായാണ് താൻ ഫൊക്കാന പ്രസിഡന്റ് സ്ഥാനത്ത് മത്സരിക്കാൻ തീരുമാനിച്ചതെന്നും ഫിലിപ്പോസ് ഫിലിപ് ചൂണ്ടിക്കാട്ടി.

ജോയ് ചാക്കപ്പൻ (ഫൊക്കാന ട്രഷറർ), അപ്പുക്കുട്ടൻ പിള്ള (അഡീ അസോ. സെക്രട്ടറി), രേവതി പിള്ള (വിമൻസ് ഫോറം ചെയർ), ജോയ് ഇട്ടൻ (ഫൊക്കാന കേരള കൺവൻഷൻ ചെയർ), ഫൊക്കാനയുടെ പ്രഥമ ട്രഷറർ തോമസ് തോമസ്, മുൻ ജനറൽ സെക്രട്ടറി ടെറൻസൺ തോമസ്, മത്തായി ചാക്കോ, ജോമോൻ വർഗീസ്, സജി പോത്തൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. അലക്സ് എബ്രഹാം, സുനിൽ സാക്ക്, മേരി ഫിലിപ്പ്, മേരി കുട്ടി മൈക്കൾ, കോശി കുരുവിള, ദേവസി പാലാട്ടി, ഷെവലിയാർ ജോർജ് ഇട്ടൻ പടിയത്ത്, വിമൻസ് ഫോറം സെക്രട്ടറി സുധി ബാബു, വിമൻസ് ഫോറം വൈസ് ചെയർ സരൂപാ അനിൽ, ശോശാമ്മ ആൻഡ്രൂസ്, ഉഷ ചാക്കോ, ഉഷ ജോർജ്, കെ.കെ. ജോൺസൺ, വർഗീസ് ഉലഹന്നാൻ, ഫ്രാൻസിസ് കരക്കാട്ട്, ഷീല ജോസഫ്, നിരീഷ് ഉമ്മൻ തുടങ്ങി നിരവധി ഫൊക്കാന നേതാക്കൾ പങ്കെടുത്തു.

റീജണൽ ഭാരവാഹികളായ ഷൈമി ജേക്കബ്, ലിജോ ജോൺ, സുനിൽ എണ്ണശേരിൽ, എബ്രഹാം കൈപ്പള്ളിൽ, ഇട്ടൂപ് ദേവസ്യ, ജെയിംസ് ഇളംപുരയിടത്തിൽ, ജിജി ടോം, മാത്യു ജോസഫ്, ജോർജ് കുഴിയാഞ്ഞാൽ, റോയി ആന്റണി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. അഭിലാഷ് പുളിക്കത്തൊടി (റീജിയണൽ സെക്രട്ടറി) നന്ദി പറഞ്ഞു.

ജാനിയ പീറ്റർ, ബിൽജിൻ വർഗീസ്, കാനഡയിൽ നിന്ന് എത്തിയ പ്രമുഖ ഗായകൻ അഖിൽ വിജയകുമാർ, ശബരിനാഥ് എന്നിവർ ഗാനങ്ങൾ ആലപിച്ചു. മയൂര സ്കൂൾ ഓഫ് ആർട്സ്; രാധിക ബഹലിന്റെ വിദ്യാർത്ഥികൾ; നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസ്; സാത്വിക ഡാൻസ് അക്കാദമി; ഏഘകങ്ങഞ ഇവന്റുസ് ആൻഡ് എന്റർടെയിൻമെന്റ്, ചഖ ടീം എന്നിവർ നൃത്തങ്ങൾ അവതരിപ്പിച്ചു. അശ്വതി കൃഷ്ണകുമാറിന്റെ മോഹിനിയാട്ടവും മികച്ചതായി. ഡിന്നറും ഡാൻസുമായി ചടങ്ങുകൾ പര്യവസാനിച്ചു.



അമേരിക്ക വാചകം

# ഇസ്രായേലിന് വെസ്റ്റ്ബാങ്ക് കൂട്ടിച്ചേർക്കാൻ കഴിയുമോ?

(ഒന്നാം പേജ് തുടർച്ച)

നഗരത്തെ ഇസ്രായേലിന്റെ തലസ്ഥാനമായി അംഗീകരിച്ചു. കൂടാതെ വെസ്റ്റ് ബാങ്കിലെ വാസസ്ഥലങ്ങളിൽ ഇസ്രായേലിന്റെ പരമാധികാരത്തെ പിന്തുണയ്ക്കുന്ന ഒരു വിവാദ സമാധാന പദ്ധതി അവതരിപ്പിക്കുകയും ചെയ്തു. ദ്വിരാഷ്ട്രപരിഹാരത്തെ പൂർണ്ണമായും നിരാകരിക്കുന്നില്ലെങ്കിലും, ട്രംപിന്റെ സമീപനം ഇസ്രായേലിന് അനുകൂലമായിരുന്നു.

ട്രംപ് വൈറ്റ് ഹൗസിലേക്ക് മടങ്ങിയതോടെ, ഇസ്രയേലിന്റെ തീവ്ര വലതുപക്ഷ അജണ്ടയെ ശക്തിപ്പെടുത്താൻ അദ്ദേഹത്തിന്റെ ഭരണകൂടം തയ്യാറായി. സിബിഎസ് ന്യൂസിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതുപോലെ, ഇസ്രായേലിലെ അംബാസഡറായി മൈക്ക് ഹക്കബി ഉൾപ്പെടെ ട്രംപിന്റെ നിയമിതർ ഇസ്രായേൽ അധിനിവേശത്തിന് ശക്തമായ പിന്തുണ അറിയിച്ചിട്ടുണ്ട്.

പാലസ്തീനികൾ ഒരു പ്രത്യേക ജനതയെന്ന സങ്കൽപ്പത്തെ തള്ളിക്കളയുകയും വെസ്റ്റ് ബാങ്കിനെ ഇസ്രായേലിന്റെ ഭാഗമായി അംഗീകരിക്കാൻ പരസ്യമായി വാദിക്കുകയും ചെയ്തു. ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു റിലീജിയസ് സയണിസ്റ്റ് പാർട്ടി പോലുള്ള തീവ്ര വലതുപക്ഷ പാർട്ടികളുമായുള്ള സഖ്യ കരാറിന്റെ പ്രധാനിയാണ്. തങ്ങളുടെ ശ്രമങ്ങളെ ട്രംപിന്റെ ഭരണകൂടം പിന്തുണയ്ക്കുമെന്ന് ധനമന്ത്രി ബെസാലെൽ സ്മോട്രിച്ച് ആത്മവിശ്വാസം പ്രകടിപ്പിച്ചിട്ടുണ്ട്.

വെസ്റ്റ് ബാങ്ക് ചരിത്രപരമായും അനിഷേധ്യമായും ഇസ്രായേലിന്റെ ഭാഗമാണെന്ന് സ്മോട്രിച്ച് അടുത്തിടെ ആവർത്തിച്ചിരുന്നു. ഇസ്രായേൽ പരമാധികാരത്തിന്റെ സ്വാഭാവിക വിപുലീകരണമായി കൂട്ടിച്ചേർക്കലിനെ രൂപപ്പെടുത്തുന്നു. ഒക്ടോബറിലെ വിനാശകരമായ ഹമാസ് ആക്രമണത്തിന് ശേഷം വിമർശകർ വാദിക്കുന്നത് സെറ്റിൽമെന്റുകൾ വിപുലീകരിക്കുകയും ഔട്ട്പോസ്റ്റുകൾ നിയമവിധേയമാക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള വെസ്റ്റ് ബാങ്ക് അജണ്ട മുന്നോട്ട് കൊണ്ടുപോകാൻ ഇസ്രായേൽ സർക്കാർ പൊതുജനങ്ങളുടെ വികാരത്തെ ഉപയോഗപ്പെടുത്തി എന്നാണ്.

### കൂട്ടിച്ചേർക്കലിന്റെ പ്രത്യാഘാതങ്ങൾ

ഇസ്രായേൽ വെസ്റ്റ് ബാങ്ക് പിടിച്ചെടുക്കുകയാണെങ്കിൽ, അത് പ്രദേശത്തിന്റെ ഭൗമരാഷ്ട്രീയത്തിൽ കാര്യമായ മാറ്റം സൃഷ്ടിക്കും. കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളിലെ പാലസ്തീനികൾ ഒന്നുകിൽ ഇസ്രായേലി പൗരത്വത്തിൽ നിന്ന് ഒഴിവാക്കപ്പെടുകയോ അല്ലെങ്കിൽ ഏകീകൃത ഇസ്രായേലി രാഷ്ട്രത്തിന്റെ ഭാഗമാകുകയോ ചെയ്യും. ഇത് ദ്വിരാഷ്ട്ര പരിഹാരത്തിനുള്ള ശ്രമങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കും.

അധിനിവേശം ഇസ്രായേലിന്റെ ഭൂപ്രദേശത്തിന്റെ നിയന്ത്രണം ഉറപ്പിക്കുമെന്നും പാലസ്തീൻ രാഷ്ട്രത്വത്തിനുള്ള ഭാവി സാധ്യതകൾ പരിമിതപ്പെടുത്തുമെന്നും വിശകലന വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. അതേസമയം, മനുഷ്യാവകാശ ഗ്രൂപ്പുകൾ ഈ നീക്കത്തെ യഥാർത്ഥ വംശീയ ഉന്മൂലനത്തിന്റെ ഒരു രൂപമായിട്ടാണ് വീക്ഷിക്കുന്നത്. ഭൂമിയുടെ മേലുള്ള പാലസ്തീൻ അവകാശങ്ങൾ ഇല്ലാതാക്കുന്നു.

### പാലസ്തീൻ പ്രതിരോധം

വെല്ലുവിളികൾക്കിടയിലും സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടം തുടരുമെന്ന് പലസ്തീൻ നേതാക്കൾ പ്രതിജ്ഞയെടുത്തു. ഗാസ ആസ്ഥാനമായുള്ള രാഷ്ട്രീയക്കാരനായ മുസ്തഫ ബർഗൂതി, കൂട്ടിച്ചേർക്കൽ തങ്ങളുടെ ദൃഢനിശ്ചയത്തെ ശക്തിപ്പെടുത്തുകയേയുള്ളൂവെന്ന് പ്രസ്താവിച്ചു. 'ഞങ്ങൾ ഞങ്ങളുടെ അവകാശങ്ങൾക്കായി പോരാടും, ബദൽ വംശനാശമാണ്.' അദ്ദേഹം വ്യക്തമാക്കി.

### വെസ്റ്റ് ബാങ്ക്

1948 ലെ അറബ്-ഇസ്രായേൽ യുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് ഈ പ്രദേശം ആദ്യമായി പുറംലോകം അറിഞ്ഞുതുടങ്ങിയത്. 1967 ലെ ആറ് ദിവസത്തെ യുദ്ധം വരെ ജോർദാൻ ഈ പ്രദേശം ഭരിച്ചു. അത് പിന്നീട് ഇസ്രായേലിന്റെ കൈവശമായി. അതിനുശേഷം, 1980 ൽ കിഴക്കൻ ജറുസലേമിലേക്ക് അവകാശവാദം ഉന്നയിച്ച് ഇസ്രായേൽ വെസ്റ്റ് ബാങ്കിനെ ജൂഡിയ ആൻഡ് സമരിയ ഏരിയയായി ഭരിച്ചു. 1988 വരെ ജോർദാൻ ഈ പ്രദേശം തങ്ങളുടേതാണെന്ന് അവകാശപ്പെടുന്നത് തുടർന്നു. 1990 കളുടെ മധ്യത്തിൽ ഓസ്ലോ ഉടമ്പടി വെസ്റ്റ് ബാങ്കിനെ പലസ്തീനിയൻ ദേശീയ അതോറിറ്റി (PNA) വഴി പലസ്തീൻ പരമാധികാരത്തിന്റെ മൂന്ന് പ്രാദേശിക തലങ്ങളായി വിഭജിച്ചു: ഏരിയ A (PNA), ഏരിയ B (PNA കൂടാതെ ഇസ്രായേൽ), ഏരിയ സി (ഇസ്രായേൽ, വെസ്റ്റ് ബാങ്കിന്റെ 60% ഉൾക്കൊള്ളുന്നു). മൂന്ന് മേഖലകളിലുമായി 165 പാലസ്തീനിയൻ എൻക്ലേവുകളിൽ പിഎൻഎ മൊത്തമായോ ഭാഗികമായോ സിവിൽ അഡ്മിനിസ്ട്രേഷൻ നടത്തുന്നു. ഇസ്രായേൽ വെസ്റ്റ്ബാങ്ക് കൈവശപ്പെടുത്തിയതിന് ശേഷം ഒരു സൈനിക ഭരണം ഏർപ്പെടുത്തി. കുടിയേറ്റങ്ങൾ വിപുലീകരിക്കാൻ അനുവദിച്ചു. ഇന്ന് ഈ പ്രദേശം മൂന്ന് വശവും ഇസ്രായേലിനാൽ ചുറ്റപ്പെട്ടിരിക്കുന്നു. കിഴക്ക് ജോർദാനുമായി അതിർത്തി പങ്കിടുന്നു. ഇസ്രായേൽ അധിനിവേശത്തിൻ കീഴിൽ ജീവിക്കുന്ന ദശലക്ഷക്കണക്കിന് പാലസ്തീനികൾ ഇവിടെ താമസിക്കുന്നുണ്ട്. ഈ പ്രദേശം ഇസ്രായേലി സെറ്റിൽമെന്റുകളാൽ നിറഞ്ഞിരിക്കുന്നു. അത് അന്താരാഷ്ട്ര നിയമപ്രകാരം നിയമവിരുദ്ധമായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇസ്രായേലി അധികാരികൾ അവരുടെ ചരിത്രപരമായ അവകാശവാദങ്ങളുടെ അവിഭാജ്യഘടകമായി ഈ പ്രദേശം സംരക്ഷിക്കുന്നു.

### ഇന്ന് വെസ്റ്റ് ബാങ്ക് നിയന്ത്രിക്കുന്നത് ആരാണ്?

ഗാസ മുനമ്പ്, വെസ്റ്റ് ബാങ്ക്, കിഴക്കൻ ജറുസലേം എന്നിവ ഉൾപ്പെടുന്ന പാലസ്തീൻ പ്രദേശങ്ങൾ 1967 മുതൽ ഇസ്രായേൽ അധിനിവേശത്തിൻ കീഴിലാണ്. ആരാണ് വെസ്റ്റ് ബാങ്കിൽ താമസിക്കുന്നത്? 2022 മധ്യത്തോടെ വെസ്റ്റ് ബാങ്കിൽ ഏകദേശം 3 ദശലക്ഷവും ഗാസ മുനമ്പിൽ 2 ദശലക്ഷവും പാലസ്തീൻ ജനസംഖ്യയുണ്ടെന്ന് യുഎസ് സർക്കാർ കണക്കാക്കുന്നു. ഈ പ്രദേശങ്ങളിലെ പാലസ്തീൻ നിവാസികളിൽ ഭൂരിഭാഗവും സുന്നി മുസ്ലീങ്ങളാണ്. ചെറിയ തോതിൽ ഷിയാ, അഹമ്മദി മുസ്ലീങ്ങളും ഉണ്ട്.

# 45 വർഷത്തിലധികമായ സ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും, കൂട്ടയ്മയുടെയും ആഘോഷം നവം.30ന് മാർ തോമാ സ്ലീഹാ കത്തീഡ്രലിൽ




സ്നേഹത്തിന്റ പാരമ്പര്യം, 45 വർഷത്തിലധികമായ സ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും, കൂട്ടയ്മയുടെയും ആഘോഷം ബെൽവുഡിലുള്ള മാർ തോമാ സ്ലീഹാ കത്തിഡ്രലിൽ നവംബർ 30-ാം തിയതി ശനിയാഴ്ച രാവിലെ 10.30ന് Legacy of Love എന്ന പേരിൽ ഒരു അതുല്യമായ ചടങ്ങ് നടത്തപ്പെടുന്നു.

ഈ ചടങ്ങിൽ ദീർഘകാല ദാമ്പത്യജീവിതം നയിച്ച ദമ്പതികളുടെ സ്നേഹവും സമർപ്പണവും ആദരിക്കുകയും അവരുടെ വിശ്വാസപൂർണ കൂട്ടായ്മ ആഘോഷിക്കുകയും ചെയ്യുന്നു.

കൂടാതെ, പ്രിയപ്പെട്ടവരിൽ നിത്യവിശ്രമം പ്രാപിച്ചവരെ സ്മരിച്ച് അവരുടെ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പാരമ്പര്യം അനുസ്മരിക്കുകയും ചെയ്യുന്നു.

വിവാഹത്തിന്റെ ദൈവികസാക്ഷ്യം ഉൾകൊണ്ട് കൊണ്ടുള്ള ഈ വിശുദ്ധ ചടങ്ങ് ബിഷപ്പുമാരായ മാർ ജോയി ആലപ്പാട്ട്, മാർ ജേക്കബ്ബ് അങ്ങാടിയത്ത്, വികാരി ജനറലും ഇടവക വികാരിയുമായ ഫാ. തോമസ് കടുകപ്പിള്ളി, വികാരി ജനറൽ ഫാ. ജോൺ മേലെപ്പുറം, അസി. വികാരി ഫാ. ജോയൽ പയസ് എന്നിവരുടെ നേതൃത്വത്തിലുള്ള വിശുദ്ധ കുർബാനയോടെ ആരംഭിക്കുന്നതായിരിക്കും.

സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ദൈവിക അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന ഈ ചടങ്ങ് വിശ്വാസികൾക്ക് ദൈവിക അനുഗ്രഹത്തിന്റെ പുത്തൻ അനുഭവമായിരിക്കും.

കൈകാരന്മാരായ ബിജി സി. മാണി, സന്തോഷ് കാട്ടുക്കാരൻ, വിവിഷ് ജേക്കബ്ബ്, ബോബി ചിറയിൽ, യൂത്ത് കൈകാരന്മാരായ ഷാരോൺ തോമസ്, ഡേവിഡ് ജോസഫ് എന്നിവർ ആത്മീയതയും കുടുംബസ്നേഹവും ആഘോഷിക്കുന്ന ഈ വിശുദ്ധ ദിവസത്തിലേക്ക് എല്ലാ വിശ്വാസികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

# അധികാരം പോകുംമുമ്പ് ഉക്രെയിന് ശക്തമായ പിന്തുണ പ്രഖ്യാപിച്ച് ബൈഡൻ

(ഒന്നാം പേജ് തുടർച്ച)

സ് പിന്തുണ വർദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് ബൈഡൻ കൂട്ടിച്ചേർത്തു. 2022 ഫെബ്രുവരിയിൽ റഷ്യ പൂർണ്ണതോതിലുള്ള അധിനിവേശം ആരംഭിച്ചതിനുശേഷം അതിന്റെ സായുധ സേനയ്ക്കായി വാഷിംഗ്ടണിൽ നിന്ന് ഏകദേശം 60 ബില്യൺ ഡോളർ സ്വീകരിച്ച ഉക്രെയ്നിലേക്ക് ട്രംപ് ഒരു നയ മാറ്റം കൊണ്ടുവരുമെന്ന് പരക്കെ പ്രതീക്ഷിക്കപ്പെടുന്നു. ഉക്രേനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയും റഷ്യൻ നേതാവ് വ്ളാഡിമിർ പുടിനും തമ്മിലുള്ള വെടിനിർത്തൽ കരാറിൽ മധ്യസ്ഥത വഹിച്ച് സംഘർഷം വേഗത്തിൽ അവസാനിപ്പിക്കുമെന്നാണ് ട്രംപ് വാഗ്ദാനം ചെയ്തിരിക്കുന്നത്. എന്നാൽവരുന്ന റിപ്പബ്ലിക്കൻ യുഎസ് സൈനിക സഹായം ഉപയോഗിച്ച് കീവിനെ ഒരു കരാറിൽ ഏർപ്പെടാൻ നിർബന്ധിതമാക്കുമെന്നും, അത് അധിനിവേശ പ്രദേശം വിട്ടുകൊടുക്കുകയോ നാറ്റോയിൽ ചേരാതിരിക്കാൻ സമ്മതിക്കുകയോ ചെയ്യുന്നതായിരിക്കുമെന്ന് ട്രംപ് വിമർശകർ മുന്നറിയിപ്പ് നൽകുന്നു.

# നേരിന്റെ നേർക്കാഴ്ചയോടെ ഫോമാ ന്യൂയോർക്ക് എമ്പയർ റീജിയന്റെ പ്രവർത്തനോദ്ഘാടനം

ന്യൂയോർക്ക്: ഫോമാ ന്യൂയോർക്ക് എമ്പയർ റീജിയന്റെ വൈസ് പ്രസിഡന്റ് പി.ടി. തോമസിന്റെയും ഫോമാ പ്രവർത്തകരുടെയും സാന്നിധ്യത്തിൽ എമ്പയർ റീജിയന്റെ പ്രവർത്തനോദ്ഘാടനം ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ നിർവ്വഹിച്ചു. ആർ.വി.പി. പി.ടി. തോമസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി മോൻസി വർഗീസ് സ്വാഗതം ആശംസിച്ചു.

ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ പി. ജോസ്, അഡ്വൈസറി ബോർഡ് ചെയർ ഷിനു ജോസഫ് തുടങ്ങിയ നാഷണൽ നേതാക്കളുടെ സാന്നിധ്യം ശ്രദ്ധിക്കപ്പെട്ടു. ആർ.വി.പി പി.ടി. തോമസ് തന്റെ അധ്യക്ഷ പ്രസംഗത്തിൽ ആദ്യകാല മലയാളികൾ അനുഭവിച്ച ത്യാഗങ്ങളെപ്പറ്റിയും അത് പിൽക്കാലത്തു മലയാളികൾക്ക് ഗുണപാഠമായതുപോലെ ഫോമായിലെ ആദ്യകാല നേതാക്കളുടെ പ്രവർത്തനങ്ങൾ ഇന്നത്തെ തലമുറയ്ക്കും വരും തലമുറയ്ക്കും പ്രചോദന മാണെന്നും അനുസ്സമരിച്ചു.



യോങ്കേഴ്സ് മേയർ മൈക്ക് സ്പാനോ, യോങ്കേഴ്സ് മാർത്തോമ്മാ ചർച്ചിന്റെ വികാരി റവ. ജോണ് ഫിലിപ്പ് എന്നിവർ ആശംസകൾ നേർന്നു.

ഫോമായുടെ പ്രവർത്തനങ്ങളെക്കുറിച്ച് ബേബി മണക്കുന്നേൽ സമ്മേളനത്തിൽ വിവരിച്ചു. യോങ്കേഴ്സ് മലയാളി അസോസിയേഷൻ സമാഹരിച്ച രണ്ടു ലക്ഷം രൂപ ചടങ്ങിൽ വച്ച് ഫോമാ ഹെൽപ്പിംഗ് ഹാൻഡ്സ് ചെയർ ബിജു ചാക്കോയെ പ്രദീപ് നായരും സഹപ്രവർത്തകരും ചേർന്ന് ഏൽപ്പിച്ചു. ഫോമായുടെ 12 റീജിയനുകളിൽ ശക്തമായ റീജിയനുകളിൽ ഒന്നാണ് എമ്പയർ എന്ന് ജനറൽ സെക്രട്ടറി ബൈജു വർഗീസ് ചൂണ്ടിക്കാട്ടി. റീജിയന്റെ മികച്ച പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും അദ്ദേഹം ആശംസിച്ചു.

കാലിഫോർണിയയിൽ നിന്നും എത്തിയ ഫോമാ നാഷണൽ ട്രഷറർ സിജിൽ പാലക്കലോടി രണ്ടര മില്യൺ ഡോളറിന്റെ ബജറ്റ് രൂപരേഖ അവതരിപ്പിച്ചു. മലയാളികൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യാനാണ് ഈ ബജറ്റെന്ന് പാലക്കലോടി സൂചിപ്പിച്ചു. എമ്പയർ റീജിയനിൽ നിന്നുള്ള മുൻകാല ഭാരവാഹികളെയും അദ്ദേഹം അനുസ്മരിച്ചു.

വളരെ ലളിതമായി പ്രസംഗത്തിൽ ഫോമായുടെ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ് സംഘടനയുടെ പ്രവർത്തനങ്ങളെപ്പറ്റി വാചാലനായി. മുൻ കമ്മിറ്റി മിച്ചം വച്ച തുക ഏൽപ്പിച്ചുവെന്നും തെറ്റായ പ്രചാരണമൊന്നും വിശ്വസിക്കരുതെന്നും ഷാലു പറഞ്ഞു. ഉപദേശങ്ങൾ നൽകുന്ന അഡ്വൈസറി കൗൺസിൽ ചെയർ ഷിനു ജോസഫും സണ്ണി കല്ലൂപ്പാറയുമൊക്കെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പരാമർശനമായി.

തങ്ങളെ വിശ്വസിച്ച് വോട്ട് നൽകിയവരോട് നീതി പുലർത്തുമെന്ന് ജോയിന്റ് സെക്രട്ടറി പോൾ പിജോസ് ഉറപ്പുനൽകി. വയനാട് പ്രോജക്ടിന്റെ ഭാഗമായി വീടുകൾ നിർമ്മിച്ച് നൽകുന്നതിന് അദ്ദേഹം ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചു.

ബേബി മണക്കന്നേൽ ടീമിന്റെ നേതൃത്വത്തിൽ ഫോമായുടെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും തന്റെ സജീവമായ പിന്തുണ ഉണ്ടായിരിക്കുമെന്ന് മുൻ പ്രസിഡന്റ് ജേക്കബ് തോമസും, അവിഭക്ത ഫൊക്കാന പ്രസിഡന്റ് ജെ. മാത്യുസ്, മുൻ ജനറൽ സെക്രട്ടറി ജോൺ സി. വർഗീസ് (സലിം) തുടങ്ങിയവരും, ജുഡീഷ്യൽ കൗൺസിൽ വൈസ് ചെയർ ജോഫ്രിൻ ജോസ്, സണ്ണി കല്ലൂപ്പാറ തുടങ്ങിയവരും പ്രസംഗിച്ചു.

ജുഡീഷ്യൽ കൗൺസിൽ വൈസ് ചെയർ ജോഫ്രിൻ ജോസ്, കംപ്ലയിൻസ് കൗൺസിൽ വൈസ് ചെയർ ഷോബി ഐസക്ക്, നാഷണൽ കമ്മിറ്റി അംഗങ്ങളായ സുരേഷ് നായർ, മോളമ്മ വർഗീസ്, ഡൊണൾഡ് ജോഫ്രിൻ, പി.ആർ.ഓ ഷോളി കുമ്പിളുവേലിൽ, പ്രദീപ് നായർ, തോമസ് കോശി, ജോസ് മലയിൽ, ആശിഷ് ജോസഫ്, തോമസ് സാമുവൽ, ജോസഫ് വടശേരി, റോയ് ചെങ്ങന്നൂർ, സോണി വടക്കേൽ, ഫിലിപ്പ് സാമുവൽ തുടങ്ങി ഒട്ടേറെഫോമാ പ്രവത്തകർ പങ്കെടുത്തു.



## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#112024

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan allianceform Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#112024

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information
**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#103024

## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോയിലെ ഡെസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ബേബി സിറ്റിംഗ് നടത്തുന്നതിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 773-744-0046**
**224-258-2393**

#111324

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224-382-3669**

ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#112024






## നൊവേന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി**

#112824

### ഉദ്ധിഷ്ട കാര്യത്തിന് ഉപകാരസ്മരണ



മിശിഹായുടെസ്നേഹിതനും,വിശുസ്ത ദാസനുമായ വി.യുദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യംപറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനക്കു നിവൃത്തിയുണ്ടാകും. ഒൻപത് ദിവസം ചൊല്ലുക അത് ഒരുകാലത്തും സഫലമാകാതിരിക്കില്ല.

**മാത്യു ജോർജ്**

#112824

Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

**ബന്ധപ്പെടുക: 773-888-2242, 773-842-9149**
vachakamonline@gmail.com
news@vachakam.com

**For E-Paper reading visit Vachakam.com**

Vachakam.com

# അലക്സ് എസ്തപ്പാൻ കാവുംപുറത്ത് കാനാ പ്രസിഡന്റ്

ന്യൂയോർക്കിലെ മലയാളി സാമൂഹ്യ സാംസ്കാരിക മേഖലകളിലെ സജീവ സാന്നിധ്യവും ന്യൂയോർക്ക് കേരളാ സെന്റർ പ്രസിഡന്റ് കൂടിയായ അലക്സ് എസ്തപ്പാൻ കാവുംപുറത്ത് പ്രസിഡന്റായി ക്നാനായ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയ്ക്ക് പുതിയ നേതൃത്വം. നിലവിൽ കാനായുടെ നാഷണൽ കോർഡിനേറ്റർ കൂടിയാണ് അദ്ദേഹം.

അലക്സ് എസ്തപ്പാനൊപ്പം ജോസഫ് മൂലപ്പള്ളി (ഫോർട്ട് ലോഡ്രഡേൽ) വൈസ് പ്രസിഡന്റ്, സാലസ് കാലായിൽ (ഷിക്കാഗോ) സെക്രട്ടറി, പീറ്റർ ലൂക്കോസ് ഇലക്കാട്ട് (ഷിക്കാഗോ) ജോ. സെക്രട്ടറി, ഉപ്പച്ചൻ പതിയിൽ (ഷിക്കാഗോ) ട്രഷറർ, മാത്യു വാഴപ്പള്ളിൽ (ന്യൂയോർക്ക്) നാഷണൽ കോർഡിനേറ്റർ, ജോസ് കല്ലിടിക്കൽ (ഷിക്കാഗോ) പി.ആർ.ഒ എന്നിവരാണ് എക്സിക്യൂട്ടീവിലെ ഇതര അംഗങ്ങൾ. ഇവർക്കൊപ്പം ലൂക്കോസ് പാറേട്ട് (സാൻഫ്രാൻസിസ്കോ), ടോമി കാലായിൽ (ഷിക്കാഗോ), ജോയി ഒറവനക്കളം (സാൻ ആന്റണിയോ) എന്നിവർ ഉപദേശകസമിതി അംഗങ്ങളായും സിറിയക് പറത്തറ (സാൻഹൊസ്സെ),



മാത്യു തേരാഡി (സൗത്ത് ബെൻഡ്, ഇൻഡ്യാനാ), ടോമി പുല്ലുകാട്ട്, ജോയി മുതുകാട്ട്, ഫിലിപ്പ് പുല്ലാപ്പള്ളി(മൂവരും ഷിക്കാഗോ) എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു. 2025 ജനുവരി 1ന് പുതിയ എക്സിക്യൂട്ടീവ് ചുമതല ഏൽക്കും. 2 വർഷമാണ് ഇവരുടെ കാലാവധി.

നാല് പതിറ്റാണ്ടിലേറെകാലത്തെ പ്രവർത്തന പാരമ്പര്യമുള്ള കാനാ, കോട്ടയം രൂപതയും ക്നാനായ സമുദായവും തുടർന്ന് പോരുന്ന നിർബന്ധിത സ്വാവംശവിവാഹ നിഷ്ഠയ്ക്കും, അത് പാലിയ്ക്കുവാൻ കഴിയാത്ത സമുദായ അംഗങ്ങളെ സമൂഹത്തിൽ നിന്നും ദേവാലയ അംഗത്വത്തിൽ നിന്നും വേർപെടുത്തുന്നതുമായ അക്രൈസ്തവ നടപടിയ്ക്കും വിവേചനത്തിനുമെതിരെ തുടർച്ചയായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ഇൻഡ്യയിൽ ഇപ്പോഴും തുടരുന്ന ജാതി വ്യവസ്ഥയും വിവേചനങ്ങളും അമേരിക്കയിലേക്ക് കൂടി വ്യാപിയ്ക്കുവാൻ അനുവദിയ്ക്കില്ലെന്ന വത്തിക്കാനിലെ പൗരസ്ത്യ തിരുസംഘം 1986ൽ പുറപ്പെടുവിച്ച കല്പനയും അതേ നിലപാട് ആവർത്തിച്ചുകൊണ്ടുള്ള നിരവധി കല്പനകൾക്കും നിദാനമായത് കാനായുടെ നിരന്തരമായ ഇടപെടൽ വഴിയാണ്. നിർഭാഗ്യമെന്ന് പറയട്ടെ, അമേരിക്കയിലെ ക്നാനായ ദേവാലയങ്ങളും ഷിക്കോഗോ സെന്റ് തോസ് സീറോ മലബാർ രൂപതയും റോമിൽ നിന്നും ലഭിച്ച കല്പനകൾ പൂർണ്ണമായി ഉൾക്കൊള്ളുവാനോ, അനുസരിയ്ക്കുവാനോ ഇനിയും സന്നദ്ധരായിട്ടില്ല.

കാനായുടെ സഹോദര സംഘടനയായ ക്നാനായ കാത്തലിക് നവീകര സമിതി 2016ൽ കോട്ടയം മുൻസിഫ് കോടതിയിൽ കോട്ടയം രൂപതയുടെ വിവേചനപരവും അക്രൈസ്തവവുമായ നടപടികൾക്കെതിരെ ഫയൽ ചെയ്തൊരു കേസിൽ മുൻസിഫ് കോടതിയും കോട്ടയം ജില്ലാ കോടതിയും വിവാഹത്തിന്റെ കാരണത്താൽ കോട്ടയം രൂപതാംഗങ്ങൾ നേരിടുന്ന പുറത്താക്കൽ നടപടിയും കൂദാശ നിക്ഷേധവും ഇൻഡ്യൻ ഭരണഘടന, പൗരർക്ക് ഉറപ്പ് നൽകിയിട്ടുള്ള തുല്യതയുടെയും വ്യക്തിസ്വാതന്ത്യത്തിന്റെയും ആരാധനാസ്വാതന്ത്ര്യത്തിന്റെയും നിഷേധമാണെന്നും കാനോൻ നിയമത്തിന്റെ ലംഘനമാണെന്നും വിധി കല്പിച്ചു. ഈ വിധിയ്ക്കെതിരെ കോട്ടയം രൂപതാധികൃതർ ഫയൽ ചെയ്ത അപ്പീൽ ഇപ്പോൾ കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

സ്വവംശ വിവാഹനിഷ്ഠപോലുള്ള തികച്ചും അപ്രായോഗികവും അപ്രസക്തവുമായ സമ്പ്രദായങ്ങൾ അമേരിക്കപോലുള്ള പരിഷ്കൃതസമൂഹത്തിലും തുടരണമെന്ന് ശഠിയ്ക്കുന്നത് നിരർത്ഥകമാണ്. ഇവിടെ ജനിച്ചു വളർന്ന നമ്മുടെ കുട്ടികളുടെ വിവാഹസ്വപ്നങ്ങളുടെ നിഷേധവുമാണ്. യോജിച്ചൊരു ഇണയെ കണ്ടെത്തുവാൻ കഴിയാതെ അനേകം ക്നാനായ യുവാക്കൾ അമേരിക്കയിൽ വിവാഹ സ്വപ്നം തന്നെ ഉപേക്ഷിയ്ക്കുവാൻ സ്വയം നിർബന്ധിതരാകുന്നു. ഈ അവസ്ഥയിൽ നിന്നും നമ്മുടെ യുവതലമുറയെ മോചിതരാക്കുവാനുള്ള കാനായുടെ പ്രവർത്തനങ്ങളിൽ അണിചേരുവാൻ വടക്കേ അമേരിക്കയിലെ എല്ലാ ക്നാനായ സഹോദരങ്ങളേയും കാനാ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

*സാലസ് കാലായിൽ*

# ഫൊക്കാന ലോക മലയാളികളുടെ അഭിമാന സ്തംഭം




ലോകത്ത് ഏറ്റവും അറിയപ്പെടുന്ന പ്രവാസി സംഘടനയാണ് ഫൊക്കാന. അതുകൊണ്ടുതന്നെ ഈ സംഘടന ലോക മലയാളികളുടെ അഭിമാന സ്തംഭമാണെന്ന് നാഷണൽ പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. ഫൊക്കാന മിഡ് വെസ്റ്റ് റീജിയന്റെ അടുത്ത രണ്ടു വർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഷിക്കാഗോയിൽ വെച്ച് നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംഘടനയും സംഘടനയിലെ അംഗങ്ങളും പരസ്പര ബഹുമാനവും സഹവർത്തിത്വവും സഹായവും മുറുകെപ്പിടിച്ചാണ് പ്രവർത്തിക്കുന്നതും മുന്നോട്ടുപോകുന്നതും. ഈ ആശയങ്ങളും ആദർശങ്ങളും തന്നെയാണ് ഫൊക്കാന ഡ്രീം ടീം തയ്യാറാക്കിയ കർമ്മ പദ്ധതികൾക്ക് പിന്നിലുള്ളതെന്നും ഡോ. സജിമോൻ ആന്റണി വ്യക്തമാക്കി.

യോഗത്തിൽ അധ്യക്ഷത വഹിച്ചത് ഫൊക്കാനാ മിഡ് വെസ്റ്റ് റീജിയൻ വൈസ് പ്രസിഡന്റ് സന്തോഷ് നായരാണ്. ഹാളിൽ നിറഞ്ഞുകൂടിയ മലയാളി സമൂഹത്തെ ഫൊക്കാനക്കുവേണ്ടി അഭിവാദ്യം ചെയ്ത സന്തോഷ് നായർ, കഴിഞ്ഞ നാലു പതിറ്റാണ്ടുകളായി അമേരിക്കൻ മണ്ണിലെ എല്ലാ മലയാളികളുടെയും സാമൂഹിക സാംസ്കാരിക ഉന്നമനത്തിനു വേണ്ടി കൈകൊണ്ടിട്ടുള്ള ധീരമായ നിലപാടുകൾ ആണ് ഫൊക്കാനയെ ഒരു മഹാപ്രസ്ഥാനമാക്കി മാറ്റിയതെന്ന് ചൂണ്ടിക്കാട്ടി. സംഘടനയുടെ ചരിത്രത്തിൽ ഇന്നുവരെ നടന്നിട്ടുള്ളതിൽ വച്ച് ഏറ്റവും ജനാധിപത്യപരവും സുതാര്യവുമായ തിരഞ്ഞെടുപ്പിലൂടെയാണ് ഡോ. സജിമോൻ ആന്റണി നേതൃത്വം നൽകിയ ഡ്രീം ടീം വിജയം നേടി സംഘടനയെ നയിക്കുവാൻ നിയോഗിക്കപ്പെട്ടതെന്നും ഫൊക്കനയ്ക്ക് പകരം വെക്കാൻ ഫൊക്കാന മാത്രമേ ഉള്ളൂ എന്നും സന്തോഷ് നായർ അഭിപ്രായപ്പെട്ടു.

ഇലിനോയിസ് സ്റ്റേറ്റ് റെപ്രസെന്റ്റീവ് കെവിൻ ഓലിക്കൻ യോഗത്തിൽ മുഖ്യാതിഥിയായിരുന്നു. ലോകശക്തിയായി നിലകൊള്ളുന്ന അമേരിക്ക എന്ന രാജ്യം എല്ലാ പൗരന്മാർക്കും തുല്യ അവകാശവും തുല്യ നീതിയും നൽകുന്നു. ഇത്തരം ഒരു രാജ്യത്തിന്റെ ഭാവി ഭാഗദേയം നിർണയിക്കുന്നതിൽ അമേരിക്കൻ ജനതയോടൊപ്പം തന്നെ നിർണായക പങ്കുവഹിക്കാൻ പ്രവാസി ഇന്ത്യൻ സമൂഹത്തിനും പ്രത്യേകിച്ച് മലയാളികൾക്കും സാധിക്കുമെന്നും പറഞ്ഞ അദ്ദേഹം ഇത്തരത്തിൽ ഇന്ത്യൻ സമൂഹത്തിന്റെ പ്രാതിനിധ്യം വർധിപ്പിക്കുവാൻ ഫോക്കാന നടത്തുന്ന എല്ലാ ശ്രമങ്ങൾക്കും ആശംസകൾ രേഖപ്പെടുത്തി.

യോഗത്തിൽ അനുഗ്രഹ പ്രഭാഷണം നിർവഹിച്ചത് സെന്റ് മേരിസ് പള്ളി ഇടവക വികാരി ഫാദർ സിജു മുടകോടിൽ ആണ്. ഫൊക്കാന നാഷണൽ നേതാക്കളെ ഷിക്കാഗോയിലേക്ക് സ്വാഗതം ചെയ്യുന്നതിൽ തനിക്ക് അതിയായ ചാരിതാർത്ഥ്യം ഉണ്ടെന്ന് സ്വാഗത പ്രസംഗകൻ കൂടിയായ ഫൊക്കാനാ നാഷണൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് വ്യക്തമാക്കി. അമേരിക്കൻ മലയാളികളുടെ ഒത്തൊരുമയുടെ പ്രതീകമാണ് ഫൊക്കാന എന്നും സംഘടനയുടെ സ്വീകാര്യത അനുദിനം വർദ്ധിച്ചു വരുന്നതിനുള്ള തെളിവാണ് കൂടുതൽ സംഘടനകൾ ഫൊക്കാനയുടെ ഭാഗമാകുന്നത് എന്നതിൽ നിന്നും നാം ഓരോരുത്തരും മനസ്സിലാക്കേണ്ടതെന്നും പ്രവീൺ തോമസ് തന്റെ സ്വാഗത പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. തനിക്കും താൻ ഉൾപ്പെട്ട ഡ്രീം ടീമിനും വോട്ട് ചെയ്ത് വിജയത്തിലേക്ക് എത്തിച്ച ഷിക്കാഗോയിലെ വോട്ടർമാർക്ക് നന്ദി രേഖപ്പെടുത്തി കൊണ്ടാണ് പ്രവീൺ തോമസ് തന്റെ സ്വാഗത പ്രസംഗം അവസാനിപ്പിച്ചത്.

സംഘടനയുടെ അടുത്ത രണ്ട് വർഷത്തേക്കുള്ള കർമ്മപദ്ധതികൾ യോഗത്തിൽ വച്ച് ഫൊക്കാനാ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ വിശദീകരിച്ചു. ഫൊക്കാന ഒന്നേയുള്ളൂ എന്നും അതിന്റെ യശസ്സിന് കളങ്കം വരുത്തുവാൻ ആരെയും അനുവദിക്കാതെ അംഗങ്ങളെല്ലാവരും ഒറ്റക്കെട്ടായി തന്നെ മുന്നോട്ടു പോകുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഡ്രീം ടീം അവതരിപ്പിച്ചിട്ടുള്ളത് മികച്ച പദ്ധതികൾ ആണെന്നും അവ മികച്ച രീതിയിൽ നടപ്പാക്കി തുടങ്ങിയിട്ടുണ്ട് എന്നും വിശദീകരിച്ച ശ്രീകുമാർ ഉണ്ണിത്താൻ എല്ലാ റീജനുകളിലെയും മീറ്റിങ്ങുകളിൽ വൻ ജനപങ്കാളിത്തമാണ് ഉണ്ടാകുന്നതെന്നും ചൂണ്ടിക്കാട്ടി.

സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഹെൽത്ത് കാർഡ് പദ്ധതിയുടെയും വരാനിരിക്കുന്ന ഗ്ലോബൽ വില്ലേജ് പദ്ധതിയുടെയും മേന്മകൾ വിശദീകരിച്ചാണ് ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ സതീശൻ നായർ സംസാരിച്ചത്. നർമ്മത്തിലൂന്നിയ സംഭാഷണം കൊണ്ട് സദസ്സിനെ കയ്യിലെടുത്ത് ട്രസ്റ്റി ബോർഡ് മെമ്പർ തോമസ് തോമസും, പുതിയ ഭാരവാഹികൾക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. മുൻ റീജണൽ വൈസ് പ്രസിഡന്റ് ഫ്രാൻസിസ് കിഴക്കേകുറ്റും യോഗത്തെ അഭിസംബോധന ചെയ്തു. എന്നും ഫൊക്കാനയ്ക്കൊപ്പം താൻ ഉണ്ടാകുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു. കൂടുതൽ യുവാക്കളെ രംഗത്തേക്ക് കൊണ്ടുവരാനാണ് ഫൈക്കാനാ നേതൃത്വം ശ്രമിക്കുന്നത് എന്നും ഇതിന് എല്ലാ ചെറുപ്പക്കാരുടെയും പിന്തുണ വേണമെന്നും യൂത്ത് റെപ്രസെന്റ്റീവ് വരുൺ നായർ അഭ്യർത്ഥിച്ചു.

ഫൊക്കാനാ ദേശീയ നേതൃത്വത്തിന് എന്നും അകമഴിഞ്ഞ പിന്തുണ നൽകുന്ന മിഡ് വെസ്റ്റ് റീജിയന്റെ അകമഴിഞ്ഞ പിന്തുണ ഡ്രീം ടീമിന് വാഗ്ദാനം ചെയ്തും എല്ലാ വിജയാശംസകളും നേർന്നുമാണ് ഫിനാൻസ് കമ്മിറ്റി ചെയർമാനും മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമായ ജെയ്ബു കുളങ്ങര സംസാരിച്ചത്. പുതിയ ടീമിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുകയും എല്ലാവരെയും ചേർത്തുപിടിക്കുന്ന ഫൊക്കാനാ പ്രസിഡന്റിന്റെ ശൈലി മാതൃകാപരമാണെന്ന് ചൂണ്ടിക്കാട്ടിയും പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മുൻപ്രസിഡന്റും എൻ.ആർ.ഐ റിപ്പോർട്ടർ ചീഫ് എഡിറ്ററുമായ ബിജു കിഴക്കേകുറ്റ് യോഗത്തിൽ ആശംസകൾ നേർന്നു. അടുത്ത തലമുറയ്ക്ക് നമ്മുടെ നാടിന്റെ പൈതൃകവും സംസ്കാരവും മണ്ണിന്റെ മണവും ഗന്ധവും പകർന്നു നൽകുന്ന ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ഏവരാലും അംഗീകരിക്കപ്പെടേണ്ടതാണെന്നാണ് ഗീതാ മണ്ഡലം പ്രസിഡന്റ് ആനന്ദ് പ്രഭാകർ അഭിപ്രായപ്പെട്ടത്. ഫൊക്കാനാ റീജിയണൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണയുമായി വിമൻസ് ഫോറം എപ്പോഴും ഉണ്ടാകുമെന്ന ഉറപ്പാണ് വിമൻസ് ഫോറം റീജിയണൽ കോഡിനേറ്റർ സുജ ജോണിന് നൽകാൻ ഉണ്ടായിരുന്നത്. പുതിയ കമ്മിറ്റിക്ക് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്ത് മുൻ ട്രസ്റ്റി ബോർഡ് അംഗവും മലയാളി അസോസിയേഷൻ പ്രസിഡന്റും ബ്രദേഴ്സ് ക്ലബ്ബിന്റെ മുൻപ്രസിഡന്റുമായ ടോമി അമ്പേനാട്ടും യോഗത്തിൽ സംസാരിച്ചു.

മികച്ച ടീം വർക്കാണ് ഇപ്പോൾ ഫൊക്കാനയിൽ ഉള്ളതെന്ന് വിമൻസ് ഫോറം നാഷണൽ എക്സിക്യൂട്ടീവ് മെമ്പർ ഡോ. സുനിന ചാക്കോ അഭിപ്രായപ്പെട്ടു. ഷിക്കാഗോ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി ആൽവിൻ ഷുക്കൂർ, കേരള മലയാളി അസോസിയേഷൻ പ്രസിഡന്റ് ആന്റോ കവലക്കൽ, ഗ്രേറ്റർ ഷിക്കാഗോ മലയാളി അസോസിയേഷനെ പ്രതിനിധീകരിച്ച് ജിതേഷ് ചുങ്കത്ത്, അനിൽകുമാർ പിള്ള, ജോർജ് പണിക്കർ, ബെഞ്ചമിൻ തോമസ് (വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ്) ഷിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ് സണ്ണി വള്ളികുളം, വാചകം ചീഫ് എഡിറ്റർ ജോസ് ചെന്നിക്കര, മലയാളീ അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഷിക്കാഗോ പ്രസിഡന്റ് സുശീൽ കുമാർ തുടങ്ങിയവരും യോഗത്തിൽ പ്രസംഗിച്ചു.

റീജണൽ ഭാരവാഹികളായ സായ് പുല്ലാപ്പള്ളിയിൽ, മനോജ് വഞ്ചിയിൽ, സേവ്യർ ഒറവനാക്കുളത്തിൽ, ബോബി വർഗീസ്, ലിനു എം. ജോസഫ്, നിരൻ മുണ്ടിയിൽ, ലീല ജോസഫ്, ജോർജ് കുര്യാക്കോസ്, ജോസ് ജോർജ്, ഫെറാൾഡ് ഫിഗരാദോ, പ്രജിൽ അലക്സാണ്ടർ, അഖിൽ മോഹൻ, ഡോ. ജോ എം. ജോർജ്, ഡോ. സൂസൻ ചാക്കോ, ബിന്ദു കൃഷ്ണൻ, വിജി നായർ, മാറ്റ് വിലങ്ങാട്ടുശ്ശേരിൽ, ഷൈബു കിഴക്കേകുറ്റ്, ജോജോ എടക്കര, ജോൺസൺ കാരിക്കൽ, ലിസ് ടോം മാത്യു, സൈമൺ പള്ളിക്കുന്നേൽ തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം കൊടുത്തു.

ഉദ്ഘാടന സമ്മേളനത്തിന്റെ എംസി ആയി ജോയിന്റ് സെക്രട്ടറി നിഷ എറിക്കും, കലാപരിപാടികളുടെ എംസിയായി വിമൻസ് ഫോറം റീജിയണൽ സെക്രട്ടറി ഡോ. സുമിത പണിക്കരും സമ്മേളനം നിയന്ത്രിച്ചു. റീജണൽ ട്രഷറർ ബൈജു കണ്ടത്തിൽ സമ്മേളന യോഗത്തിന് നന്ദി പ്രകാശിപ്പിച്ചു. സമ്മേളനത്തിന് മികവ് പകർന്ന് ടീം രംഗീലയും, സൗപർണിക കലാക്ഷേത്രവും, സെറാഫിൻ ബിനോയിയും, ഐശ്വര്യ സുധീഷും അവതരിപ്പിച്ച പാട്ടും ഡാൻസും കൂടാതെ സിനിമ/സീരിയൽ ഡബ്ബിങ് ആർട്ടിസ്റ്റ് സാബു തിരുവല്ല അവതരിപ്പിച്ച സ്റ്റേജ് ഷോയും അരങ്ങേറി.

◗ *ഡോ. സജിമോൻ ആന്റണി*







# ഫൊക്കാന കാനഡ റീജണൽ ഉദ്ഘാടനം ചരിത്രമായി

ഫൊക്കാനയുടെ കാനഡ റീജണൽ ഉൽഘാടനം റ്റി.എം.സി അസോസിയേഷൻ ഓഡിറ്റോറിയത്തിൽ പ്രസിഡന്റ് സജിമോൻ ആന്റണി നിർവ്വഹിച്ചു. ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ്, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, നാഷണൽ കമ്മിറ്റി മെംബേഴ്സ് ആയ ബാരിയസ്റ്റർ ലത മേനോൻ, സോമൻ സ്കറിയ, മുൻ പ്രസിഡന്റും അഡ്വൈസറി ബോർഡ് ചെയർമാനുമായ ജോൺ പി. ജോൺ, പൊളിറ്റിക്കൽ ഫോറം വൈസ് ചെയർ ബിജു ജോർജ്, ഫൊക്കാന ഓഡിറ്റർ നിധിൻ ജോസഫ്, വിമെൻസ് ഫോറം വൈസ് ചെയർ ബിലു കുര്യൻ, വിമെൻസ് ഫോറം നാഷണൽ കമ്മിറ്റി മെംബെർ ഷോജി സിനോയി യൂത്ത് കമ്മിറ്റി മെംബേഴ്സ് ആയ ഹണി ജോസഫ്, അനിത ജോർജ്, മുൻ സെക്രട്ടറി ടോമി കോക്കാട്ട് തുടങ്ങി നിരവധി വ്യക്തികൾ പങ്കെടുത്തു. റീജണൽ വൈസ് പ്രസിഡന്റ് ജോസി കാരക്കാട്ട് അധ്യക്ഷനായിരുന്നു.

അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ സംഘടനാ രംഗത്ത് സമാനതകൾ ഇല്ലാത്ത ഒരു പ്രവർത്തനമാണ് ഇന്ന് ഫൊക്കാന നടത്തുന്നത് എന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. അതിന് ഒരു ഉദഹരണമാണ് ഈ റീജിയന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെ ഒരു ഉൽഘാടന മീറ്റിങ്ങ് നടത്തുന്നത്. ഈ ഉദ്ഘാടന മീറ്റിംഗ് ചരിത്രത്തിന്റെ ഒരു ഭാഗമാവുകയാണ്. ഇത് പോലെ എല്ലാ റീജിയനുകളിലും മീറ്റിങ്ങുകൾ നടക്കുകയാണ്.

സമഗ്രവും വ്യത്യസ്തവുമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു മുന്നോട്ടു പോകാൻ വേണ്ട കാര്യ പ്രാപ്തിയുള്ള ഒരു നേതൃത്വമാണ് ഇന്ന് ഫൊക്കാനക്കുള്ളത്. കഴിഞ്ഞ 41 വർഷമായി ജനഹൃദയങ്ങളിൽ ഫൊക്കാനക്ക് ഒരു സ്ഥാനം ഉണ്ട്. നമുക്ക് ശേഷവും അത് ഉണ്ടാവും. ഡ്രീം ടീം 22 പദ്ധതികളുമായി വന്നു. അതിന്റെ എണ്ണം കൂടുന്നു. അത് പോലെ 200ഓളം വനിതാ ലീഡേഴ്സിന്റെ ഒരു ടീമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഒരു കാലത്ത് യുവാക്കൾ വരാതിരുന്ന സ്ഥാനത്ത് ഇന്ന് 74 യൂത്ത് ലീഡേഴ്സിന്റെ ടീമാണുള്ളത് അത് താമസിയാതെ നൂറിൽ കൂടുതൽ ആകും. ഫൊക്കാനയിൽ 75 സംഘടനകൾ ഉണ്ട്. വളരെ അധികം പുതിയ സംഘടനകളുടെ അപേക്ഷ വരുന്നുണ്ട് എന്നും സജിമോൻ അഭിപ്രായപെട്ടു.

റീജണൽ വൈസ് പ്രസിഡന്റ് ജോസി കാരക്കാട്ട് അധ്യക്ഷനായിരുന്നു. യുവാക്കൾക്കു മുൻതൂക്കം ഉള്ള ശക്തമായ ഒരു ഭരണസമിതിയാണ് ഇന്ന് ഫൊകാനയുടേതെന്ന് അതുകൊണ്ട് തന്നെ പ്രവർത്തനത്തിന് മുൻ തൂക്കം നൽകുന്ന ഒരു പ്രവർത്തനമാണ് ഇന്ന് നടക്കുന്നത് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ തന്റെ പ്രസംഗത്തിൽ മലയാളികളുടെ ശബ്ദം എവിടെയും മുഴങ്ങിക്കേൾക്കാനുള്ള സാഹചര്യം ഫൊക്കാന സംജാതമാക്കും എന്നും നാം ഇലക്ഷൻ സമയത്തു പറഞ്ഞ കാര്യങ്ങൾ എല്ലാം ചെയ്തുതീർക്കണം. അതിൽ കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കും പിന്നീടൊരു അവസരം ലഭിച്ചെന്നുവരില്ല. സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിജയകരമായി മുന്നോട്ട് പോകുന്നതിൽ സന്തോഷവും രേഖപ്പെടുത്തി.

അമേരിക്കയിലെയും കാനഡയിലുമുള്ള മലയാളി യുവാക്കളുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി അവരെ അമേരിക്കയുടെയും കാനഡയുടെയും മുഖ്യധാരാ രാഷ്ട്രീയത്തിലേക്കും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലേക്കും കൊണ്ടുവരിക എന്നതുകൂടിയാണ് ഫൊക്കാനയുടെ ലക്ഷ്യം എന്ന് ട്രഷറർ ജോയി ചാക്കപ്പൻ അഭിപ്രായപ്പെട്ടു.

ഫൊക്കാനയെ വരും തലമുറയുടെ കൈകളിൽ എത്തിച്ചുകൊണ്ട് സംഘടനയുടെ ഭാവി സുരക്ഷിതമാക്കുകയാണ് ട്രസ്റ്റീ ബോർഡ് ചെയർമാൻ എന്ന നിലയിൽ തന്റെ ലക്ഷ്യമെന്നു ജോജി തോമസ് അഭിപ്രായപ്പെട്ടു. യുവത്വത്തിന് കാതലായ പങ്കാളിത്തം ഉറപ്പുവരുത്തുകയും അതിന് വേണ്ടി യൂത്ത് കമ്മിറ്റി വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫൊക്കാനയുടെ മുഖച്ഛായ മാറ്റുന്ന പ്രവർത്തനങ്ങൾക്കാണ് ഇനിയുള്ള രണ്ട് വർഷങ്ങൾ സാക്ഷ്യം വഹിക്കാൻ പോകുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട്, വരാനിരിക്കുന്ന ദിവസങ്ങളിൽ വൻ തോതിലുള്ള പ്രവർത്തനങ്ങളും നേട്ടങ്ങളും കൈവരിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു.

ഇന്ത്യൻ അമേരിക്കൻ കാനഡ യുവാക്കളുടെ ഒരു എകീകരണംകൂടിയാണ് ഈ ഭരണകാലത്തു ഫൊക്കാന ഉദ്ദേശിക്കുന്നത് എന്ന് ജോയിന്റ് സെക്രട്ടറി മനോജ് ഇടമന അഭിപ്രായപ്പെട്ടു.

അഡ്വൈസറി ബോർഡ് ചെയർമാനുമായ ജോൺ പി. ജോൺ, പൊളിറ്റിക്കൽ ഫോറം വൈസ് ചെയർ ബിജു ജോർജ്, ഫൊക്കാന ഓഡിറ്റർ നിധിൻ ജോസഫ്, വിമെൻസ് ഫോറം വൈസ് ചെയർ ബിലു കുര്യൻ, വിമെൻസ് ഫോറം നാഷണൽ കമ്മിറ്റി മെംബെർ ഷോജി സിനോയി, യൂത്ത് കമ്മിറ്റി മെംബേഴ്സ് ആയ ഹണി ജോസഫ്, അനിത ജോർജ്, മുൻ സെക്രട്ടറി ടോമി കോക്കാട്ട് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു.

ബാരിസ്റ്റർ ലത മേനോൻ ഇതിൽ പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി. കാനഡയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെ ഒരു റീജിണൽ ഉൽഘാടനം നടത്തുന്നത് എന്നും ഇനിയും കൂടുതൽ പ്രവർത്തനങ്ങളുമായി നിങ്ങളോടൊപ്പം കാണുമെന്നും അവർ അറിയിച്ചു.

## പരസ്യങ്ങളിൽ നിയമവിരുദ്ധ കുത്തക നിലനിർത്തുന്നു;

# ഗൂഗിളിനെതിരെ കേസെടുത്ത് കാനഡ



ഒട്ടാവ: പരസ്യത്തിലെ മത്സര വിരുദ്ധ പെരുമാറ്റം ആരോപിച്ച് കാനഡയിലെ ആന്റിട്രസ്റ്റ് വാച്ച്ഡോഗ് ഗൂഗിളിനെതിരെ കേസെടുത്തു. ഗൂഗിൾ അതിന്റെ പ്രബലമായ മാർക്കറ്റ് സ്ഥാനം നിലനിർത്താൻ നിയമവിരുദ്ധമായി അതിന്റെ ആഡ് ടെക് ടൂളുകളിൽ മാറ്റം വരുത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയതായി കോമ്പറ്റീഷൻ ബ്യൂറോ പറഞ്ഞു.

ഈ ആധിപത്യം, എതിരാളികളിൽ നിന്നുള്ള മത്സരത്തെ നിരുത്സാഹപ്പെടുത്തുകയും പരസ്യച്ചെലവ് വർദ്ധിപ്പിക്കുകയും പ്രസാധകരുടെ വരുമാനം കുറയ്ക്കുകയും ചെയ്തുവെന്ന് ബ്യൂറോ പറഞ്ഞു.

'കാനഡയിലെ ഓൺലൈൻ പരസ്യത്തിൽ ഗൂഗിൾ അതിന്റെ ആധിപത്യ സ്ഥാനം ദുരുപയോഗം ചെയ്തുകൊണ്ട് വിപണി പങ്കാളികളെ സ്വന്തം ആഡ് ടെക് ടൂളുകൾ ഉപയോഗിക്കുന്നതിനും എതിരാളികളെ ഒഴിവാക്കുന്നതിനും മത്സര പ്രക്രിയയെ വളച്ചൊടിക്കുന്നതിനും തടയിടുന്നു,' മാത്യൂ ബോസ്വെൽ ഒരു പ്രസ്താവനയിൽ പറഞ്ഞു.





# 'കുടിയേറ്റം അവസാനിപ്പിക്കാൻ സമ്മതിച്ചു'; ട്രംപിന്റെ അവകാശവാദത്തിന് മറുപടിയുമായി മെക്സിക്കൻ പ്രസിഡന്റ്

മെക്സിക്കോ സിറ്റി: നിയുക്ത യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി നടത്തിയ സംഭാഷണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കി മെക്സിക്കൻ പ്രസിഡന്റ് ക്ലോഡിയ ഷെയിൻബോം. ഇരു നേതാക്കളും സംഭാഷണത്തിൽ വ്യത്യസ്തമായ വാദങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്.

ട്രംപിന്റെ ബുധനാഴ്ചത്തെ പ്രസ്താവനയിൽ, മെക്സിക്കോയിലൂടെ അമേരിക്കയിലേക്കുള്ള കുടിയേറ്റം തടയാൻ ഷെയിൻബോം സമ്മതിച്ചുവെന്നും തങ്ങളുടെ ദക്ഷിണ അതിർത്തി ഫലപ്രദമായി അടച്ചുവെന്നുമാണ് എന്നുമാണ് വ്യക്തമാക്കിയത്.

എന്നാൽ അതിർത്തികൾ അടയ്ക്കുകയല്ല, സർക്കാരുകൾക്കും ജനങ്ങൾക്കുമിടയിൽ പാലങ്ങൾ പണിയുക എന്നായിരുന്നു മെക്സിക്കോയുടെ നിലപാട് എന്ന് താൻ ആവർത്തിച്ച് വ്യക്തമാക്കിയതായി ഷെയിൻബോം അറിയിച്ചു.

ജനുവരിയിൽ അധികാരമേറ്റ ശേഷം മെക്സിക്കോയിലും കാനഡയിലും 25% താരിഫും ചൈനയ്ക്ക് 10% താരിഫും ചുമത്തുമെന്ന് ട്രംപ് തിങ്കളാഴ്ച പ്രഖ്യാപിച്ചതിന് പിന്നാലെയായിരുന്നു ഇരുവരും ഫോണിൽ സംഭാഷണം നടത്തിയത്.



SERVING OUR COMMUNITY FOR OVER 32 YEARS

INSURANCE AND FINANCIAL SERVICES

Insurance Issued by The Prudential Insurance Company of America, Newark, NJ and its affiliates.

PAM-210
1/2020

Paul Vadukumcherry
Financial Professional
CA Insurance License 0N09917
The Prudential Insurance Company of America
523 N. Zenith Drive
Glenview, IL 60025
Phone: 847-815-9491
Paul.vadukumcherry@prudential.com

Prudential



# എക്യുമെനിക്കൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ് ബെൻസൻവിൽ ക്നാനായ ഇടവക ജേതാക്കൾ

ഷിക്കാഗോ: ഷിക്കാഗോയിലെ അപ്പസ്തോലിക സഭകളുടെ കൂട്ടായ്മയായ ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിവിധ ക്രൈസ്തവസഭകളെ പങ്കെടുപ്പിച്ചുകൊണ്ട് വർഷം തോറും നടത്തുന്ന ബാസ്കറ്റ് ബോൾ ടൂർണമെന്റ് നവംബർ 23ന് ഷിക്കാഗോയിലെ ഗ്ലെൻ എ ലെയ്നിൽ സംഘടിപ്പിച്ചു.

11 ടീമുകൾ പങ്കെടുത്ത ആവേശകരമായ ടൂർണമെന്റിൽ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയമാണ് വിജയി കളായത്.

ഫൈനലിൽ മോർട്ടൻ ഗ്രോവ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയെയാണ് വിജയികൾ നേരിട്ടത്. സീറോ മലബാർ ഇടവകയാണ് മൂന്നാം സ്ഥാനത്തെത്തിയത്.

ബാസ്കറ്റ്ബോൾടൂർണമെന്റ്ചെയർമാൻ ആയി റവ. ജയ്സൺ തോമസും, കൺവീനർ ആയി റോഡ്നി സൈമണും പ്രവർത്തിച്ചു.

മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോയി ആലപ്പാട്ട് എന്നിവർ രക്ഷാധികാരികളായ എക്യുമെനിക്കൽ കൗൺസിലിന് ഇപ്പോൾ നേതൃത്വം നൽകുന്നത് റവ. സഖറിയാ തേലാപ്പിള്ളിൽ കോർ എപ്പിസ്കോപ്പ (പ്രസിഡന്റ്), റവ. ജോ വർഗീസ് മലയിൽ (വൈസ് പ്രസിഡന്റ്), പ്രേംജിത്ത് വില്യം (സെക്രട്ടറി), ബീന ജോർജ് (ജോ. സെക്രട്ടറി), ജോക്കബ് കെ. ജോർജ് (ട്രഷറർ), വർഗീസ് പാല മലയിൽ (ജോ. ട്രഷറർ) എന്നിവരാണ്.

# താങ്ക്സ്ഗിവിംഗ് ഡേ പരേഡ് തടസ്സപ്പെടുത്തിയ പാലസ്തീൻ അനുകൂല പ്രതിഷേധക്കാർ അറസ്റ്റിൽ




ന്യൂയോർക്ക്: താങ്ക്സ്ഗിവിംഗ് ഡേ പരേഡ് തടസ്സപ്പെടുത്തിയ പാലസ്തീൻ അനുകൂല പ്രതിഷേധക്കാരെ ന്യൂയോർക്ക് പോലീസ് അറസ്റ്റ് ചെയ്തു. വെസ്റ്റ് 55ാം സ്ട്രീറ്റിൽ പരേഡ് റൂട്ട് തടഞ്ഞായിരുന്നു പ്രതിഷേധം.

20ഓളംപ്രതിഷേധക്കാർ വംശഹത്യ ആഘോഷിക്കരുത്, ഇപ്പോൾ ആയുധ ഉപരോധം എന്നിങ്ങനെയുള്ള ബാനർ ഉയർത്തിയാണ് പ്രതിഷേധിച്ചത്. സംഭവസ്ഥലത്തുണ്ടായിരുന്ന പോലീസ് ആദ്യം പ്രകടനക്കാരോട് പിരിഞ്ഞുപോകാൻ നിർദ്ദേശിച്ചെങ്കിലും ഇവർ കൂട്ടാക്കാത്തതിനെത്തുടർന്നാണ് അറസ്റ്റ് ചെയ്തത്.

ഇതേതുടർന്ന് പരേഡ് അഞ്ച് മിനിറ്റോളം വൈകി. കസ്റ്റഡിയിലെടുത്തവരുടെ പേരിൽ കുറ്റങ്ങൾ ചുമത്തിയിട്ടില്ലെന്ന് ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റ് പ്രസ്താവനയിൽ പറഞ്ഞു.

# കത്തിയുമായി ആക്രമിച്ച 34 കാരിയെയും കൈയിലുണ്ടായിരുന്ന കുഞ്ഞിനെയും വെടിവെച്ചു കൊന്ന് പൊലീസ്

മിസോറി: മിസോറിയിൽ കത്തിയുമായി പൊലീസിനെ ആക്രമിച്ച യുവതി പൊലീസ് വെടിയേറ്റു മരിച്ചു. യുവതിയുടെ കൈവശമുണ്ടായിരുന്ന രണ്ടു മാസം പ്രായമുള്ള കുഞ്ഞും വെടിയേറ്റു മരിച്ചു. പൊലീസിന്റെ ബോഡി ക്യാം ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ചു.



34 കാരിയായ മരിയ പൈക്ക് എന്ന അമ്മയോട് പോലീസുകാർ ആദ്യം ശാന്തമായി സംസാരിക്കുന്നത് വീഡിയോയിൽ കാണാം. രണ്ട് മാസം പ്രായമുള്ള മകൾ ഡെസ്റ്റിനി ഹോപ്പിനെ പൈക്ക് കൈയിൽ എടുത്തിരുന്നു. കാര്യമായ തർക്കം വീഡിയോയിൽ കാണുന്നില്ല. കുഞ്ഞിനെ താഴെ വെക്കാൻ പൈക്കിനോട് പൊലീസ് ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ട്. വീട്ടുവഴക്ക് റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് പൊലീസ് സ്ഥലത്തെത്തിയത്.

യുവതിയുടെ ഭർത്താവ് ഷർട്ടിടാതെ കട്ടിലിൽ ഇരിക്കുമ്പോൾ ഉദ്യോഗസ്ഥർ പൈക്കിനോട് സംസാരിച്ചുകൊണ്ടിരുന്നു. പിന്നീട് പൈക്ക് വലിയ കത്തിയുമായി ഉദ്യോഗസ്ഥർക്ക് നേരെ കുതിക്കുകയായിരുന്നു. ഇതിനിടെ വെടിപൊട്ടി. ഗുരുതരമായി പരിക്കേറ്റ അമ്മയും കുഞ്ഞും കൊല്ലപ്പെട്ടു. സംഭവത്തിൽ ഉൾപ്പെട്ട 3 പൊലീസ് ഉദ്യോഗസ്ഥരെ നിർബന്ധിത അവധിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.











## കണക്റ്റിക്കട്ടിലെ നാല് യുഎസ് ഹൗസ് പ്രതിനിധികൾക്ക് ഭീഷണി സന്ദേശം

വാഷിംഗ്ടൺ: താങ്ക്സ് ഗിവിംഗ് അവധി ദിനത്തിൽ കണക്റ്റിക്കട്ടിലെ നാല് ഹൗസ് പ്രതിനിധികൾക്ക് ബോംബ് ഭീഷണി. ജഹാന ഹെയ്സ്, ജിം ഹിംസ്, ജോൺ ലാർസൺ, ജോ കോർട്ട്നി എന്നിവർക്കാണ് ഭീഷണി നേരിടേണ്ടി വന്നത്.

കണക്റ്റിക്കട്ടിന്റെ അഞ്ചാമത്തെ ഹൗസ് പ്രതിനിധി റോസ ഡെലോറോ തനിക്ക് അത്തരമൊരു മുന്നറിയിപ്പ് ലഭിച്ചതായി സൂചിപ്പിച്ചിട്ടില്ല. പ്രതിരോധം, പാർപ്പിടം, കൃഷി, തൊഴിൽ എന്നീ വകുപ്പുകളെ നയിക്കാൻ ട്രംപ തിരഞ്ഞെടുത്ത ഒമ്പത് പേർക്കും ഐക്യരാഷ്ട്രസഭയിലെ യുഎസ് അംബാസഡറായി തിരഞ്ഞെടുക്കപ്പെട്ടവർക്കും ഭീഷണി സന്ദേശം ലഭിച്ചതായി റിപ്പോർട്ടുണ്ട്.

എന്റെ വീട്ടിലെ മെയിൽബോക്സിൽ പൈപ്പ് ബോംബ് വച്ചിരിക്കുന്നതായി ഭീഷണിപ്പെടുത്തുന്ന ഇമെയിൽ ലഭിച്ചതായി പ്രതിനിധി ഹെയ്സ് എക്സിൽ പോസ്റ്റ് ചെയ്ത പ്രസ്താവനയിൽ പറഞ്ഞു. എന്നാൽ ബോംബോ സ്ഫോടക വസ്തുക്കളോ കണ്ടെത്തിയില്ല.

ദശലക്ഷക്കണക്കിന് അമേരിക്കക്കാർ താങ്ക്സ്ഗിവിംഗ് ആഘോഷിക്കാൻ ഒത്തുകൂടിയിരിക്കെയാണ് ഭീഷണികൾ വരുന്നത്. ട്രംപിനെതിരായ ക്രിമിനൽ കേസുകൾക്ക് മേൽനോട്ടം വഹിച്ച ജഡ്ജിമാർക്കും പ്രോസിക്യൂട്ടർമാർക്കെതിരെയും മറ്റ് ഉന്നത രാഷ്ട്രീയ നേതാക്കൾക്കെതിരെയും സമാനമായ ഭീഷണി സന്ദേശങ്ങൾ അടുത്തിടെ ഉപയോഗിച്ചിരുന്നു.

# 'മണ്ടൻ ആശയം': ട്രംപിന്റെ താരിഫുകളെ പരിഹസിച്ച് ജിമ്മി കിമ്മൽ





ന്യൂയോർക്ക്: നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പുതിയ സാമ്പത്തിക ശാസ്ത്രത്തെ സംശയത്തോടെ വീക്ഷിച്ച് ജിമ്മി കിമ്മൽ. കൂടാതെ ട്രംപിന്റെ തീരുമാനങ്ങളെ രൂക്ഷമായി വിമർശിക്കുകയും ചെയ്തു. തന്റെ രാത്രിയിലെ ടിവി ഷോയിലാണ് അദ്ദേഹം ഇത്തരത്തിലൊരു പ്രതികരണം നടത്തിയത്.

ആറുതവണപാപ്പരത്തംപ്രഖ്യാപിച്ച മെയിൽഓർഡർ സ്റ്റീക്ക് സെയിൽസ്മാൻ പണത്തിന്റെ കാര്യത്തിൽ വളരെ മോശമായിരിക്കുമെന്ന് ആരെങ്കിലും ഊഹിച്ചിട്ടുണ്ടാകുമോ എന്ന് ചോദിച്ചുകൊണ്ട് ട്രംപിന്റെ സാമ്പത്തിക കെടുകാര്യസ്ഥതയെ അദ്ദേഹം രൂക്ഷമായി വിമർശിച്ചു. ഡോൺ ജൂനിയറിന് ശേഷം കൊണ്ടുവന്ന ഏറ്റവും വലിയ മണ്ടത്തരമാണിതെന്ന് ചിലർ പറയുന്നുവെന്ന് കാനഡയിൽ നിന്നും മെക്സിക്കോയിൽ നിന്നുമുള്ള ഇറക്കുമതിക്ക് 25% തീരുവ ചുമത്താനുള്ള ട്രംപിന്റെ തീരുമാനത്തെ പരാമർശിച്ച് കിമ്മൽ വ്യക്തമാക്കി.

ജനുവരി 20 ന്, എന്റെ ആദ്യത്തെ എക്സിക്യൂട്ടീവ് ഓർഡറുകളിൽ ഒന്നായി, മെക്സിക്കോയ്ക്കും കാനഡയ്ക്കും അമേരിക്കയിലേക്ക് വരുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും തുറന്ന അതിർത്തികൾക്കും 25% താരിഫ് ഈടാക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളിലും ഞാൻ ഒപ്പിടുമെന്ന് ട്രംപ് വ്യക്തമാക്കിയിരുന്നു. മാത്രമല്ല പണപ്പെരുപ്പം തങ്ങളുടെ മേൽക്കൂരയിലൂടെ കടന്നുപോകുമെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ട്രംപിന്റെ താരിഫ് പദ്ധതികളെ കൂടുതൽ വിമർശിച്ചു.

ട്രംപിന്റെ ചില ചരക്കുകൾ ചൈനയിൽ ഉൽപ്പാദിപ്പിക്കുന്നതിന്റെ വിരോധാഭാസവും അദ്ദേഹം ചൂണ്ടിക്കാട്ടി. അതിനാൽ ഇപ്പോൾ നിങ്ങൾക്ക് ഡൊണാൾഡ് ജെ. ട്രംപ് ശേഖരത്തിൽ നിന്ന് ഒരു ടൈ വാങ്ങണമെങ്കിൽ, അത് ഉടനടി വാങ്ങുന്നതാണ് നല്ലത്. അല്ലെങ്കിൽ ഇതിന് 10% അധിക ചിലവ് വരുമെന്ന് കിമ്മൽ പരിഹസിച്ചു.

ട്രംപിന്റെ 'God Bless the USA' ബൈബിളുകൾ ചൈനയിൽ 3 ഡോളറിന് മാത്രം പ്രിന്റ് ചെയ്ത് 59.99 ഡോളറിന് വിറ്റുവെന്നും മുൻ പ്രസിഡന്റ് ഒപ്പിട്ടാൽ അത് 1000ന് വിൽക്കുമെന്നും അടുത്തിടെ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയെന്നും കിമ്മൽ പറഞ്ഞു. ഓരോ വിൽപനയിലും താൻ എത്ര രൂപ നേടുന്നുവെന്ന് വെളിപ്പെടുത്താൻ അദ്ദേഹം ഒരിക്കലും തയ്യാറായിട്ടില്ല. 'മേക്ക് അമേരിക്ക ഗ്രേറ്റ് എഗെയ്ൻ' എന്നത് 'മേഡ് ഇൻ അമേരിക്ക' എന്ന് ലേബൽ ചെയ്തിട്ടുണ്ടെങ്കിലും, മറ്റ് ഉൽപ്പന്നങ്ങളുടെ ഉത്ഭവം ഇപ്പോഴും അവ്യക്തമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.










# സാമൂഹ്യസുരക്ഷാപെൻഷൻ: കയ്യിട്ടുവാരിയവരുടെ എണ്ണം 10000 വരുമെന്ന് സൂചന, നഷ്ടം 50കോടി

തിരുവനന്തപുരം:സർക്കാരിനെ പറ്റിച്ച്, ഖജനാവ് ചോർത്തി പാവങ്ങളുടെ സാമൂഹ്യസുരക്ഷാപെൻഷൻ തട്ടിയെടുത്ത ജീവനക്കാർ പതിനായിരം കടക്കും. ഇതുവഴി 50കോടിയാണ് ഖജനാവിന് നഷ്ടം. ഇൻഫർമേഷൻ കേരള മിഷന്റെ പരശോധനയിലാണ് 1458 ജീവനക്കാരുടെ തരികിട വെളിപ്പെട്ടത്.

മൂന്ന് വർഷത്തിനിടെ ഇവർ 8.40 കോടി രൂപയാണ് കൈപ്പറ്റിയത്. എന്നാൽ 2022ലെ സി.എ.ജിയുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ 9,201ജീവനക്കാരും പെൻഷൻകാരും ക്ഷേമപെൻഷൻ വാങ്ങുന്നതായും 39. 27കോടി നഷ്ടമുണ്ടായെന്നും ചൂണ്ടിക്കാട്ടിയിരുന്നു.

ജില്ലാതലപട്ടികയും റിപ്പോർട്ടിലുണ്ടായിരുന്നു. ഇവരെയും ചേർത്താൽ 10,659 ജീവനക്കാരും പെൻഷൻകാരും സാമൂഹ്യസുരക്ഷാപെൻഷൻ അർഹതയില്ലാതെ വാങ്ങുന്നുണ്ട്. ഇത്തരക്കാർ സ്വയം പിൻമാറണമെന്ന് ധനമന്ത്രി അഭ്യർത്ഥിച്ചിരുന്നു. ഇങ്ങനെ പിൻമാറിയവരുടെ കണക്ക് വരുമ്പോൾ തട്ടിപ്പുകാരുടെ എണ്ണം കൂടും. അനർഹമായി പെൻഷൻ വാങ്ങുന്നവരുടെ കണക്ക് പരിശോധിക്കാൻ തദ്ദേശസ്ഥാപനങ്ങളോടും ആവശ്യപ്പെട്ടിരുന്നു.

തട്ടിപ്പ് കണ്ടെത്തിയാൽ ഉത്തരവാദിത്തം തദ്ദേശസ്ഥാപനങ്ങൾക്കായിരിക്കും എന്ന മുന്നറിയിപ്പും നൽകി. തട്ടിപ്പ് സൂഷ്മമായി പരിശോധിക്കാനും ധനമന്ത്രി ഉത്തരവിട്ടിട്ടുണ്ട്. ഒന്നാം പിണറായിസർക്കാർ29,622.67കോടിയും രണ്ടാം പിണറായി സർക്കാർ ഇതുവരെ 32,100 കോടിയും ആണ് ക്ഷേമപെൻഷനായ ചെലവാക്കിയത്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യകരുതലായി നൽകുന്ന തുകയാണ് തട്ടിയടുത്തത്. പണമില്ലാത്തതിനാൽ നാല് മാസത്തെ പെൻഷൻ കുടിശികയാണ്.




## തട്ടിപ്പുകാർ പട്ടികയിലെത്തിയത് ഇങ്ങനെ

വിധവ, വികലാംഗ പെൻഷൻ, മാനസിക വൈകല്യ പെൻഷൻ, അൻപത് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയുടെ പേരിലാണ് കൂടുതൽ തട്ടിപ്പ്. ഇവരിൽ പലരും പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെയാണ് സർവ്വീസിൽ കയറിയത്. സർവ്വീസിൽ കയറിയ ശേഷവും ഇത് തുടർന്നു. തദ്ദേശ സ്ഥാപനങ്ങളിൽ പെൻഷന് അപേക്ഷ സമർപ്പിക്കുമ്പോഴും പരിശോധനയിലും അംഗീകാരം നൽകുന്നതിലും പിഴവുണ്ടെന്ന സൂചനയാണിത്. മുൻ പരിശോധനയിൽ ഒരേ ഗുണഭോക്താക്കൾ രണ്ട് പെൻഷനുകൾ വാങ്ങുന്നതായും സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ പെൻഷൻ അനുവദിച്ചതായും കണ്ടെത്തിയിരുന്നു.

## തട്ടിപ്പുകാർക്ക് നോട്ടീസ്

പണം പലിശസഹിതം തിരിച്ചുപിടിക്കാനും കടുത്ത അച്ചടക്ക നടപടിക്കുമാണ് സർക്കാർ നിർദേശം. സർവീസ് ചട്ടങ്ങൾ പ്രകാരം വകുപ്പ് മേധാവികൾ തട്ടിപ്പുകാർക്കെതിരെ നടപടിയെടുക്കും. പരാതികൾ ലഭിച്ചാൽ ക്രിമിനൽ നടപടിക്ക് നിയമോപദേശം തേടും. ക്ഷേമപെൻഷൻ തട്ടുന്ന ഉദ്യോഗസ്ഥരുടെ പട്ടിക ധനവകുപ്പ് പുറത്തുവിട്ടതോടെ തദ്ദേശവകുപ്പും പ്രതിക്കൂട്ടിലായി. സർക്കാർ ശമ്പളം പറ്റുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷന് അർഹത ഇല്ലെന്നിരിക്കെ, മറിച്ച് സാക്ഷ്യപ്പെടുത്തിയ തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെയും നടപടി ഉണ്ടാകും.

സർവീസിൽ ഇരിക്കെ, പ്രതിഫലം പറ്റുന്ന മറ്റ് തൊഴിലുകൾ ചെയ്യാനോ പാരിതോഷികമോ സാമ്പത്തിക സഹായമോ സ്വീകരിക്കാനോ പാടില്ല എന്ന ചട്ടവും ചുമത്തും. ഓരോ വർഷവും മസ്റ്ററിങ് നടത്തി ക്ഷേമപെൻഷൻ വാങ്ങിപ്പോന്നതിനാൽ അറിയാതെ സംഭവിച്ചതാണെന്ന ന്യായീകരണം നിലനിൽക്കില്ല.

# മാളികപ്പുറത്ത് തേങ്ങ ഉരുട്ടരുത് മഞ്ഞൾപ്പൊടി തൂവലും വേണ്ട, ഉത്തരവിട്ട് ഹൈക്കോടതി

ശബരിമല: ശബരിമല, മാളികപ്പുറം ക്ഷേത്രത്തിൽ തേങ്ങ ഉരുട്ടുന്നതും മഞ്ഞൾപ്പൊടി വിതറുന്നതും അനുവദിക്കേണ്ടെന്ന ഹൈക്കോടതി വിധിയെ സ്വാഗതം ചെയ്ത് ശബരിമല തന്ത്രിയും മാളികപ്പുറം മേൽശാന്തിയും. തേങ്ങയുരുട്ടൽ, മഞ്ഞൾപ്പൊടി വിതറൽ, വസ്ത്രം എറിയൽ തുടങ്ങിയവ ആചാരങ്ങളുടെ ഭാഗമല്ലെന്ന് തന്ത്രി കണ്ഠരര് രാജീവർ പറഞ്ഞു.

മഞ്ഞളും ഭസ്മവും നിക്ഷേപിക്കാൻ മാളികപ്പുറത്ത് പ്രത്യേകം സംവിധാനം ഏർപ്പെടുത്തണം. ഇത്തരം അനാചാരങ്ങൾ ഒഴിവാക്കുന്നതിനെക്കുറിച്ച് മുമ്പും പ്രതികരിച്ചിട്ടുണ്ട്. ഹൈക്കോടതി നിർദേശം നടപ്പിലാക്കാൻ ദേവസ്വം ബോർഡ് മുൻകൈയെടുക്കണമെന്നും തന്ത്രി പറഞ്ഞു. അനാചാരങ്ങൾ നടത്തുന്നതിൽ നിന്ന് ഭക്തരെ പിന്തിരിപ്പിക്കാൻ പ്രത്യേകം ജീവനക്കാരെ ക്ഷേത്ര പരിസരത്ത് നിയോഗിക്കണമെന്ന് മാളികപ്പുറം മേൽശാന്തി വാസുദേവൻ നമ്പൂതിരി ആവശ്യപ്പെട്ടു.




ശബരിമല പതിനെട്ടാംപടിയിൽ ഫോട്ടോ ഷൂട്ട് നടത്തിയ പൊലീസുകാർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് ചീഫ് പൊലീസ് കോ-ഓർഡിനേറ്റർ എ.ഡി.ജി.പി എസ്. ശ്രീജിത്ത് കോടതിയെ അറിയിച്ചു. ഇക്കാര്യത്തിൽ നിയമപരമായ നടപടി സ്വീകരിക്കാമെന്ന് വ്യക്തമാക്കിയ കോടതി തുടർനടപടികൾ അവസാനിപ്പിച്ചു. പരിചയസമ്പന്നരായ പൊലീസുകാരെയാണ് ശബരിമലയിൽ നിയോഗിച്ചതെന്നും മികച്ച സേവനമാണ് അവർ നടത്തുന്നതെന്നും കോടതി അഭിപ്രായപ്പെട്ടു.

പതിനെട്ടാംപടിയിലും ശ്രീകോവിലിനു സമീപവും വ്ലോഗർമാരടക്കമുള്ളവർ ഫോട്ടോ എടുക്കുന്നത് തടയണം. അല്ലാത്തപക്ഷം ദേവസ്വം ബോർഡിന്റെ പ്രത്യേക അനുമതി വേണം.

ഡിസംബർ ഒന്നുമുതൽ ആറുവരെയുള്ള സുരക്ഷാ നിയന്ത്രണത്തെക്കുറിച്ചും പൊലീസ് വിശദീകരണം നൽകി. നിയന്ത്രണത്തെക്കുറിച്ച് തീർത്ഥാടകരെ മുൻകൂർ അറിയിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. നിലയ്ക്കൽ മുതൽ ഇക്കാര്യങ്ങൾ അനൗൺസ് ചെയ്യണം.









# മൂല്യ നിർണയം പാളി 'ക്രിസംഘി' വോട്ട് ബാങ്ക്



ബാബു കദളിക്കാട്

സുരേഷ് ഗോപി തൃശൂരിൽ കൊളുത്തിയ വിജയദീപം ആളിക്കത്തിക്കാനുള്ള ശേഷി സംസ്ഥാനത്ത് മറ്റെവിടെയും തങ്ങൾക്കില്ലെന്നു തെളിയിച്ചതിനു പിന്നാലെ പാർട്ടിയിൽ പുതിയ നെരിപ്പോട് രൂപപ്പെട്ടു പുകയുന്നതിന്റെ അസ്വസ്ഥത മറയ്ക്കാനാകുന്നില്ല കേരളത്തിലെ ബി.ജെ.പി നേതൃത്വത്തിന്. വർഷങ്ങളായി അണികളിലും വിവിധ നേതൃതലങ്ങളിലും ഏറിയും കുറഞ്ഞും നിന്ന അസംതൃപ്തിയെ പാലക്കാട്ടെ ഞെട്ടിക്കുന്ന തോൽവിയാണ് ഒറ്റയടിക്ക് പുറത്തെത്തിച്ചത്. കേരളത്തിൽ സ്വാധീനമുറപ്പിക്കാൻ മുളപ്പിച്ചെടുത്ത 'ക്രിസംഘി' തന്ത്രം ഇതോടെ ഊർദ്ധശ്വാസം വലിക്കുന്നതായുള്ള നിരീക്ഷണവും ശക്തം.

ഇടക്കാല തിരഞ്ഞെടുപ്പിൽ കഴിഞ്ഞതവണ ജയിച്ച കക്ഷികൾ തന്നെ സീറ്റ് നിലനിർത്തി. ഇതുമൂലം കേരളത്തിൽ വലിയ രാഷ്ട്രീയ ഉരുൾപൊട്ടലുകളൊന്നുമുണ്ടായില്ലെങ്കിലും പല കീറാമുട്ടികളാണ് ബി.ജെ.പിയുടെ അങ്കണത്തിൽ വന്നു വീണിരിക്കുന്നത്. 'സന്ദീപ് വാര്യർ ഘടകം' ഇതിൽ താരതമ്യേന ലഘുവായ ഒന്നു മാത്രം. പരസ്യമായ വിഴുപ്പലക്കലിന് ഭാരവാഹികളും ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നവരും പാർട്ടി അച്ചടക്കം വിട്ട് തയ്യാറാകുന്നു. കോൺഗ്രസ് പ്രവർത്തകർ രാഹുൽ മാങ്കൂട്ടത്തിലിന്റെ വിജയമാഘോഷത്തിനിടെ കൊടുത്ത ലഡു നുണയാൻ ബി.ജെ.പിക്കാരിയായ പാലക്കാട്ടെ നഗരസഭാധ്യക്ഷ സന്നദ്ധയായതും വിവാദമാവുന്ന സാഹചര്യമാണിപ്പോൾ.

ഏറ്റവും വാശിയേറിയ മത്സരം നടന്ന പാലക്കാട് മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർത്ഥിയും സംസ്ഥാന യൂത്ത് കോൺഗ്രസ് പ്രസിഡന്റുമായ രാഹുൽ മാങ്കൂട്ടത്തിൽ സ്വന്തം പാർട്ടിയിൽ നിന്നുപോലുമുണ്ടായ വിരുദ്ധ സാഹചര്യങ്ങൾ ചടുലമായി നേരിട്ടാണ് കോൺഗ്രസിന് തകർപ്പൻ വിജയം നേടിക്കൊടുത്തത്. നോമിനേഷൻ ഘട്ടം മുതൽ വോട്ടെടുപ്പു ദിനംവരെ പലവിധ വിവാദങ്ങളും ട്വിസ്റ്റുകളും കൊണ്ട് സംഭ്രമജനകമായിരുന്നു പാലക്കാട്ടെ പ്രചാരണ വേള. നോമിനേഷൻ തീയതിയുടെ തൊട്ടുമുമ്പ് കോൺഗ്രസ് വിട്ട് എൽ.ഡി.എഫിൽ ചേക്കേറിയ ഡോ. പി. സരിൻ മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ടതിനു കാരണങ്ങൾ നിരത്താൻ സി.പി.എം വല്ലാതെ ക്ളേശിക്കുന്നു. ഡോ. സരിനെ സ്ഥാനാർത്ഥിയായി ലഭിച്ചതിന്റെ ബലത്തിൽ പാലക്കാട് പിടിച്ചെടുക്കാമെന്ന എൽ.ഡി.എഫ് മോഹം തരിപ്പണമായതിനു പുറമേ വലിയ രാഷ്ട്രീയ തിരിച്ചടിയാണുണ്ടായത്.

രാഹുൽ മാങ്കൂട്ടം 18,840 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചപ്പോൾ കോൺഗ്രസിന്റെ തന്നെ മുൻ വിജയങ്ങളുടെയെല്ലാം ശോഭ കെട്ടു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഷാഫിയുടെ വിജയം 3859 വോട്ടിനായിരുന്നു. ഇക്കുറി ഭൂരിപക്ഷം നാലുമടങ്ങായി രാഹുൽ ഉയർത്തി. പ്രതികൂല ഘടകങ്ങൾ ഒട്ടേറെയുണ്ടായിട്ടും കൈവരിച്ച ഈ വിജയം ഏറ്റവും തിളക്കമാർന്നതുതന്നെ. പാലക്കാട് ഇത്തവണ പിടിച്ചെടുക്കാമെന്ന അമിത പ്രതീക്ഷയോടെ മത്സരിച്ച ബി.ജെ.പിക്ക് വിജയത്തിന് അടുത്തെത്താൻപോലുമായില്ല. വോട്ടെണ്ണലിന്റെ ആദ്യ രണ്ട് റൗണ്ടുകളിൽ മാത്രമേ ബി.ജെ.പി സ്ഥാനാർത്ഥി സി. കൃഷ്ണകുമാറിന് ചെറിയ ലീഡെങ്കിലും നിലനിറുത്താനായുള്ളൂ. ബി.ജെ.പിക്ക് നഗരസഭാ കേന്ദ്രങ്ങളിലുണ്ടായിരുന്ന സ്വാധീനം കുത്തിയൊലിച്ചുപോയി.



പാലക്കാട് നഗരസഭാധ്യക്ഷ പ്രമീളാ ശശിധരനും ബി.ജെ.പിയുടെ ദേശീയ കൗൺസിൽ അംഗം എൻ.ശിവരാജനും സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രനെ നേരിട്ടു കുറ്റപ്പെടുത്തിയത് ഔദ്യോഗികപക്ഷത്തെ ഞെട്ടിച്ചു. തുടർന്ന് മാധ്യമപ്രവർത്തകരെ അഭിമുഖീകരിച്ച സംസ്ഥാന പ്രസിഡന്റ് താൻ 'നിൽക്കണോ പോണോ' എന്നു കേന്ദ്രനേതൃത്വം തീരുമാനിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തു. പാലക്കാട്ടെ തോൽവിയുടെ മാത്രമല്ല, മൂന്നിടത്തെയും പാർട്ടി പ്രകടനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതായി വ്യക്തമാക്കിയ സുരേന്ദ്രൻ വയനാട്ടിലും ചേലക്കരയിലും മുന്നേറ്റമുണ്ടാക്കിയത് കാണാതെ പോവുന്നതായി പരാതിപ്പെട്ടു. പാലക്കാട്ട് വോട്ടുശതമാനം ഉയർത്താൻ ബി.ജെ.പിക്ക് കഴിഞ്ഞില്ലെങ്കിലും ഇതിൽ ശരിയായ വിലയിരുത്തൽ നടത്തി, ഓരോ ബൂത്തിലും ആവശ്യമായ തിരുത്തലുകൾ വരുത്തുമെന്നാണ് സുരേന്ദ്രൻ പറയുന്നത്.

പരാജയത്തിന് മുൻ സ്ഥാനാർത്ഥി കൂടിയായ ശോഭാ സുരേന്ദ്രനെയും പാലക്കാട് നഗരസഭയിലെ പാർട്ടി കൗൺസിലർമാരെയും കുറ്റപ്പെടുത്താൻ പ്രസിഡന്റ് തയ്യാറായില്ല. കഴിഞ്ഞ തവണ മെട്രോ ശ്രീധരന് പൊതുസമൂഹത്തിൽ നിന്ന് കിട്ടിയ വോട്ടുകൾ നിലനിർത്താനായില്ല ഇക്കുറി കൃഷ്ണകുമാറിന്. നഗര മേഖലയിൽ അടിസ്ഥാന വോട്ടുബാങ്ക് നിലനിർത്താൻ കഴിഞ്ഞെങ്കിലും പുതിയ വോട്ടുകൾ ആകർഷിക്കാനായില്ലെന്ന് സുരേന്ദ്രൻ പറഞ്ഞു. കൊടകര കുഴൽപ്പണക്കേസ് തിരഞ്ഞെടുപ്പിന്റെ ആദ്യ നാളുകളിൽ വീണ്ടും ചർച്ചയാക്കിയതിനെ പ്രതിരോധിക്കാൻ ഏറെ ഊർജം ചെലവാക്കേണ്ടി വന്നെന്ന ഖേദവുമുണ്ട് അദ്ദേഹത്തിന്. വി.മുരളീധരനുമായി തന്നെ തെറ്റിക്കാൻ നോക്കേണ്ട എന്നു പറഞ്ഞെങ്കിലും അദ്ദേഹം പ്രസിഡന്റായിരുന്നപ്പോൾ പിറവത്ത് വെറും 2,000 വോട്ടു മാത്രം കിട്ടിയിട്ടും രാജി വെക്കാത്തത് സുരേന്ദ്രൻ ഓർമിപ്പിച്ചു. ടീമിനെ നയിക്കുന്ന ആളെന്ന നിലയിൽ പരാജയത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നുവെന്നും നഷ്ടമായ പിന്തുണ തദ്ദേശ തിരഞ്ഞെടുപ്പാവുമ്പോഴേയ്ക്കും വീണ്ടെടുക്കാൻ ശ്രമിക്കുമെന്നും സൂചിപ്പിച്ച സുരേന്ദ്രൻ പൊരുതാനുറച്ചു തന്നെയാണ് എന്ന് വ്യക്തം.

അതേസമയം വാശിയേറിയ ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിൽ നടന്ന ഉപതിരഞ്ഞെടുപ്പ് യു.ഡി.എഫിനും എൽ.ഡി.എഫിനും ഒരുപോലെ ആശ്വസിക്കാൻ വക നൽകുന്നതാണ്. ചേലക്കരയിൽ മുൻമന്ത്രി രാധാകൃഷ്ണൻ ലോക്സഭയിലേക്ക് പോയ ഒഴിവിൽ നടന്ന വോട്ടെടുപ്പിൽ യു.ആർ.പ്രദീപ് എൽ.ഡി.എഫിന് മികച്ച വിജയമാണ് നേടിക്കൊടുത്തത്.

2021 ലെ തിരഞ്ഞെടുപ്പിൽ രാധാകൃഷ്ണൻ നേടിയ 39,400 വോട്ടിന്റെ ഭൂരിപക്ഷത്തിനടുത്തെത്താൻ കഴിഞ്ഞില്ലെങ്കിലും 12201 വോട്ടിന്റെ ഭൂരിപക്ഷം ഉറപ്പിക്കാനായത് ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ നേട്ടം തന്നെയാണ്. കോൺഗ്രസിന്റെ രമ്യാ ഹരിദാസ് രണ്ടാംസ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. തുടർച്ചയായ രണ്ടു തിരഞ്ഞെടുപ്പുകളിലെ പരാജയവുമായാണ് രമ്യക്കു മടങ്ങേണ്ടിവന്നത്. ചേലക്കരയിൽ എൽ.ഡി.എഫിന്റെ ഭൂരിപക്ഷം ചൂണ്ടിക്കാട്ടി ഭരണവിരുദ്ധ വികാരമാണ് ഇതിൽ കാണാൻ കഴിയുന്നതെന്ന് എതിർ ചേരിക്കാർ വാദിക്കാൻ ശ്രമിക്കുന്നു.

രാഹുൽ ഗാന്ധി വയനാട് ഉപേക്ഷിച്ച് റായ്ബറേലി സീറ്റ് സ്വീകരിച്ചതോടെ ഒഴിവുവന്ന വയനാട് സീറ്റിൽ അദ്ദേഹത്തിന്റെ സഹോദരി പ്രിയങ്ക ഗാന്ധി വൻ ഭൂരിപക്ഷത്തിൽ തിരഞ്ഞെടുക്കപ്പെടുമെന്ന് എല്ലാവർക്കും ഉറപ്പുണ്ടായിരുന്നു. അത് ശരിയായിരുന്നുവെന്ന് പ്രിയങ്ക നേടിയ 4,10,931 വോട്ടിന്റെ ഭൂരിപക്ഷം അടിവരയിടുന്നു. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധി കരസ്ഥമാക്കിയ ഭൂരിപക്ഷമായ 3,64,422 വോട്ടിലധികമാണ് പ്രിയങ്ക ഗാന്ധി നേടിയിരിക്കുന്നത്. കൃത്യമായി പറഞ്ഞാൽ 46,509 വോട്ടുകൾ കൂടുതൽ. എതിർ സ്ഥാനാർത്ഥികൾ ഏതാണ്ട് നിഷ്പ്രഭമായിപ്പോയ വയനാട് തിരഞ്ഞെടുപ്പിലെ പ്രിയങ്കയുടെ ഉജ്ജ്വല വിജയം എക്കാലവും ഓർമ്മിക്കപ്പെടും.

## മുനമ്പം വോട്ടായില്ല

പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ ക്രിസ്ത്യൻ വോട്ടുകൾ നേടാനുള്ള ബി.ജെ.പി ശ്രമം അമ്പേ പാളിയെന്ന നിരീക്ഷണം തള്ളിക്കളയാനാകില്ല. മുനമ്പം ഭൂമിപ്രശ്നത്തിൽ സമരം ചെയ്യുന്ന ക്രൈസ്തവ വിശ്വാസികളെ പിന്തുണയ്ക്കുന്നതിലൂടെ ക്രിസ്ത്യാനികളുടെ വോട്ട് ബി.ജെ.പിക്ക് അനുകൂലമായി മറിക്കാം എന്നായിരുന്നു ഹിന്ദു പരിവാർ ധാരണ. എന്നാൽ ഇത് ഒരു തരത്തിലും വിജയിച്ചില്ല എന്നതാണ് പാലക്കാട്ടെ ഫലം തെളിയിക്കുന്നത്. വയനാട്ടിലും മുനമ്പം ഭൂമി പ്രശ്നം ഏശിയില്ല. പതിനായിരത്തോളം ക്രിസ്ത്യൻ വോട്ടുകളാണ് പാലക്കാട് ഉണ്ടായിരുന്നത്. ഇതിൽ കാര്യമായൊന്നും ബി.ജെ.പി പെട്ടിയിൽ എത്തിയില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. വർഗീയത കത്തിക്കാൻ ഉദ്ദേശിച്ച് സുരേഷ് ഗോപി നടത്തിയ നീക്കങ്ങളും എട്ടുനിലയിൽ പൊട്ടിയ കാഴ്ചയാണ് പാലക്കാട്ട് പെട്ടികൾ പൊട്ടിച്ചപ്പോൾ കണ്ടതെന്ന് കോൺഗ്രസ് നേതാക്കൾ ചൂണ്ടിക്കാട്ടുന്നു.

സംഘപരിവാറിനോടും ബി.ജെ.പിയോടും ആഭിമുഖ്യം പുലർത്തുകയും സ്വയം ക്രിസംഘികൾ എന്ന് അവകാശപ്പെടുകയും ചെയ്യുന്ന വിഭാഗമാണ് മുനമ്പത്തെ മുൻനിർത്തി ക്രൈസ്തവ വോട്ടുകൾ മറിക്കാൻ അത്യധ്വാനം ചെയ്തത്. സീറോ മലബാർ സഭയിലെ ഒരുവിഭാഗം വൈദികരും അത്മായരും ചേർന്ന് ബലമേകിയ ഈ പ്രചാരണത്തിന് സഭാതലവനായ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിന്തുണ നൽകിയതും ഉപ തിരഞ്ഞെടുപ്പു പ്രചാരണം ചൂടുപിടിച്ചപ്പോൾ ദൃശ്യമായി. 'ബാലറ്റ് പേപ്പർ കയ്യിൽക്കിട്ടുമ്പോൾ എല്ലാത്തവണവും വോട്ടു ചെയ്ത് പരിചയമുള്ളവർക്ക് വോട്ടു ചെയ്യണമെന്ന് ഇനി നിർബന്ധം പിടിക്കരുത്. മറിച്ചു ചെയ്യാനും അറിയാമെന്ന് നിങ്ങൾ തെളിയിക്കണം.' മാർ റാഫേൽ തട്ടിൽ സമരപ്പന്തലിൽ പറഞ്ഞ ഈ വാചകങ്ങൾ ബി.ജെ.പി പ്രവർത്തകർ ആഘോഷപൂർവം കൊണ്ടാടിയിരുന്നു.

ഇതിന് തൊട്ടുപിന്നാലെയാണ് പാലക്കാട്ടെ ബി.ജെ.പി സ്ഥാനാർത്ഥി കൃഷ്ണകുമാർ മുനമ്പത്തെത്തി സമരക്കാരെ കണ്ടത്. എന്തായാലും മേജർ ആർച്ച് ബിഷപ്പിന്റെ പ്രസംഗമോ നിലപാട് മാറ്റാനുള്ള ആഹ്വാനമോ യു.ഡി.എഫ് അനുകൂല പരമ്പരാഗത ക്രിസ്ത്യൻ വോട്ടുകളെ മറിക്കാൻ പര്യാപ്തമായില്ല എന്നാണ് വോട്ടിംഗ് നില വ്യക്തമാക്കുന്നത്. ബി.ജെ.പി ഭരിക്കുന്ന മണിപ്പൂരിൽ ക്രൈസ്തവർക്കു നേരെ നടക്കുന്ന ആക്രമണങ്ങൾ കേരളത്തിലെ ക്രിസ്ത്യാനികൾക്കിടയിൽ സജീവ ചർച്ചാ വിഷയമാണ്. പ്രധാനമന്ത്രി മണിപ്പൂർ സന്ദർശിക്കാത്തതും വടക്കെ ഇന്ത്യയിൽ ക്രൈസ്തവർക്കെതിരെ സംഘപരിവാർ സംഘടനകൾ നടത്തുന്ന വിദ്വേഷ പ്രചരണങ്ങളും ആക്രമണങ്ങളും യു.ഡി.എഫും എൽ.ഡി.എഫും നിരന്തരം പ്രചരണത്തിന് ഉപയോഗിക്കുന്നുമുണ്ടായിരുന്നു. ഈ വർഷം ഒക്ടോബർ 31 വരെ ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ 673 ആക്രമണങ്ങൾ ക്രൈസ്തവർക്ക് നേരെ നടന്നുവെന്ന യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ കണക്കുകളും പുറത്തുവന്നു. വടക്കേ ഇന്ത്യയിൽ ആക്രമിക്കുകയും കേരളത്തിൽ വാരിപ്പുണരുകയും ചെയ്യുന്ന ബി.ജെ.പിയെ തുറന്ന് കാണിക്കുന്നതിൽ കോൺഗ്രസ് വിജയിച്ചു എന്ന് തിരഞ്ഞെടുപ്പ് ഫലങ്ങൾ തെളിയിക്കുന്നു കോൺഗ്രസ് നേതാക്കളുടെ അഭിപ്രായമിങ്ങനെ.



ഇന്ത്യയിലെ പ്രബല മത ന്യൂനപക്ഷങ്ങളാണ് മുസ്‌ലിംകളും ക്രിസ്ത്യാനികളും. ഹൈന്ദവ ഭൂരിപക്ഷത്തിനിടയിൽ ന്യൂനപക്ഷങ്ങളായി ജീവിക്കുന്നതിനാൽ ഇരുകൂട്ടരും സൗഹാർദ്ദ സമീപനം സ്വീകരിച്ചുപോന്നിരുന്നു. എന്നാൽ, അടുത്തകാലത്തായി മുനമ്പത്തെ വഖഫ് ഭൂമി പ്രശ്നം ഉൾപ്പെടെ ചില വിഷയങ്ങൾ ഹേതുവായി ന്യൂനപക്ഷമായ ക്രിസ്ത്യൻ വിഭാഗത്തിൽ നിന്നുതന്നെ ഒരു സംഘം മുസ്‌ലിം വിരുദ്ധ നിലപാട് തീവ്രമാക്കി. മുസ്ലിംങ്ങളോടുള്ള വിദ്വേഷത്തിന്റെ പേരിൽ വലതുപക്ഷ ഹിന്ദുത്വവുമായി ആഴത്തിലുള്ള പ്രത്യയശാസ്ത്ര ബന്ധം കെട്ടിപ്പടുക്കുന്ന ഈ വിഭാഗത്തെ 'ക്രിസംഘി' എന്നു വിളിക്കുന്നതിൽ അവർക്കുമില്ല പ്രതിഷേധം. ഏതാനും വർഷങ്ങൾക്കുമുമ്പ് വരെ ക്രിസ്ത്യൻ ബുദ്ധിജീവികളാൽ അവഹേളിക്കപ്പെട്ട ഘടകങ്ങളായി തള്ളിക്കളയപ്പെട്ടിരുന്ന അവർ സ്വന്തം വോട്ട് ബാങ്ക് ചൂണ്ടിക്കാട്ടുന്നതിനുള്ള കനകാവസരമായാണ് ഇക്കുറി ഉപതെരഞ്ഞെടുപ്പിനെ കണ്ടത്. പക്ഷേ, മൂല്യനിർണയം പോലും നടക്കാതെ ലക്ഷ്യം പാളിയ സ്ഥിതിയാണ്. 'ക്രിസംഘി'കളെ പരസ്യമായി പുണർന്നില്ലെന്നതിന്റെ പാതി ആശ്വാസത്തിലാണിപ്പോൾ ബി.ജെ.പി. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശൂരിലും തിരുവനന്തപുരത്തും 'ക്രിസംഘി' തന്ത്രമിറക്കാൻ ഡൽഹി ലഫ്റ്റനന്റ് ഗവർണർ നേരിട്ടെത്തിയിരുന്നു.

എന്തായാലും, അടുത്തവർഷമാദ്യം നടക്കാൻ പോകുന്ന തദ്ദേശ തിരഞ്ഞെടുപ്പിലും 2026 ലെ നിയമസഭാ തിരഞ്ഞെടുപ്പിലും മത്സരിക്കാനൊരുങ്ങുന്ന എല്ലാ രാഷ്ട്രീയ കക്ഷികൾക്കും ഒട്ടേറെ പാഠങ്ങൾ പഠിക്കാൻ ഈ ഉപതിരഞ്ഞെടുപ്പുകൾ ഉപകരിക്കേണ്ടതാണ്. പ്രചാരണരംഗത്തെ പതിവിൽക്കവിഞ്ഞ ആവേശവും ചൂടുമൊന്നുമല്ല വോട്ടർമാരുടെ മനസ് കീഴടക്കാനുള്ള വഴികളെന്ന് ഏവരും തിരിച്ചറിയേണ്ടതുണ്ട്. ജനങ്ങൾക്കിടയിൽ ചേർന്നുനിന്ന് പ്രവർത്തിക്കാനുള്ള പഴയ ശീലവും സന്നദ്ധതയും കുറഞ്ഞുകൊണ്ടിരിക്കുകയാണെന്നതിന്റെ തെളിവാണ് വോട്ടിംഗ് ശതമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവ് എന്ന കാര്യം രാഷ്ട്രീയ കക്ഷികൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

# നമ്മുടെ വോട്ട് നമ്മുടെ വിരൽത്തുമ്പിലല്ലേ !



കേരളത്തിൽ തെരഞ്ഞെടുപ്പിന്റെ കാറും കോളും അടങ്ങിയതിനു തൊട്ടുപിന്നാലെ മഹാരാഷ്ട്രയിലും ജാർഖണ്ഡിലും നിന്നു വന്ന തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനങ്ങൾ രാജ്യവ്യാപകശ്രദ്ധ പിടിച്ചു പറ്റിയത് വോട്ടെണ്ണലിലെ കൃത്രിമത്തിന്റെ പേരിലാണ്. തെരഞ്ഞെടുപ്പുകൾ എന്നും ഉത്സവങ്ങളാണ് എന്നും എവിടെയും.

തെരഞ്ഞെടുപ്പുകൾ ഉത്സവമാണെങ്കിൽ ആ ഉത്സവത്തിന്റെ ആറാട്ടാണ് ഫലപ്രഖ്യാപനം. ആറാട്ട് അലങ്കോലപ്പെട്ടാൽ എല്ലാം കഴിഞ്ഞു. അത് മഹാരാഷ്ട്രയിലായാലും ചേലക്കരയിലായാലും ! തെരഞ്ഞെടുപ്പു ഫലത്തെ വോട്ടർമാർക്ക് പിടിതരാത്തവിധം അട്ടിമറിക്കുന്ന അത്യാധുനിക സംവിധാനങ്ങൾ ലോകമെങ്ങും ഈ ജനാധിപത്യ പ്രക്രിയയെ സംശയനിഴലിലാക്കുകയാണോ? ജയപരാജയങ്ങളുടെ പിന്നിൽ കറുത്ത കരങ്ങളുണ്ടെന്ന് പ്രചരിപ്പിക്കപ്പെടുകയാണോ?

കാശ്മീരിലെ വോട്ടിംഗ് യന്ത്രത്തെ ഇസ്രയേൽ നിയന്ത്രിക്കുന്ന കാലം. ഹാക്കർമാരുടെ കൈകളിൽ ജനവിധി മാറിമറിയുന്ന കാലം. ഇതെല്ലാം കേവലം അന്ധമായ പ്രചരണങ്ങൾ മാത്രമായി തള്ളിക്കളയാൻ കഴിയില്ലെന്ന് ലോകമെങ്ങും നടക്കുന്ന തെരഞ്ഞെടുപ്പാനന്തര കോലാഹലങ്ങൾ വെളിവാക്കുന്നു. മഹാരാഷ്ട്ര തെരഞ്ഞെടുപ്പു ഫലത്തെ സംശയ നിഴലിലാക്കി 'ദ വയർ ന്യൂസ് ' പുറത്തുവിട്ട വോട്ടിംഗ് കൃത്രിമക്കഥ വൻ കോളിളക്കമാണ് സൃഷ്ടിച്ചത്.

മഹാരാഷ്ട്രയിൽ പോൾ ചെയ്തതിനേക്കാൾ അഞ്ചു ലക്ഷത്തിൽപ്പരം വോട്ട് എണ്ണിയെന്ന ആരോപണമാണ് ഉയർത്തപ്പെട്ടത്. ചെയ്ത വോട്ടും എണ്ണിയ വോട്ടും തമ്മിൽ അവിശ്വസനീയമായ അന്തരം ! ഇത് സംഭാവ്യമല്ലെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ വിശദീകരിച്ചത്. പോസ്റ്റൽ വോട്ടുകൾ കൂടി ചേർത്താണ് ന്യൂസ് പോർട്ടൽ കഥ മെനഞ്ഞതെന്ന് വിശദീകരിക്കപ്പെട്ടു. എന്നാൽ ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ ഒരു സംസ്ഥാനത്തെ തെരഞ്ഞെടുപ്പിനെ സംശയ നിഴലിലാക്കാൻ, വൻ പ്രകമ്പനം ഉയർത്താൻ അത് ധാരാളമായിരുന്നു.

അതേസമയം മഹാരാഷ്ട്ര സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി സഖ്യം കുതിച്ചെത്തിയത് ചരിത്രത്തിലെ എറ്റവും വലിയ സീറ്റ് നിലയിലേക്കായിരുന്നു. മത്സരിച്ച 152 ൽ 80 ശതമാനം സീറ്റിലും ജയിച്ച് 132 സീറ്റുകളാണ് ബി.ജെ.പി ഒറ്റയ്ക്ക് നേടിയത്. മൊത്തം 288 സീറ്റിൽ 238 സീറ്റിലും മഹായുതി മുന്നണിയാണ് ജയിച്ചത്. ഇ.വി.എമ്മിലടക്കം പ്രതിപക്ഷം ആരോപണമുന്നയിക്കുന്നതിനിടയിലാണ് ദി വയറിന്റെ റിപ്പോർട്ടും പുറത്തുവന്നത്.

ഫലം ആർക്കും അംഗീകരിക്കാനാവാത്തതാണെന്നും ഇലക്ട്രോണിക് വോട്ടിങ് മെഷീൻ (ഇ.വി.എം) സംബന്ധിച്ച പ്രശ്നങ്ങൾ ആരും ഗൗരവമായെടുക്കുന്നില്ലെന്നും സംസ്ഥാന കോൺഗ്രസ് അധ്യക്ഷൻ നാനാ പടോലെ പറഞ്ഞു.

'ആർക്കും അംഗീകരിക്കാൻ പറ്റാത്ത ഫലമാണ് പുറത്തുവന്നത്. മഹാരാഷ്ട്രയിലെ ജനങ്ങൾക്ക് പോലും ഇത് ഉൾക്കൊള്ളാനാവുന്നില്ല' അദ്ദേഹം പറഞ്ഞു. വോട്ടുകളുടെ കണക്കിലെ അന്തരം സംബന്ധിച്ച് ജനങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾ ആരും കേൾക്കുന്നില്ല. ഒരു ജനകീയ മുന്നേറ്റമാണ് ഈ വിഷയത്തിൽ മുന്നിലുള്ള വഴി. വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ ഇ.വി.എം വേണ്ടെന്നും ബാലറ്റ് പേപ്പർ തിരികെ കൊണ്ടുവരണമെന്നും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും നിലപാടെടുത്തു.

അതേ സമയം ബാലറ്റ് പേപ്പർ വോട്ടെടുപ്പ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജി സുപ്രീംകോടതി തള്ളി. തെരഞ്ഞെടുപ്പ് സമയത്ത് വോട്ടിനായി പണവും മദ്യവും നൽകി വോട്ടർമാരെ സ്വാധീനിക്കുന്നത് കണ്ടെത്തുകയാണെങ്കിൽ കുറഞ്ഞത് അഞ്ച് വർഷത്തേക്ക് സ്ഥാനാർത്ഥികളെ അയോഗ്യരാക്കുന്നത് സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷന് നിർദേശം നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു. തിരഞ്ഞെടുപ്പിൽ ജയിച്ചാൽ ഇ.വി.എമ്മിൽ കൃത്രിമമില്ല, തോൽക്കുമ്പോൾ കൃത്രിമമെന്ന് പറയുന്നത് എന്തിനാണെന്നും സുപ്രീംകോടതി ഹർജിക്കാരനെ പരിഹസിച്ചു. ചന്ദ്രബാബു നായിഡു തോറ്റപ്പോൾ ഇതേ ആക്ഷേപമുയർത്തി. എന്നാൽ അടുത്ത തിരഞ്ഞെടുപ്പിൽ നിലപാടു മാറ്റി. ഇ.വി.എമ്മിൽ കൃത്രിമം നടന്നുവെന്ന അവകാശവാദങ്ങൾ പൊരുത്തമില്ലാത്തതാണെന്നും ജസ്റ്റിസ് വിക്രം നാഥ് പറഞ്ഞു.

രാഷ്ട്രീയ പാർട്ടികൾക്ക് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സംവിധാനത്തോട് പരാതിയില്ലെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. ജമ്മു കശ്മീരിലെ അനന്ത്നാഗ്രജൗരി മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് വൈകിപ്പിക്കാനുള്ള തിരഞ്ഞെടുപ്പ് കമ്മീഷന്റെ (ഇ.സി.ഐ) നീക്കത്തെക്കുറിച്ച് നാഷണൽ കോൺഫറൻസ് (എൻസി) വൈസ് പ്രസിഡന്റ് ഒമർ അബ്ദുള്ളയും പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി (പി.ഡി.പി) പ്രസിഡന്റ് മെഹബൂബ മുഫ്തിയും ചോദ്യങ്ങൾ ഉന്നയിച്ചതും സമീപകാലത്താണ്. വോട്ടിംഗ് പാറ്റേണിൽ കൃത്രിമം കാണിക്കുന്നുവെന്നായിരുന്നു ആക്ഷേപം.

ജമ്മുവിൽ ബി.ജെ.പിയുടെ ഗൂഢലോചനയാണ്. മെയ് മാസത്തിൽ ഉയർന്ന പ്രദേശങ്ങളിലേക്ക് കുടിയേറുന്ന ബേക്കർവാളുകളെന്ന നടോടി സമൂഹത്തിന്റെ വോട്ട് നിഷേധിക്കാനുള്ള ശ്രമമാണിത്. വോട്ട് ചെയ്തതിന് ശേഷം മാത്രമേ അവർ അവിടെ നിന്ന് മാറി താമസിക്കുകയുള്ളൂവെന്ന പ്രതീക്ഷയാണ് ഒമർ അബ്ദുല്ല പ്രകടിപ്പിച്ചത്.

തെരഞ്ഞെടുപ്പുകൾ ഒന്നിച്ചു നടത്താനുള്ള, ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നതിനിടെയാണ് വോട്ടിംഗ് യന്ത്രങ്ങളെ സംശയ നിഴലിലാക്കുന്ന വിവാദങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ അരങ്ങേറുന്നത് എന്നതാണ് ഏറെ കൗതുകകരം!

രാജ്യത്താകമാനം ഒറ്റ വോട്ടർ പട്ടിക എന്ന ആശയത്തേപ്പറ്റിയുള്ള ചർച്ചകൾ കേന്ദ്രം സജീവമാക്കുന്നു. വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശ, നിയമസഭ, ലോക്സഭാ തിരഞ്ഞെടുപ്പുകൾക്ക് ഒറ്റ വോട്ടർ പട്ടിക എന്നതിനേപ്പറ്റി പ്രധാനമന്ത്രിയുടെ ഓഫീസ് ചർച്ച ചെയ്തു കഴിഞ്ഞു. എന്നാൽ ഒറ്റ വോട്ടർ പട്ടിക എന്നതിന് ഭരണഘടനാ ഭേദഗതി വേണ്ടിവരും.

ലോക്സഭയിലേക്കും നിയമസഭകളിലേക്കും ഒരുമിച്ച് തിരഞ്ഞെടുപ്പുകൾ നടത്തണമെന്നത് ബി.ജെ.പിയും പ്രത്യേകിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഏറെക്കാലമായി മുന്നോട്ടുവെക്കുന്ന ആശയമാണ്. ഇതിന്റെ ഭാഗമായാണ് എല്ലവോട്ടർ പട്ടികയും ഒന്നാക്കാനുള്ള നിർദ്ദേശവുമായി കേന്ദ്രമെത്തുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾക്ക് ചില സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് കമ്മീഷനുകൾക്ക് പ്രത്യേകം വോട്ടർ പട്ടികയുണ്ട്. ഇവയും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർപട്ടികയും തമ്മിൽ ലയിപ്പിച്ച് ഒറ്റ വോട്ടർ പട്ടികയാക്കുക എന്നതാണ് കേന്ദ്രത്തിന്റെ ലൈൻ.

കേരളമടക്കം എഴ് സംസ്ഥാനങ്ങൾ വ്യത്യസ്തമായ വോട്ടർ പട്ടികയാണ് തദ്ദേശഭരണ തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്നത്. ഏതായാലും തെരഞ്ഞെടുപ്പ് എന്ന ജനാധിപത്യ ഉത്സവത്തിന്റെ സത്യവും പ്രൌഡിയും മങ്ങരുത്.

പുതിയ കാലത്തെ ഈ വെല്ലുവിളിയെ രാഷ്ട്രീയ പാർട്ടികൾ ഒന്നിച്ചു നേരിടണം. ഹാക്കർമാർ വോട്ടു ചെയ്യുന്ന കാലം വരാതിരിക്കട്ടെ.

*പ്രിജിത് രാജ്*

## പെരിന്തൽമണ്ണ സ്വർണക്കവർച്ച: പിടിയിലായവരിൽ വയലിനിസ്റ്റ് ബാലഭാസ്കറിന്റെ ഡ്രൈവറും



പെരിന്തൽമണ്ണ: പെരിന്തൽമണ്ണയിൽ ജുവലറിയുടമകളായ സഹോദരങ്ങളെ ആക്രമിച്ച് മൂന്നു കിലോ സ്വർണം കവർന്ന കേസിൽ പിടിയിലായവരിൽ വയലിനിസ്റ്റ് ബാലഭാസ്കറിന്റെ ഡ്രൈവറും. ബാലഭാസ്കറിന്റെ മരണത്തിനിടയാക്കിയ വാഹനാപകടത്തിൽ കാറിലുണ്ടായിരുന്ന തൃശൂർ പാട്ടുരായിക്കൽ കുറിയേടത്ത് മനയിൽ അർജുൻ (28) ആണ് അറസ്റ്റിലായത്. ഇയാളടക്കം കവർച്ചാക്കേസിൽ ഏഴ് പ്രതികളെ കസ്റ്റഡിയിൽ വാങ്ങി പൊലീസ് ചോദ്യം ചെയ്തു. അതിനിടയിലാണ് താൻ ബാലഭാസ്കറിന്റെ ഡ്രൈവറായിരുന്നു എന്ന വിവരം അർജുൻ പൊലീസിനോട് പറഞ്ഞത്. കവർന്ന സ്വർണവുമായെത്തിയ നാലുപേരെ ചെർപ്പുളശ്ശേരിയിൽ നിന്നും മറ്റൊരു വാഹനത്തിൽ കൂട്ടുപ്രതിയായ മിഥുന്റെ വീട്ടിലെത്തിച്ചത് അർജുനായിരുന്നു. മുൻപും രണ്ട് കവർച്ചാസംഘങ്ങൾക്കൊപ്പം വാഹനമോടിച്ചതിന് ഇയാൾക്കെതിരെ കേസുണ്ട്. ഒരു വാഹനാപകടക്കേസും ഒരു അടിപിടിക്കേസുമുണ്ട്.

കഴിഞ്ഞ 21ന് രാത്രിയിലാണ് ജുവലറി അടച്ച് ബൈക്കിൽ വീട്ടിലേക്ക് പോവുകയായിരുന്ന കെ.എം ജുവലറിയുടമകളെ കാറിടിച്ച് വീഴ്ത്തി സ്വർണം കവർന്നത്. കവർന്ന 1.723 കിലോഗ്രാം സ്വർണവും 32.79 ലക്ഷം രൂപയും പിടിയിലായ പ്രതികളിൽ നിന്ന് കണ്ടെടുത്തു. പ്രതികളായ തൃശൂർ വെള്ളാനിക്കര കൊട്ടിയാട്ടിൽ സലീഷ്, കിഴക്കുംപാട്ടുകര പട്ടത്ത് മിഥുൻ, സതീഷ്, പീച്ചി ആലപ്പാറ പയ്യംകോട്ടിൽ കണ്ണറ കഞ്ഞിക്കാവിൽ ലിസൺ എന്നിവരെ ഉൾപ്പെടെ കസ്റ്റഡിയിൽ വാങ്ങി നടത്തിയ തെളിവെടുപ്പിലാണ് ഉരുക്കിയ സ്വർണവും സ്വർണം വിറ്റുനേടിയ പണവും കണ്ടെടുത്തത്. സ്വർണം ഉരുക്കി ഏഴു കട്ടികളാക്കിയിരുന്നു.

സതീഷിന്റെ വീട്ടിൽ നിന്ന് സ്വർണം ഉരുക്കാൻ ഉപയോഗിച്ച ഉപകരണങ്ങളും പിടികൂടി. കേസിൽ മൊത്തം 18 പ്രതികളുണ്ട്. ശേഷിക്കുന്നവരെ പിടികൂടാൻ പൊലീസ് തെരച്ചിൽ ഊർജിതമാക്കി. ആദ്യം കസ്റ്റഡിയിൽ വാങ്ങിയ രണ്ടുപേരെ നാളെയും അഞ്ചുപേരെ ഡിസംബർ നാലിനും കോടതിയിൽ ഹാജരാക്കും.






# ശിവഗിരി പ്രശ്നവും പെരുന്ന പ്രശ്നവും ആന്റണിയെ പ്രതിസന്ധിയിലാക്കി




**ശിവഗിരി, പെരുന്ന സംഭവങ്ങൾ ആന്റണി സർക്കാരിന്മേൽ അപ്രതീക്ഷിതമായി വന്നു ഭവിച്ച ഇടിത്തീകളായിരുന്നു. രണ്ടു സംഭവങ്ങളിലും ആന്റണിക്ക് ഒരു പങ്കുമില്ലായിരുന്നു. ശിവഗിരി എന്നത് ശ്രീനാരായണീയർക്ക് ഏറ്റവും പവിത്രമായ സ്ഥലമാണ്. അവിടെ അധികാരത്തർക്കം കൊടുംപിരിക്കൊണ്ടതും പെരുന്നയിൽ പ്രധാനമന്ത്രിയുടെ അംഗരക്ഷകർ പാദരക്ഷ ധരിച്ച് കയറിയതും വൻ വിവാദമായി.**


ജോഷി ജോർജ്

തിരൂരങ്ങാടി തിരഞ്ഞെടുപ്പിൽ എ.കെ. ആന്റിയുടെ വിജയം സുനിശ്ചിതമായിരുന്നു. 22,161 വോട്ടിന്റെ ഭൂരിപക്ഷത്തിന് ആന്റണി ജയിക്കുകയും ചെയ്തു. ബാബറി മസ്ജിദ് തകർത്തതിന് ശേഷമുള്ള പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ ഈ വിജയം മിന്നുന്ന വിജയം തന്നെയായിരുന്നു. അതുപോലെതന്നെ ആന്റണി ഭരണം തികച്ചും വ്യത്യസ്ത രീതിയിൽ കൊണ്ടുപോകാൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹം പഞ്ചായത്തീരാജ് നഗരപാലിക നിയമമനുസരിച്ച് തദ്ദേശഭരണ തിരഞ്ഞെടുപ്പ് നടത്തി.

ആ നിയമപ്രകാരം സ്ത്രീകൾക്ക് 33%, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 10% എന്നിങ്ങനെ സംവരണം ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. പൊതുമേഖല സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ നിയമനങ്ങൾ മാത്രമല്ല സർക്കാർ അർദ്ധ സർക്കാർ നിയമനങ്ങൾ എല്ലാം തന്നെ പി.എസ്.സി വഴിയാക്കി. പോലീസിന്റെ പ്രവർത്തനങ്ങളിൽ പാർട്ടി പ്രവർത്തകരുടെ ഇടപെടൽ ഉണ്ടാകരുതെന്ന് കർശന നിർദേശം ആന്റണി നൽകി.

ചാരായ നിരോധനമായിരുന്നു ആന്റണിയുടെ മറ്റൊരു സുപ്രധാന തീരുമാനം. 1996 ഏപ്രിൽ ഒന്നിന് സംസ്ഥാനത്ത് ചാരായം നിരോധിച്ചു. 5600 ചാരായ ഷാപ്പുകൾ പൂട്ടിച്ചു.

എന്നാൽ, ശിവഗിരി, പെരുന്ന സംഭവങ്ങൾ ആന്റണി സർക്കാരിന്മേൽ അപ്രതീക്ഷിതമായി വന്നുഭവിച്ച ഇടിത്തീകളായിരുന്നു. രണ്ടു സംഭവങ്ങളിലും ആന്റണിക്ക് ഒരു പങ്കുമില്ലായിരുന്നു. ശിവഗിരി എന്നത് ശ്രീനാരായണീയർക്ക് ഏറ്റവും പവിത്രമായ പുണ്യസ്ഥലമാണ്. തെക്കൻ ബനാറസ് എന്നാണ് വർക്കലയിലെ ശിവഗിരി കുന്നിനെ കണക്കാക്കിയിരുന്നത്. അവിടെയാണ് ശ്രീനാരായണ ഗുരുവിന്റെ സമാധിസ്ഥലം. സന്യാസിവര്യനായ സ്വാമി ശാശ്വതീകാനന്ദ ഒട്ടേറെ കാലം അവിടെ മഠാധിപതിയായിരുന്നു. ക്രമേണ മഠത്തിലെ സന്യാസിമാർക്കിടയിൽ വിഭാഗീയത വളർന്നു. യോഗിവര്യനായ സ്വാമി പ്രകാശാനന്ദയുടെ നേതൃത്വത്തിൽ മറ്റൊരു വിഭാഗം രൂപംകൊണ്ടു. മഠത്തിന്റെ ഭരണസമിതിതെരഞ്ഞെടുപ്പ്നടന്നപ്പോൾ വൻവിജയം ലഭിച്ചത് സ്വാമി പ്രകാശാനന്ദക്കും കൂട്ടർക്കും ആയിരുന്നു.

എന്നാൽ എതിർപക്ഷം മഠത്തിന്റെ ഭരണംവിട്ടുകൊടുക്കാൻവിസമ്മതിച്ചു. അവർ കോടതിയെ ശരണം പ്രാപിച്ചു. കേസുകളിൽ ശാശ്വതീകാനന്ദ പക്ഷം പരാജയപ്പെട്ടു. പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട സ്വാമി പ്രകാശാനന്ദക്കും പുതിയ ഭരണസമിതിക്കും ഭരണം നൽകാൻ ഹൈക്കോടതി അന്തിമ വിധി വന്നു. ആ വിധി നടത്തിക്കൊടുക്കുക എന്നത് ആന്റണി സർക്കാരിന്റെ മുന്നിലെ ഏറ്റവും വലിയ വെല്ലുവിളിയായി ഉയർന്നു.

1995 ജൂണിലായിരുന്നു വിധിഒന്നുകിൽ ഒരു മാസത്തിനകം ആ വിധി നടപ്പിലാക്കികൊടുക്കുക. അല്ലെങ്കിൽ കോടതിനടപടികൾനേരിടുക എന്ന്സർക്കാരിനോട് കോടതി ആവശ്യപ്പെട്ടു. വിധി നടപ്പാക്കാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥന്മാർ പരിഭ്രാന്തിയിലായി. അവർ സർക്കാരിൽ സമ്മർദ്ദം ചെലുത്തി. കോടതിയലക്ഷ്യ കേസിൽപ്പെട്ട് ജയിലിൽ പോയ ഉദ്യോഗസ്ഥന്മാരുടെ അനുഭവം ചൂണ്ടിക്കാട്ടി. ഇവിടെ ചില രാഷ്ട്രീയ പാർട്ടികളുടെ കളികളാണ് സംഭവം ഇത്ര വഷളാക്കിയത്. ശിവഗിരി കാര്യത്തിൽ ആർ.എസ്.എസ് ബി.ജെ.പി, പി.ഡി.പി എന്നീ രാഷ്ട്രീയ സംഘടനകൾ അണിയറയിൽ ചരടുകൾ വലിച്ചതാണ് ഈ പ്രശ്നം ഇത്രമേൽ വഷളാകാൻ കാരണം.

ആർ.എസ്.എസ് പരസ്യമായിപ്രകാശാനന്ദയുടെ പക്ഷം ചേർന്നു. ആന്റണി സർക്കാർ കോടതിവിധി നടപ്പാക്കണം എന്നും പ്രകാശാനന്ദയ്ക്ക് അധികാരം ഏൽപ്പിച്ചു കൊടുക്കണം എന്നും അവർ ആവശ്യപ്പെട്ടു. രാഷ്ട്രീയ ലാഭം ലക്ഷ്യം വച്ചുകൊണ്ടുള്ള കൃത്യമായ ഇടപെടൽ ആയിരുന്നു അത്. അതോടെ സവർണ്ണ ഫാസിസ്റ്റുകൾ ശിവഗിരി പിടിച്ചടക്കാൻ ശ്രമിക്കുന്നു എന്ന ആരോപണവുമായി ശാശ്വതീകാനന്ദയുടെ അനുയായികൾ പ്രത്യക്ഷപ്പെട്ടു.

പ്രകാശാനന്ദയുടെ നേതൃ സംഘത്തിലെ ഒരു സ്വാമി മുന്നോക്കക്കാരനായിരുന്നു എന്നതായിരുന്നു ആ വാദത്തിന് ബലം പകരാൻ കാരണം. അദ്ദേഹത്തെ എതിരാളികൾ ആർ.എസ്.എസുകാരനായി മുദ്രകുത്തി. ശ്രീനാരായണീയർക്കിടയിൽ ഏറെ പ്രചാരമുള്ള കേരളകൗമുദി ദിനപത്രം ശാശ്വതീകാനന്ദയുടെ പക്ഷത്ത് നിലയുറപ്പിച്ചു. അബ്ദുൾ നാസർ മദനി ആകട്ടെ ഈ അവസരം മുതലെടുക്കാൻ തന്റെ ആവനാഴിയിലുള്ള പിന്നോക്ക താല്പര്യ സംരക്ഷണം എന്ന തുറുപ്പുചീട്ട് പുറത്തെടുത്തു.

മദനി മറ്റൊന്നു കൂടി ചെയ്തു. ശിവഗിരിയെ രക്ഷിക്കാൻ ശിവഗിരി സംരക്ഷണ സേന എന്ന ഒരു പ്രസ്ഥാനത്തിന്തന്നെതുടക്കമിട്ടു.ഹൈക്കോടതി സർക്കാരിന് അനുവദിച്ച സമയം പൂർത്തിയാകും മുൻപേ ശാശ്വതീകാനന്ദയുടെ അനുയായികൾ ശിവഗിരി കുന്നിൽ തമ്പടിക്കാൻ തുടങ്ങി. മദനി പി.ഡി.പി വോളണ്ടിയർമാരെ അവിടെ എത്തിച്ചു കൊണ്ട് സംരക്ഷണ ചുമതല സ്വയം ഏറ്റെടുത്തു.

ആർ.ശങ്കറിന്റെ മകൻ മോഹൻ ശങ്കർ മതമൗലിക ഫാസിസ്റ്റുകളുടെ പിടിച്ചെടുക്കൽ സമരത്തിനെതിരെ ശിവഗിരി കുന്നിൽ നിരാഹാര സമരം പ്രഖ്യാപിച്ച് ഇരിപ്പായി. 1995 ഒക്ടോബർ 11ന് പോലീസിന്റെ സഹായത്തോടെ പ്രകാശാനന്ദ പക്ഷം ശ്രീനാരായണ ധർമ്മസങ്കത്തിന്റെ ഭരണ ചുമതല ഏറ്റെടുത്തു. ഒരുതരത്തിലുള്ള ബലപ്രയോഗവും പാടില്ലെന്ന് പോലീസിന് കർശന നിർദ്ദേശം നൽകി ആന്റണി. ശാശ്വതീകാനന്ദ സ്വാമിയുടെ അനുയായികളും പി.ഡി.പി പ്രവർത്തകരും പോലീസുമായി ഏറ്റുമുട്ടി. വടി വാളും കുറുവടിയും മറ്റും ഉപയോഗിച്ചായിരുന്നു പി.ഡി.പി പ്രവർത്തകരുടെ ആക്രമണം.



ആന്റണി സർക്കാരിന്റെ എതിരാളികൾ ശിവഗിരി സംഭവം നന്നായി ആഘോഷിച്ചു. ഇതെല്ലാം കണ്ടും കേട്ടും ആസ്വദിച്ചും കെ.കരുണാകരൻ മൗനിയായി ഇരുന്നു. ഇതുതന്നെയാണ് പെരുന്നയിലും സംഭവിച്ചത്. എൻ.എസ്.എസ് ആസ്ഥാനത്ത് സമുദായ ആചാര്യൻ മന്നത്ത് പത്മനാഭന്റെ സ്മൃതി കുടീരത്തിൽ പ്രധാനമന്ത്രി നരസിംഹ റാവു പുഷ്പാർച്ചന നടത്താൻ എത്തി. പ്രധാനമന്ത്രിയുടെ അംഗരക്ഷകർ അവിടെ പാദരക്ഷ ധരിച്ച് കയറി. നായർ സമുദായം അതിപാവനമായി കരുതുന്ന സ്ഥലമാണ് ആ സ്മൃതികുടീരം. അതുകൊണ്ടുതന്നെ നായർസമുദായ അംഗങ്ങളെ അതു വല്ലാതെ വേദനിപ്പിച്ചു. ആ പ്രശ്നവും എത്തിച്ചേർന്നത് ആന്റണിയുടെ മേൽ തന്നെ ആയിരുന്നു. സത്യത്തിൽ ഈ രണ്ടു സംഭവങ്ങളിലും ആന്റണി നിരപരാധി ആയിരുന്നു.

പക്ഷേ അതിന്റെ രാഷ്ട്രീയ തിക്ത ഫലങ്ങൾ അനുഭവിക്കേണ്ടിവന്നത് അദ്ദേഹവും യു.ഡി.എഫും ആണ്. തുടർന്ന് 1996 മേയ് എട്ടിന് നടന്ന നിയമസഭ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് പരാജയപ്പെട്ടു. ലോക്സഭാ തെരഞ്ഞെടുപ്പും ഇതിനോടൊപ്പമാണ് നടന്നത്.

കരുണാകരൻ തൃശ്ശൂരിലും മുരളീധരൻ കോഴിക്കോടും ലോകസഭയിലേക്ക് മത്സരിച്ചു. എസ്.എൻ.ഡി.പി യോഗം പ്രസിഡന്റ് കെ.കെ. രാഹുലനും വൈസ് പ്രസിഡന്റ് ജി. പ്രിയദർശനും മോഹൻ ശങ്കരനും കോൺഗ്രസ് നിയമസഭാ സീറ്റ് നൽകി. എൻ.എസ്.എസ് അന്ന് യു.ഡി.എഫിന് എതിരായിരുന്നു. ശിവഗിരി ആക്ഷൻ കൗൺസിൽ ആന്റണി കോൺഗ്രസിനെതിരെ രഥയാത്ര നടത്തി. കോൺഗ്രസിന്റെ ഉള്ളിൽ ഒരുതരത്തിലുള്ള ഐക്യവും അപ്പോൾ ഉണ്ടായിരുന്നില്ല.

സ്ഥാനാർത്ഥിനിർണയ തർക്കം അതിന്റെ പാരമ്യതയിൽ എത്തി. ചാരായ നിരോധനം ഒരുതരത്തിലും യു.ഡി.എഫിന് പ്രയോജനം ചെയ്തില്ല. ഇടതുപക്ഷം 80 സീറ്റിൽ ജയിച്ചപ്പോൾ യു.ഡി.എഫിന് 59 സീറ്റ് കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു കോൺഗ്രസിന് ആകട്ടെ, കേവലം 37 സീറ്റ് മാത്രമാണ് ലഭിച്ചത്.

ലോകസഭാ തിരഞ്ഞെടുപ്പിൽ ഇരു മുന്നണികൾക്കും പതിപ്പത്ത് സീറ്റുകൾ ലഭിച്ചു. പുതുപ്പള്ളിയിൽ ഉമ്മൻചാണ്ടിയുടെ എതിരാളി റെജി സക്കറിയ ആയിരുന്നു. 10,155 വോട്ടിന്റെ ഭൂരിപക്ഷത്തോടെ ഉമ്മൻചാണ്ടി വിജയശ്രീലാളിതനായി. ആന്റണി ആകട്ടെ ജന്മസ്ഥലമായ ചേർത്തലയാണ് മത്സരിച്ചത് എതിർ സ്ഥാനാർത്ഥി സി.പി.ഐയുടെ സി.കെ. ചന്ദ്രപ്പൻ. ആന്റണിയുടെ ഭൂരിപക്ഷം 8,385 വോട്ട് ആയിരുന്നു. ലോകസഭയിലേക്ക് മത്സരിച്ച കെ. കരുണാകരനും കെ. മുരളീധരനും തോറ്റുപോയി.

തീർന്നില്ല, സി.പി.എമ്മിന്റെ മുഖ്യമന്ത്രി സ്ഥാനാർത്ഥി വി.എസ്. അച്യുതാനന്ദൻ മാരാരിക്കുളത്ത് കോൺഗ്രസിലെ പി.ജെ. ഫ്രാൻസിസിനോട് അടിയറവ് പറഞ്ഞ തെരഞ്ഞെടുപ്പ് കൂടിയായിരുന്നു അത്. 1996 ലെ ആ തെരഞ്ഞെടുപ്പിലെ ഏറ്റവും ഞെട്ടിപ്പിച്ച സംഭവം വി.എസ്. അച്യുതാനന്ദന്റെ പരാജയം തന്നെയായിരുന്നു.

വി.എസ് പക്ഷവും നായനാരുടെ ആശിർവാദമുള്ള സി.ഐ.ടി വിഭാഗവും തമ്മിൽ ഏറ്റുമുട്ടൽ കൊടുമ്പിരക്കൊണ്ട പശ്ചാത്തലത്തിൽ ആയിരുന്നു തെരഞ്ഞെടുപ്പ്. ഇ.കെ. നായനാർ അന്ന് സംസ്ഥാനത്തെ പാർട്ടി സെക്രട്ടറിയാണ്. അതുകൊണ്ടുതന്നെ അദ്ദേഹം മത്സരത്തിനു ഉണ്ടായിരുന്നില്ല. പാർട്ടി കേന്ദ്ര കമ്മിറ്റി അംഗമായ സുശീലഗോപാലിനെ നിയമസഭാ കക്ഷി നേതാവായി നിർദ്ദേശിച്ചു. അമ്പലപ്പുഴയിൽ നിന്ന് അവർ ജയിച്ചു. എന്നാൽ പിറ്റേദിവസം നേതാവിനെ നിശ്ചയിക്കാൻ സ്റ്റേറ്റ് കമ്മിറ്റി കൂടി. അത്ഭുതമെന്നുപറയട്ടെ, ഒറ്റരാത്രികൊണ്ട് നായനാരും വി.എസ്.അച്ചുതാനന്ദനും ഒറ്റക്കെട്ടായി മാറി. സുശീല ഗോപാലനെതിരെ നായനാർ മത്സരിച്ചു. നിസ്സാര വോട്ടിന് നായനാർ ജയിച്ചതോടെ അദ്ദേഹം അടുത്ത മുഖ്യമന്ത്രിയായി.

(തുടരും)

# 2028 ലെ യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ്: വൈറ്റ് ഹൗസ് പ്രവേശനം കാത്തിരിക്കുന്ന മുൻനിരതാരങ്ങളെ അറിയാം

ന്യൂയോർക്ക്: നവംബറിൽ നടന്ന എമേഴ്സൺ പോളിംഗ് സർവേയിൽ, 2028 ലെ യുഎസ് പ്രസിഡന്റ് സ്ഥാനാർത്ഥിത്വത്തിന് 37% പിന്തുണയുമായി യുഎസ് വൈസ് പ്രസിഡന്റ് കമലാ ഹാരിസ് ഡെമോക്രാറ്റുകൾക്കിടയിൽ മുന്നിലാണെന്ന് വെളിപ്പെടുത്തൽ.

കാലിഫോർണിയ ഗവർണർ ഗാവിൻ ന്യൂസോം 7 ശതമാനവും ഗതാഗത സെക്രട്ടറി പീറ്റ് ബുട്ടിഗീഗ് 4 ശതമാനവും വോട്ട് നേടി.

ഇൻഡിപെൻഡന്റ് റിപ്പോർട്ട് അനുസരിച്ച്, റിപ്പബ്ലിക്കൻമാരിൽ, യുഎസ് വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജെഡി വാൻസിന് 30% പിന്തുണയുണ്ട്. ഫ്ളോറിഡ ഗവർണർ റോൺ ഡിസാന്റിസിനും വിവേക് രാമസ്വാമിക്കും 5% ത്തിലധികം പിന്തുണയുണ്ട്.

വോട്ടെടുപ്പ് നടത്തുന്നവർ മുൻകൂട്ടി എഴുതിയ ഓപ്ഷനുകൾ നൽകിയിരുന്നില്ല. പകരം പ്രതികരിക്കുന്നവർ അവരുടെ തിരഞ്ഞെടുപ്പുകൾ എന്താണോ അത് പൂരിപ്പിച്ചു.

ഇത് റിപ്പബ്ലിക് റാഷിദ ത്ലൈബ്, മുൻ പ്രഥമ വനിത മിഷേൽ ഒബാമ എന്നിവരുൾപ്പെടെയുള്ള സ്ഥാനാർത്ഥികളുടെ വിശാലമായ പട്ടിക തന്നെ വെളിപ്പെടുത്തി. കാലിഫോർണിയയിലെ ഗവർണർ സ്ഥാനത്തേക്കോ മറ്റൊരു പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പോ പരിഗണിക്കുമ്പോൾ കമല ഹാരിസ് തന്റെ രാഷ്ട്രീയ ഭാവിയെക്കുറിച്ച് ആലോചിക്കുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

തന്റെ തിരഞ്ഞെടുപ്പ് എന്താണെന്ന് വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നതായും ശൈത്യകാല അവധിക്കാലത്ത് അവളുടെ പാത വിലയിരുത്തുമെന്നും അവൾ സഹായികളോട് ആശയവിനിമയം നടത്തിയിട്ടുണ്ട്.

കമലാ ഹാരിസിന് തന്റെ രാഷ്ട്രീയ ബന്ധങ്ങൾ കാത്തുസൂക്ഷിക്കുമ്പോൾ യാത്ര ചെയ്യാനും അനുയായികളുമായി ഇടപഴകാനും ഒരു പ്ലാറ്റ്ഫോം സ്ഥാപിക്കാൻ കഴിയുമെന്ന് ഒരു മുൻ പ്രചാരണ സഹായി അഭിപ്രായപ്പെട്ടുവെന്ന് ഇൻഡിപെൻഡന്റ് അഭിപ്രായപ്പെട്ടു.

# കുട്ടികൾക്കായി ആ ബിൽ ഓസ്ട്രേലിയ പാസാക്കി



സോഷ്യൽ മീഡിയയിൽ നിന്ന് 16 വയസ്സിന് താഴെയുള്ള കുട്ടികളെ നിരോധിക്കുന്ന ബിൽ ഓസ്ട്രേലിയയിലെ ജനപ്രതിനിധിസഭ പാസാക്കിയിരിക്കുകയാണ്. ലോകത്തിലെ ആദ്യത്തെ ഇത്തരമൊരു നിയമത്തിന് അന്തിമരൂപം നൽകുന്നത് ഓസ്ട്രേലിയയാണ്.

ടിക് ടോക്ക്, ഫെയ്സ്ബുക്ക്, സ്നാപ്ചാറ്റ്, റെഡ്ഡിറ്റ്, എക്സ്, ഇൻസ്റ്റാഗ്രാം എന്നിവയുൾപ്പെടെയുള്ള പ്ലാറ്റ്ഫോമുകൾ ചെറിയ കുട്ടികൾ അക്കൗണ്ടുകൾ കൈവശം വയ്ക്കുന്നത് തടയുന്നതിനുള്ള വ്യവസ്ഥാപരമായ പരാജയങ്ങൾക്ക് 50 ദശലക്ഷം ഓസ്ട്രേലിയൻ ഡോളർ (33 മില്യൺ ഡോളർ) വരെ പിഴ ചുമത്തുന്ന ബില്ലിനെ പ്രധാന പാർട്ടികൾ എല്ലാം തന്നെ പിന്തുണയ്ക്കുകയായിരുന്നു.

നിയമനിർമ്മാണം 102 മുതൽ 13 വരെ പാസാക്കി. ഈ ആഴ്ച ബിൽ നിയമമാകുകയാണെങ്കിൽ, പിഴകൾ നടപ്പിലാക്കുന്നതിന് മുമ്പ് പ്രായ നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ പ്ലാറ്റ്ഫോമുകൾക്ക് ഒരു വർഷം സമയം ലഭിക്കും. സെനറ്റിൽ സ്വകാര്യത പരിരക്ഷ നൽകുന്ന ഭേദഗതികൾ അംഗീകരിക്കാൻ സർക്കാർ സമ്മതിച്ചതായി പ്രതിപക്ഷ നിയമസഭാംഗം ഡാൻ ടെഹാൻ പാർലമെന്റിൽ വ്യക്തമാക്കി.

പാസ്പോർട്ടുകളോ ഡ്രൈവിംഗ് ലൈസൻസുകളോ ഉൾപ്പെടെ സർക്കാർ നൽകുന്ന തിരിച്ചറിയൽ രേഖകൾ നൽകാൻ ഉപയോക്താക്കളെ നിർബന്ധിക്കാൻ പ്ലാറ്റ്ഫോമുകൾ അനുവദിക്കില്ല. പ്ലാറ്റ്ഫോമുകൾക്ക് സർക്കാർ സംവിധാനത്തിലൂടെ ഡിജിറ്റൽ തിരിച്ചറിയൽ ആവശ്യപ്പെടാനും കഴിഞ്ഞില്ലെന്ന് തെഹാൻ പാർലമെന്റിൽ പറഞ്ഞു.

വേണ്ടത്ര സൂക്ഷ്മപരിശോധന കൂടാതെ നിയമനിർമ്മാണം പാർലമെന്റിലൂടെ തിടുക്കത്തിൽ കൊണ്ടുവന്നു, അത് പ്രവർത്തിക്കില്ല, എല്ലാ പ്രായത്തിലുമുള്ള ഉപയോക്താക്കൾക്ക് സ്വകാര്യത അപകടസാധ്യതകൾ സൃഷ്ടിക്കും, അവരുടെ കുട്ടികൾക്ക് ഏറ്റവും മികച്ചത് എന്താണെന്ന് തീരുമാനിക്കാനുള്ള മാതാപിതാക്കളുടെ അധികാരം ഇല്ലാതാക്കും എന്നിങ്ങനെ എതിർപ്പുമായി എത്തിയവരും ഉണ്ട്.

നിരോധനം കുട്ടികളെ ഒറ്റപ്പെടുത്തുമെന്നും സോഷ്യൽ മീഡിയയുടെ പോസിറ്റീവ് വശങ്ങൾ നഷ്ടപ്പെടുത്തുമെന്നും കുട്ടികളെ ഡാർക്ക് വെബിലേക്ക് നയിക്കുമെന്നും ഓൺലൈൻ ഇടങ്ങൾ സുരക്ഷിതമാക്കുന്നതിനുള്ള പ്ലാറ്റ്ഫോമുകൾക്കുള്ള പ്രോത്സാഹനം ഇല്ലാതാക്കുമെന്നും വിമർശകർ വാദിക്കുന്നു.

ഈ നിയമ നിർമ്മാണത്തിന്റെ യഥാർത്ഥ ലക്ഷ്യം രൂപകൽപ്പനയിലൂടെ സോഷ്യൽ മീഡിയയെ സുരക്ഷിതമാക്കുകയല്ല, മറിച്ച് സർക്കാർ ഇതിനെക്കുറിച്ച് എന്തെങ്കിലും ചെയ്യുന്നതായി മാതാപിതാക്കളെയും വോട്ടർമാരെയും തോന്നിപ്പിക്കുക എന്നതാണെന്ന് ഡാനിയൽ പാർലമെന്റിനോട് പറഞ്ഞു. ഈ നിയമനിർമ്മാണം ലോകത്തെ മുൻനിരയായി സർക്കാർ അവതരിപ്പിക്കുന്നതിന് ഒരു കാരണമുണ്ട്, കാരണം മറ്റൊരു രാജ്യവും ഇത് ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്നും അവർ കൂട്ടിച്ചേർത്തു.

അതേസമയം നിയമനിർമ്മാണത്തെക്കുറിച്ചുള്ള വോട്ടെടുപ്പ് അടുത്ത വർഷം ജൂൺ വരെ വൈകിപ്പിക്കണമെന്ന് പ്ലാറ്റ്ഫോമുകൾ ആവശ്യപ്പെട്ടിരുന്നു. വയസ്സ് ഉറപ്പുനൽകുന്ന സാങ്കേതികവിദ്യകളുടെ സർക്കാർ കമ്മീഷൻ ചെയ്ത വിലയിരുത്തൽ നിരോധനം എങ്ങനെ പ്ലാറ്റ്ഫോം ചെയ്യാം എന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി.

മെൽബൺ നിവാസിയായ വെയ്ൻ ഹോൾഡ്സ്വർത്ത്, 17 വയസ്സുള്ള മകൻ മാക് കഴിഞ്ഞ വർഷം ഒരു ഓൺലൈൻ സെക്സ്റ്റോർഷൻ കുംഭകോണത്തിന് ഇരയായതിന് ശേഷം ആത്മഹത്യ ചെയ്തുവെന്നും ബില്ല് നമ്മുടെ കുട്ടികളുടെ സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്നും വിശേഷിപ്പിച്ചു.

വിദ്യാഭ്യാസം പ്രധാനമായതിനാൽ അവരെ സംരക്ഷിക്കാൻ തങ്ങൾ ചെയ്യേണ്ടത് ഇത് മാത്രമല്ല, ഇത് കൈകാര്യം ചെയ്യാൻ തങ്ങളുടെ കുട്ടികൾക്കും മാതാപിതാക്കൾക്കും അടിയന്തിര പിന്തുണ നൽകുക, ഇത് ഒരു മികച്ച ചുവടുവെപ്പാണെന്നും 65 കാരനായ ഓൺലൈൻ സുരക്ഷാ ഉപദേഷ്ടാവ് ചൊവ്വാഴ്ച അസോസിയേറ്റഡ് പ്രസ്സിനോട് പറയുകയുണ്ടായി.



## ജസ്റ്റിസ് മൻമോഹനെ സുപ്രീംകോടതി ജഡ്ജിയാക്കാൻ ശുപാർശ

ന്യൂഡൽഹി: ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ് മൻമോഹനെ സുപ്രീംകോടതി ജഡ്ജിയാക്കാൻ ശുപാർശ ചെയ്ത് സുപ്രീംകോടതി കൊളീജിയം. ഡൽഹി ഹൈക്കോടതിയിൽ നിന്നുള്ള പ്രാതിനിധ്യം ഉറപ്പാക്കാനാണിത്.

അവിടെ നിന്ന് സ്ഥാനക്കയറ്റം ലഭിച്ച ഒരു ജഡ്ജി മാത്രമാണ് ഇപ്പോൾ സുപ്രീംകോടതിയിലുള്ളത് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന. ജസ്റ്റിസ് മൻമോഹന്റെ നിയമനം അംഗീകരിച്ചാൽ സുപ്രീംകോടതി ജഡ്ജിമാരുടെ അംഗബലം 33 ആകും.

പൂർണ അംഗബലത്തിലെത്താൻ 34 ജഡ്ജിമാർ വേണം. ഹൈക്കോടതി ജഡ്ജിമാരുടെ അഖിലേന്ത്യാ സീനിയോറിറ്റി പട്ടികയിൽ രണ്ടാം സ്ഥാനത്താണ് ജസ്റ്റിസ് മൻമോഹൻ.

2008 മാർച്ച് 13ന് ഡൽഹി ഹൈക്കോടതി ജഡ്ജിയായി. കഴിഞ്ഞ സെപ്തംബർ 29ന് അവിടെ തന്നെ ചീഫ് ജസ്റ്റിസായി.









# വനിതാ പൈലറ്റിന്റെ മരണം ആസൂത്രിതമെന്ന് ആരോപണം: കാമുകനെതിരെ കുടുംബം




മുംബയ്: കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയ വനിതാ പൈലറ്റ് സൃഷ്ടി തുലിയുടെ (27) മരണത്തിൽ കാമുകനെതിരെ കൂടുതൽ ആരോപണങ്ങൾ. കാമുകൻ ആദിത്യ പണ്ഡിറ്റ് സൃഷ്ടിയെ പരസ്യമായി അപമാനിച്ചെന്നും മാനസികമായി പീഡിപ്പിച്ചെന്നും പണം തട്ടിയെടുത്തെന്നും സൃഷ്ടിയുടെ കുടുംബം ആരോപിച്ചു.

മറ്റൊരു വനിതാ പൈലറ്റിനും പങ്കുണ്ടെന്നും ആസൂത്രിത കൊലപാതകമാണെന്നും കുടുംബം പറയുന്നു. തിങ്കളാഴ്ച പുലർച്ചെ ആദിത്യയെ വിളിച്ച് സൃഷ്ടി ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞിരുന്നു. ഫ്ളാറ്റിന്റെ വാതിൽ പൂട്ടിയിട്ടതിനെ തുടർന്ന് ഒരാളെ വിളിച്ച് ആദിത്യ വാതിൽ തുറന്നപ്പോൾ സൃഷ്ടിയെ ഡേറ്റാ കേബിൾ ഉപയോഗിച്ച് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

പരാതിയുടെ അടിസ്ഥാനത്തിൽ ആത്മഹത്യ പ്രേരണക്കുറ്റത്തിന് ആദിത്യയെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിരുന്നു. രണ്ട് വർഷം മുമ്പ് ഡൽഹിയിൽ കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിനു പഠിക്കുന്നതിനിടെയാണ് ആദിത്യയെ പരിചയപ്പെട്ടത്.

ആദിത്യയുടെ തുടർച്ചയായ ശല്യവും പരസ്യമായ അപമാനിക്കലും കാരണമാണ് സൃഷ്ടി ആത്മഹത്യ ചെയ്തതെന്നാണ് റിപ്പോർട്ട്. സൃഷ്ടിയുടെ ഭക്ഷണശീലത്തിൽ ഉൾപ്പെടെ ആദിത്യ ഇടപെട്ടിരുന്നു. മാംസ ഭക്ഷണം കഴിക്കരുതെന്ന് ഇയാൾ നിർദ്ദേശിച്ചിരുന്നുവെന്ന് എഫ്.ഐ.ആറിൽ പറയുന്നു.

സൃഷ്ടിയെ പരസ്യമായി ഉപദ്രവിക്കുകയും അപമാനിക്കുകയും ചെയ്തിരുന്നതായി കുടുംബം നൽകിയ പരാതിയിൽ പറയുന്നു. വഴക്കുണ്ടാക്കുകയും അസഭ്യം പറയുകയും ചെയ്തിരുന്നെങ്കിലും സൃഷ്ടി ബന്ധം ഉപേക്ഷിക്കാൻ തയാറായില്ല.

സൃഷ്ടിയുടെ മരണത്തിൽ മറ്റൊരു വനിതാ പൈലറ്റിനും പങ്കുണ്ടെന്ന് കുടുംബം ആരോപിക്കുന്നു. സംഭവസമയം അവിടെ മറ്റൊരു വനിതാ പൈലറ്റുണ്ടായിരുന്നു. അവളാണ് ഫ്ളാറ്റ് തുറക്കാൻ താക്കോൽ നിർമ്മിക്കുന്നയാളെ വിളിച്ചത്. ആദിത്യ വാതിൽ തുറന്ന് സൃഷ്ടിയെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഒരാൾ മരിച്ചു കിടക്കുന്ന ഫ്ളാറ്റിന്റെ വാതിൽ പൊലീസുകാരെ വിളിക്കാതെ ആരെങ്കിലും തുറക്കുമോ?

ഇവർ പരിശീലനം ലഭിച്ച പൈലറ്റുമാരാണ്. സൃഷ്ടി ആത്മഹത്യ ചെയ്തെന്ന് വിശ്വസിക്കുന്നില്ല. ആസൂത്രിത കൊലപാതകമാണ്. അവൾ ശക്തയായിരുന്നു. അങ്ങനെയല്ലെങ്കിൽ പൈലറ്റ് ആകുമായിരുന്നില്ല.

ആദിത്യയെ ഞങ്ങൾക്കറിയാമായിരുന്നു. അവൾക്കൊപ്പം പരിശീലനം ആരംഭിച്ചെങ്കിലും അവന് കോഴ്സ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആദിത്യക്ക് സൃഷ്ടിയോട് അസൂയയായിരുന്നു.

സൃഷ്ടിയുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചു. ദീപാവലിക്ക് 65,000 രൂപ അവന്റെ കുടുംബാംഗങ്ങൾക്ക് അവൾ കൈമാറിയിട്ടുണ്ട്. അവൻ അവളെ ബ്ലാക്ക് മെയിൽ ചെയ്യുകയാണെന്ന് ബോദ്ധ്യമായി.

ബാങ്കിനോട് ഒരു വർഷത്തെ സ്റ്റേറ്റ്മെന്റ് ചോദിച്ചിട്ടുണ്ട്. പണം നൽകാൻ സൃഷ്ടി വിസമ്മതിച്ചതാകാം മരണത്തിനു കാരണം. മരിക്കുന്നതിനു 15 മിനിറ്റ് മുൻപ് സൃഷ്ടി അമ്മയോടും അമ്മായിയോടും സംസാരിച്ചിരുന്നു. വിവേക് തുലി പറഞ്ഞു.

# 3500 കിലോമീറ്റർ താണ്ടുന്ന കെ–4 ആണവ ബാലിസ്റ്റിക് മിസൈൽ പരീക്ഷണം വിജയം



ന്യൂഡൽഹി: പാകിസ്ഥാനെയും ചൈനയെയും കടലിൽനിന്ന് പ്രഹരപരിധിയിലാക്കിയുള്ള ആണവ അന്തർവാഹിനി ബാലിസ്റ്റിക് മിസൈൽ ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. ഇതോടെ കടലിലും ഇന്ത്യയുടെ ആണവ പ്രഹര ശേഷി ലോകശക്തികൾക്കൊപ്പമായി, ഐ.എൻ.എസ് അരിഘാത് ആണവ അന്തർവാഹിനിയിൽ നിന്ന് കെ-4 ആണവ ബാലിസ്റ്റിക് മിസൈലാണ് പരീക്ഷണവിജയം നേടിയത്. ബംഗാൾ ഉൾക്കടലിൽ പ്രഹരപരിധിയായ 3,500 കിലോമീറ്ററും താണ്ടി ലക്ഷ്യം ഭേദിച്ചു. പാകിസ്ഥാൻ പൂർണമായും, ചൈനയുടെ മിക്ക ഭാഗങ്ങളും കെ-4 മിസൈലിന്റെ പ്രഹരപരിധിയിൽ വരും.

കരയിലും കടലിലും ആകാശത്തും നിന്ന് ആണവായുധം പ്രയോഗിക്കാൻ ശേഷിയുള്ള അപൂർവം രാജ്യങ്ങളുടെ നിരയിൽ ഇതോടെ ഇന്ത്യയും സ്ഥാനമുറപ്പിച്ചു. അമേരിക്ക, റഷ്യ, ചൈന എന്നിവയാണ് മറ്റ് രാജ്യങ്ങൾ. ഇസ്രയേലിനും ഈ ശേഷി ഉണ്ടെന്ന് റിപ്പോർട്ടുണ്ട്. 5000 കിലോമീറ്റർ പ്രഹര പരിധിയുള്ള കെ-5 ആണവ ബാലിസ്റ്റിക് മിസൈലിന്റെ പണിപ്പുരയിലാണ് ഇന്ത്യ.

നാവികസേനയുടെ കരുത്ത് കൂട്ടി ആഗസ്റ്റ് 29നാണ് ഐ.എൻ.എസ് അരിഘാത് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് വിശാഖപട്ടണത്ത് കമ്മിഷൻ ചെയ്തത്. അരിഘാതിൽ വിന്യസിക്കുന്ന 3000 കിലോമീറ്റർ പ്രഹരപരിധിയുള്ള കെ-4 ആണവ ബാലിസ്റ്റിക് മിസൈൽ ചൈനീസ് ഭീഷണിക്കുള്ള മറുപടിയാണ്.

മിസൈൽ വികസിപ്പിച്ച ഡി.ആർ.ഡി.ഒ 2010-2020 കാലത്ത് കടലിനടിയിൽ നിന്ന് ആറ് പരീക്ഷണ വിക്ഷേപണങ്ങൾ നടത്തിയിരുന്നു. അന്തർവാഹിനിയിൽ നിന്നുള്ളള്ള ആദ്യ പരീക്ഷണമാണ് ഇപ്പോൾ നടന്നത്. ഇന്ത്യയുടെ ആദ്യ ആണവ അന്തർവാഹിനി ഐ.എൻ.എസ് അരിഹന്തിലെ 750 കിലോമീറ്റർ പരിധിയുള്ള കെ-15 മിസൈലിന്റെ പരിഷ്കൃത രൂപമാണിത്. കെ-15 മിസൈൽ പരിധിയിൽ പാകിസ്ഥാന്റെ ചില ഭാഗങ്ങൾ മാത്രമാണ് വരുന്നത്.

### കെ–4 ബാലിസ്റ്റിക് മിസൈൽ

1. 3,500 കിലോമീറ്റർ സഞ്ചരിച്ച് ലക്ഷ്യം ഭേദിക്കും
2. 12 മീറ്റർ ഉയരം, 1.3 മീറ്റർ വണ്ണം, രണ്ട് ടൺ ആയുധം
3. മിസൈൽ വിക്ഷേപിക്കാൻ 4 ലോഞ്ച് ട്യൂബുകൾ
4. 12 കെ-15 മിസൈലുകളും 4 കെ-4മിസൈലും ഘടിപ്പിക്കാം










# വൈനറി തർക്കം; ആഞ്ജലീന ജോളി വിവരങ്ങൾ മറച്ചുവെച്ചതായി ബ്രാഡ് പിറ്റ്



ഒരു കാലത്ത് ഹോളിവുഡിലെ താരദമ്പതിമാരായിരുന്നു ആഞ്ജലീന ജോളിയും ബ്രാഡ് പിറ്റും. 2016-ൽ വേർപിരിഞ്ഞതു മുതൽ ഇരുവരും തമ്മിൽ നിയമപോരാട്ടവും തുടങ്ങിയിരുന്നു. 8 വർഷങ്ങൾ പിന്നിട്ടിട്ടും ഈ പോരാട്ടത്തിന് വിരാമമായിട്ടില്ല. ഇരുവരുടേയും ഉടമസ്ഥതയിലുള്ള വൈനറിയുടെ അവകാശ തർക്കം സംബന്ധിച്ച കേസ് ഇപ്പോഴും അവസാനിച്ചിട്ടില്ല. ചാറ്റോ മിറാവൽ എന്നറിയപ്പെടുന്ന ഈ ഫ്രഞ്ച് വൈനറി ബ്രാഡും ആഞ്ജലീനയും ഒരുമിച്ച് വാങ്ങിയതാണ്. എന്നിരുന്നാലും, 2016 ൽ ദമ്പതികൾ വിവാഹമോചനം നേടിയപ്പോൾ, ആഞ്ജലീന അവരുടെ ജോയിന്റ് എസ്റ്റേറ്റ് തന്റെ അറിവോ സമ്മതമോ ഇല്ലാതെ ഒരു മൂന്നാം കക്ഷിക്ക് വിറ്റതായി ബ്രാഡ് അവകാശപ്പെട്ടു.റഷ്യൻ ശതകോടീശ്വരനായ യൂറി ഷെഫ്ലറിന് 64 മില്യൺ ഡോളറിന് ജോളി ഇത് വിറ്റെന്നാണ് പിറ്റ് പറയുന്നത്. ഇപ്പോഴിതാ വിൽപ്പനയെക്കുറിച്ചുള്ള നൂറുകണക്കിന് ഇമെയിലുകൾ ആഞ്ജലീന തടഞ്ഞുവെച്ചതായി ബ്രാഡിന്റെ നിയമ സംഘം ആരോപിക്കുന്നു. ഈ രേഖകൾ കോടതിയിൽ ഹാജരാക്കണമെന്നും കരാർ അസാധുവാക്കണമെന്ന് ബ്രാഡ് പിറ്റ് കോടതിയോട് അഭ്യർത്ഥിച്ചു.തന്റെ ആന്തരിക വൃത്തവുമായി കൈമാറിയ നൂറുകണക്കിന് ഇമെയിലുകൾ ജോളി തടഞ്ഞുവച്ചിട്ടുണ്ട്. എന്നാൽ അവയിൽ 126 ഇമെയിലുകൾ പൂർണ്ണമായും അഭിഭാഷകരല്ലാത്തവർക്ക് അയച്ചതാണ്. ഈ 126 മെയിലുകൾ ഹാജരാക്കാൻ ഉത്തരവിടണമെന്നാണ് പിറ്റിന്റെ ആവശ്യം.





# പുഷ്പ 2വിലെ ഐറ്റം ഡാൻസ് സ്വീകരിച്ചതിന് കാരണമെന്ത്? ശ്രീലീല പറയുന്നു!

പുഷ്പ 2വിൽ അല്ലു അർജുനൊപ്പം നടി ശ്രീലീല നൃത്തം ചെയ്തിട്ടുണ്ട്. കിസ്സിക് എന്ന ഗാനത്തിലാണ് ഇരുവരും ചുവടുവെച്ചത്. ഗാനം പുറത്തിറങ്ങിയപ്പോൾ മുതൽ ആരാധകർ കിസിക്കിനെ പുഷ്പ 1 ലെ സമാന്തയുടെ ഊ ആണ്ടവയുമായി താരതമ്യപ്പെടുത്തുന്നു. എന്തുകൊണ്ടാണ് താൻ കിസ്സിക് ചെയ്യാൻ തീരുമാനിച്ചതെന്ന് ശ്രീലീല ഇപ്പോൾ തുറന്ന് പറഞ്ഞിരിക്കുകയാണ്.തന്റെ പുതിയ ചിത്രമായ റോബിൻ ഹുഡിന്റെ വാർത്താ സമ്മേളനത്തിലാണ് നടി ഇക്കാര്യം പറഞ്ഞത്. കിസ്സിക് ഒരു സാധാരണ നൃത്ത നമ്പറല്ല. അതിന് പിന്നിൽ ശക്തമായ കാരണമുണ്ടെന്നും അത് സിനിമ റിലീസ് ചെയ്യുമ്പോൾ മനസിലാകുമെന്നും ശ്രീലീല പറഞ്ഞു.ദേവി ശ്രീ പ്രസാദാണ് കിസിക് എന്ന ഗാനത്തിന്റെ സംഗീത സംവിധായകൻ. പുഷ്പ ദ റൈസ് എന്ന ചിത്രത്തിലെ സംഗീത സംവിധാനത്തിന് ദേവി ശ്രീ പ്രസാദ് ദേശീയ അവാർഡ് നേടിയിരുന്നു. ഡാൻസ് നമ്പറിനായി ശ്രീലീലയ്ക്ക് രണ്ട് കോടി രൂപയാണ് പ്രതിഫലം ലഭിച്ചതെന്നാണ് റിപ്പോർട്ടുകൾ. ഊ ആണ്ടവയായി അഭിനയിച്ചതിന് സാമന്തയ്ക്ക് ലഭിച്ചത് അഞ്ച് കോടി രൂപയാണ്.അതേസമയം, തന്റെ പ്രതിഫലത്തെ കുറിച്ച് നിർമ്മാതാവുമായി ചർച്ച ചെയ്തിട്ടില്ലെന്ന് ശ്രീലീല വ്യക്തമാക്കി. കിസിക്കിലെ അഭിനയത്തിന് സാമന്ത റൂത്ത് പ്രഭു, ശോഭിത എന്നിവരിൽ നിന്ന് ശ്രീലീല പ്രശംസ നേടിയിരുന്നു.സുകുമാർ സംവിധാനം ചെയ്യുന്ന പുഷ്പ 2 ഡിസംബർ 5 ന് തിയറ്ററുകളിലെത്തും. ആദ്യ ഭാഗത്തെ പോലെ തന്നെ ചിത്രത്തിലും അല്ലു അർജുൻ, ഫഹദ് ഫാസിൽ, രശ്മിക മന്ദാന എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

# 'സ്റ്റാർ കിഡ്സിനെ വളർത്തുന്നത് മാധ്യമങ്ങൾ, പ്രേക്ഷകർക്കും താത്പര്യമുണ്ട്': കൃതി സനോൺ



നെപ്പോട്ടിസത്തെ കുറിച്ച് തുറന്ന് പറഞ്ഞ് ബോളിവുഡ് നടി കൃതി സനോൺ. സ്റ്റാർ കിഡ്സിനെ സിനിമയിലേക്ക് കൊണ്ടുവരാനുള്ള ഇൻഡസ്ട്രിയുടെ തീരുമാനത്തിന് പിന്നിൽ മാധ്യമങ്ങളും പ്രേക്ഷകരുമാണെന്ന് നടി പറഞ്ഞു. 55-ാമത് ഗോവ രാജ്യാന്തര ചലച്ചിത്രമേളയിൽ സംസാരിക്കവെയാണ് നടി ഇക്കാര്യം പറഞ്ഞത്.സിനിമാ താരങ്ങളുടെ മക്കളെ കുറിച്ച് മാധ്യമങ്ങൾ പുറത്തുവിടുന്ന വാർത്തകൾ കാണാൻ ആളുകൾക്ക് വലിയ താൽപ്പര്യമാണ്. ഈ 'സ്റ്റാർ കിഡ്സിനെ' കാണാൻ ആളുകൾക്ക് താൽപ്പര്യമുണ്ടെന്ന് മനസ്സിലാക്കി ഇൻഡസ്ട്രി അവരെ സിനിമാ വ്യവസായത്തിലേക്ക് കൊണ്ടുവരുന്നു. അവരെ വെച്ച് സിനിമയെടുക്കാം എന്ന് കരുതുന്നു. ഇതൊരു സർക്കിളായി തുടരുകയാണ്.എന്നാൽ കഴിവുള്ളവർക്കേ സിനിമയിൽ നിലനിൽക്കാൻ കഴിയൂ. പ്രേക്ഷകരുമായി സംവദിക്കാനും അവരുമായി ഒരു ബന്ധം രൂപപ്പെടുത്തിയെടുക്കാനും കഴിഞ്ഞാലേ സിനിമയിൽ വിജയിക്കാനാകൂ- കൃതി സനോൺ പറഞ്ഞു

# ബാഹുബലി താരം സുബ്ബരാജു 47ാം വയസ്സിൽ വിവാഹിതനായി



തെലുങ്ക് നടൻ സുബ്ബരാജു വിവാഹിതനായി. ബാഹുബലി, പോക്കിരി, മിർച്ചി തുടങ്ങി നിരവധി സിനിമകളിലൂടെ സിനിമാപ്രേമികൾക്ക് സുപരിചിതാണ് സുബ്ബരാജു. 47ാം വയസ്സിലാണ് താരത്തിന്റെ വിവാഹം. താരം തന്നെയാണ് വിവാഹക്കാര്യം ആരാധകരെ അറിയിച്ചത്. വിവാഹ വേഷത്തിൽ ഭാര്യയ്ക്കൊപ്പം കടൽക്കരയിൽ നിൽക്കുന്ന ചിത്രമാണ് താരം പോസ്റ്റ് ചെയ്തത്. 'അവസാനം വിവാഹിതനായി' എന്നാണ് വധുവിനോടൊപ്പമുള്ള ചിത്രത്തിനൊപ്പം സുബ്ബറാവു കുറിച്ചിരിക്കുന്നത്. സിൽക്ക് കുർത്തയും മുണ്ടുമാണ് സുബ്ബരാജു അണിഞ്ഞിരിക്കുന്നത്. ചുവപ്പു പട്ടു സാരിയാണ് വധുവിന്റെ വേഷം. താരത്തിന് ആശംസകളുമായി നിരവധി പേരെത്തി. ബാഹുബലിയിൽ സുബ്ബരാജു അവതരിപ്പിച്ച കുമാരൻ എന്ന കഥാപാത്രം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ബാഹുബലിയിലെ താരത്തിന്റെ ചിത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മീം ഇപ്പോഴും സമൂഹമാധ്യമങ്ങളിൽ വൈറലാണ്. 2003ൽ ഖട്ഗം എന്ന ചിത്രത്തിലൂടെയാണ് സിനിമയിലേക്ക് അരങ്ങേറ്റം കുറിച്ചത്. വില്ലൻ വേഷങ്ങളിലൂടെയാണ് ശ്രദ്ധ നേടിയത്. തെലുങ്കിനൊപ്പം തമിഴ്, കന്നഡ, മലയാളം, ഹിന്ദി സിനിമകളിലും വേഷമിട്ടു. ആന്ധ്രപ്രദേശിലെ ഭീമാവാരം സ്വദേശിയായ സുബ്ബരാജു ഇന്ത്യൻ സിനിമയിൽ സ്വന്തമായൊരു മേൽവിലാസം സൃഷ്ടിക്കാൻ സാധിച്ച നടനാണ്. മലയാളത്തിൽ തസ്കരവീരൻ, സൗണ്ട് തോമ എന്നീ ചിത്രങ്ങളിലെ സുബ്ബരാജുവിന്റെ അഭിനയം ഏറെ ശ്രദ്ധ നേടിയിരുന്നു. ജിതേന്ദ്രർ റെഡ്ഡിയാണ് ഏറ്റവും ഒടുവിൽ റിലീസായ ചിത്രം.

# നടൻ ധനുഷും ഐശ്വര്യ രജനികാന്തും വിവാഹ മോചിതരായി



നടൻ ധനുഷും ഐശ്വര്യ രജനികാന്തും വിവാഹ മോചിതരായതായി റിപ്പോർട്ട്. വിവാഹമോചനം അംഗീകരിച്ച് ചെന്നൈ കോടതി ഉത്തരവ് പുറപ്പെടുവിച്ചു എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. 2022ൽ ആയിരുന്നു ധനുഷും ഐശ്വര്യം വേർപിരിയുന്നുവെന്ന് സോഷ്യൽ മീഡിയയിലൂടെ അറിയിച്ചത്. തുടർന്ന് അവർ വിവാഹമോചനത്തിന് അപേക്ഷ നൽകിയിരുന്നു.എന്നാൽ മൂന്ന് തവണ ഹിയറിംഗിന് ഹാജരാകാത്തതിനാൽ ധനുഷും ഐശ്വര്യം അനുരഞ്ജനത്തിലേർപ്പെടുമെന്ന് അഭ്യൂഹങ്ങളും ഉണ്ടായിരുന്നു. അതേസമയം അവസാന ഹീയറിംഗ് ദിനത്തിൽ ഇവർ കോടതിയിൽ ഹാജരായി. നവംബർ 21ന് ആയിരുന്നു ഇത്. ഒന്നിച്ച് ജീവിക്കാൻ തങ്ങൾക്ക് താൽപര്യം ഇല്ലെന്ന് ഇരുവരും കോടതിയെ ബോധിപ്പിക്കുകയും ചെയ്തു. ഇതിന് പിന്നാലെ ആണ് കോടതി ഇന്ന് വിധി പറഞ്ഞത്. 2004ൽ ആയിരുന്നു ധനുഷും ഐശ്വര്യയും വിവാഹിതരായത്.




## ദുൽഖറിന്റെ ഹിറ്റ്ചിത്രം ലക്കി ഭാസ്കർ ഒടിടിയിൽ

ദുൽഖർ നായകനായി വന്ന് തീയേറ്ററിൽ മികച്ച വിജയം നേടിയ ചിത്രമാണ് ലക്കി ഭാസ്കർ. ലക്കി ഭാസ്കർ ആഗോളതലത്തിൽ 111 കോടി രൂപയിലധികം നേടിയിട്ടുണ്ട് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇപ്പോൾ ഒടിടിയിലും പ്രദർശനത്തിന് എത്തിയിരിക്കുകയാണ് ചിത്രം.ഒടിടിയിൽ നെറ്റ്ഫ്ലിക്സിലൂടെയാണ് ചിത്രം എത്തിയിരിക്കുന്നത്. ഇപ്പോൾ ഒടിടിയിലും മികച്ച അഭിപ്രായമാണ് ദുൽഖർ ചിത്രം നേടുന്നത് എന്നാണ് പ്രതികരണങ്ങൾ.വെങ്കി അറ്റ്ലൂരി തിരക്കഥ എഴുതി സംവിധാനം നിർവഹിച്ചിരിക്കുന്നത് ആണ് ലക്കി ഭാസ്കർ. മീനാക്ഷി ചൗധരിയാണ് നായികയായി എത്തിയിരിക്കുന്നത്. ചിത്രത്തിന്റെ നിർമാണം സിതാര എന്റർടെയിൻമെന്റ്സിന്റെ ബാനറിൽ ആണ്.

## നീല ഗൗണിൽ അതി സുന്ദരിയായി ഐശ്വര്യ റായ്



ദുബായിൽ നടന്ന ഗ്ലോബൽ വിമൻസ് ഫോറത്തിൽ ഐശ്വര്യ റായ് ബച്ചൻ ശ്രദ്ധേയയായ ഒരു പ്രസംഗം നടത്തി. ദുബായ് വിമൻ എസ്റ്റാബ്ലിഷ്മെന്റിന്റെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം പേജ് ഐശ്വര്യയുടെ വീഡിയോ പങ്കിട്ടിട്ടുണ്ട്. സോഷ്യൽ മീഡിയയിൽ ഇപ്പോൾ ചർച്ചയാവുകയാണ് ഈ വീഡിയോ.പരിപാടിയിൽ താരം അതീവ സുന്ദരിയായി ആണ് എത്തിയത്. മനോഹരമായ നീല ഗൗൺ ആണ് ചടങ്ങിനായി ഐശ്വര്യ തിരഞ്ഞെടുത്തത്. സ്മോക്കി ഐ മേക്കപ്പ് താരത്തിന്റെ സൗന്ദര്യം എടുത്തു കാണിക്കുന്നതായിരുന്നു.'മാറ്റത്തെ പ്രചോദിപ്പിക്കുന്നതിനും സമത്വം പ്രോത്സാഹിപ്പിക്കുന്നതിനും ലോകമെമ്പാടുമുള്ള സ്ത്രീകൾക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള ശബ്ദങ്ങൾ ഒരേ ഉദ്ദേശ്യത്തോടെ ഒത്തുചേരുമ്പോൾ എന്തും നേടാനാകും എന്നതിന്റെ ഉജ്ജ്വലമായ ഉദാഹരണമാണ്' എന്നാണ് താരം പറഞ്ഞത്.'പങ്കാളിത്തത്തിന്റെ ശക്തി,' 'നവീകരണങ്ങൾ', 'നിശ്ചയദാർഢ്യങ്ങൾ' എന്നീ വിഷയങ്ങളെക്കുറിച്ച് ഐശ്വര്യ ആവേശത്തോടെ സംസാരിച്ചു. വീഡിയോ ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറൽ ആണ്.

# ബെൻ അഫ്‌ലെക്കിനും ജെന്നിഫർ ലോപ്പസിനും വേർപിരിഞ്ഞതിന് ശേഷമുള്ള ആദ്യ താങ്ക്സ് ഗിവിങ്



ബെൻ അഫ്‌ലെക്കിനും ജെന്നിഫർ ലോപ്പസിനും ഈ താങ്ക്സ് ഗിവിങ് ഏറെ പ്രത്യേകതകൾ ഉള്ളതാണ്. ഓഗസ്റ്റിൽ വിവാഹമോചനം സമർപ്പിച്ചതിന് ശേഷം അവർ വേർപിരിയുന്ന ആദ്യ അവധിക്കാലം ആണ് ഇത്.ജെന്നിഫർ ലോപ്പസ് തന്റെ മൂന്ന് മക്കളായ വയലറ്റ്, 19, സെറാഫിന, 15, സാമുവൽ, 12 എന്നിവരോടൊപ്പം താങ്ക്സ് ഗിവിങ് ചെലവഴിക്കുന്നതായി ആണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

കുടുംബത്തിന്റെ താങ്ക്സ്ഗിവിംഗ് ആഘോഷിക്കാൻ അദ്ദേഹത്തിന്റെ മൂത്ത മകൾ കോളേജിൽ നിന്ന് തിരിച്ചെത്തിയതായി അടുത്ത വൃത്തങ്ങൾ വ്യക്തമാക്കുന്നത്.അതേസമയം ബെൻ അഫ്‌ലെക്ക് ലോസ് ഏഞ്ചൽസിൽ തന്റെ പുതിയ ചിത്രമായ 'ഞകജ' ചിത്രീകരിക്കുകയാണ് എന്നാണ് ലഭിക്കുന്ന വിവരം. നടൻ ജോലിയിൽ സാധാരണയേക്കാൾ കൂടുതൽ സന്തോഷവാനായിരുന്നു എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും പുറത്തു വരുന്ന വിവരം.എന്നാൽ ജെന്നിഫർ ലോപ്പസുമായുള്ള വേർപിരിയൽ ശരിയായ തീരുമാനം ആണെന്ന തരത്തിലാണ് ഇരുവരുടെയും ജീവിതം ഇപ്പോൾ മുന്നോട്ട് പോകുന്നത്.'ഈ അവധിദിനങ്ങൾ ഞങ്ങൾക്ക് വളരെ സവിശേഷമാണ്' എന്നാണ് ഒരു മാധ്യമത്തോട് ജെനിഫർ ലോപ്പസ് പ്രതികരിച്ചത്. കുടുംബത്തോടൊപ്പം, പ്രത്യേകിച്ച് ഈ സീസണിൽ നിരവധി നിമിഷങ്ങൾ ചെലവഴിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് ജെന്നിഫർ ലോപ്പസും കൂട്ടിച്ചേർത്തു.ദാമ്പത്യം കഴിഞ്ഞ് രണ്ട് വർഷത്തിനുള്ളിൽ ആണ് ദമ്പതികൾ വേർപിരിയാൻ തീരുമാനിച്ചത്.

# വിറ്റോറിയ സെറെറ്റിയുമായി ഡികാപ്രിയോയുടെ വിവാഹനിശ്ചയം കഴിഞ്ഞോ?



ഹോളിവുഡ് താരം ലിയൊണാർഡോ ഡികാപ്രിയോ തന്റെ ബാച്ച്ലർ ജീവിതം അവസാനിപ്പിക്കുന്നുവെന്ന് അഭ്യൂഹം. 26-കാരിയും ഇറ്റാലിയൻ മോഡലുമായ വിറ്റോറിയ സെറെറ്റിയുമായി ഡികാപ്രിയോയുടെ വിവാഹനിശ്ചയം നാടന്നെന്നാണ് ഓൺലൈനിൽ പ്രചരിക്കുന്നത്.ഡേറ്റിങ് ജീവിതത്തിൽ എപ്പോഴും 25-ഉം അതിൽ താഴെയും പ്രായമുള്ള പെൺകുട്ടികളെ മാത്രം തിരഞ്ഞെടുക്കുന്ന ഡികാപ്രിയോയുടെ രീതി ഇതിനകം ഗോസിപ്പ് കോളങ്ങളിൽ നിറഞ്ഞതാണ്. വിറ്റോറിയ ഇടതുകൈയിൽ അണിഞ്ഞ ഹൃദയാകൃതിയിലുള്ള വജ്ര മോതിരമാണ് സംശയങ്ങൾക്ക് ഇടനൽകിയത്. ഏകദേശം ഒരുവർഷത്തോളമായി ഇരുവരും പ്രണയത്തിലാണ്. ഫിജി റിസോർട്ടിൽ അവധിയാഘോഷിക്കുന്ന ഇരുവരുടെയും ദൃശ്യങ്ങൾ കഴിഞ്ഞ ദിവസം പുറത്തുവന്നിരുന്നു.എന്നാൽ ഈ അഭ്യൂഹങ്ങളെല്ലാം തെറ്റാണെന്നും ഡികാപ്രിയോ തന്റെ കാമുകി വിറ്റോറിയ സെറെറ്റിയുമായി വിവാഹനിശ്ചയം നടത്തിയിട്ടില്ലെന്നുമാണ് അടുത്ത വൃത്തങ്ങൾ പറയുന്നത്. ഡികാപ്രിയോയെക്കുറിച്ച് ഏതാണ്ട് എല്ലാ മാസവും സമാനമായ കിംവദന്തികൾ പ്രചരിക്കുന്നുവെന്ന് പറഞ്ഞ ഉറവിടം വിവാഹനിശ്ചയ വാർത്തകൾ തള്ളിക്കളഞ്ഞു. നവംബറിലാണ് ഡികാപ്രിയോ 50-ാം പിറന്നാൾ ആഘോഷിച്ചത്. ഒട്ടേറെ സൂപ്പർമോഡലുകളുമായും സെലിബ്രിറ്റികളുമായും ഡികാപ്രിയോയുടെ പേര് ഗോസിപ്പ് കോളങ്ങളിൽ ഇടംപിടിക്കാറുണ്ട്.



# തിയേറ്ററുകളിൽനിന്ന് 'ടർക്കിഷ് തർക്കം' എന്തുകൊണ്ട് പിൻവലിച്ചു

മതനിന്ദ നടത്തിയെന്ന ആരോപണത്തെത്തുടർന്ന് 'ടർക്കിഷ് തർക്കം' എന്ന സിനിമ തിയേറ്ററുകളിൽനിന്ന് പിൻവലിച്ച സംഭവത്തിൽ സംശയം പ്രകടിപ്പിച്ച് കോൺഗ്രസ് നേതാവ് വി ടി ബൽറാം. നവാസ് സുലൈമാൻ സംവിധാനം ചെയ്ത ടർക്കിഷ് തർക്കം എന്ന സിനിമ തിയറ്ററുകളിൽ നിന്ന് പിൻവലിക്കുന്നതായി നിർമാതാക്കളായ ബിഗ് പിക്ചേഴ്സ് വ്യക്തമാക്കിയത്. നവംബർ 22നായിരുന്നു സിനിമ റിലീസ് ചെയ്തത്. ഒരു സംസ്ക്കാരച്ചടങ്ങുമായി ബന്ധപ്പെട്ട തർക്കം പ്രമേയമാക്കിയാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. സിനിമ കാണാനെത്തുന്ന പ്രേക്ഷരെ ചിലർ തെറ്റിദ്ധരിപ്പിച്ച് സിനിമ കാണുന്നതിൽ നിന്ന് പിന്തിരിപ്പിക്കുകയാണെന്നും എന്നാൽ സിനിമയിൽ ഒരു മതത്തെയും നിന്ദിക്കുകയോ അവഹേളിക്കുകയോ ചെയ്യുന്നില്ലെന്നും നിർമാതാക്കൾ പറയുന്നു. ഈ വിഷയത്തിൽ വിടി ബൽറാമിന്റെ വാക്കുകൾ ഇങ്ങനെ.. 'ടർക്കിഷ് തർക്കം' എന്ന പേരിലൊരു സിനിമ റിലീസ് ചെയ്ത വിവരം അറിഞ്ഞിരുന്നില്ല. അതിനേക്കുറിച്ച് എന്തെങ്കിലും തർക്കമോ വിവാദമോ ഉണ്ടായതായും അറിഞ്ഞിരുന്നില്ല. അതിൽ 'മതനിന്ദ' ആരോപിച്ച് ഏതെങ്കിലും അറിയപ്പെടുന്ന വ്യക്തികളോ സംഘടനകളോ രംഗത്തെത്തിയതായും ഭീഷണി മുഴക്കിയതായും ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. ഫേസ്ബുക്ക് അടക്കമുള്ള സാമൂഹിക മാധ്യമങ്ങളിൽ ആ സിനിമയെ വിമർശിച്ചു കൊണ്ടുള്ള ഒരൊറ്റ പോസ്റ്റും ടൈംലൈനിൽ കണ്ടിരുന്നില്ല. ഏതായാലും സംഘ് പരിവാർ മാധ്യമങ്ങൾ ഇത് വലിയ ആഘോഷമാക്കിത്തുടങ്ങിയിട്ടുണ്ട്. തീയ്യേറ്ററിൽ പൊളിഞ്ഞുപോയേക്കാവുന്ന, അല്ലെങ്കിൽ ഇതിനോടകം പൊളിഞ്ഞുകഴിഞ്ഞ, ഒരു സിനിമയെ രക്ഷപ്പെടുത്താൻ വേണ്ടി മനപൂർവ്വം സൃഷ്ടിച്ചെടുത്തതാണോ ഈ മതനിന്ദാ വിവാദവും ഭീഷണി ആരോപണവും താത്ക്കാലികമായ പിൻവലിക്കലുമെല്ലാം എന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണെങ്കിൽ അത് ഗൗരവമുള്ള സംഗതിയാണ്. ശുദ്ധ നെറികേടാണ്. അങ്ങേയറ്റം അപകടകരമായ പ്രവണതയാണ്.ഇസ്ലാമോഫോബിയക്ക് ഇന്ന് ലോകത്തും ഇന്ത്യയിലും നല്ല മാർക്കറ്റുണ്ട്. ഈയടുത്ത കാലത്തായി കേരളത്തിലും അതിന്റെ വിപണിമൂല്യം കൂടിവരികയാണ്.കച്ചവട താത്പര്യങ്ങൾക്കായി സിനിമാക്കാരും ഇതിനെ ഒരു സാധ്യതയായി കാണുന്നത് ഈ നാടിന് താങ്ങാനാവില്ല.






# പ്രതിഫലത്തിൽ ഷാരൂഖിനെയും പിന്നിലാക്കി അല്ലു അർജുൻ!

അല്ലു അർജുന്റെ പുഷ്പ 2 റിലീസിന് മുമ്പ് തന്നെ സൂപ്പർ ഹിറ്റായി മാറിയിരിക്കുകയാണ്. താരനിരയുടെയും പ്രതിഫലത്തിന്റെയും പേരിൽ വാർത്തകളിൽ നിറഞ്ഞുനിന്ന പുഷ്പയിലൂടെ ചരിത്രം സൃഷ്ടിക്കുകയാണ് അല്ലു അർജുനും സംവിധായകൻ സുകുമാറും.ഇന്ത്യയിലെ ഏറ്റവും ചെലവേറിയ ചിത്രങ്ങളിലൊന്നായാണ് പുഷ്പ 2 കണക്കാക്കപ്പെടുന്നത്. ആദ്യ ഭാഗത്തിന് മികച്ച പ്രതികരണം ലഭിച്ചതിനെ തുടർന്ന് ഓരോ ഫ്രെയിമിലും ആരാധകരെ ത്രില്ലടിപ്പിക്കുന്ന തരത്തിലാണ് സുകുമാർ പുഷ്പയുടെ രണ്ടാം ഭാഗം ഒരുക്കിയിരിക്കുന്നതെന്നാണ് റിപ്പോർട്ടുകൾ. 400-500 കോടി ബഡ്ജറ്റിൽ ഒരുക്കിയ പുഷ്പ ഡിസംബർ 5ന് തിയറ്ററുകളിലെത്തും. വാർത്ത ശരിയാണെങ്കിൽ റിലീസിന് മുമ്പേ തന്നെ ഇരട്ടി നിക്ഷേപം പുഷ്പ നേടിയിട്ടുണ്ട്.ഒടിടി റൈറ്റ്സ്, സാറ്റലൈറ്റ് റൈറ്റ്സ്, മ്യൂസിക് റൈറ്റ്സ് തുടങ്ങി നോൺ തിയററ്റിക്കൽ റവന്യൂവിലൂടെ 1000 കോടി രൂപ പുഷ്പ ഇതിനകം നേടിയതായാണ് റിപ്പോർട്ടുകൾ. 500 കോടി രൂപയ്ക്ക് ഒരുക്കിയ പുഷ്പയിൽ ഏറ്റവും കൂടുതൽ ചെലവ് നായകൻ അല്ലു അർജുന്റെ പ്രതിഫലം തന്നെയാണ്. 300 കോടിയാണത്രേ കരിയറിലെ ഏറ്റവും വലിയ ചിത്രത്തിനായി അല്ലു അർജുൻ വാങ്ങിയത്. ഇതോടെ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്ന നടൻ എന്ന കിരീടം ഷാരൂഖ് ഖാനിൽ നിന്നും അല്ലു അർജുൻ സ്വന്തമാക്കി. രാജ്യത്തെ ഏറ്റവും താരമൂല്യമുള്ള നടനും അല്ലു അർജുൻ തന്നെ. നായകനും വില്ലനും ഒന്നിക്കുന്ന സിനിമയിൽ പ്രതിഫലം ഒരുപോലെയല്ല. ഫഹദ് ഫാസിൽ രണ്ടാം ഭാഗത്തിന് എട്ട് കോടി രൂപയാണ് പ്രതിഫലമായി വാങ്ങിയതെന്നാണ് റിപ്പോർട്ടുകൾ. രണ്ട് ഭാഗങ്ങളിലും നായികയായെത്തുന്ന രശ്മിക മന്ദാനയ്ക്ക് 10 കോടിയാണ് പ്രതിഫലം. ആദ്യ ഭാഗത്തിൽ സാമന്തയുടെ സ്പെഷ്യൽ അപ്പിയറൻസ് ആയിരുന്നു ഹൈലൈറ്റെങ്കിൽ രണ്ടാം ഭാഗത്തിൽ ശ്രീലീല എത്തും. ഒരു പാട്ടിൽ അല്ലു അർജുനൊപ്പം നൃത്തം ചെയ്യാൻ ശ്രീലീലയുടെ പ്രതിഫലം 2 കോടിയാണ്.

## ഇന്ത്യൻ ബോക്സോഫീസിൽ കുതിപ്പുമായി വിക്കഡ്



അരിയാന ഗ്രാൻഡെ അടുത്തിടെ അഭിനയിച്ച മ്യൂസിക്കൽ ഫാന്റസി ചിത്രമായ 'വിക്കഡ്' പ്രേക്ഷകരിൽ നിന്ന് മികച്ച പ്രതികരണം നേടി മുന്നേറുകയാണ്. ഇപ്പോഴിതാ ഇന്ത്യയിലും ചിത്രം മികച്ച കളക്ഷൻ നേടുകയാണ്. ടമരിശഹസ വെബ്സൈറ്റ് പറയുന്നതനുസരിച്ച്, 'വിക്കഡ്' ഇന്ത്യയിൽ നിന്ന് 6 ദിവസം കൊണ്ട് 1.46 കോടി രൂപ കളക്ഷൻ നേടി, 'ക്രേസി റിച്ച് ഏഷ്യൻ' ഫെയിം ജോൺ എം ചു സംവിധാനം ചെയ്ത 'വിക്കഡ്' പ്രേക്ഷകരിൽ നിന്ന് മികച്ച അഭിപ്രായം നേടി മുന്നേറുകയാണ്. വിന്നി ഹോൾസ്മാനും ഡാന ഫോക്സും ചേർന്നാണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്.സിന്തിയ എറിവോ, അരിയാന ഗ്രാൻഡെ, ജോനാഥൻ ബെയ്‌ലി, മിഷേൽ യോ, ജെഫ് ഗോൾഡ്ബ്ലം, ഈഥാൻ സ്ലേറ്റർ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. 1995-ൽ പുറത്തിറങ്ങിയ 'വിക്കഡ്: ദി ലൈഫ് ആൻഡ് ടൈംസ് ഓഫ് ദി വിക്കഡ് വിച്ച് ഓഫ് ദി വെസ്റ്റ്' എന്ന നോവലിനെ അടിസ്ഥാനമാക്കിയാണ് 'വിക്കഡ്' നിർമ്മിച്ചിരിക്കുന്നത്.2014ൽ പുറത്തിറങ്ങിയ ഇൻ ടു ദ വുഡ്സ് (31 മില്യൺ) ആയിരുന്നു ഇതുവരെ മികച്ച ഓപ്പണിങ് കളക്ഷൻ നേടിയ ബ്രോഡ്വേ മ്യൂസിക്കൽ അഡാപ്റ്റേഷൻ ചിത്രം. 2003ൽ സ്റ്റീഫൻ ഷ്വാർട്സ് നോവലിന്റെ ബ്രോഡ്വേ സ്റ്റേജ് മ്യൂസിക്കൽ അവതരിപ്പിച്ചു. ഇത് ഏറെ ജനകീയമായി. തുടർന്നാണ് ചലച്ചിത്രാവിഷ്കാരം പുറത്തിറങ്ങിയത്.

## 'ബയോപിക് ഇനി ചെയ്യില്ല': രൺദീപ് ഹൂഡ



രൺദീപ് ഹൂഡ ആദ്യമായ സംവിധാനം ചെയ്ത ചിത്രമാണ് സ്വതന്ത്ര വീർ സവർക്കർ. ഐഎഫ്എഫ്ഐയുടെ ഇന്ത്യൻ പനോരമയിലെ ഉദ്ഘാടന ചിത്രമായിരുന്നു ഈ ചിത്രം. അടുത്തിടെ ടൈംസ് ഓഫ് ഇന്ത്യയ്ക്ക് നൽകിയ അഭിമുഖത്തിലാണ് താരം ബയോപിക്കുകൾ ചെയ്യുന്നതിനെക്കുറിച്ച് സംസാരിച്ചത്.'ബയോപിക്കുകളിൽ നിന്ന് വിട്ടുനിൽക്കാനാണ് ഞാൻ ശ്രമിക്കുന്നത്. സവർക്കറിനുമുമ്പ് ഞാൻ ആക്ഷൻ-റൊമാന്റിക് ചിത്രങ്ങളാണ് ചെയ്തതെന്ന് പ്രേക്ഷകർ മറന്നുപോയിരിക്കുന്നു. എല്ലാത്തരം സിനിമകളും ഞാൻ ചെയ്തിട്ടുണ്ട്. വിനോദ ചിത്രങ്ങളൊരുക്കി കൂടുതൽ പ്രേക്ഷകരിലേക്ക് എത്തുകയാണ് എന്റെ ലക്ഷ്യം,' രൺദീപ് ഹൂഡ പറഞ്ഞു.'ഞാൻ എപ്പോഴും അങ്ങനെയാണ്. എരിവുള്ള സിനിമകൾ ചെയ്യാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. കൂടുതൽ പ്രേക്ഷകരിലേക്ക് എത്തിക്കുക എന്നതാണ് ഏതൊരു കലാകാരന്റെയും ലക്ഷ്യം. അത് തന്നെയാണ് എന്റെയും പ്ലാൻ,' രൺദീപ് കൂട്ടിച്ചേർത്തു.



# രൺവീർ സിംഗിന്റെ ഡോൺ 3 ഉപേക്ഷിച്ചോ? നിർമാതാക്കൾക്ക് പറയാനുള്ളത് !




ഫർഹാൻ അക്തർ സംവിധാനം ചെയ്ത് രൺവീർ സിംഗിനെ നായകനാക്കി ഒരുക്കുന്ന ചിത്രമാണ് ഡോൺ 3. ചിത്രത്തിന്റെ ഷൂട്ടിംഗ് മാറ്റിവെച്ചതായി സോഷ്യൽ മീഡിയയിൽ സംശയങ്ങളും ഊഹാപോഹങ്ങളും ഉയർന്നിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിരിക്കുകയാണ് ചിത്രത്തിന്റെ അണിയറ പ്രവർത്തകർ.2025 ജൂണിൽ ഷൂട്ടിംഗ് ആരംഭിക്കാനാണ് ആദ്യം തീരുമാനിച്ചിരുന്നതെങ്കിലും, ക്രൂവുമായുള്ള ചില പ്രശ്നങ്ങൾ കാരണം ഷൂട്ടിംഗ് മാറ്റിവച്ചതായാണ് റിപ്പോർട്ടുകൾ പുറത്തുവരുന്നത്.എന്നിരുന്നാലും, ഇപ്പോൾ നിർമ്മാതാക്കളായ എക്സൽ എന്റർടെയ്ൻമെന്റ്സ് ഇത് സംബന്ധിച്ച വിവരങ്ങൾ പുറത്തുവിട്ടു. അഭ്യൂഹങ്ങൾ തള്ളിക്കൊണ്ടാണ് ചിത്രത്തിന്റെ ഷൂട്ടിംഗ് ഷെഡ്യൂൾ പ്രകാരം നടക്കുമെന്ന് അണിയറപ്രവർത്തകർ അറിയിച്ചത്.'ഡോൺ 3യുടെ കാര്യത്തിൽ അണിയറപ്രവർത്തകർക്കും രൺവീർ സിങ്ങിനും ഒരേയൊരു തീരുമാനമേയുള്ളു. ചിത്രം മാറ്റിവെച്ചതായി പ്രചരിക്കുന്ന വാർത്തകൾ ശരിയല്ലെന്ന് നിർമ്മാതാക്കൾ അറിയിച്ചു.

# നെഗറ്റീവ് റിവ്യുകളിൽ പൊതിഞ്ഞ കങ്കുവ എത്ര നേടി?




സൂര്യ നായകനായി എത്തിയ ചിത്രമാണ് കങ്കുവ. വമ്പൻ ഹൈപ്പോടുകൂടിയെത്തിയ ചിത്രം തിയേറ്ററുകളിൽ കാര്യമായ ചലനമുണ്ടാക്കിയില്ല.ആദ്യ ദിനം തന്നെ നെ?ഗറ്റീവ് റിവ്യൂകളിൽ പൊതിഞ്ഞ ചിത്രമാണ് കങ്കുവ. സൂര്യ ആരാധകരെ നിരാശപ്പെടുത്ത പ്രകടനമായിരുന്നു കങ്കുവയുടേത്. കങ്കുവ ആഗോളതലത്തിൽ 127.64 കോടി രൂപയിലധികം നേടിയെന്നാണ് പുറത്ത് വരുന്ന റിപ്പോർട്ടുകൾ. ഇന്ത്യയിൽ ഗ്രോസ് കളക്ഷൻ 80 കോടി ആണ് എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.നിരവധി വിമർശനങ്ങൾ ചിത്രത്തിന് നേരെയുണ്ടായിയെന്നാണ് തിയറ്ററിൽ നിന്നുള്ള പ്രതികരണങ്ങൾ മിക്കതും വ്യക്തമാക്കിയത്. സിരുത്തൈ ശിവയാണ് സംവിധാനം നിർവഹിച്ചത്. കങ്കുവയുടെ ബജറ്റ് ഏകദേശം 350 കോടി രൂപയോളം ആണെന്നായിരുന്നു റിപ്പോർട്ട്. ഇരട്ട വേഷത്തിലാണ് ചിത്രത്തിൽ സൂര്യയുള്ളത്. കങ്കുവ എന്ന സിനിമയിലെ നായക താരമായ സൂര്യക്ക് പുറമേ നടരാജൻ സുബ്രഹ്മണ്യൻ, ആനന്ദരാജ്, ദിഷാ പഠാണി, റെഡിൻ കിംഗ്സ്‌ലെ, ബോസ് വെങ്കട് എന്നീ താരങ്ങളും മറ്റ് പ്രധാന കഥാപാത്രങ്ങളായി മികച്ച പ്രകടനം നടത്തിയിരിക്കുന്നു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സിരുത്തൈ ശിവയ്ക്കും മദൻ കർക്കിക്കുമൊപ്പം തിരക്കഥ എഴുതുന്നത് ആദി നാരായണനും ആണ്.

# ആക്ഷനിൽ കസറാൻ തേജ സജ്ജ വീണ്ടും; പുതിയ ചിത്രത്തിന് വൻ ഡീൽ

തേജ സജ്ജ പ്രധാന വേഷത്തിൽ എത്തുന്ന ചിത്രമാണ് മിറായി. ഹനുമാൻ എന്ന സർപ്രൈസ് ഹിറ്റിലൂടെ ശ്രദ്ധ നേടിയ താരമാണ് തേജ സജ്ജ. മിറായിയുടെ ഓഡിയോ അവകാശം വിറ്റുപോയെന്ന വാർത്തയാണ് ഇപ്പോൾ ശ്രദ്ധയാകർഷിക്കുന്നത്. ടിപ്സ് മ്യൂസിക്കിനാണ് ഓഡിയോ അവകാശം.കാർത്തിക് ഗട്ടംനേനി സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ സംഗീത അവകാശം 2.75 കോടി രൂപയാണെന്നാണ് റിപ്പോർട്ട്. മണിബാബു കരണാണ് തിരക്കഥ ഒരുക്കുന്നത്. ഉയർന്ന സാങ്കേതിക നിലവാരത്തിലായിരിക്കും ചിത്രം ഒരുക്കുക.വമ്പൻമാരെ ഞെട്ടിച്ച 2024ലെ ഹിറ്റ് ചിത്രമാണ് തേജ സജ്ജയുടെ ഹനുമാൻ. എന്നിട്ടും ആഗോളതലത്തിൽ ഹനുമാന് ആകെ 300 കോടി രൂപയിലധികം നേടാനായിട്ടുണ്ട്. 'കൽക്കി', 'സോംബി റെഡ്ഡി' ചിത്രങ്ങളുടെ സംവിധായകൻ എന്ന നിലയിൽ തെലുങ്കിൽ ശ്രദ്ധയാകർഷിച്ചതാണ് തേജ സജ്ജ നായകനായ ഹനുമാൻ ഒരുക്കിയ പ്രശാന്ത് വർമ. ചിത്രത്തിൽ 'സൂര്യ' എന്ന കഥാപാത്രത്തെയാണ് തേജ സജ്ജ അവതരിപ്പിച്ചത്. ഡിസ്നി പ്ലസ് ഹോട്സ്റ്റാറിൽ പ്രദർശനത്തിനെത്തിയ ചിത്രം മികച്ച പ്രതികരണമായിരുന്നില്ല നേടിയത്. മാലിക് റാം ആയിരുന്നു ചിത്രം സംവിധാനം ചെയ്തത്.

## 20 വർഷങ്ങൾക്ക് ശേഷം സൂര്യയും തൃഷയും ഒന്നിക്കുന്നു





ആർജെ ബാലാജി സംവിധാനം ചെയ്യുന്ന സൂര്യയുടെ 45-ാമത്തെ ചിത്രത്തിന് തുടക്കമായി. 20 വർഷങ്ങൾക്ക് ശേഷം സൂര്യയും തൃഷയും ഒന്നിക്കുന്ന ചിത്രം കൂടിയാണിത്.പൊള്ളാച്ചിയിലെ ശ്രീ മസാനിയമ്മൻ ക്ഷേത്രത്തിലാണ് ചിത്രത്തിന്റെ പൂജാ ചടങ്ങുകൾ നടന്നത്. 'സൂര്യ 45' എന്നാണ് ചിത്രത്തിന് താത്കാലികമായി ഇട്ടിരിക്കുന്ന പേര്.2005-ൽ പുറത്തിറങ്ങിയ ആരു എന്ന ചിത്രത്തിലാണ് സൂര്യയും തൃഷയും അവസാനമായി ഒന്നിച്ചത്. സൂര്യ- ബാലാജി കൂട്ടുകെട്ടിലൊരുങ്ങുന്ന ആദ്യ സിനിമയാണ് 'സൂര്യ 45'.വർഷങ്ങൾക്ക് മുമ്പ് നടൻ വിജയ് ആർ ജെ ബാലാജിയോട് പങ്കുവച്ച ഒരു പ്രമേയത്തെ ആസ്പദമാക്കിയാണ് ചിത്രമൊരുങ്ങുന്നത്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

141

Movie Sankaraabharanam (1980)
Director K Viswanath
Lyrics Vetturi Sundararamamoorthy
Music KV Mahadevan
Singers SP Balasubrahmanyam

ശങ്കരാ നാദശരീരപരാ
വേദ വിഹാരഹരാ ജീവേശ്വരാ
(ശങ്കരാ നാദശരീര.....)
പ്രാണമു നീവനി ഗാനമെ നീദനി പ്രാണമെ ഗാനമനീ
മൗനവിചക്ഷണ ഗാനവിലക്ഷണ രാഗമെ യോഗമനീ(2)
നാദോപാസന ചേസിനവാഡനു നീ വാഡനു നേനൈതേ
നാദോപാസന ചേസിനവാഡനു നീ വാഡനു നേനൈതേ
ദിക്കരീന്ദ്രജിത ഹിമഗിരീന്ദ്രസിത കന്ധരാ നീല കന്ധരാ
ക്ഷുദ്രുലെരുഗനി രുദ്രവീണ ലിന്നിദ്ര ഗാനമിദി
ആവതരിഞ്ചരാ വിനി തരിഞ്ചര
(ശങ്കരാ നാദശരീരാ.....)

മെരിസെ മെരുപുലു മുരിസെ പെദവുല
ചിരു ചിരു നവ്വുലു കാബോലു
ഉരിമെ ഉരുമുലു സരി സരി നടനല
സിരി സിരി മുവ്വലു കാബോലു
(മെരിസെ മെരുപുലു.....)
പരവശാന സിരസൂഗംഗാ....
തലകു ജാരെനാ ശിവഗംഗാ
പരവശാന സിരസൂഗംഗാ
തലകു ജാരെനാ ശിവഗംഗാ
നാ ഗാനലഹരിന മുനുഗംഗാ
ആനന്ദ വൃഷ്ടിനേ തഡവംഗാ
ആ ആ ആ
(ശങ്കരാ നാദശരീരാ.....)



# വോട്ടിംഗ് മെഷീൻ തിരിമറി സാധ്യമോ..

**ഡൽഹി ഡെർബാർ**

1982ൽ ഇന്ത്യയിൽ ആദ്യമായി എറണാകുളം ജില്ലയിലെ പറവൂർ ഉപതിരഞ്ഞെടുപ്പിലാണ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചത്. അവിടെ 50 ബൂത്തുകളിൽമാത്രമാണ്അന്ന്യന്ത്രംഉപയോഗിച്ചത്. എന്നാൽ ഈ തിരഞ്ഞെടുപ്പ് പിന്നീട്കേസുകളിൽഅകപ്പെടുകയുംവീണ്ടും ബാലറ്റ് പേപ്പർ ഉപയോഗിച്ചു തന്നെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തിരുന്നു.

### വോട്ടിംഗ് മെഷീൻ തിരിമറി സാധ്യമോ..?

വോട്ടിംഗ് മെഷീനിൽ കൃത്രിമം നടത്താനും തെരഞ്ഞെടുപ്പു ഫലങ്ങൾ അട്ടിമറിക്കാനുമുള്ള സാധ്യതകൾ യഥാർഥ വോട്ടിംഗ് മെഷീൻ ഉപയോഗിച്ചുള്ള പരീക്ഷണത്തിലൂടെ തെളിയിച്ചു എന്നൊരു അവകാശവാദം ഒരിക്കൽ ഉണ്ടായി. 14 സംവത്സരങ്ങൾക്കു മുമ്പ് ഒരു ഓഗസ്റ്റ് മാസം. സ്ഥലം നെറ്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ എൻജിനീയർ ഹരി കെ. പ്രസാദിന്റെ ഹൈദരാബാദിലെ വസതി. പുലർച്ചെ അഞ്ചരയോടെ ചില സന്ദർശകരെത്തി പത്തോളം പൊലീസ് ഉദ്യോഗസ്ഥർ. ഇന്ത്യയിലെ പ്രമുഖ ഇലക്ഷൻസെക്യൂരിറ്റിറിസെർച്ചർ എന്നാണു ഹരിപ്രസാദിനെ സഹപ്രവർത്തകർ വിശേഷിപ്പിച്ചിരുന്നത്. പൊലീസുകാർക്കാകട്ടെ, ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ മോഷ്ടിച്ച കേസിലെ പ്രതിയും.

ഇന്ത്യയിൽഉപയോഗിച്ചുവരുന്നവോട്ടിംഗ്മെഷീനിൽകൃത്രിമംനടത്താനുംതെരഞ്ഞെടുപ്പുകളും തെരഞ്ഞെടുപ്പു ഫലങ്ങളുംഅട്ടിമറിക്കാനുമുള്ളസാധ്യതകൾ യഥാർഥവോട്ടിങ്മെഷീൻഉപയോഗിച്ചുള്ള പരീക്ഷണത്തിലൂടെഹരിതെളിയിച്ചു എന്നാണ് ഒപ്പം ഗവേഷണത്തിൽ പങ്കെടുത്തവർ പറയുന്നത്. പക്ഷേ, അതീവ സുരക്ഷയിൽ കാത്തുസൂക്ഷിക്കുന്ന, തെരഞ്ഞെടുപ്പ് ഉള്ളപ്പോൾ മാത്രം പുറത്തെടുക്കാറുള്ള വോട്ടിംഗ് മെഷീനുകളിലൊന്ന് സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഹരിക്ക് എങ്ങിനെ കിട്ടി..?

മെഷീനുകൾ കൈകാര്യം ചെയ്യാൻ അധികാരമുള്ള, ഉത്തരവാദപ്പെട്ട ഉയർന്ന സർക്കാർ ഉദ്യോഗസ്ഥർ ആരോ കൈമാറിയെന്നു വേണം കരുതാൻ. ഗവേഷണം നടത്താൻ മെഷീൻ സംഘടിപ്പിച്ചു കൊടുത്ത ആളാരാണെന്നു വെളിപ്പെടുത്താൻ കഴിയില്ലെന്നു ഹരിയും കൂട്ടരും പറഞ്ഞു. അതാരാണെന്നു മാത്രമായിരുന്നു പൊലീസുകാർക്കും സർക്കാരിനും അറിയേണ്ടതും!ഹൈദരാബാദിലെ വീട്ടിൽനിന്ന് അറസ്റ്റ് ചെയ്ത ഹരിയെ മുംബൈയിലേക്കാണു കൊണ്ടുപോയത്.

14 മണിക്കൂർ റോഡ് യാത്ര. ഹരിക്കൊപ്പം ഗവേഷണത്തിൽ പങ്കെടുത്ത, മിഷിഗൺ യൂണിവേഴ്സിറ്റി പ്രൊഫസർ ജെ. അലക്സ് ഹോൾഡർമാനുമായി ഹരി പൊലീസ് വാഹനത്തിലിരുന്ന് സംസാരിച്ചു എന്നാണു പറയുന്നത്. ഈ സംഭാഷണത്തിൽനിന്നു ലഭിച്ചു എന്നു പറയുന്ന



വിവരങ്ങളാണു മുകളിൽ സൂചിപ്പിച്ചത്.

''മെഷീൻ ആരു നൽകിയെന്നു പറഞ്ഞാൽ പിന്നെ ഒരാളും നിങ്ങളെ തൊടില്ല. മുകളിൽനിന്നു ഞങ്ങൾക്കു നല്ല പ്രഷറുണ്ട്'', പൊലീസുദ്യോഗസ്ഥർ ഹരിയോടു പറഞ്ഞതായി ഹോൾഡർമാൻ വെളിപ്പെടുത്തുന്നു.

''ഞാൻ രഹസ്യം വെളിപ്പെടുത്തിയാൽ ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടു വരാൻ ഇനിയാരും ധൈര്യപ്പെടില്ല. ഈ മെഷീനുകൾ തെരഞ്ഞെടുപ്പിനു യോഗ്യമല്ലെന്നു ബോധ്യപ്പെടുത്തുകയാണു ഞങ്ങളുടെ അന്തിമ ലക്ഷ്യം. ഞങ്ങൾ ചെയ്തതെല്ലാം ശരിയാണെന്നു തന്നെ ഞാൻ ആത്മാർഥമായി വിശ്വസിക്കുന്നു'', ഹരിയുടെ വാക്കുകളായി ഹോൾഡർമാൻ ഇതുകൂടി കൂട്ടിച്ചേർക്കുന്നു.

സെക്യൂരിറ്റിഅനാലിസിസ്ഒഫ്ഇന്ത്യൻ വോട്ടിംഗ് മെഷീൻസ് എന്ന തലക്കെട്ടിലുള്ള ഗവേഷണ പ്രബന്ധം തയാറാക്കിയിരിക്കുന്നത് എട്ടു പേർ ചേർന്നാണ്. ഹരിയെയും ഹോൾഡർമാനെയും കൂടാതെ, മിഷിഗൺ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള സ്കോട്ട് വോൽചോക്ക്, എറിക് വുസ്ട്രോ, നെറ്റ് ഇന്ത്യയിൽനിന്നുള്ള അരുൺ കൻകിപതി, സായ്കൃഷ്ണ സഖമൂരി, വാസവ്യ യാഗതി, പ്രത്യേകിച്ചു വിലാസമൊന്നും നൽകിയിട്ടില്ലാത്ത റോപ് ഗോൻഗ്രിജ്പ് എന്നീ പേരുകളാണ് പ്രബന്ധത്തിലുള്ളത്.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തു ജനങ്ങളുടെ പരമാധികാരം വിനിയോഗിക്കാനുള്ള മാർഗത്തിനു നേരെയാണു സംശയത്തിന്റെ മുൾമുന നീളുന്നത്. അറസ്റ്റ് രാഷ്ട്രീയപ്രേരിതമാണെന്ന ഹോൾഡർമാന്റെ ആരോപണം നമ്മൾ മുഖവിലയ്ക്കെടുക്കണമെന്നില്ല. പരമ സുരക്ഷയിൽ വച്ചിരിക്കുന്ന വോട്ടിംഗ് മെഷീൻ എങ്ങനെ പുറത്തുപോയി എന്നന്വേഷിക്കേണ്ടത് സർക്കാരിന്റെയും ബന്ധപ്പെട്ട മറ്റുള്ളവരുടെയും ചുമതലയാണ്. ഒപ്പം, ശരിയോ തെറ്റോ എന്ന് ഇനിയും നിർണയിക്കപ്പെടേണ്ട മാർഗത്തിലൂടെ ഇവർ കണ്ടെത്തിയതു സത്യമോ എന്നറിയുക ഓരോ ഇന്ത്യക്കാരന്റെയും അവകാശവുമാണ്.

ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ ഉൾവശം എങ്ങനെയിരിക്കുമെന്നു നമ്മളാരും കണ്ടിട്ടില്ല. പീസ് പീസായി ഇളക്കിയിട്ടിരിക്കുന്ന മെഷീന്റെ ദൃശ്യങ്ങൾ ഹരി കെ. പ്രസാദിന്റെയും ജെ. അലക്സ് ഹോൾഡർമാന്റെയും സംഘത്തിന്റെയും ഗവേഷണ പ്രബന്ധത്തിനൊപ്പം ചേർത്തിരിക്കുന്നു. കൺട്രോൾ യൂണിറ്റ്, മെയിൻ ബോർഡ്, ഡിസ്പ്ലേ ബോർഡ് എന്നിവയൊക്കെ ഇത്തരത്തിൽ കാണിച്ചിട്ടുണ്ട്. ഗവേഷകർ മെഷീനും കെട്ടിപ്പിടിച്ചു നിൽക്കുന്ന ചിത്രം വേറെ.

ഇവിഎമ്മിന്റെ ഡിസൈനും പ്രവർത്തനരീതിയും ഗവേഷണ പ്രബന്ധത്തിൽ വിശദീകരിക്കുന്നു. രണ്ടു തരത്തിൽ തിരിമറി നടക്കാനുള്ള സാധ്യതകളാണ് ഇതിൽ ചൂണ്ടിക്കാട്ടുന്നത്. ഒന്ന്, ഡിസ്പ്ലേ ബോർഡിൽ നടത്തുന്ന തിരിമറി. യഥാർഥ ബോർഡിനു പകരം, കണ്ടാൽ ഒരു വ്യത്യാസവും തോന്നാത്ത മറ്റൊന്ന് ഘടിപ്പിക്കും. വോട്ടർമാർ എങ്ങനെയൊക്കെ വോട്ടു ചെയ്താലും, ഏതു സ്ഥാനാർഥിക്കനുകൂലമായിരിക്കണം വിധി എന്നു മൊബൈൽ ഫോൺ ഉപയോഗിച്ചു സിഗ്നൽ നൽകുന്നതു പ്രകാരം ഈ ബോർഡ് ഡിസ്പ്ലേ ചെയ്യിക്കും.

രണ്ടാമത്തേത്, മെമ്മറിയിൽ തന്നെയുള്ള തിരിമറി. ഇതിൽ ഘടകങ്ങളൊന്നും അപ്പാടെ മാറ്റിവയ്ക്കേണ്ട ആവശ്യം വരുന്നില്ല. പകരം ഒരു ചെറിയ ഹാർഡ്വയർ താത്കാലികമായി പ്രവർത്തിപ്പിക്കുക മാത്രം ചെയ്യുന്നു. വോട്ടുകൾ രേഖപ്പെടുത്തുന്ന മെമ്മറി ചിപ്പിൽ ഇതു ക്ലിപ്പ് ചെയ്യാൻ കഴിയും. ഇന്ത്യയിൽ വോട്ടെടുപ്പു കഴിഞ്ഞ് ദിവസങ്ങൾക്കു ശേഷം മാത്രം വോട്ടെണ്ണുന്ന സമ്പ്രദായമായതിനാൽ, ഇതിനിടെ എപ്പോൾ വേണമെങ്കിലും റിമോട്ട് കൺട്രോൾ പോലെയുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് തെരഞ്ഞെടുപ്പു ഫലത്തിൽ തിരിമറി നടത്താൻ കഴിയുമെന്നും ഇവർ സ്ഥാപിക്കുന്നു.

ഇതുകൂടാതെ, തെരഞ്ഞെടുപ്പിന്റെ രഹസ്യാത്മകത പരസ്യമാക്കാനും മെഷീനുകളിലൂടെ സാധിക്കുമെന്ന് ഗവേഷകർ പറയുന്നു. വോട്ട് രേഖപ്പെടുത്തുന്ന മുറയ്ക്കു തന്നെയാണ് ഇതിൽ രേഖപ്പെടുത്തുന്നത്. ഗവേഷകർ വികസിപ്പിച്ചെടുത്ത സംവിധാനം ഉപയോഗിച്ച് ഇതിന്റെ പ്രിന്റൗട്ട് എടുക്കാം. ഇത് പോളിങ് ബൂത്തിലെ രേഖകളുമായി ഒത്തുനോക്കിയാൽ ആര് ആർക്ക് വോട്ടു ചെയ്തു എന്നു വ്യക്തമാകുമത്രെ.

ഇവിഎമ്മിനെ നിയന്ത്രിക്കുന്ന കംപ്യൂട്ടർ ചിപ്പുകളെ ഏതു രീതിയിലും പ്രതികരിക്കാൻ കഴിയും വിധം പ്രോഗ്രാം ചെയ്യാൻ സാധിക്കുമെന്നതാണ് ഇതിലൊരു വാദം. അതായത്, നിശ്ചിത എണ്ണം ആളുകൾ വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞാൽ ബാക്കി വോട്ടുകൾ യാതൊരു സംശയവും ഉണ്ടാകാത്ത തരത്തിൽ, ഉദ്ദേശിക്കുന്ന സ്ഥാനാർഥിക്കു മറിക്കാൻ കഴിയുമത്രെ.

പതിനായിരക്കണക്കിനല്ല, ആയിരക്കണക്കിനോ നൂറു കണക്കിനോ മാത്രമായിരിക്കും ഇത്തരത്തിൽ മറിക്കുന്നത്. ഭൂരിപക്ഷം ലക്ഷക്കണക്കിനായിരിക്കില്ല, ആയിരക്കണക്കിനു മാത്രമായിരിക്കും.വിജയിക്കുന്ന സ്ഥാനാർത്ഥിക്കനുകൂലമായ പോളിങ് 90–95 ശതമാനമായിരിക്കില്ല, 40–45 ശതമാനമായിരിക്കും. അതിനാൽ സംശയത്തിന് അവസരമുണ്ടാകണമെന്നില്ല.

ഇലക്ഷൻ കഴിയുന്നതോടെ ആവശ്യത്തിന് അട്ടിമറികൾ നടത്തിയ ശേഷം സ്വയം നശിപ്പിക്കാൻ കഴിയുന്ന ട്രോജൻ പ്രോഗ്രാമുകൾ എഴുതാൻ കഴിയുമെന്നൊരവകാശവാദവും ഉയർന്നുവന്നിരുന്നു. തെരഞ്ഞെടുപ്പു ഫലത്തിൽ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ വരുത്തിയ ശേഷം ഈ ട്രോജൻ പ്രോഗ്രാമിനു സ്വയം നശിപ്പിക്കാൻ കഴിയും എന്നതിനാൽ തെളിവുകളൊന്നും ശേഷിക്കില്ല. വോട്ടിംഗിനു മുൻപുള്ള പരിശോധനകളിലും ഇവ കണ്ടെത്താൻ കഴിയില്ല. കാരണം, വോട്ട് ചെയ്യാൻ ഉപയോഗിക്കുന്ന കീ സ്ട്രോക്കുകൾ നിശ്ചിത എണ്ണം പിന്നിടുമ്പോൾ മാത്രമാണത്രെ ഇവ പ്രവർത്തനക്ഷമമാകുക.

ഇലക്ട്രോണിക് വോട്ടിങ് വേണ്ടെന്ന ശക്തമായ ആവശ്യം ഇന്ത്യയിൽ ആദ്യമായി ഉന്നയിക്കുന്നത് ബി.ജെ.പിയും അണ്ണാ ഡി.എം.കെയും പോലുള്ള രാഷ്ട്രീയ കക്ഷികളാണ്. കോൺഗ്രസ് നേതൃത്വം നൽകിയ മുന്നണി കേന്ദ്രത്തിൽ അധികാരത്തിലെത്തിയതിനു പിന്നാലെയായിരുന്നു ഇത്. ഗവേഷണം നടത്തുന്ന സമയത്ത് രാജ്യത്തെ 16 രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ കണ്ടെത്തലുകളോടു യോജിക്കുന്നു എന്നാണു ഹോൾഡർമാൻ അന്ന് അവകാശപ്പെട്ടത്. അതേസമയം, മാഗ്നറ്റിക് ഫീൽഡ് ഉപയോഗിച്ച് തിരിമറി നടത്തുന്നത് അടക്കമുള്ള സാധ്യതകൾ പരിശോധിച്ച് വോട്ടിംഗ് മെഷീനുകളുടെ വിശ്വാസ്യത ഉറപ്പാക്കിയിട്ടുണ്ടെന്നും, ഇതിൽ അട്ടിമറികൾ നടക്കാൻ യാതൊരു സാധ്യതയും നിലനിൽക്കുന്നില്ലെന്നുമാണ് തെരഞ്ഞെടുപ്പു കമ്മിഷനും നിർമാതാക്കളായ പൊതുമേഖലാ കമ്പനികളും അവകാശപ്പെട്ടു വരുന്നത്.

1990ലും 2006ലും ഇത്തരം സാങ്കേതിക പരിശോധനകൾ നടന്നതായി ഗവേഷകർ സമ്മതിക്കുന്നുണ്ട്. പക്ഷേ, ഇതു ശരിയായ മോഡലുകൾ ഉപയോഗിച്ചായിരുന്നില്ലെന്നും കംപ്യൂട്ടർ സുരക്ഷാ വിദഗ്ധർ ഇതിൽ പങ്കെടുത്തിട്ടില്ലെന്നും ഇവർ പറയുന്നു. സ്വതന്ത്ര പരിശോധനകൾക്ക് മെഷീനുകൾ ഒരിക്കലും വിധേയമായിട്ടില്ലെന്നും, ഇവയുടെ സാങ്കേതിക പ്രവർത്തനങ്ങൾ ഒരിക്കലും പൊതുജനങ്ങൾക്കു വിശദീകരിച്ചു കൊടുത്തിട്ടില്ലെന്നുമാണു ഹോൾഡർമാന്റെ പക്ഷം.

ഹരി കെ. പ്രസാദും സഹപ്രവർത്തകരും മെഷീനുകളുടെ സുരക്ഷ പരിശോധിക്കാൻ സഹകരിക്കാമെന്നു തെരഞ്ഞെടുപ്പു കമ്മിഷനു പല തവണ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നാണു പറയുന്നത്. ഒരിക്കലും അനുമതി കിട്ടിയിട്ടില്ലത്രെ. അങ്ങനെയിരിക്കെയാണു പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഉദ്യോഗസ്ഥനിൽനിന്ന് അവർ പരിശോധനയ്ക്ക് മെഷീൻ സംഘടിപ്പിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഒഫ് ഇന്ത്യ ലിമിറ്റഡ് എന്നിവ ചേർന്നാണ് വർഷങ്ങൾ നീണ്ട ഗവേഷണങ്ങൾക്കൊടുവിൽ വോട്ടിംഗ് മെഷീൻ വികസിപ്പിച്ചെടുത്തത്.എങ്ങനെയാണിവപ്രവർത്തിക്കുന്നതെന്നു പുറത്താർക്കുമറിയില്ല. സോഫ്റ്റ്വെയറിന്റെസോഴ്സ്കോഡ്പുറത്തുവിടണമെന്നആവശ്യങ്ങൾ ഒരിക്കലും അംഗീകരിക്കപ്പെട്ടില്ല. സോഴ്സ് കോഡ് കിട്ടാതെഇവിഎമ്മിന്റെ വിശ്വാസ്യത ഉറപ്പു വരുത്താൻ കഴിയില്ലെന്നു വാദിക്കുന്നവരുണ്ട്. എന്നാൽ, സോഴ്സ് കോഡ് പുറത്തുവിട്ടാൽ അട്ടിമറികൾക്കുള്ള സാധ്യത വർധിക്കുകയും ചെയ്യുമെന്നതു മറ്റൊരു വശം.

കാലിഫോർണിയ, ഫ്ളോറിഡ, അയർലൻഡ്, നെതർലൻഡ്സ്, ജർമനി എന്നിവിടങ്ങളിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിച്ചു തുടങ്ങിയ ശേഷം ഉപേക്ഷിച്ചിട്ടുണ്ടെന്നു പഠനത്തിൽ ചൂണ്ടിക്കാട്ടുന്നു. എന്നാൽ, ഇവയെ അപേക്ഷിച്ച് അതീവ ലളിതമാണ് ഇന്ത്യയിലെ വോട്ടിംഗ് മെഷീന്റെ ഡിസൈനും പ്രവർത്തനവും. അതുകൊണ്ടു തന്നെ അവിടങ്ങളിൽനിന്നു വ്യത്യസ്തമായ അട്ടിമറി സാധ്യതകളാണ് ഇവിടെ നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ വിദേശികളുടെ മേൽനോട്ടത്തിൽ നടത്തിയ പഠനത്തിന്റെ ഉദ്ദേശ്യശുദ്ധി ചോദ്യം ചെയ്യപ്പെടാം. പക്ഷേ, സംശയനിവാരണം ജനങ്ങളുടെയും അവകാശമാണെന്നുമറക്കരുത്.

◗ *എമ എൽസ എൽവിൻ*

# ഷോക്ക് കൊടുത്തും ചേർത്ത് നിർത്തിയും ട്രംപ് പണി തുടങ്ങി

നിയുകത അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ജനുവരി 20ന് ചുമതലയേൽക്കും. അന്ന് തന്നെ നിർണായക ഉത്തരവുകൾ ഇറക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിട്ടുമുണ്ട്. ഇതിൽ ചൈനയ്ക്കും കാനഡയ്ക്കും നല്ല പണി വരുന്ന ഉത്തരവുകളും ഉണ്ടാകും എന്ന സൂചന നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോം ആയ ട്രൂത്ത് സോഷ്യലിലാണ് ട്രംപ് നിർണായക പ്രഖ്യാപനം നടത്തിയിരിക്കുന്നത്.

ട്രംപ് അമേരിക്കൻ പ്രസിഡന്റായിരുന്ന 2020 കാലത്ത് ചൈനയുമായി നിരന്തരം വാണിജ്യ തർക്കങ്ങളായിരുന്നു. ജോ ബൈഡൻ അധികാരത്തിലെത്തിയതോടെയാണ് ഇതിന് താൽകാലിക ആശ്വാസം ഉണ്ടായത്. എന്നാൽ ട്രംപ് വീണ്ടും പ്രസിഡന്റാകുന്നതോടെ തർക്കങ്ങൾ തലപൊക്കുകയാണെന്ന് വേണം കരുതാൻ. ചൈനയിൽ നിന്നും കാനഡയിൽ നിന്നും മെക്സിക്കോയിൽ നിന്നുമുള്ള ഉൽപ്പന്നങ്ങൾക്ക് ഉയർന്ന ചുങ്കം ചുമത്തുമെന്നാണ് ട്രംപ് പ്രഖ്യാപിച്ചിരിക്കുന്നത്.

അമേരിക്കൻ വിപണിയിലെ നിറസാന്നിധ്യമാണ് ചൈനീസ് ഉൽപ്പന്നങ്ങൾ. ഇത് തടയണമെന്ന വാദമാണ് എക്കാലവും ട്രംപ് മുന്നോട്ടുവച്ചിരുന്നത്. പ്രസിഡന്റായി ചുമതലയേറ്റടുത്താൽ നടപടി സ്വീകരിക്കുമെന്നും തിരഞ്ഞെടുപ്പ് പ്രചാരണവേളയിൽ അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ആദ്യ ദിനം തന്നെ നടപടിയുണ്ടാകുമെന്നാണ് ട്രംപിന്റെ പ്രതികരണം. അതേസമയം ചൈന എങ്ങനെ ഇതിനെ നേരിടുമെന്നതാണ് നിർണായകം.

അമേരിക്കയുടെ എക്കാലത്തും വാണിജ്യ എതിരാളിയാണ് ചൈന. അതേസമയം, കാനഡയുമായി അമേരിക്കൻ ഭരണകൂടം നല്ല ബന്ധം നിലനിർത്തുകയാണ് പതിവ്. എന്നാൽ ട്രംപ് വരുന്നതോടെ ഈ പതിവും തെറ്റും. ചൈനയുടെയും കാനഡയുടെയും ഉൽപ്പന്നങ്ങൾക്ക് 25 ശതമാനം നികുതി ചുമത്തുമെന്നാണ് ട്രംപ് അറിയിച്ചിരിക്കുന്നത്. മെക്സിക്കോയുടെ ഉൽപ്പന്നങ്ങൾക്ക് 10 ശതമാനം താരിഫും ചുമത്താനാണ് തീരുമാനം.

വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്ന വസ്തുക്കൾക്ക് ഉയർന്ന താരിഫ് ചുമത്തിയാൽ സ്വാഭാവികമായും ഇറക്കുമതി ചെയ്യുന്നവർ വില വർധിപ്പിക്കും. ഇതിന്റെ അവസാന ഇര വസ്തു വാങ്ങുന്ന വ്യക്തിയാകും. ഉപഭോക്താവിന് ഉയർന്ന വില നൽകേണ്ടിവരും. ഇതോടെ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിൽ നിന്ന് ഉപഭോക്താക്കൾ പിന്തിരിയും. പകരം ഉൽപ്പന്നങ്ങൾ കണ്ടെത്താൻ ഇറക്കുമതി ചെയ്യുന്നവരും ഉപഭോക്താക്കളും നിർബന്ധിതരാകും. ഇതാണ് ട്രംപിന്റെ തന്ത്രം.

ചൈനീസ് ഉൽപ്പന്നങ്ങൾക്ക് സമാനമായത് അമേരിക്കയിൽ തന്നെ ഉൽപ്പാദിപ്പിക്കണം എന്ന നിലപാടാണ് ട്രംപിനുള്ളത്. ജോലി സാധ്യതകൾ കൂടാനും നിർമാണ രംഗം സജീവമാകാനും ഇത് കാരണമാകുമെന്ന് ട്രംപ് കണക്കുകൂട്ടുന്നു. അതേസമയം, ചൈനയും കാനഡയും ഏത് രീതിയിൽ ഇതിനോട് പ്രതികരിക്കുമെന്നതും നിർണായകമാണ്. അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് താരിഫ് ചുമത്തുന്ന നടപടിയിലേക്ക് ചൈനയും കടന്നേക്കും. പുതിയ വ്യാപാര യുദ്ധത്തിന് ഇത് വഴിയൊരുക്കും.

ട്രംപ് താരിഫ് ഭീഷണി മുഴക്കിയ രാജ്യങ്ങളിൽ ഇന്ത്യ ഇല്ല എന്നത് നിലവിൽ ആശ്വാസമാണ്. അതേസമയം, ഗൾഫ് രാജ്യങ്ങളും ട്രംപിന്റെ വരവ് പ്രതീക്ഷയോടെയാണ് കാണുന്നത്. പശ്ചിമേഷ്യയിലെ യുദ്ധം അവസാനിപ്പിക്കാൻ അദ്ദേഹം ഇടപെട്ടേക്കുമെന്ന് ജിസിസി നേതാക്കൾ പ്രതീക്ഷിക്കുന്നു.

മാത്രമല്ല, 2016ൽ അധികാരത്തിലെയ വേളയിൽ ട്രംപ് ആദ്യം സന്ദർശിച്ച വിദേശരാജ്യം സൗദി അറേബ്യയായിരുന്നു. അമേരിക്കൻ പ്രസിഡന്റുമാരുടെ പതിവ് രീതിക്ക് വിപരീതമായിരുന്നു ഇത്. ജിസിസി രാജ്യങ്ങളുമായി വ്യാപാര ബന്ധം കൂടുതൽ ദൃഢമാക്കാനും ട്രംപ് മുൻകൈ എടുത്തിരുന്നു. സമാനമായ നടപടി ഇത്തവണയും സൗദി പ്രതീക്ഷിക്കുന്നുണ്ട്.



# ആർ.സി.ബിയുടെ ഹിന്ദി സമൂഹമാധ്യമ അക്കൗണ്ടിനെതിരെ ആരാധക രോഷം

ഐപിഎൽ ടീമായ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ ഹിന്ദിയിൽ സോഷ്യൽ മീഡിയ അക്കൗണ്ട് ആരംഭിച്ചതിൽ ആരാധകർ രോഷാകുലർ. ഹിന്ദി അടിച്ചേൽപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി സോഷ്യൽ മീഡിയയിലെ അക്കൗണ്ടിൽ നിന്ന് ബെംഗളൂരു ടീമിനെ നീക്കം ചെയ്യണമെന്ന് ആരാധകർ ആവശ്യപ്പെട്ടു. എക്സിൽ ആണ് 'റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ ഹിന്ദി' എന്ന പേരിൽ ഒരു പുതിയ പേജ് ആരംഭിച്ചത്. സൂപ്പർ താരം വിരാട് കോഹ്‌ലിയും പുതിയ അക്കൗണ്ടിൽ ഹിന്ദി സംസാരിക്കുന്ന വീഡിയോ പങ്കുവെച്ചിട്ടുണ്ട്.പിന്നാലെയാണ് അക്കൗണ്ടിനെതിരെ കന്നട ആരാധകർ രംഗത്തെത്തിയത്. നിങ്ങളുടെ സൂപ്പർതാരം വിരാട് കോഹ്ലിയെ അദ്ദേഹത്തിൻറെ പ്രിയപ്പെട്ട ഭാഷയായ ഹിന്ദി ഭാഷയിൽ കേൾക്കു എന്ന കുറിപ്പിനൊപ്പമാണ് വിഡിയോ പോസ്റ്റ് ചെയ്തിരിക്കുന്നത്. ഇനി മുതൽ ആർ.സി.ബി വിഡിയോകൾ നിങ്ങളുടെ പ്രിയപ്പെട്ട ഹിന്ദി ഭാഷയിൽ ലഭ്യമാണെന്നും കുറിപ്പിലുണ്ട്.

## ഐപിഎൽ ലേലത്തിൽ 'അൺസോൾഡ്' ആയതിന് പിന്നാലെ പരിഹാസം ; പ്രതികരിച്ച് പൃഥ്വി ഷാ

ഐപിഎൽ ലേലത്തിൽ 'അൺസോൾഡ് ' ആയതിന് പിന്നാലെ തനിക്കെതിരായ ട്രോളുകൾക്ക് മറുപടിയുമായി പൃഥ്വി ഷാ. തന്നെ എല്ലാവരും ശ്രദ്ധിക്കുന്നത് കൊണ്ടാണ് ട്രോളുകൾ വരുന്നതെന്നും എന്നാൽ ചിലപ്പോൾ അത് വേദനിപ്പിക്കുമെന്നും പൃഥ്വി ഷാ പറഞ്ഞു.ഇന്ത്യയെ അണ്ടർ 19 ലോകകപ്പ് കിരീടത്തിലേക്ക് നയിച്ച ക്യാപ്റ്റൻ പൃഥ്വി ഷാ, 2018 മുതൽ ഏഴ് സീസണുകളിൽ ഡൽഹി ക്യാപിറ്റൽസിന്റെ താരമായിരുന്നു. ഇത്തവണത്തെ മെഗാ താരലേലത്തിന് മുന്നോടിയായി പൃഥ്വി ഷായെ ഒഴിവാക്കി. എന്നാൽ ലേലത്തിൽ താരത്തെ വിളിക്കാൻ ആരും തയ്യാറായില്ല. പൃഥ്വി ഷാ ഐപിഎൽ താരലേലത്തിൽ 'അൺസോൾഡ്' ആയത് നാണക്കേടാണെന്ന് ചൂണ്ടികാട്ടി ഡൽഹി ടീമിന്റെ സഹപരിശീലകനായിരുന്ന മുഹമ്മദ് കൈഫ് രംഗത്തെത്തിയിരുന്നു''എന്നെ കൃത്യമായി നിരീക്ഷിക്കാത്ത, സമൂഹമാധ്യമങ്ങളിൽ ഫോളോ ചെയ്യാത്ത ഒരാൾ എങ്ങനെയാണ് എനിക്കെതിരെ ട്രോളുകൾ സൃഷ്ടിക്കുക? എന്നെ കുറേപ്പേർ ട്രോളുന്നുണ്ടെങ്കിൽ അതിന്റെ അർഥം അവരുടെ ഒരു കണ്ണ് എപ്പോഴും എന്റെ മേൽ ഉണ്ടെന്നാണ്. അത് നല്ലതല്ലേ. ട്രോളുന്നത് വളരെ നല്ല കാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല. തീരെ മോശം കാര്യമാണെന്നും തോന്നലില്ല. ആളുകൾ ഉണ്ടാക്കുന്ന ട്രോളുകൾ കാണുമ്പോൾ ചിലപ്പോൾ വേദന തോന്നാറുണ്ട്' പൃഥ്വി ഷാ പറഞ്ഞു.



# 'ബെഞ്ച് സ്ട്രെങ്ത് ഇല്ല, സഞ്ജുവിന്റെ രാജസ്ഥാൻ ഇത്തവണ ബുദ്ധിമുട്ടും'; ഹർഷ ഭോഗ്ലെ

2025 ലെ ഇന്ത്യൻ പ്രീമിയർ ലീഗ് മെഗാ ലേലം അവസാനിക്കുമ്പോൾ എല്ലാ ഫ്രാഞ്ചൈസികളും തങ്ങളുടെ ടീമുകൾക്കായി മികച്ച കളിക്കാരെ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും, ലേലത്തിൽ ശരാശരി പ്രകടനം മാത്രമാണ് രാജസ്ഥാൻ റോയൽസിന് പുറത്തെടുക്കാനായത്. ജോസ് ബട്ട്ലർ ഉൾപ്പെടെയുള്ള വമ്പൻ താരങ്ങളെ നഷ്ടമായെങ്കിലും ലേലത്തിലൂടെ പകരക്കാരെ കണ്ടെത്താൻ രാജസ്ഥാന് കഴിഞ്ഞിട്ടില്ല. ഈ വർഷത്തെ ലേലത്തിൽ അൺക്യാപ്പ്ഡ് താരങ്ങൾ ഉൾപ്പെടെ 14 താരങ്ങളെയാണ് രാജസ്ഥാൻ സ്വന്തമാക്കിയത്. എന്നാൽ, രാജസ്ഥാൻ ടീം ഇപ്പോഴും സന്തുലിതമാണ് എന്ന അഭിപ്രായവുമായി മുൻ ഇന്ത്യൻ താരം ഹർഷ ഭോഗ്ലെ രംഗത്തെത്തി. സന്തുലിതമായ ടീം ഉണ്ടെങ്കിലും ഒരു വലിയ പ്രശ്നം രാജസ്ഥാനെ അലട്ടാൻ സാധ്യതയുണ്ട് എന്ന് ഭോഗ്ലെ പറയുന്നു.''ഇത്തവണത്തെ രാജസ്ഥാൻ ടീം വളരെ ബാലൻസുള്ള ഒരു ടീമായിട്ടാണ് ഞാൻ കാണുന്നത്. സാധാരണയായി മുംബൈ ഇന്ത്യൻസ് കാഴ്ചവയ്ക്കുന്ന തരത്തിലുള്ള പ്രകടനമാണ് ഇത്തവണ രാജസ്ഥാൻ ലേലത്തിൽ കാഴ്ചവച്ചത്. അവർക്ക് ഒരു മുംബൈ ടച്ച് ഉണ്ട് എന്ന് പറയാതിരിക്കാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ നല്ലൊരു ടീമാണ് രാജസ്ഥാന്റേത്. തങ്ങളുടെ സ്ക്വാഡിൽ





കേവലം 6 വിദേശ താരങ്ങളെ മാത്രമാണ് രാജസ്ഥാൻ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രധാനമായും ഇന്ത്യൻ താരങ്ങളെ ആശ്രയിക്കുക എന്ന തീരുമാനമാണ് ഇത്തവണ രാജസ്ഥാൻ കൈക്കൊണ്ടത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. മുംബൈ ടീമിന്റെ ലൈനപ്പും ഇതിന് സമാനമാണ്.''- ഹർഷ പറയുന്നു.എന്നാൽ ഇത്തവണ രാജസ്ഥാൻ ടീമിന് ബെഞ്ച് സ്ട്രെങ്ത് ഇല്ലാത്തത് വലിയ പ്രശ്നമായി മാറിയേക്കാം. 2025ലെ ഐപിഎല്ലിന്റെ പ്രാഥമിക റൗണ്ടിൽ രാജസ്ഥാൻ റോയൽസിന് 14 മത്സരങ്ങൾ കളിക്കാനുണ്ട്. ഇത്രയധികം മത്സരങ്ങൾ കളിക്കാനുള്ള ബെഞ്ച് കരുത്ത് അവർക്കുണ്ടോ എന്ന് കണ്ടറിയണം. ജയ്സ്വാളിന് പരിക്കേറ്റാലോ മറ്റെന്തെങ്കിലുമുണ്ടായാൽ രാജസ്ഥാൻ കൂടുതൽ കുഴപ്പത്തിലാകും, ''ഹർഷ കൂട്ടിച്ചേർത്തു.സഞ്ജു സാംസൺ നായകനായ സ്ക്വാഡിലെ പ്രധാന താരങ്ങൾ ജയസ്വാൾ, പരഗ്, ജൂറൽ, സന്ദീപ് ശർമ, നിതീഷ് റാണ എന്നിവരാണ്. ബോളർമാരിൽ ജോഫ്രാ ആർച്ചർ. ആകാശ് മധ്വാൾ, തുഷാർ ദേശ്പാണ്ടെ എന്നിവരെയാണ് രാജസ്ഥാൻ പ്രധാനമായും ആശ്രയിക്കേണ്ടത്. രവിചന്ദ്രൻ അശ്വിനെയും ചഹലിനെയും വിട്ടു നൽകിയ രാജസ്ഥാന് ഇത്തവണ ലഭിച്ചിരിക്കുന്ന സ്പിന്നർമാർ വനിന്തു ഹസരംഗയും മഹേഷ് തീക്ഷണയുമാണ്.



# '' എന്റെ ജീവിതമാണ് എന്റെ വിശ്വാസം:'' ജയ്സ്വാൾ

ഓസ്ട്രേലിയയ്ക്കെതിരായ ഇന്ത്യയുടെ ആദ്യ ടെസ്റ്റ് മത്സരത്തിൽ മിന്നുന്ന സെഞ്ചുറിയായിരുന്നു യുവതാരം ജയസ്വാൾ സ്വന്തമാക്കിയത്. മത്സരത്തിന്റെ ആദ്യ ഇന്നിംഗ്സിൽ ഡക്കിന് പുറത്തായ ജയ്സ്വാൾ രണ്ടാം ഇന്നിംഗ്സിൽ മികച്ച തിരിച്ചുവരവ് നടത്തി.മുൻകാല ജീവിതത്തിൽ തനിക്കുണ്ടായിരുന്ന ആത്മവിശ്വാസമാണ് ഇത്തരമൊരു തിരിച്ചുവരവിന് തന്നെ സഹായിച്ചതെന്ന് ജയ്സ്വാൾ വെളിപ്പെടുത്തി. ഏത് മോശം അവസ്ഥയിൽ നിന്നും തിരിച്ചുവരാനുള്ള കഴിവ് തനിക്കുണ്ടെന്ന് ജയ്സ്വാൾ തുറന്നടിച്ചു. ഒരു ഓസ്ട്രേലിയൻ ചാനലിന് നൽകിയ അഭിമുഖത്തിലാണ് ജയ്സ്വാൾ ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.'എന്റെ മുൻകാല ജീവിതം എന്റെ ആത്മവിശ്വാസമാണ്. ഏത് മോശം അവസ്ഥയിൽ നിന്നും എനിക്ക് തിരിച്ചുവരാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. പോരാട്ടം നയിക്കുക എന്നത് മാത്രമാണ് എന്റെ മനസ്സിലുള്ളത്. ആ പോരാട്ടം ഞാൻ വളരെയധികം ആസ്വദിക്കുന്നു. അതിൽ വിജയിക്കാൻ എനിക്കും ഇഷ്ടമാണ്.' -ജയ്സ്വാൾ പറഞ്ഞു. മാത്രമല്ല, ഇത്തരമൊരു ക്രിക്കറ്റ് ജീവിതം തനിക്ക് ലഭിച്ചതിൽ വലിയ അനുഗ്രഹമായി കരുതുന്നുവെന്നും ജയ്സ്വാൾ അഭിമുഖത്തിൽ കൂട്ടിച്ചേർത്തു. ജീവിതത്തിൽ താൻ ഏറ്റവും ഇഷ്ടപ്പെടുന്ന ജോലിയാണ് ഇപ്പോൾ ചെയ്യുന്നതെന്നും ജയ്സ്വാൾ കൂട്ടിച്ചേർത്തു.ഉത്തർപ്രദേശിലെ ഒരു സാധാരണ കുടുംബത്തിലാണ് ഇന്ത്യയുടെ യുവ ഓപ്പണറായ ജയ്സ്വാൾ ജനിച്ചത്. ശേഷം ഒരുപാട് പ്രയത്നത്തിലൂടെയാണ് ഇന്ത്യൻ ദേശീയ ടീമിൽ താരം എത്തിപ്പെട്ടത്.




# റയൽ മാഡ്രിഡിന്റെ ഇപ്പോഴത്തെ സ്ഥിതിക്ക് കാരണം എംബാപ്പെ; തുറന്നടിച്ച് ഡയറ്റ്മർ ഹമാൻ

റയൽ മാഡ്രിഡിന്റെ ഇപ്പോഴത്തെ സ്ഥിതി മോശമാകാൻ കാരണം എംബാപ്പയാണെന്ന് മുൻ ജർമ്മൻ താരമായിരുന്ന ഡയറ്റ്മർ ഹമാൻ. ചാമ്പ്യൻസ് ലീഗിൽ നിലവിലെ ചാമ്പ്യന്മാരായ റയൽ മാഡ്രിഡിനെ പരാജയപ്പെടുത്താൻ ലിവർപൂളിന് കഴിഞ്ഞു. എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് റയൽ മാഡ്രിഡ് പരാജയപ്പെട്ടത്. ഫ്രഞ്ച് താരം കൈലിയൻ എംബാപ്പെ ഇന്നലെ കളത്തിൽ മോശം പ്രകടനമാണ് നടത്തിയത്.മത്സരത്തിൽ നിർണായകമായ പെനാൽറ്റി എംബാപ്പെ നഷ്ടപ്പെടുത്തി. താരത്തിന്റെ മോശം പ്രകടനത്തെ വിമർശിച്ച് നിരവധി താരങ്ങൾ രംഗത്തെത്തിയിട്ടുണ്ട്. ഇതിന് പിന്നാലെയാണ് ഡയറ്റ്മർ ഹമാന്റെ പ്രതികരണം.''എംബപ്പേ റയലിനെ ഇംപ്രൂവ് ആക്കിയിട്ടില്ല എന്നുള്ളത് മാത്രമല്ല കൂടുതൽ മോശമാക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരുപാട് സൂപ്പർ താരങ്ങൾ ഇപ്പോൾ അവിടെയുണ്ട്. അതിൽ പലരും തിളങ്ങാൻ ആഗ്രഹിക്കുന്നവരാണ്. മറ്റുള്ളവരെ മികച്ചവരാക്കാൻ കെൽപ്പുള്ള താരങ്ങൾ ഇന്ന് റയലിൽ ഇല്ല. അതാണ് റയലിന്റെ പ്രശ്നം. എംബപ്പേ വന്നതിന്റെ ബുദ്ധിമുട്ട് ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ജൂഡ് ബെല്ലിങ്ങ്ഹാമാണ്.

കഴിഞ്ഞ സീസണിൽ അദ്ദേഹത്തിന് വേണ്ടത്ര സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എന്നാൽ എംബപ്പേ വന്നതോടെ അത് പോയി. ഇന്ന് റയൽ ടീമിൽ ഉള്ള മൂന്നോ നാലോ താരങ്ങൾ ഡിഫൻഡിങ്ങിൽ പങ്കെടുക്കുന്നില്ല.അതൊരിക്കലും നല്ല കാര്യമല്ലെന്നും ഡയറ്റ്മാർ പറഞ്ഞു.എംബപ്പേയും വിനിയും ഡിഫൻഡ് ചെയ്യുന്നില്ല. റോഡ്രിഗോ ചില സമയത്ത് മാത്രമാണ് അത് ചെയ്യുന്നത്. ആറോ ഏഴോ താരങ്ങളെ മാത്രം വെച്ചുകൊണ്ട് ഡിഫൻഡ് ചെയ്യാൻ സാധിക്കില്ല. അവർ ലാ ലിഗയിൽ വിജയിച്ചേക്കാം. പക്ഷേ ചാമ്പ്യൻസ് ലീഗിൽ അത് നടക്കില്ല. അവർക്ക് ഒരുപാട് മികച്ച നേട്ടങ്ങളുണ്ട്. എന്നാൽ അവർക്ക് ഒരു ടീമായി തിളങ്ങാൻ കഴിയില്ല, അതിനാൽ അവർക്ക് ഇത്തവണ കിരീടങ്ങൾ നേടാനാകുമെന്ന് ഞാൻ കരുതുന്നില്ല- ഡയറ്റ്മാർ കൂട്ടിച്ചേർത്തു.

## ആരാണ് വിഘ്നേഷ് പുത്തൂർ? മുംബൈയിലേക്കുള്ള സർപ്രൈസ് മലയാളി എൻട്രി



ഈ വർഷത്തെ ഇന്ത്യൻ പ്രീമിയർ ലീഗ് ലേലത്തിൽ മലയാളി താരം വിഘ്നേഷ് പുത്തൂരിന്റെ പ്രവേശനം ഏവരെയും അമ്പരപ്പിച്ചു. ഇന്ത്യൻ ക്രിക്കറ്റിൽ ഇതുവരെ അധികം കേൾക്കാത്ത പേരാണ് വിഘ്നേഷിന്റേത്. എന്നാൽ ഐപിഎൽ ലേലത്തിന് ശേഷം വിഘ്നേഷിന്റെ കരിയറിന് വലിയ ബ്രേക്ക് ലഭിച്ചു. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയാണ് വിഘ്നേഷ് പുത്തൂരിന്റെ സ്ഥലം. വിഘ്നേഷ് പുത്തൂരിന് 23 വയസ്സ് മാത്രം. വലംകൈയ്യൻ ബാറ്റ്സ്മാനും ഇടംകൈയ്യൻ സ്പിന്നറുമായ ഈ മലയാളി താരത്തെ അടിസ്ഥാന വിലയായ 30 ലക്ഷം രൂപയ്ക്കാണ് മുംബൈ ഇന്ത്യൻസ് സ്വന്തമാക്കിയത്. വിഘ്നേഷിന്റെ പിതാവ് സുനിൽ കുമാർ ഒരു ഓട്ടോ ഡ്രൈവറാണ്. അമ്മ കെപി ബിന്ദു ഗൃഹഭരണവുമായി മുന്നോട്ടുപോകുന്നു. ഒരുപാട് സാമ്പത്തിക പരമായ വെല്ലുവിളികൾ ഈ രക്ഷിതാക്കൾ നേരിട്ടിട്ടുണ്ട്. എന്നാൽ ഈ സമയത്തും തന്റെ മകന്റെ ക്രിക്കറ്റ് ആഗ്രഹങ്ങൾക്ക് വലിയ പിന്തുണ നൽകാൻ മാതാപിതാക്കൾക്ക് സാധിച്ചു.''രോഹിത് ശർമയും ഹർദിക് പാണ്ഡ്യവുമാണ് മുംബൈ ഇന്ത്യൻസ് ടീമിലെ എന്റെ പ്രിയപ്പെട്ട താരങ്ങൾ. ഈ സൂപ്പർതാരങ്ങൾക്കൊപ്പം ടീമിൽ കളിക്കാൻ സാധിക്കുന്നത് തന്നെ വലിയ സന്തോഷമുള്ള കാര്യമാണ്.''- വിഘ്നേഷ് പറഞ്ഞു. ഐപിഎല്ലിൽ തനിക്ക് ഇങ്ങനെയൊരു അവസരം ലഭിക്കാൻ പ്രധാന കാരണമായി മാറിയത് കേരള ക്രിക്കറ്റ് ലീഗിന്റെ ഉദ്ഘാടന സീസണാണ് എന്ന് വിഗ്നേഷ് പറഞ്ഞു. ആലപ്പി റിപ്പിൽസ് ടീമിനായി ആയിരുന്നു ടൂർണമെന്റിൽ വിഗ്നേഷ് കളിച്ചത്. ആലപ്പിക്കായി കളിച്ച 3 മത്സരങ്ങളിൽ 2 വിക്കറ്റുകൾ സ്വന്തമാക്കാൻ താരത്തിന് സാധിച്ചിരുന്നു. എന്നാൽ ബാറ്റിംഗിൽ വിഗ്നേഷിന് വേണ്ട രീതിയിൽ അവസരം ലഭിച്ചിരുന്നില്ല.

## റിഷഭ് പന്ത് ഡൽഹി ക്യാപിറ്റൽസ് വിടാനുള്ള കാരണമെന്ത്? തുറന്നു പറഞ്ഞ് ടീം ഉടമ

ഐപിഎൽ ലേലത്തിന് മുമ്പ്, ഋഷഭ് പന്ത് ഡൽഹി ക്യാപിറ്റൽസ് വിട്ടതിന് പിന്നിലെ പ്രശ്നം പണമല്ലെന്ന് ടീം സഹ ഉടമ പാർത്ഥ് ജിൻഡാൽ. ടീം ഉടമകളുമായുള്ള ആശയപരമായ അഭിപ്രായവ്യത്യാസത്തെ തുടർന്നാണ് ഋഷഭ് പന്ത് ടീം വിട്ടതെന്ന് ക്രിക്ക്ഇൻഫോയ്ക്ക് നൽകിയ അഭിമുഖത്തിൽ പാർത്ത് ജിൻഡാൽ പറഞ്ഞു.ഒമ്പത് സീസണുകളിൽ ഡൽഹിക്ക് വേണ്ടി കളിച്ച ഋഷഭ് പന്ത് മൂന്ന് സീസണുകളിൽ ടീമിന്റെ ക്യാപ്റ്റനായിരുന്നു. പ്രതിഫല തർക്കത്തെ തുടർന്നാണ് ഋഷഭ് പന്ത് ടീം വിടാൻ തീരുമാനിച്ചതെന്ന റിപ്പോർട്ടുകളോട് പ്രതികരിക്കുകയായിരുന്നു പാർത്ത് ജിൻഡാൽ. ഞങ്ങൾക്കും ഋഷഭ് പന്തിനും പണം ഒരു പ്രശ്നമേ ആയിരുന്നില്ല. ഞങ്ങൾ തമ്മിലുള്ള വ്യത്യാസം ആശയപരമായിരുന്നു. ടീമിനെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകണം എന്നതിൽ നിന്ന് വ്യത്യസ്തമായിരുന്നു റിഷഭിന്റെ ചിന്ത. ഞങ്ങൾക്കും ടീം ഉടമകൾക്കും ഋഷഭ് പന്തിനും വ്യത്യസ്ത ചിന്തകളായിരുന്നു.അവനെ നിലനിർത്താൻ ഞങ്ങൾ കഴിയുന്നതെല്ലാം ചെയ്തു. പക്ഷെ അദ്ദേഹം തീരുമാനമെടുത്തു കഴിഞ്ഞിരുന്നു. തീരുമാനമെടുത്താൽ പിന്നെ അതിനെ മാനിക്കുക എന്നത് മാത്രമാണ് ഞങ്ങൾക്ക് ചെയ്യാനുള്ളത്. ഋഷഭ് പന്ത് ഡൽഹി വിടാൻ തീരുമാനിച്ചത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വലിയ നഷ്ടമായിരുന്നു- പാർത്ത് ജിൻഡാൽ പറഞ്ഞു.



# നല്ല കൊളസ്ട്രോൾ കൂട്ടാനും മോശം കുറയ്ക്കാനും കഴിക്കേണ്ട ഭക്ഷണങ്ങൾ

ഹൃദയാരോഗ്യത്തിന് കൊളസ്ട്രോൾ ഒരു പ്രധാന വില്ലനാണ്. കൊളസ്ട്രോളിൽ തന്നെ നല്ല കൊളസ്ട്രോൾ അല്ലെങ്കിൽ എച്ച്ഡിഎൽ കൊളസ്ട്രോളും ചീത്ത കൊളസ്ട്രോൾ അല്ലെങ്കിൽ എൽഡിഎൽ കൊളസ്ട്രോളും ഉണ്ട്. മോശം ജീവിതശൈലിയും മോശം ഭക്ഷണശീലങ്ങളും ആണ് ചീത്ത കൊളസ്ട്രോൾ ഉയരാൻ കാരണം. ആരോഗ്യകരമായ ഭക്ഷണ ശീലം പിന്തുടർന്നാൽ കൊളസ്ട്രോളിനെ നിയന്ത്രിക്കാൻ കഴിയും. കൊളസ്ട്രോൾ കുറയ്ക്കാൻ കഴിക്കേണ്ട ഭക്ഷണങ്ങൾ ഏതൊക്കെയെന്ന് നോക്കാം



**ഒലിവ് ഓയിൽ**

നല്ല കൊളസ്ട്രോൾ കൂട്ടാനും ചീത്ത കൊളസ്ട്രോൾ കുറയ്ക്കാനുമുള്ള നല്ലൊരു വഴിയാണ് ഒലീവ് ഓയിൽ. എക്സ്ട്രാ വെർജിൻ ഒലിവ് ഓയിലിൽ ധാരാളം പോളിഫെനോൾ അടങ്ങിയിട്ടുണ്ട്. ഇത് ഹൃദയാരോഗ്യം മെച്ചപ്പെടുത്താൻ സഹായിക്കും. അണ്ടിപ്പരിപ്പും വിത്തുകളും നല്ലൊരു വഴിയാണ്. നിങ്ങൾക്കും ഇത് ഉപയോഗിക്കാം.

**നെല്ലിക്ക**

ശരീരത്തിലെ ചീത്ത കൊളസ്ട്രോൾ നീക്കം ചെയ്യാൻ സഹായിക്കുന്ന മികച്ച ഔഷധസസ്യങ്ങളിലൊന്നാണ് നെല്ലിക്ക. നെല്ലിക്ക സ്ഥിരമായി കഴിക്കുന്നത് നല്ല കൊളസ്ട്രോൾ വർദ്ധിപ്പിക്കുകയും ചീത്ത കൊളസ്ട്രോൾ കുറയ്ക്കുകയും ചെയ്യും. നെല്ലിക്ക ജ്യൂസ് ആയും അല്ലാതെയും കഴിക്കാം. നെല്ലിക്ക, ചോളം എന്നിവയുടെ ഉപയോഗം കൊളസ്ട്രോൾ കുറയ്ക്കാനുള്ള നല്ലൊരു വഴി കൂടിയാണ്. ഇവ രണ്ടും മിക്സ് ചെയ്ത് ജ്യൂസ് ഉണ്ടാക്കാം.

**പയർ**

നാരുകൾ അടങ്ങിയ പയർവർഗങ്ങൾക്ക് കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കാനുള്ള കഴിവുണ്ട്. അതുകൊണ്ട് തന്നെ എല്ലാത്തരം പയറുവർഗങ്ങളും ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക. ബീൻസ്, പീസ് തുടങ്ങിയ പയർവർഗ്ഗങ്ങൾ നിങ്ങളുടെ ഭക്ഷണത്തിൽ വലിയ അളവിൽ ഉൾപ്പെടുത്തണം. നാരുകളാൽ സമ്പുഷ്ടമായ ധാന്യങ്ങൾ കഴിക്കുന്നത് കൊളസ്ട്രോൾ കുറയ്ക്കാനും ഹൃദയാരോഗ്യം മെച്ചപ്പെടുത്താനും സഹായിക്കുന്നു. ബാർലിയും ഓട്സും കൊളസ്ട്രോൾ കുറയ്ക്കാൻ അത്യുത്തമമാണ്.

**അവോക്കാഡോ അല്ലെങ്കിൽ ബട്ടർ ഫ്രൂട്ട്**

ശരീരത്തിലെ നല്ല കൊളസ്ട്രോളിന്റെ അളവ് കൂട്ടാനും ചീത്ത കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കാനും അവക്കാഡോയ്ക്ക് കഴിയും. അവോക്കാഡോയിൽ അടങ്ങിയിരിക്കുന്ന വിറ്റാമിൻ കെ, സി, ബി5, ബി6, ഇ, മറ്റ് ആന്റിഓക്സിഡന്റുകൾ എന്നിവ ഹൃദയത്തെ സംരക്ഷിക്കുന്നു. കൂടാതെ, രക്തസമ്മർദ്ദം തടയാനും സ്ട്രോക്ക് തടയാനും അവോക്കാഡോ ഉപയോഗിക്കാം. ഈ പഴത്തിൽ അടങ്ങിയിരിക്കുന്ന ലയിക്കുന്ന നാരുകളും മോണോസാച്ചുറേറ്റഡ് കൊഴുപ്പും ഹൃദയാരോഗ്യം നിലനിർത്താൻ ഏറെ ഗുണം ചെയ്യും.

**നട്സുകൾ**

കൊളസ്ട്രോൾ കുറയ്ക്കാനും ഹൃദ്രോഗ സാധ്യത കുറയ്ക്കാനും നട്സുകൾ ഗുണം ചെയ്യും. ആൽമണ്ട്, പീനട്ട്, വാൾനട്ട് അങ്ങനെ എല്ലാ വിധത്തിലെ നട്സും കൊളസ്ട്രോൾ കുറയ്ക്കും. ദിവസവും നട്സ് കഴിക്കുന്നത് ഹൃദ്രോഗം, അർബുദം ഇവയ്ക്കുള്ള സാധ്യതയെ കുറയ്ക്കും.

രക്തസമ്മർദവും ചീത്ത കൊളസ്ട്രോൾ എന്നറിയപ്പെടുന്ന എൽഡിഎൽ കൊളസ്ട്രോളും കുറയ്ക്കാൻ പപ്പായ വളരെ നല്ലതാണ്. കൂടാതെ ഫാറ്റി ആസിഡും ഒലിയിക് ആസിഡും മറ്റും പപ്പായയിൽ അടങ്ങിയിട്ടുണ്ട്. ഇവയും കൊളസ്ട്രോൾ കുറയ്ക്കുന്നതിന് സഹായകരമാണ്.



# സമ്മർദ്ദത്തിൽ നിന്ന് ശരീരത്തെ സംരക്ഷിക്കാൻ കൊക്കോ ബെസ്റ്റ് !

മാനസിക സമ്മർദ്ദം നേരിടുന്ന സമയത്ത് കൊക്കോ അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നത് അല്ലെങ്കിൽ ഗ്രീൻ ടീ കുടിക്കുന്നത് നല്ലതാണെന്ന് ഗവേഷണങ്ങൾ. സമ്മർദ്ദത്തിലായിരിക്കുമ്പോൾ ആളുകൾ തിരഞ്ഞെടുക്കുന്ന ഭക്ഷണക്രമം ഈ പിരിമുറുക്കം ഹൃദയാരോഗ്യത്തിൽ ചെലുത്തുന്ന സ്വാധീനത്തെയും ബാധിക്കുമെന്നാണ് വിദഗ്ധർ പറയുന്നത്.

എന്നാൽ അടുത്തിടെ പഠനത്തിൽ ചോക്ലേറ്റിലെ പ്രധാന ഘടകമായ കൊക്കോ അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നത് മാനസിക ആഘാതം കുറയ്ക്കുമെന്ന് കണ്ടെത്തി. കൊക്കോയിൽ ഫ്ളാവനോളുകൾ അടങ്ങിയിട്ടുണ്ട്.

ആപ്പിളും ചായയും പോലുള്ള ചില ഭക്ഷണങ്ങളിലും പാനീയങ്ങളിലും കാണപ്പെടുന്ന സംയുക്തങ്ങളാണ് ഫ്ളാവനോളുകൾ, കൂടാതെ രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിനും ഹൃദയാരോഗ്യം സംരക്ഷിക്കുന്നതുമുൾപ്പെടെ വിവിധ ഗുണങ്ങളുള്ളതായി കണക്കാക്കപ്പെടുന്നു.

സമ്മർദ്ദത്തിലായിരിക്കുമ്പോൾ ഭക്ഷണം അമിതമായി കഴിച്ച് കൊഴുപ്പ് കൂട്ടുന്നതിനേക്കാൾ ഒരു കപ്പ് കുറഞ്ഞ അളവിൽ സംസ്കരിച്ച കൊക്കോ അല്ലെങ്കിൽ ഗ്രീൻ ടീ ചേർക്കുന്നത് ആരോഗ്യത്തിന് യഥാർത്ഥ വ്യത്യാസം ഉണ്ടാക്കുമെന്ന് പഠനം അവകാശപ്പെടുന്നു.

'ആധുനിക ജീവിതം സമ്മർദ്ദപൂരിതമാണ്, നമ്മുടെ ആരോഗ്യത്തിലും സമ്പദ്‌വ്യവസ്ഥയിലും സമ്മർദ്ദം ചെലുത്തുന്ന സ്വാധീനം നന്നായി രേഖപ്പെടുത്തിയിട്ടുണ്ട്. സമ്മർദ്ദത്തിന്റെ ചില ലക്ഷണങ്ങളിൽ നിന്ന് സ്വയം പരിരക്ഷിക്കുന്നത് പോസിറ്റീവ് ആണ്. ബർമിംഗ്ഹാം സർവ്വകലാശാലയിലെ ബയോളജിക്കൽ സൈക്കോളജി പ്രൊഫസറും പഠനത്തിന്റെ രചയിതാവുമായ ജെറ്റ് വെൽധുയിസെൻ വാൻ സാന്റൻ കൂട്ടിച്ചേർത്തു:

കൊഴുപ്പ് കൂടിയ ഭക്ഷണങ്ങൾ രക്തക്കുഴലുകളുടെയും തലച്ചോറിലേക്കുള്ള ഓക്സിജന്റെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് മുൻ പഠനത്തിൽ ബർമിംഗ്ഹാം ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. അതേ സമയം കൊക്കോയിലും ഗ്രീൻ ടീയിലും ധാരാളമായി കാണപ്പെടുന്ന ഫ്ളവനോളുകൾക്ക് ഈ പ്രവർത്തനത്തെ സംരക്ഷിക്കാൻ കഴിയും.

# ദിവസത്തിൽ 10 മണിക്കൂറിൽ കൂടുതൽ ഇരിക്കുന്നത് ഹൃദയസ്തംഭനത്തിന് കാരണമാകുമെന്ന് പഠനം



ദിവസവും 10 മണിക്കൂറിൽ കൂടുതൽ ഇരിക്കുന്നത് ഹൃദ്രോഗ സാധ്യത വർദ്ധിപ്പിക്കുമെന്ന് പഠനം. ഉദാസീനമായ ജീവിതശൈലി നിങ്ങളുടെ ഹൃദയാരോഗ്യം ഉൾപ്പെടെ നിങ്ങളുടെ മൊത്തത്തിലുള്ള ആരോഗ്യത്തെ ബാധിക്കും. ഇത് ഹൃദ്രോഗം, ഹൃദയാഘാതം എന്നിവയ്ക്കുള്ള സാധ്യതയും വർദ്ധിപ്പിക്കും.

അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജി ജേണലിൽ പ്രസിദ്ധീകരിച്ച ഒരു പുതിയ പഠനം കാണിക്കുന്നത്, ഒരു ദിവസം 10.6 മണിക്കൂറിൽ കൂടുതൽ ഇരിക്കുന്നത് നിങ്ങളുടെ ജീവിതത്തിൽ ഏട്രിയൽ ഫൈബ്രിലേഷൻ, ഹൃദയസ്തംഭനം, മയോകാർഡിയൽ ഇൻഫ്രാക്ഷൻ എന്നിവയ്ക്കുള്ള സാധ്യത വർദ്ധിപ്പിക്കും എന്നാണ്.

എല്ലാ ആഴ്ചയും ശുപാർശ ചെയ്യപ്പെടുന്ന 150 മിനിറ്റ് മിതമായ വ്യായാമം ചെയ്താലും ഈ സാഹചര്യത്തിൽ മാറ്റം വരുന്നതായി കണ്ടെത്താനായിട്ടില്ലെന്നും ഗവേഷകർ പറഞ്ഞു. ശരാശരി 62 വയസ്സുള്ള 90,000 ആളുകളിൽ യുകെ ബയോബാങ്കിൽ നിന്നുള്ള ഡാറ്റ ഉപയോഗിച്ചാണ് പഠനം നടത്തിയത്.

എട്ട് വർഷത്തെ പഠനത്തിൽ പങ്കെടുത്തവരിൽ അഞ്ച് ശതമാനം പേർ ഏട്രിയൽ ഫൈബ്രിലേഷൻ (ഹൃദയത്തിന്റെ മുകൾ അറകളിൽ ക്രമരഹിതമായ ഹൃദയമിടിപ്പുകൾ) വികസിച്ചതായി കണ്ടെത്തി. 2.1 ശതമാനം പേർക്ക് ഹൃദയസ്തംഭനം അനുഭവപ്പെട്ടു. രണ്ട് ശതമാനത്തോളം പേർക്ക് ഹൃദയാഘാതമുണ്ടായി. ഒരു ശതമാനത്തിൽ താഴെ ആളുകൾ ഹൃദയസംബന്ധമായ കാരണങ്ങളാൽ മരിച്ചു.

ഇത് ഉദാസീനമായ ജീവിതശൈലി ഹൃദയാരോഗ്യത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ എങ്ങനെ ബാധിക്കുന്നുവെന്ന് പഠനം വ്യക്തമാക്കുന്നു. കൂടാതെ ഇരിപ്പിനിടെ ഇൻട്രാ ആക്ടിവിറ്റി ബ്രേക്കുകൾ അല്ലെങ്കിൽ വ്യായാമ സമയം നീട്ടേണ്ടതിന്റെ ആവശ്യകതയും പഠനം ചൂണ്ടിക്കാണിക്കുന്നു.

ദീർഘനേരമുള്ള ഇരിപ്പ് ഉയർന്ന രക്തസമ്മർദം, പ്രമേഹം, ഹൃദ്രോഗം എന്നിവ ഉണ്ടാകാനുള്ള സാധ്യത വർധിപ്പിക്കുമെന്ന് മുൻപ് പഠനങ്ങൾ തെളിയിച്ചിട്ടുള്ളതാണ്.

# വിറ്റാമിൻ സി കുറഞ്ഞാൽ ശരീരം കാണിക്കുന്ന ലക്ഷണങ്ങൾ



പ്രതിരോധശേഷി മുതൽ ചർമ്മത്തിന്റെ ആരോഗ്യം വരെയുള്ള എല്ലാത്തിനും ഏറ്റവും പ്രധാനപ്പെട്ട വിറ്റാമിനുകളിൽ ഒന്നാണ് വിറ്റാമിൻ സി. ശരീരത്തിലെ വിറ്റാമിൻ സിയുടെ കുറവ് പല ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകും.

എല്ലുകളുടെ ആരോഗ്യത്തിനും വിറ്റാമിൻ സി പ്രധാനമാണ്. അതിനാൽ, വിറ്റാമിൻ സിയുടെ കുറവ് എല്ലുകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. ഇത് ഓസ്റ്റിയോപൊറോസിസ് സാധ്യത വർദ്ധിപ്പിക്കും. സന്ധി വേദനയും മുട്ടുവേദനയും ഉണ്ടാകാം. വിറ്റാമിൻ സിയുടെ കുറവ് പല്ലുകളുടെയും മോണകളുടെയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. ദന്തക്ഷയം, മുറിവുകൾ പതുക്കെ ഉണങ്ങുക എന്നിവയാണ് ലക്ഷണങ്ങൾ.

വിറ്റാമിൻ സിയുടെ കുറവ് പ്രതിരോധശേഷി കുറയുന്നതിനും ജലദോഷം, പനി തുടങ്ങിയ സീസണൽ അണുബാധകൾക്കും ഇടയാക്കും. ഇരുമ്പ് ആഗിരണം ചെയ്യാൻ വിറ്റാമിൻ സി ആവശ്യമായതിനാൽ, ഇവയുടെ കുറവ് വിളർച്ചയ്ക്ക് കാരണമാകും. ഇത് അമിതമായ ക്ഷീണം, ബലഹീനത, അലസത, ഊർജ്ജ നഷ്ടം, വിശപ്പ്, ഭാരക്കുറവ് എന്നിവയ്ക്ക് കാരണമാകും.

വിറ്റാമിൻ സിയുടെ കുറവ് കണ്ണിന്റെ ആരോഗ്യത്തെയും ബാധിക്കും. അതുപോലെ വൈറ്റമിൻ സിയുടെ കുറവും ചർമ്മപ്രശ്നങ്ങൾക്ക് കാരണമാകും. ചെറിയമുഖക്കുരു, ചുണങ്ങ്, ചർമ്മത്തിൽ വരൾച്ച എന്നിവ വൈറ്റമിൻ സിയുടെ കുറവ് മൂലമാകാം. വിറ്റാമിൻ സിയുടെ കുറവും മുടി വരണ്ടതാക്കും.

നെല്ലിക്ക, നാരങ്ങ, ഓറഞ്ച്, കിവി, പപ്പായ, സ്ട്രോബെറി, ബ്രൊക്കോളി, കുരുമുളക്, തക്കാളി, പേരക്ക, ചീര, കോളിഫ്ളവർ, മധുരക്കിഴങ്ങ്, കാബേജ് എന്നിവ വിറ്റാമിൻ സിയാൽ സമ്പന്നമാണ്. ആരോഗ്യകരമായ ഭക്ഷത്തോടൊപ്പം, ശരീരത്തിൽ വിറ്റാമിൻ സി ശരിയായ അളവിൽ നിലനിർത്തുന്നതിന് സപ്ലിമെന്റുകൾ വളരെയധികം സഹായിക്കുന്നതാണ്.

ദിവസേനയുള്ള ഭക്ഷണത്തിൽ വിറ്റാമിൻ ഉൾപ്പെടുത്തി കഴിക്കുന്നതിന്റെ അളവ് പ്രായവും ലിംഗഭേദവും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും ഉയർന്ന അളവിൽ വിറ്റാമിൻ സി ആവശ്യവുമാണ്.



### ഡബിൾ സ്ട്രോംഗ് സുരക്ഷയുമായി ആപ്പിൾ;

## ഫേഷ്യൽ റെകഗ്നിഷൻ ഇല്ലാതെയും ആളെ തിരിച്ചറിയും!

ഓരോ പുത്തൻ ഫീച്ചറിലൂടെ ദിനംപ്രതി ടെക് ലോകത്തെ വിസ്മയിപ്പിക്കുകയാണ് ആപ്പിൾ. ഇപ്പോഴിതാ ഫേഷ്യൽ റെകഗ്നിഷൻ ഇല്ലാതെ ഒരാളെ തിരിച്ചറിയാനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ച് പേറ്റന്റ് നേടിയിരിക്കുകയാണ് ആപ്പിൾ. യുഎസ് പേറ്റന്റ് ആൻഡ് ട്രേഡ്മാർക്ക് ഓഫീസ് (USPTO) ഇത് സംബന്ധിച്ച് പേറ്റന്റ് ഡോക്യുമെന്റ് പ്രസിദ്ധീകരിച്ചു.

ആളുകളെ അവരുടെ ശാരീരിക സവിശേഷതകളെ അടിസ്ഥാനമാക്കി തിരിച്ചറിയാൻ സാധിക്കുന്നതാണ് പുതിയ സാങ്കേതികവിദ്യ. ശരീരത്തിന്റെയോ അവർ ധരിക്കുന്ന വസ്ത്രത്തിന്റെയോ ചിത്രങ്ങൾ ഉപയോഗിച്ച് വരെ ആളുകളെ തിരിച്ചറിയാൻ ഇതുവഴി സാധിക്കും.

ഫേഷ്യൽ റെഗ്നിഷൻ പോലെ 'ബോഡിപ്രിന്റിനെ' ആശ്രയിച്ചായിരിക്കും സുരക്ഷാ ക്യാമറ പ്രവർത്തിക്കുക. ഇനി മുതൽ ആപ്പിളിന്റെ ക്യാമറയ്ക്ക് മുഖം മാത്രമല്ല ശാരീരിക സവിശേഷതകളും തിരിച്ചറിയാൻ സാധിക്കും.

വാൾ മൗണ്ട് ടാബ്ലെറ്റിൽ മുതൽ സ്മാർട്ട് ഹോം മേഖലയിൽ വരെ വിപ്ലവം സൃഷ്ടിക്കാൻ പുത്തൻ സാങ്കേതികവിദ്യക്ക് സാധിക്കും. ഐഫോൺ, ഐപാഡ്, ആപ്പിൾ ടിവി എന്നിവ ഉപയോഗിച്ച് സുരക്ഷാ ക്യാമറയുടെ ഫീഡ് കാണാൻ സാധിക്കും.

## പൊതുയിടങ്ങളിൽ വോയ്സ് മെസേജ് തുറക്കാൻ ഇനി മടിക്കേണ്ട ! ആഗ്രഹിച്ച ഫീച്ചറെത്തി




പരസ്പരം സന്ദേശങ്ങൾ കൈമാറുന്നതിൽ മൊബൈൽ ഉപയോക്താക്കളുടെ ഇഷ്ടപ്ലാറ്റ്ഫോമാണ് വാട്സ്ആപ്പ്. നീണ്ട സന്ദേശങ്ങൾ കുത്തിക്കുറിക്കുന്നതിന് പകരം വന്ന വോയ്സ് മെസേജുകളും ഇരുകൈയ്യും നീട്ടിയാണ് നമ്മൾ സ്വീകരിച്ചത്.

ശബ്ദ സന്ദേശങ്ങളിലും പുതിയ പരിഷ്കാരം കൊണ്ടുവന്നിരിക്കുകയാണ് വാട്സ്ആപ്പ്. വായിച്ചെടുക്കാവുന്ന രീതിയിൽ ശബ്ദസന്ദേശം ടെക്സ്റ്റുകളാക്കി കൺവെർട്ട് ചെയ്യുന്ന അപ്ഡേഷനാണ് വരുന്നത്.

പൊതുയിടങ്ങളിലോ മീറ്റിംഗുകളിലോ ഇരിക്കുമ്പോൾ പലപ്പോഴും ശബ്ദ സന്ദേശങ്ങൾ തുറക്കുന്നത് ബുദ്ധിമുട്ടാണ്. ഈ പ്രശ്നത്തിന് പരിഹാരമൊരുക്കുകയാണ് പുതിയ അപ്ഡേഷനിൽ.

പുതിയ ഫീച്ചർ വാട്സ്ആപ്പിന്റെ ജനപ്രിയത ഇരട്ടിയാക്കുമെന്നാണ് വിലയിരുത്തൽ. ട്രാൻസ്ക്രൈബ് ഫീച്ചറാണ് പുതുതായി വാട്സ് ആപ്പ് അവതരിപ്പിച്ചിരിക്കുന്നത്.

ഇതുപ്രകാരം വോയ്സ് മെസേജുകൾ കേൾക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് ഇനിമുതൽ ശബ്ദശകലങ്ങൾ വായിക്കാം. ഇതൊരു ഡിഫാൾട്ട് സംവിധാനമല്ല. ഉപഭോക്താവിന് താത്പര്യമുണ്ടെങ്കിൽ തെരഞ്ഞെടുക്കാവുന്ന സൗകര്യമാണിത്.

### ആക്ടിവേറ്റ് ചെയ്യുന്നതിനായി

1. സെറ്റിംഗിസിൽ ചാറ്റ്സ് എന്ന ഓപ്ഷൻ ക്ലിക് ചെയ്യുക.
2. ചാറ്റിൽ വോയ്സ് മെസേജ് ട്രാൻസ്ക്രിപ്റ്റ്സ് എന്ന ഓപ്ഷൻ ക്ലിക് ചെയ്യുക.
3. ഇതിൽ കുറച്ചു നേരം അമർത്തിപിടിച്ചാൽ ട്രാൻസ്ക്രൈബ് എന്ന ഓപ്ഷൻ കാണും, ഇത് ആക്ടിവേറ്റ് ആക്കിയാൽ വോയ്സ് മെസേജുകൾ ടെക്സ്റ്റ് രൂപത്തിൽ പ്രത്യക്ഷപ്പെടും.
4. മറ്റൊരാൾക്ക് ട്രാൻസ്ക്രിപ്ഷൻ അയക്കാൻ സാധിക്കില്ല. വരുന്ന ആഴ്ചകളിൽ പുതിയ അപ്ഡേഷൻ ലഭിച്ചു തുടങ്ങുമെന്നാണ് വാട്സ് ആപ്പ് പറയുന്നത്.

## ഐഫോണിന് ചെക്ക് വച്ച് വാവെയ്; ചൈനീസ് സാങ്കേതികവിദ്യയുമായി മേറ്റ് 70 സിരീസ്

ചൈനീസ് സ്മാർട്ട്ഫോൺ നിർമ്മാതാക്കളായ വാവെയ് തങ്ങളുടെ ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന മേറ്റ് 70 സീരീസ് പുറത്തിറക്കി.

മേറ്റ് 60 സീരീസ് ലോഞ്ച് ചെയ്ത് ഏകദേശം ഒരു വർഷത്തിന് ശേഷമാണ് മേറ്റ് 70 വരുന്നത്. അമേരിക്കൻ സാങ്കേതിക വിദ്യകൾ പൂർണമായും ഉപേക്ഷിച്ചാണ് കമ്പനി ഫോണുകൾ നിർമ്മിച്ചിരിക്കുന്നത്.

ഹാർമണിഒഎസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലുള്ള ഫോണിലൂടെ പ്രീമിയം സ്മാർട്ട്ഫോൺ വിപണിയിലേക്ക് തിരിച്ചുവരിക കൂടിയാണ് വാവെയ്.

ആൻഡ്രോയ്ഡ് സാങ്കേതികവിദ്യയിൽ നിന്ന് ഇതോടെ വാവെയ് വഴിമാറി നടക്കും. വാവെയുടെ തന്നെ Kirin 9100 ചിപ്സെറ്റിലാണ് വാവെയ് മേറ്റ് 70 നിർമിച്ചിരിക്കുന്നത്.

മേറ്റ് 70, മേറ്റ് 70 പ്രോ എന്നിവയ്ക്ക് 5,500 എംഎഎച്ച് ബാറ്ററിയും, മേറ്റ് 70+, മേറ്റ് 70 ആർഎസ് എന്നിവയ്ക്ക് 5,700 എംഎഎച്ച് ബാറ്ററിയുമാണുള്ളത്. 5ജി സാങ്കേതികവിദ്യ വരെ ഫോണുകൾ സ്വീകരിക്കും. മികച്ച ക്യാമറ ഫീച്ചറുകളും ഫോണുകൾക്കുണ്ട് എന്നാണ് റിപ്പോർട്ട്.

കമ്പനിയുടെ ഇതുവരെ പുറത്തിറങ്ങിയ ഏറ്റവും നവീനമായ ഫ്ളാഗ്ഷിപ്പ് ആണ് വാവെയ് മേറ്റ് 70 സിരീസ്.




വാവെയ് മേറ്റ് 70, മേറ്റ് 70 പ്രോ, മേറ്റ് 70 പ്രോ+, മേറ്റ് 70 ആർഎസ് എന്നീ മോഡലുകളാണ് വാവെയ് 70 സിരീസിലുള്ളത്. ചൈനയിൽ 5,499 യുവാനിലാണ് (64,100 രൂപ) മേറ്റ് 70ന്റെ (12 ജിബി റാം + 256 ജിബി സ്റ്റോറേജ്) വില ആരംഭിക്കുന്നത്.

ചൈനയിൽ 5,999 യുവാൻ വിലയുള്ള ഐഫോൺ 16ന്റെ ബേസ് മോഡലിനേക്കാൾ കുറഞ്ഞ വിലയിലാണ് വാവെയ് ഫോൺ അവതരിപ്പിച്ചിരിക്കുന്നത്. ഇതുവരെ പുറത്തിറങ്ങിയ ഏറ്റവും കരുത്തുറ്റ മേറ്റ് ഫോണാണ് ഇതെന്ന് വാവെയ് അവകാശപ്പെടുന്നു.




## വാട്സ്ആപ്പ് സ്റ്റാറ്റസിൽ ഇനി ഗ്രൂപ്പുകളെയും മെൻഷൻ ചെയ്യാം

നമ്മിൽ പലരും മെസേജിംഗ് പ്ലാറ്റ്ഫോമായ വാട്ട്സ്ആപ്പിൽ സ്റ്റാറ്റസ് വ്യൂവേഴ്സിന്റെ എണ്ണം പതിവായി പരിശോധിക്കുന്നവരാണ്. ഇതിനിടയിൽ മെൻഷൻ ഓപ്ഷൻ വാട്ട്സ്ആപ്പിൽ മെറ്റാ അവതരിപ്പിച്ചു. ഈ അപ്ഡേറ്റ് ഹിറ്റായതിന് പിന്നാലെ കമ്പനി പുതിയ അപ്ഡേറ്റ് കൂടി അവതരിപ്പിച്ചിരിക്കുകയാണ്.

പുതിയ അപ്ഡേറ്റിലൂടെ നമ്മളൊരു സ്റ്റാറ്റസ് ഇട്ടാൽ ഗ്രൂപ്പിനെ മൊത്തം അറിയിക്കാനും മെൻഷൻ ചെയ്ത് ടാഗ് ചെയ്യാനുമാകും എന്ന് വാബീറ്റഇൻഫോ റിപ്പോർട്ട് ചെയ്യുന്നു. വാട്സ്ആപ്പിന്റെ ബീറ്റ പതിപ്പിലാണ് സ്റ്റാറ്റസിലെ ഗ്രൂപ്പ് ചാറ്റ് മെൻഷൻ അവതരിപ്പിച്ചിരിക്കുന്നത്.

നിലവിൽ അഞ്ച് വ്യക്തികളെ മാത്രമാണ് ഒരു സ്റ്റാറ്റസിൽ മെൻഷൻ ചെയ്യാൻ സാധിക്കുക. എന്നാൽ ഗ്രൂപ്പുകളെ മെൻഷൻ ചെയ്യാനുള്ള അവസരം ലഭിക്കുന്നതിലൂടെ വ്യക്തികളെ പ്രത്യേകം സ്റ്റാറ്റസുകളിൽ മെൻഷൻ ചെയ്യേണ്ടതില്ല. ഗ്രൂപ്പിനെ മെൻഷൻ ചെയ്യുന്നതിലൂടെ അംഗങ്ങൾക്ക് മെൻഷനെക്കുറിച്ച് അറിയിപ്പും ലഭിക്കും. ഈ അപ്ഡേഷനിലൂടെ അംഗങ്ങൾക്ക് സ്റ്റാറ്റസ് കാണാനാകും.

അതേസമയം, ഗ്രൂപ്പ് ചാറ്റുകൾ മ്യൂട്ട് ആക്കിയവർക്ക് ഗ്രൂപ്പ് മെൻഷൻ അറിയിപ്പുകൾ ലഭിക്കില്ല. വ്യക്തികളെ പരാമർശിക്കുന്നതിന് പരിധി ഉള്ളതുപോലെ, സ്റ്റാറ്റസ് അപ്ഡേറ്റുകളിൽ ഗ്രൂപ്പ് ചാറ്റുകൾ പരാമർശിക്കുന്നതിന് ഒരു പരിധി ഉണ്ടാകുമോ എന്നത് നിലവിൽ വ്യക്തമല്ല.

## ഇൻസ്റ്റഗ്രാമിലും ഇനി ലൈവ് ലൊക്കേഷൻ പങ്കിടാം

മെറ്റയുടെ ഉടമസ്ഥതയിലുള്ള ഇൻസ്റ്റാഗ്രാം ഏറ്റവും ജനപ്രിയമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൊന്നാണ്. ഇതിന് രണ്ട് ബില്യൺ സജീവ ഉപയോക്താക്കളുണ്ട്. 2020ൽ ടിക്ടോക്കിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് റീലുകൾ അവതരിപ്പിച്ചതിന് ശേഷം ഇൻസ്റ്റാഗ്രാം ജനപ്രീതി നേടി. ഇപ്പോഴിതാ ലൈവ് ലൊക്കേഷനുകൾ സുഹൃത്തുക്കളുമായി പങ്കിടാൻ അനുവദിക്കുന്ന പുത്തൻ ഫീച്ചറുമായി ഇൻസ്റ്റാഗ്രാം എത്തിയിരിക്കുകയാണ്. മെസ്സേജുകളിൽ 1 മണിക്കൂർ വരെ ലൈവ് ലൊക്കേഷൻ ആക്ടീവ് ആയിരിക്കും. തത്സമയ ലൊക്കേഷൻ പങ്കിടൽ സജീവമാകുമ്പോൾ ചാറ്റിന്റെ മുകളിൽ നോട്ടിഫിക്കേഷൻ നിങ്ങളെ അറിയിക്കും. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും പങ്കിടുന്നത് നിർത്താം. ലൊക്കേഷൻ പങ്കിടൽ ഫീച്ചറുകൾ നിലവിൽ തിരഞ്ഞെടുത്ത രാജ്യങ്ങളിൽ മാത്രമേ ലഭ്യമാകൂ.






## സുരക്ഷയിൽ ആശങ്ക; ചാമ്പ്യൻസ് ട്രോഫി വേദി പാകിസ്ഥാന് നഷ്ടമായേക്കും

ലാഹോർ: ചാമ്പ്യൻസ് ട്രോഫിക്ക് ആതിഥേയത്വം വഹിക്കാനായി ഒരുക്കങ്ങൾ പുരോഗമിക്കുകയാണ് പാകിസ്ഥാനിൽ. ടൂർണമെന്റിൽ കളിക്കാൻ ഇന്ത്യ പാകിസ്ഥാനിലേക്ക് വരില്ലെന്ന് അറിയിച്ചതോടെ ഷെഡ്യൂൾ പ്രഖ്യാപിക്കാൻ പോലും കഴിയാത്ത സ്ഥിതിയാണ്. ഇന്ത്യയുടെ മത്സരങ്ങൾ പാകിസ്ഥാന് പുറത്ത് നടത്തുന്ന ഹൈബ്രിഡ് മോഡൽ ബിസിസിഐയും ഐസിസിയും മുന്നോട്ടുവയ്ക്കുന്നുവെങ്കിലും ഇതിൽ അന്തിമ തീരുമാനമായിട്ടില്ല.ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടക്കുന്ന മത്സരങ്ങൾക്കായി കോടിക്കണക്കിന് പണം മുടക്കിയാണ് ലാഹോർ, കറാച്ചി, റാവൽപിണ്ടി സ്റ്റേഡിയങ്ങൾ പിസിബി പുതുക്കിപ്പണിയുന്നത്. അതേസമയം ഇന്ത്യയുടെ മത്സരങ്ങൾ എവിടെ നടത്തുമെന്ന കാര്യത്തിൽ തീരുമാനം വൈകുന്നതിനിടെ ടൂർണമെന്റ് മൊത്തമായും പാകിസ്ഥിനിൽ നിന്ന് മാറ്റേണ്ടിവരുമോ എന്നതാണ് പിസിബിയുടെ ആശങ്ക. മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനെ ജയിൽ മോചിതനാക്കണമെന്ന് ആവശ്യപ്പെട്ട് അദ്ദേഹത്തിന്റെ പാർട്ടിയായ തെഹ്രീകെ ഇൻസാഫ് പാർട്ടിയുടെ നേതൃത്വത്തിൽ അരങ്ങേറുന്ന പ്രക്ഷോഭമാണ് പുതിയ വെല്ലുവിളി.തലസ്ഥാന നഗരമായ ഇസ്ലാമബാദിനെ മുൾമുനയിൽ നിർത്തി ആയിരങ്ങളാണ് പ്രക്ഷോഭത്തിൽ അണിനിരന്നത്. നാല് പേരുടെ മരണം ഇതുവരെ റിപ്പോർട്ട് ചെയിതിട്ടുണ്ട്.

### യുകെ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളുമായി

# ആണവ പദ്ധതിയെക്കുറിച്ച് ചർച്ച നടത്താൻ ഒരുങ്ങി ഇറാൻ



ഇറാൻ വെള്ളിയാഴ്ച ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളുമായി ആണവ പദ്ധതിയെക്കുറിച്ച് ചർച്ചകൾ നടത്താൻ ഒരുങ്ങുന്നതായി റിപ്പോർട്ട്. യുഎസ് പ്രസിഡന്റ്-നിയുക്ത ഡൊണാൾഡ് ട്രംപിന്റെ തിരിച്ചുവരവിന് മുന്നോടിയായി മറ്റുള്ളവരുമായി ഇടപഴകാൻ ഇറാൻ സന്നദ്ധത പ്രകടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഫലമായാണ് ഈ ചർച്ച എന്നാണ് വിലയിരുത്തൽ. ട്രംപ് ഇസ്ലാമിക് റിപ്പബ്ലിക്കിനെതിരെ 'പരമാവധി സമ്മർദ്ദം' നയം പിന്തുടരുന്നു എന്നത് മുൻപ് തെളിഞ്ഞിട്ടുള്ള കാര്യമാണ്.വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചിയുടെ രാഷ്ട്രീയ ഡെപ്യൂട്ടി ആയി സേവനമനുഷ്ഠിക്കുന്ന ഇറാനിയൻ നയതന്ത്രജ്ഞൻ മജിദ് തഖ്ത്-റവഞ്ചി വെള്ളിയാഴ്ചത്തെ ചർച്ചകളിൽ ഇറാനെ പ്രതിനിധീകരിക്കും എന്നാണ് ലഭിക്കുന്ന വിവരം.യൂറോപ്യൻ യൂണിയന്റെ വിദേശകാര്യ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറി ജനറൽ എൻറിക് മോറയുമായി അദ്ദേഹം നേരത്തെ കൂടിക്കാഴ്ച നടത്തുമെന്ന് ഐആർഎൻഎ സ്റ്റേറ്റ് ന്യൂസ് ഏജൻസി റിപ്പോർട്ട് ചെയ്യുന്നു.അതേസമയം കഴിഞ്ഞയാഴ്ച, യുഎൻ ഇന്റർനാഷണൽ ആറ്റോമിക് എനർജി ഏജൻസിയുടെ (ഐഎഇഎ) 35 രാജ്യങ്ങളുടെ ഗവർണർമാരുടെ ബോർഡ് ആണവ വിഷയങ്ങളിൽ ഇറാന്റെ സഹകരണമില്ലായ്മയെ അപലപിക്കുന്ന പ്രമേയം അംഗീകരിച്ചിരുന്നു.എന്നാൽ ബ്രിട്ടനും ഫ്രാൻസും ജർമ്മനിയും അമേരിക്കയും ചേർന്ന് കൊണ്ടുവന്ന പ്രമേയത്തെ 'രാഷ്ട്രീയ പ്രേരിത'മെന്നാണ് ഇറാൻ വിശേഷിപ്പിച്ചത്. ഇതിന് മറുപടിയായി, സമ്പുഷ്ടമായ യുറേനിയത്തിന്റെ ശേഖരം വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത 'പുതിയ അഡ്വാൻസ്ഡ് സെൻട്രിഫ്യൂജുകൾ' വിക്ഷേപിക്കുന്നതായി ടെഹ്റാൻ പ്രഖ്യാപിച്ചു.ട്രംപ് വൈറ്റ് ഹൗസിലേക്ക് മടങ്ങാൻ ഏതാനും ആഴ്ചകൾക്കുമുമ്പ്, മൂന്ന് യൂറോപ്യൻ രാജ്യങ്ങളുമായും ഒരുമിച്ച് ഇരിക്കാനുള്ള ടെഹ്റാൻ തയ്യാറാണ് എന്ന തരത്തിൽ റിപ്പോർട്ടുകൾ പുറത്തു വന്നിരുന്നു.ഇറാന്റെ തീരുമാനങ്ങൾ എടുക്കുന്നതിൽ അന്തിമ അധികാരമുള്ള പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനി ആണവായുധങ്ങൾ ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ട് ഒരു മതപരമായ ഉത്തരവ് അല്ലെങ്കിൽ ഫത്വ പുറപ്പെടുവിച്ചിരുന്നു.ഇറാന്റെ ആണവ പദ്ധതി 1950 കളുടെ അവസാനത്തിൽ, അന്നത്തെ സഖ്യകക്ഷിയായിരുന്ന അമേരിക്ക, ഷാ മുഹമ്മദ് റെസ പഹ്ലവിയുമായി ഒരു സിവിൽ സഹകരണ കരാറിൽ ഒപ്പുവച്ചു.

# അഞ്ച് വർഷത്തിനുശേഷം നോട്രെഡാം കത്തീഡ്രൽ വീണ്ടും തുറക്കുന്നു



പാരീസ്: ചരിത്രപ്രസിദ്ധമായ പാരീസിലെ നോട്രെ ഡാം കത്തീഡ്രൽ 2024 ഡിസംബർ ഏഴിന് പൊതുജനങ്ങൾക്കായി വീണ്ടും തുറക്കും. 12-ാം നൂറ്റാണ്ടിലെ ഐതിഹാസികമായ ഗോതിക് കത്തീഡ്രൽ 2019 ഏപ്രിലിൽ ഉണ്ടായ ശക്തമായ തീപിടുത്തത്തിൽ ഭാഗീകമായി കത്തിനശിച്ചിരുന്നു.അഞ്ച് വർഷത്തെ പുനരുദ്ധാരണ പദ്ധതിക്ക് ശേഷമാണ് നോട്രെ ഡാം കത്തീഡ്രൽ വീണ്ടും തുറക്കുന്നത്. 2019 ഏപ്രിൽ 15 ന് ഉണ്ടായ തീപിടുത്തത്തിൽ 860 വർഷം പഴക്കമുള്ള ദേവാലയത്തിന്റെ ഭൂരിഭാഗവും കത്തി നശിച്ചിരുന്നു. അതിന്റെ മേൽക്കൂര ഉൾപ്പെടെ തീപിടുത്തത്തൽ തകർന്നു. കത്തീഡ്രലിന്റെ മേൽക്കൂരയ്ക്ക് താഴെ അബദ്ധത്തിൽ തീ പടരുകയായിരുന്നു. വലിയ നാശനഷ്ടങ്ങളാണ് ചരിത്ര പ്രസിദ്ധമായ ദേവാലയത്തിന് അന്ന് സംഭവിച്ചത്. കണ്ടുനിന്ന പാരീസുകാരുടെ ഹൃദയം തകർന്നു.നോട്രെ ഡാമിന്റെ പുനരുദ്ധാരണത്തിന് അഞ്ച് വർഷമെടുത്തു. സംഭാവനകൾ ഒഴുകി, ഏകദേശം ഒരു ബില്യൺ ഡോളർ വരെ സംഭാവന ലഭിച്ചു. ലോറിയൽ കോസ്മെറ്റിക്സ് ശൃംഖലയുടെ ഉടമകളും കെറിംഗ് ആഡംബര വസ്തുക്കളുടെ സ്ഥാപകനായ ഫ്രാൻസ്വാ പിനോൾട്ട് പോലുള്ള ഫ്രഞ്ച് ശതകോടീശ്വര കുടുംബങ്ങളാണ് പ്രധാന സംഭാവനകൾ നൽകിയത്. ഗോഥിക് വാസ്തുവിദ്യയുടെ പ്രതീകമായ സ്റ്റെയിൻ ഗ്ലാസ് ജാലകങ്ങൾ, മേൽക്കൂര, സിഗ്നേച്ചർ ഫ്ളൈയിംഗ് ബട്രസ് എന്നിവയുടെ അറ്റകുറ്റപ്പണികൾ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.സമഗ്രമായ പുനരുദ്ധാരണത്തിന് ശേഷം, സംഭാവനകളിൽ നിന്ന് 150 മില്യൺ ഡോളറിന്റെ മിച്ച ഫണ്ട് അവശേഷിക്കുന്നതായി അധികൃതർ അറിയിച്ചു. ഈ തുക ദേവാലയം സംരക്ഷിക്കുന്നതിനും കെട്ടിടത്തിന്റെ സമഗ്രത നിലനിർത്തുന്നതിനും ഭാവി പ്രവർത്തന കാമ്പെയ്നുകളെ പിന്തുണയ്ക്കുന്നതിനും ഉപയോഗിക്കും. ഫ്രഞ്ച് വ്യവസായികൾ ഉൾപ്പെടെ എല്ലാ ദാതാക്കളും തീപിടുത്തത്തിന്റെ രാത്രിയിൽ തങ്ങളുടെ പ്രതിബദ്ധതകൾ പൂർണ്ണമായി മാനിച്ചുവെന്ന് പുനരുദ്ധാരണ പദ്ധതിയുടെ മേധാവി ഫിലിപ്പ് ജോസ്റ്റ് സ്ഥിരീകരിച്ചു.

# ഹിസ്ബുള്ള കരാർ ലംഘിച്ചാൽ 'തീവ്രമായ യുദ്ധത്തിന്' ഐഡിഎഫിന് നെതന്യാഹുവിന്റെ നിർദ്ദേശം

വെടിനിർത്തൽ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഹിസ്ബുള്ള പരാജയപെട്ടാൽ അത് ‘തീവ്രമായ യുദ്ധ‘ത്തിലേക്ക് നയിക്കുമെന്ന് മുന്നറിയിപ്പ് നൽകി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു രംഗത്ത്. ലെബനൻ വെടിനിർത്തലിന് ശേഷമുള്ള തന്റെ ആദ്യ അഭിമുഖത്തിൽ ആണ് അദ്ദേഹം മുന്നറിയിപ്പ് നൽകിയത്.ഇക്കാര്യത്തിൽ ഞാൻ കളഎ നിർദ്ദേശങ്ങൾ നൽകി,‘ എന്ന് നെതന്യാഹു ചാനൽ 14-നോട് പറഞ്ഞതായി ടൈംസ് ഓഫ് ഇസ്രായേൽ റിപ്പോർട്ട് ചെയ്തു.‘വൻതോതിൽ കരാർ ലംഘനം നടന്നാൽ, ഞങ്ങൾ ഇപ്പോൾ ചെയ്യുന്നത് പോലെ മാത്രമല്ല, എല്ലാ സമയത്തും ബലപ്രയോഗത്തിലൂടെ പ്രവർത്തിക്കും. കരാർ വലംഘനം നടന്നാൽ, ഒരു തീവ്രമായ യുദ്ധത്തിന് തയ്യാറാകാൻ ഞാൻ ഐഡിഎഫിന് നിർദ്ദേശം നൽകി‘ എന്നാണ് നെതന്യാഹു വ്യക്തമാക്കിയത്.വിവിധ മുന്നണികളിൽ നടക്കുന്ന യുദ്ധശ്രമങ്ങളെക്കുറിച്ചുള്ള ഒരു മീറ്റിംഗിനായി നെതന്യാഹു ഉപദേശകറുമായി ചർച്ച ചെയ്തു എന്നും ചാനൽ 13 വ്യക്തമാക്കുന്നു.തെക്കൻ ലെബനനിൽ എന്തുകൊണ്ടാണ് ഇസ്രായേൽ ഒരു ബഫർ സോൺ സ്ഥാപിക്കാത്തത് എന്ന ചോദ്യത്തിന്, ‘ഭൂമി അധിനിവേശ ഭീഷണി നീക്കം ചെയ്തു‘ എന്ന് നെതന്യാഹു വിശദീകരിച്ചു. ഐഡിഎഫ് ഭൂഗർഭ അതിർത്തിയിലെ അടിസ്ഥാന സൗകര്യങ്ങളും ഭൂഗർഭ ബങ്കറുകളും തുരങ്കങ്ങളും നശിപ്പിച്ചതായി അദ്ദേഹം പറഞ്ഞു. സ്ഥിതിഗതികളിൽ ആത്മവിശ്വാസം തോന്നിയാൽ വടക്കൻ നിവാസികൾ ക്രമേണ മടങ്ങിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇറാന്റെ ആണവ അഭിലാഷങ്ങളെ സംബന്ധിച്ച്, ‘ഇറാൻ ആണവായുധം കൊണ്ടുവരുന്നത് തടയാൻ ഞാൻ എല്ലാം ചെയ്യും‘ എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. അതേസമയം ഇസ്രയേലും ലെബനനും തമ്മിലുള്ള വെടിനിർത്തൽ ആരംഭിച്ചു, വെടിനിർത്തൽ വ്യവസ്ഥകൾ പ്രകാരം, അടുത്ത 60 ദിവസത്തിനുള്ളിൽ തെക്കൻ ലെബനനിൽ നിന്ന് തങ്ങളുടെ സൈന്യത്തെ ‘പടിപടിയായി പിൻവലിക്കാൻ‘ ഇസ്രായേൽ ഒരുങ്ങുന്നു എന്നും പിന്നാലെ ലെബനൻ സൈന്യം പ്രദേശത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നു എന്നും റിപോർട്ടുകൾ ഉണ്ട്.2023 ഒക്ടോബർ 8-ന് ഗസ്സയിലെ ഫലസ്തീനികളുടെ ഐക്യദാർഢ്യവുമായി ലെബനൻ ഇസ്രായേലിനെതിരെ ആക്രമണം നടത്തിയതോടെയാണ് സംഘർഷം ആരംഭിച്ചത്.



## യുകെയിൽ കനത്ത മഞ്ഞുവീഴ്ച മുന്നറിയിപ്പ്

ലണ്ടൻ: യുകെയിൽ മഞ്ഞുവീഴ്ച മുന്നറിയിപ്പ്. അവധിക്കാലത്തിന് മുന്നോടിയായി 411 മൈൽ (661 കി.മീ) വരെ മഞ്ഞുവീഴ്ചയുണ്ടാകാൻ സാധ്യതയുള്ളതിനാൽ യുകെയുടെ വലിയ ഭാഗങ്ങൾ കടുത്ത കാലാവസ്ഥയെക്കുറിച്ചുള്ള മുന്നറിയിപ്പിലാണ്. രാജ്യത്തുടനീളമുള്ള കാലാവസ്ഥാ ഭൂപടങ്ങൾ ഓറഞ്ച് നിറമായി മാറുകയും യാത്രക്കാർക്ക് ജാഗ്രതാ നിർദേശം നൽകുകയും ചെയ്തു. നവംബർ 30 മുതൽ ഡിസംബർ 9 വരെ മുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.ന്യൂകാസിൽ, കുംബ്രിയ, നോർത്തംബർലാൻഡ്, ഗ്രേറ്റർ മാഞ്ചസ്റ്റർ എന്നിവടങ്ങളിൽ കനത്ത മഞ്ഞുവീഴ്ച പ്രതീക്ഷിക്കുന്നു. **തെക്കുകിഴക്കൻ ഇംഗ്ലണ്ടിൽ മഞ്ഞുവീഴ്ച പ്രതീക്ഷിക്കുന്ന മേഖലകൾ:** ബ്രൈറ്റൺ ആൻഡ് ഹോവ്,ഈസ്റ്റ് സസെക്സ്,ഗ്രേറ്റർ ലണ്ടൻ,ഹാംഷെയർ,ഐൽ ഓഫ് വൈറ്റ്,കെന്റ്,മെഡ്‌വേ,പോർട്ട്സ്മൗത്ത്,സതാംപ്ടൺ,സറേ, വെസ്റ്റ് സസെക്സ്. **തെക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ സാധ്യതയുള്ള പ്രദേശങ്ങൾ:** ബോൺമൗത്ത് ക്രൈസ്റ്റ്, ഡെവോൺ, ഡോർസെറ്റ്, ടോർബേ. കോട്ട്ലൻഡിൽ താപനില പൂജ്യത്തിന് താഴെയാകാൻ സാധ്യതയുണ്ട്, ഇംഗ്ലണ്ടിലും വെയിൽസിലും താപനില 4-5 ഡിഗ്രി സെൽഷ്യസ് വരെ ആയിരിക്കും.

## കൈവിലെ സർക്കാർ കെട്ടിടങ്ങൾ ആക്രമിക്കുമെന്ന് സെലൻസ്കിക്ക് പുടിന്റെ മുന്നറിയിപ്പ്



കീവ്: ഉക്രൈന് മുന്നറിയിപ്പുമായി റഷ്യ. യുഎസിന്റെയും യുകെയുടെയും മിസൈലുകൾ ഉപയോഗിച്ച് ഉക്രെയ്ൻ റഷ്യയിലെ ലക്ഷ്യങ്ങൾ തകർക്കുന്നത് തുടരുകയാണെങ്കിൽ, റഷ്യ ഉടൻ തന്നെ കൈവിനെ ആക്രമിക്കാൻ തുടങ്ങുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പറഞ്ഞു. റഷ്യയുടെ നൂതന മിസൈൽ സംവിധാനങ്ങളുടെ ഉൽപ്പാദനം നാറ്റോ സൈനിക സഖ്യത്തേക്കാൾ 10 മടങ്ങ് കൂടുതലാണെന്നും പുടിൻ പ്രഖ്യാപിച്ചു. ഉക്രേനിയൻ തലസ്ഥാനത്തെ വ്യോമ പ്രതിരോധത്താൽ ശക്തമായി സംരക്ഷിച്ചിരിക്കുന്ന സർക്കാർ കെട്ടിടങ്ങളിൽ റഷ്യൻ ആക്രമണം ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ റഷ്യയെ ആക്രമിച്ചാൽ തിരിച്ചടിക്കാൻ മടിക്കില്ലെന്നാണ് പുടിൻ പറയുന്നത്. 'ഇപ്പോൾ, പ്രതിരോധ മന്ത്രാലയവും ജനറൽ സ്റ്റാഫും ഉക്രേനിയൻ പ്രദേശത്ത് ആക്രമിക്കാനുള്ള ലക്ഷ്യങ്ങൾ തിരഞ്ഞെടുക്കുന്നു. ഇവ സൈനിക സൗകര്യങ്ങൾ, പ്രതിരോധ, വ്യാവസായിക സംരംഭങ്ങൾ അല്ലെങ്കിൽ കൈവിലെ തീരുമാനങ്ങൾ എടുക്കുന്ന കേന്ദ്രങ്ങൾ ആകാം,' അദ്ദേഹം പറഞ്ഞു.നാറ്റോയുടെ ഭാഗമല്ലാത്ത ഒരു 'നിഷ്പക്ഷ രാഷ്ട്രമായി' ഉക്രെയ്ൻ തുടരണമെന്ന് പറഞ്ഞ പുടിൻ പാശ്ചാത്യ ശക്തികൾ പ്രത്യേകിച്ച് യുഎസും യുകെയും ഉക്രെയ്നിലൂടെ റഷ്യയുമായി യുദ്ധം ചെയ്യുകയാണെന്ന് അദ്ദേഹം ആരോപിച്ചു.അതേസമയം റഷ്യയോ ഉക്രെയ്നോ അവരുടെ നഷ്ടങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നില്ല, എന്നിരുന്നാലും പാശ്ചാത്യ ഇന്റലിജൻസ് ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ടെന്ന് കണക്കാക്കുന്നു.






# Golden Sapphire Wedding Anniversary

## 45-50 Years of Love and Togetherness!



**Let us celebrate the enduring love and commitment demonstrated over these 50 beautiful years.
Come and share in this joyful occasion with prayers, fellowship, and a special ceremony honoring the couples by
Bishop Mar Joy Alappatt**



Bishop Mar Joy Alappat



Mar Jacob Angadiath
(Bishop Emeritus)



Fr.Thomas Kadukapillil



Fr.Joel Pius

**Trustees**

- Bigi C Mani
- Vivish Jacob
- Boby Chirayil
- Santhosh Kattookaran
- Sharon Thomas
- David Joseph

When: November 30th ,2024 , 10:30 AM

Where: St. Thomas Syro Malabar Cathedral
5000 St.Charles Rd Bellwood ,IL 60104

For More Info , Please contact Cooridinators

- Boby Chirayil (847)-281-6808
- Vivish Jacob (773)-499-2530

Scan to Signup